# ശുഭമുദ്ര

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# ശുഭമുദ്ര


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെൻ്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 682 311**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80

●



All rights reserved with the publisher

# ആമുഖം

വോൾട്ടയർ ഒരു ദാർശനികനായിരുന്നു. അദ്ദേഹം ഒരു നിരീശ്വരനുമായിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ‘‘ക്രിസ്തുവിശ്വാസം പടുത്തുയർത്തുവാൻ പന്ത്രണ്ടു മുക്കുവത്തൊഴിലാളികൾ വേണ്ടിവന്നു എന്നാൽ, ഞാൻ ലോകത്തിന് കാണിച്ചുകൊടുക്കും ഒരു ഫ്രഞ്ചുകാരൻ മതി ക്രിസ്തീയത്വം നശിപ്പിക്കാൻ എന്ന്. അമ്പത് വർഷത്തിനു ശേഷം ഒരൊറ്റ വേദപുസ്തകം ലോകത്ത് കാണുകയില്ല.” എന്നാൽ വോൾട്ടയർ മരിച്ചതിന് ശേഷം ഫ്രാൻസിൽ അദ്ദേഹം ജീവിച്ച ഭവനം യൂറോപ്പിലെ പ്രസിദ്ധമായ ബൈബിൾ വിതരണകേന്ദ്രമായി മാറി. വോൾട്ടയർ മരിച്ചു എന്നാൽ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

ലോകത്തിന് മുമ്പിൽ വോൾട്ടയർ ഒരു ബുദ്ധിജീവിയായി അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളുടെ കരുത്ത് ഫ്രഞ്ച് വിപ്ലവത്തിന് ആവേശം പകർന്നു. “ഖഡ്ഗത്തെക്കാൾ തൂലികയ്ക്ക് ശക്തിയേറും” (Pen is mightier than the sword) എന്ന് അഭിജ്ഞമതമുണ്ടല്ലൊ.

അമേരിക്കയിലെ സുപ്രസിദ്ധ സാഹിത്യകാരിയായ മിസ് ഹാരിയറ്റ് ബീച്ചർ സ്റ്റൗ എഴുതിയ ‘Uncle Tom's Cabin’ അമേരിക്കയുടെ മണ്ണിൽ നിന്ന് അടിമവ്യവസായം നിശ്ശേഷം ഉച്ചാടനം ചെയ്യുന്നതിന് മാർഗ്ഗദീപമായി വിളങ്ങി. ആ മഹതി ഗാഢമായ ദൈവഭക്തി പുലർത്തുകയും ക്രിസ്തുഭക്തയായി ജീവിക്കു

കയും ചെയ്തു. ക്രിസ്തുവിശ്വാസം പലരും പരിഹസിച്ച് തള്ളുകയും അവഗണിക്കുകയും ചെയ്തെങ്കിലും ഇന്നും മാനവസംസ്കാരത്തിന്റെ കേദാരമായി പ്രശോഭിക്കുന്നു. യിസ്രായേലിന്റെ മധുരഗായകനും തലമുറകൾക്ക് ഉദാത്തമായ ആശയങ്ങൾ പകർന്ന് കൊടുത്തവനുമായ ദാവീദ്‌രാജാവ് ദൈവാത്മപ്രചോദിതനായി എഴുതി: “ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു.”

‘The Outline History of the World’ എന്ന ഗ്രന്ഥത്തിൽ H.G. Wells എഴുതി: “മാനവസംസ്ക്കാരം എവിടെയെല്ലാം വളർന്നിട്ടുണ്ടോ അവിടെയെല്ലാം യേശുക്രിസ്തുവിന്റെ അത്യത്ഭുതകരമായ സ്വാധീനശക്തി പ്രോജ്ജ്വലിച്ചിട്ടുണ്ടെന്ന് കാണാം.” ഫ്രഞ്ച് നോവലിസ്റ്റായ വിക്ടർ യൂഗോ (Victor Hugo), അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ ഒരു ക്രിസ്തുഭക്തനല്ലായിരുന്നു. ജീവിതത്തിന്റെ ചില പരുപരുത്ത വശങ്ങളിൽക്കൂടി കടന്നുവന്നപ്പോൾ അദ്ദേഹം ക്രിസ്തുവിശ്വാസിയായിത്തീർന്നു എന്നുമാത്രമല്ല, ‘La Mirable,’ ‘Les Miserables’ എന്ന ഗ്രന്ഥം ക്രിസ്തുവിന്റെ വ്യക്തിമാഹാത്മ്യത്തെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നതാണ്. ആ ഗ്രന്ഥം തന്നെയാണ് മലയാളത്തിലെ “പാവങ്ങൾ”.

‘Treasure Island’, ‘Kidnapped’ മുതലായ നോവലുകൾ എഴുതിയ Robert Louis Stevenson ആദ്യകാലത്ത് ഒരു നിരീശ്വരനായിരുന്നു. എന്നാൽ അദ്ദേഹം മനം തിരിഞ്ഞ് ക്രിസ്തുവിശ്വാസത്തിൽ കാലുറപ്പിച്ചതിന് ശേഷമാണ് പ്രസ്തുത ഗ്രന്ഥങ്ങൾ എഴുതിയത്.

താങ്കളുടെ ഏറ്റവും വലിയ കണ്ടുപിടിത്തം ക്ലോറോഫോം കണ്ടുപിടിച്ചതാണോ എന്ന് ചില സ്നേഹിതന്മാർ ചോദിച്ചപ്പോൾ സിംസൺ പറഞ്ഞു: “എന്റെ ഏറ്റവും വലിയ കണ്ടുപിടിത്തം മനുഷ്യനെ മയക്കുന്ന ക്ലോറോഫോം കണ്ടുപിടിച്ചതല്ല,

എന്നെ മയക്കിയ ക്രിസ്തുവിനെ കണ്ടെത്തിയതാണ്."

ഗഗനചാരികളായ നീൽ ആംസ്ട്രോങ്, ജോൺ ഗ്ലെൻ, ഇർവിൻ മുതലായ ശാസ്ത്രജ്ഞന്മാർ ക്രിസ്തുവിശ്വാസികളായിരുന്നു. 24-ാമത്തെ വയസ്സിൽ 'Law of Gravity' കണ്ടുപിടിച്ച സർ ഐസക് ന്യൂട്ടൻ, തികഞ്ഞ ക്രിസ്തുവിശ്വാസിയായിരുന്നു. വൈദ്യുതി വിളക്കുകൾ തുടങ്ങി അഞ്ഞൂറിലേറെ കണ്ടുപിടിത്തങ്ങൾക്ക് അവകാശിയായ തോമസ് ആൽവാ എഡിസനും ദൈവഭക്തനായിരുന്നു.

ഒരു നിരീശ്വരനും വിനയം ഉള്ളവനല്ല. നിരീശ്വരചിന്തയുടെ മൂലകാരണം നിഗളമാണ്. ഒരധീശശക്തിക്ക് കീഴ്പ്പെടുവാൻ അവരുടെ നിഗളം സമ്മതിക്കുന്നില്ല. എന്നാൽ സംസ്ക്കാരസമ്പന്നനായ മനുഷ്യൻ എക്കാലത്തും സൗമ്യതയും എളിമയും ഉള്ളവനായിരിക്കും. യൗവ്വനത്തിലേക്ക് കാലൂന്നുന്ന കാലങ്ങളിൽ യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി നമസ്ക്കരിപ്പാൻ എനിക്ക് മഹാഭാഗ്യം ലഭിച്ചപ്പോൾ കാലിടറാതെ, വഴി വഴുതാതെ എന്നെ ക്രിസ്തുമാർഗ്ഗത്തിൽ നയിച്ചത് ചില ഭക്തന്മാരുടെ ഗ്രന്ഥങ്ങളാണ്. എഫ്.ബി. മേയർ, സി.എച്ച്. സ്പർജൻ, ഡി.എൽ. മൂഡി, വാച്ച്മാൻ നീ, ജോൺ ബനിയൻ, ലിയോ ടോൾസ്റ്റോയി, സി.എസ്സ്. ലൂയിസ് മുതലായ പ്രഗത്ഭമതികളുടെ ഗ്രന്ഥങ്ങൾ എന്നെ വളരെ സ്വാധീനിച്ചു. അതുകൊണ്ടാണ് പ്രസംഗങ്ങൾ വായുമണ്ഡലത്തിൽ ലയിച്ചുതീരാതെ, തലമുറകൾക്ക് അനുഭവവും ആവേശവും പകരുന്ന ഗ്രന്ഥങ്ങൾ രചിക്കണമെന്ന് ആഗ്രഹമുണ്ടായത്.

അതുകൊണ്ട് എന്റെ ഈ 108-ാമത്തെ പുസ്തകം എന്റെ ആദരണീയരായ സഹോദരങ്ങൾക്ക് ഞാൻ കൈമാറുകയാണ്.

ഇതഃപര്യന്തം എനിക്ക് പ്രോത്സാഹനവും ഉത്തേജനവും

പകർന്ന് തന്ന എന്റെ പ്രിയസഹോദരങ്ങളോട് എനിക്ക് അള വറ്റ നന്ദിയും കടപ്പാടും ഉണ്ട്. നിങ്ങളുടെ പ്രാർത്ഥനയുടെ കൈത്താങ്ങലാണ് എനിക്ക് എന്നും ധൈര്യം പകർന്ന് തന്നിട്ടു ള്ളത്. ഈ പുസ്തകം പ്രകാശം കാണുന്നതിന് പിന്നിൽ അഹോരാത്രം വിശ്രമമില്ലാതെ യത്നിച്ച എന്റെ വിലയേറിയ സഹോദരീസഹോദരന്മാരോട് എനിക്ക് നിസ്സീമമായ കൃത ജ്ഞതയുണ്ട്. താലന്തുകളുടെ ഉടയവൻ അവർക്ക് പ്രതിഫലം നൽകട്ടെ എന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സ്വന്തം,
**എം.വൈ. യോഹന്നാൻ സാർ**

# ഒന്ന്

*"അനന്തരം അവൻ എനിക്ക് മഹാപുരോഹിതനായ യോശുവ, യഹോവയുടെ ദൂതന്റെ മുമ്പിൽ നിൽക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തുവാൻ അവന്റെ വലത്തുഭാഗത്തു നിൽക്കുന്നതും കാണിച്ചുതന്നു. യഹോവ സാത്താനോട്: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യെരൂശലേമിനെ തെരഞ്ഞെടുത്തിരിക്കുന്ന യഹോവതന്നേ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു."* *സെഖര്യാവ് 3 : 1, 2*

സെഖര്യാപ്രവാചകൻ ഒരു ദർശനം കാണുകയാണ്. എത്രയോ പേരുണ്ട് രാജധാനിയിൽ! പക്ഷേ, യോശുവയുടെ ആത്മാവിന്റെ അവസ്ഥ എന്ത് എന്ന് ആർക്കും അറിഞ്ഞുകൂടാ; ആർക്കും വെളിപ്പെട്ടില്ല. യോശുവ മഹാപുരോഹിതനാണ്; ദൈവത്തിന്റെ വേലക്കാരനാണ്. തന്റെ വസ്ത്രം മുഷിഞ്ഞുപോയി എന്ന് യോശുവ പോലും അറിഞ്ഞില്ല. പ്രകടമായ പാപം ഒന്നും വന്നിട്ടില്ല, വസ്ത്രം മുഷിഞ്ഞുപോയി. എന്നാൽ ദൈവം സെഖര്യാപ്രവാചകന് അതു കാണിച്ചുകൊടുത്തു.

വേറൊരാളുടെ ആത്മാവിന്റെ അവസ്ഥ എന്ത് എന്ന് എല്ലാവർക്കും കാണിച്ചുകൊടുക്കുകയില്ല. ഇപ്പോൾ ആത്മാവിൽ ജീവനുണ്ടോ അതോ മരിച്ചിരിക്കുന്നുവോ എന്ന് ആ വ്യക്തിക്ക് കാണിച്ചു കിട്ടണമെന്നില്ല. അത് വേറൊരാൾക്കാണ് കാണിച്ചുകൊടുക്കുന്നത്.

സെഖര്യാപ്രവാചകന് അങ്ങനെ ഒരു കൃപാവരം കൊടുത്തിട്ടുണ്ട്. പുതിയനിയമത്തിലേക്കു വരുമ്പോൾ ആ കൃപാവരത്തിന് 'വിവേചനവരം' എന്നാണ് പറയുന്നത്. ഓരോരുത്തരുടേയും ആത്മാവിന്റെ അവസ്ഥ എന്ത് എന്ന് വിവേചിപ്പാനുള്ള ആത്മാവിന്റെ കൃപാവരം! Discerning!

സെഖര്യാപ്രവാചകന് ഈ കൃപാവരം ദൈവം കൊടുത്തു.

> *"സഹോദരന്മാരേ, ആത്മികവരങ്ങളെക്കുറിച്ചു നിങ്ങൾക്ക് അറിവില്ലാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ജാതികൾ ആയിരുന്നപ്പോൾ നിങ്ങളെ നടത്തിയതുപോലെ ഊമവിഗ്രഹങ്ങളുടെ അടുക്കൽ പോക പതിവായിരുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ. ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറവാൻ ആർക്കും കഴികയില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു. എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസം ഉണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നേ. എന്നാൽ ഓരോരുത്തന്ന് ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിന്നായി നൽകപ്പെടുന്നു. ഒരുത്തന്ന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന്ന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നൽകപ്പെടുന്നു; വേറൊരുത്തന്ന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന്ന് അതേ ആത്മാവിനാൽ രോഗശാന്തിയുടെ വരം; മറ്റൊരുവന്ന് വീര്യപ്രവൃത്തികൾ; മറ്റൊരുവന്ന് പ്രവചനം; മറ്റൊരുവന്ന്*

*ആത്മാക്കളുടെ വിവേചനം; വേറൊരുവന്ന് പല വിധ ഭാഷകൾ; മറ്റൊരുവന്ന് ഭാഷകളുടെ വ്യാഖ്യാനം. എന്നാൽ ഇത് എല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുംപോലെ അവനവന്ന് അതതു വരം പകുത്തു കൊടുക്കുന്ന ഒരേ ആത്മാവു തന്നേ. ശരീരം ഒന്നും, അതിന്നു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും." 1 കൊരിന്ത്യർ 12 : 1 – 12*

കർത്താവിന്റെ മഹത്വമേറിയ ശുശ്രൂഷയിൽ പലതരം കൃപാവരങ്ങൾ ഉപയോഗിക്കേണ്ടിവരും. എന്തിന്? ആത്മാക്കളെ വീണ്ടെടുക്കാൻ. ആത്മാക്കളെ പാപത്തിന്റെ അന്ധകാരത്തിൽനിന്നു വലിച്ചെടുത്ത് സ്വർഗ്ഗരാജ്യത്തിന്റെ വെളിച്ചത്തിൽ ആക്കുവാൻ. പിശാചിന്റെ കാരാഗൃഹത്തിൽനിന്നു പുറപ്പെടുവിച്ച് ദൈവരാജ്യത്തിൽ എത്തിക്കുവാൻ.

സെഖര്യാപ്രവാചകന് ദൈവം ആത്മാക്കളുടെ വിവേചനവരം കൊടുത്തു. യോശുവ എന്ന മഹാപുരോഹിതന്റെ ആത്മാവിന്റെ അവസ്ഥ ദൈവം സെഖര്യാപ്രവാചകനു വെളിപ്പെടുത്തിക്കൊടുത്തു. സെഖര്യാപ്രവാചകൻ നോക്കിയപ്പോൾ യോശുവ വിഷണ്ഡനായി നിൽക്കുന്നു. അവന്റെ വസ്ത്രം മുഷിഞ്ഞിരിക്കുന്നു. ശുശ്രൂഷയിലായിരിക്കും മുഷിഞ്ഞത്. വസ്ത്രം അലക്കിയില്ലായിരുന്നു.

ശുശ്രൂഷകൻ എന്നും വസ്ത്രം അലക്കേണ്ടതാണ്. അലക്കിയ വസ്ത്രംകൊണ്ടേ ശുശ്രൂഷാരംഗത്തേക്കു വരാൻ പാടുള്ളൂ.

നിന്റെ കാലിൽ ചെളിപറ്റിയിട്ടുണ്ട്. നടന്നുവന്ന പാതയിലെ ചെളി നിന്റെ ചെരിപ്പിൽ പറ്റിയിട്ടുണ്ട്. അതുകൊണ്ട് ചെരിപ്പ് ഊരിക്കളക.

Gift of Discernment! സെഖര്യാപ്രവാചകന് ദൈവം,

യോശുവ എന്ന മഹാപുരോഹിതൻ മുഷിഞ്ഞ വസ്ത്രം ധരിച്ചു നിൽക്കുന്നതും പിശാച് അവകാശം പറഞ്ഞു നിൽക്കുന്നതും കാണിച്ചുകൊടുത്തു. പിശാച് അവകാശം പറഞ്ഞ് നിൽക്കുന്നുണ്ട് എന്ന് യോശുവ അറിഞ്ഞില്ല. പക്ഷേ, സെഖര്യാവിനു ദൈവം കാണിച്ചുകൊടുത്തു.

സാത്താൻ യോശുവയെ കുറ്റംചുമത്തിക്കൊണ്ടു നിൽക്കുന്നു. ദൈവമക്കളുടെ പ്രവാസകാലത്തിൽ ബാബേലിൽനിന്ന് അവരെ വിടുവിച്ച് യെരൂശലേമിലേക്ക് കൊണ്ടുപോകുവാൻ ഉത്സാഹിച്ച മഹാപുരോഹിതനായ യോശുവ! വലിയൊരു വേലചെയ്ത ദൈവദാസൻ ഇതാ, പിശാചിനവകാശം കൊടുത്തുകൊണ്ടു നിൽക്കുന്നു! യോശുവ വിഷണ്ഡനായി, ക്ഷീണിതനായി, വാടിയ മുഖത്തോടെ നിൽക്കുന്നു!

ദൈവവേലക്കാരനാണ്! പ്രശംസനീയമായ ഗുണങ്ങളുള്ള ആളാണ്! നല്ല അനുഗൃഹീത വ്യക്തിത്വമുള്ള ആളാണ്! സെരുബ്ബാബേൽ എന്ന ഗവർണ്ണറോടുകൂടെ ദൈവത്തിന്റെ വേല ചെയ്ത പുരോഹിത ശ്രേഷ്ഠനാണ് യോശുവ. പക്ഷേ, യോശുവയുടെ വസ്ത്രം മുഷിഞ്ഞുപോയി. വസ്ത്രം അലക്കാതെ വേല ചെയ്തുപോയി. അതുകൊണ്ട് യോശുവയുടെമേൽ പിശാചിനവകാശം പറയാൻ ഇടംകിട്ടി.

അപ്പോൾ ദൈവം പറഞ്ഞു: "സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു."

ദൈവത്തിന്റെ വേലനിമിത്തം ഒരുപക്ഷേ ഒരു ക്ഷീണം വന്നാലും നാം ഭയപ്പെടേണ്ടതില്ല. ദൈവം നമുക്കുവേണ്ടി ഇടപെട്ടുകൊള്ളും. നിങ്ങളിൽ ഓരോരുത്തരിലും സാത്താൻ അവകാശം പറയുന്ന കാര്യങ്ങളുണ്ട്. ദൈവത്തിന്റെ വേലക്കാരിൽ പിശാചവകാശംപറയുന്ന അനേകം കാര്യങ്ങളുണ്ട്. നിങ്ങളുടെ പൈസയിൽ പിശാചവകാശം പറയുന്നുണ്ടായിരിക്കും. നിങ്ങളുടെ ജോലിസ്ഥലത്തുള്ള അലസതയിൽ പിശാചവകാശം പറയുന്നുണ്ടായിരിക്കും.

നിങ്ങൾ നിങ്ങളുടെ മക്കളെ ശാസിക്കേണ്ട സ്ഥാനത്ത് ശാസിച്ചില്ലെങ്കിൽ പിശാചവകാശം പറയും. ഏലി എന്ന മഹാ പുരോഹിതൻ തന്റെ മക്കളായ ഹൊഫ്നിയെയും ഫിനെ ഹാസിനെയും ശാസിക്കേണ്ടിടത്ത് ശാസിക്കാത്തതുകൊണ്ട്, പുറകോട്ടു മറിഞ്ഞ് കഴുത്തൊടിഞ്ഞു ചത്തു. പുരോഹിതനു കേടുപറ്റി.

നമ്മുടെ ജീവിതത്തിൽ പിശാചവകാശം പറയുന്നത് എന്തെല്ലാം കാര്യങ്ങളിലാണ്? ഒരുപക്ഷേ നാം നമ്മുടെ ഓഫീസിൽനിന്ന് ഒരു പേന എടുത്തുകൊണ്ടുവന്നതായിരിക്കും. ആ പേന നമുക്കവകാശപ്പെട്ടതല്ല. നമുക്കവകാശപ്പെട്ടത് അവിടെ നിന്നു കിട്ടുന്ന ശമ്പളമാണ്.

കൈക്കൂലി വാങ്ങുന്നതു തെറ്റാണ്. ഒരിക്കലും കൈക്കൂലി വാങ്ങരുത്. നിങ്ങൾക്കു കിട്ടുന്ന ശമ്പളം മതി എന്നു വയ്പ്പിൻ. ദൈവം തരാത്ത പണം, ദൈവം പ്രസാദിക്കാത്ത പണം നിങ്ങളുടെ കൈയിൽ വരരുത്.

അപ്പൻ വീതിച്ചു തരുന്ന സ്വത്തിൽ നിങ്ങൾക്കഭിപ്രായ വ്യത്യാസം വരരുത്. ആർക്കാണോ വീതം കുറഞ്ഞുപോയത് അവരായിരിക്കും ഭാവിയിൽ ഏറ്റവും കൂടുതലായി വർദ്ധിച്ചു വരുന്നത്. ഇത് പ്രകൃതിയിൽ കാണുന്ന ഒരു പ്രതിഭാസമാണ്.

ഇന്നു പിശാചവകാശം പറയുന്ന എന്തെങ്കിലും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ എന്ന് നിങ്ങൾ ശോധന ചെയ്യണം. ജീവിതവസ്ത്രം മുഴുവൻ നോക്കണം. എല്ലാ ഏടുകളും പരിശോധിക്കണം. എവിടെയെങ്കിലും സാത്താൻ അവകാശം പറയുന്നുണ്ടോ? അത് കണ്ട് ദൈവത്തോടു പറയണം: കർത്താവേ, എന്റെമേൽ ഈ പാപം നിൽക്കുന്നു. എന്റെപേരിൽ ദുഷ്ടൻ അവകാശം പറയുന്നു. കർത്താവേ, എനിക്കു മാപ്പുതരണം. നിന്റെ രക്തത്താൽ എനിക്കു കഴുകിത്തരണം.

തിരുത്താൻ പറ്റാത്ത തെറ്റുകൾ പറ്റിയവരുണ്ട്. അബോർഷൻ നടത്തിപ്പോയി, തിരുത്താൻ പറ്റില്ലല്ലോ. നാം

മൂലം ആരെങ്കിലും ആത്മഹത്യ ചെയ്യാൻ ഇടയായെങ്കിൽ, നാം മൂലം ആർക്കെങ്കിലും നഷ്ടം വന്നെങ്കിൽ ഭയങ്കരമായ ശിക്ഷ യാണ്. ഇതെല്ലാം കാണുന്ന, എല്ലാം നീതിയോടെ വിധിക്കുന്ന ഒരു ദൈവമുണ്ട്.

അതുകൊണ്ട് നിങ്ങൾ പറയണം: കർത്താവേ, പിശാചവ കാശം പറയുന്നതൊന്നും വച്ചുകൊണ്ട് അക്കരയ്ക്കു പോകാൻ ഇടയാകരുതേ. മരണയോർദ്ദാന്റെ തീരത്തുവരു മ്പോൾ ഞാൻ പതറിനിൽക്കാൻ, നിത്യ അന്ധകാരത്തിലേക്ക് പോകാൻ ഇടവരല്ലേ.

ഒന്നുമാത്രം നിങ്ങൾ വിശ്വസിക്കൂ. യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ആ തിരുരക്തം ശുദ്ധീകരിക്കുന്ന രക്തമാണ്. ആ തിരുരക്തം കഴു കുന്ന രക്തമാണ്. വീണ്ടെടുക്കുന്ന രക്തമാണ്. ആ തിരുരക്തം എല്ലാം മറക്കുകയും എല്ലാം പൊറുക്കുകയും ചെയ്യുന്ന രക്ത മാണ്. ആ തിരുരക്തത്തിൽ എല്ലാ പാപവും കഴുകിപ്പോകും.

> *"അനന്തരം അവൻ എനിക്ക് മഹാപുരോഹിത നായ യോശുവ, യഹോവയുടെ ദൂതന്റെ മുമ്പിൽ നില്ക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തു വാൻ അവന്റെ വലത്തുഭാഗത്തു നില്ക്കുന്നതും കാണിച്ചുതന്നു. യഹോവ സാത്താനോട്: സാത്താ നേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യെരൂശലേ മിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽനിന്നു വലി ച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു. എന്നാൽ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചു ദൂതന്റെ മുമ്പിൽ നില്ക്കയായിരുന്നു. അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോട്: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോട്: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു;*

*നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്ന് അരുളി ച്ചെയ്തു. അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെയ്ക്കട്ടെ എന്നു അവൻ കല്പിച്ചു; അങ്ങനെ അവർ അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെച്ചു. അവനെ വസ്ത്രം ധരിപ്പിച്ചു. യഹോവ യുടെ ദൂതനോ അടുക്കെ നില്ക്കയായിരുന്നു."*

*സെഖര്യാവ് 3 : 1– 5*

എന്തെല്ലാം പോരായ്മയുണ്ടെങ്കിലും ജീവനുള്ള ദൈവം അവനെക്കുറിച്ചു പറയുന്നത്: സാത്താനേ, നീ ഒരുകാര്യം അറി യൂ, ഇവനെ ഞാൻ തീയിൽനിന്നു വലിച്ചെടുത്തതാണ്.

നമ്മെക്കുറിച്ച് ദൈവം വാദിക്കുകയാണ്: നീ അപവാദം പറയുന്ന ഈ ദൈവദാസനുണ്ടല്ലോ, അവനെ വെന്തെരിഞ്ഞു കൊണ്ടിരുന്ന തീയിൽനിന്നു ഞാൻ വലിച്ചെടുത്തതാണ്. നിത്യ നാശത്തിലേക്കു പോവുകയായിരുന്നു. അവിടെനിന്നാണ് ഞാൻ അവനെ വലിച്ചെടുത്തു രക്ഷിച്ചത്.

നാം ഓരോരുത്തരും ദൈവസന്നിധിയിൽ വിലയേറിയ വരാണ്. നാമാരും വിലകുറഞ്ഞവരല്ല. ആരെങ്കിലും നമ്മെ വിലകുറച്ചുകാണുന്നെങ്കിൽ അവർക്കാണ് ദോഷം. ദൈവം നമ്മെ കാണുന്നത് തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിയായിട്ടാണ്. നരകാഗ്നിയിലേക്ക് ഒഴുകിപ്പോകുന്ന മനു ഷ്യനെ ദൈവം വിടുവിച്ച് സ്വർഗ്ഗത്തിന്റെ പാതയിലേക്ക് കൊണ്ടുവന്നു. നരകത്തിന്റെ തീപ്പൊയ്കയിലേക്ക്, പിശാ ചിന്റെ ചങ്ങലയിൽ, ആർക്കും തടയാൻ പറ്റാത്തതുപോലെ വേഗത്തിൽ പിശാച് വലിച്ചുകൊണ്ടു പോവുകയായിരുന്നു. ആ മനുഷ്യനെ ദൈവം, പിശാചിന്റെ കൈയിൽനിന്നു പിടിച്ചു വാങ്ങിച്ച് അവനെ വെടിപ്പാക്കി, അവന്റെമേലുള്ള ന്യായവിധി മാറ്റി അവന് സ്വസ്ഥത നൽകിയിരിക്കുന്നു.

ദൈവം ഇടപെട്ടു, സാത്താന്റെ പിടിവിട്ടു. അപവാദി യോശുവയെ കുറ്റം ചുമത്തിക്കൊണ്ടു നിൽക്കുകയായിരുന്നു.

അവന്റ പിടിവിട്ടു. പക്ഷേ, വസ്ത്രം ഇപ്പോഴും മുഷിഞ്ഞതാണ്. “മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ” എന്നു കർത്താവ് കല്പിച്ചു. അന്നെന്നപോലെ ഇന്നും കർത്താവ് നമ്മോടു കല്പിക്കുന്നു: മുഷിഞ്ഞ വസ്ത്രം നീക്കിക്കളവിൻ. വസ്ത്രം മുഷിഞ്ഞുപോയി; കറപറ്റിപ്പോയി; വീഴ്ച വന്നുപോയി.

കർത്താവേ, മനസ്സലിഞ്ഞ് മുഷിഞ്ഞ വസ്ത്രം മാറ്റുവാൻ കൃപ തരണമേ. ഈ മുഷിഞ്ഞ വസ്ത്രം ഉരിഞ്ഞുകളയുവാൻ കൃപ തരണമേ. നിങ്ങൾ ഒറ്റയ്ക്കിരിക്കുമ്പോൾ പഴയ കാലത്തിലേക്കു തിരിഞ്ഞുനോക്കണം. ഏതെല്ലാം പാപങ്ങളാണ് വന്നിരുന്നത്? അതിൽനിന്നെല്ലാം കർത്താവ് വിടുവിച്ചില്ലേ? ഇപ്പോൾ അതെല്ലാം ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു.

ഹിന്ദുപുരാണത്തിൽ ഒരു കഥയുണ്ട്. അർജ്ജുനന് താൻ നല്ല സുന്ദരനാണ് എന്നൊരു ചിന്തയുണ്ട്. അർജ്ജുനന്റെ അളിയനാണ് ശ്രീകൃഷ്ണൻ. ഇവന്റെ അഹങ്കാരം മാറ്റണമല്ലോ എന്നു ശ്രീകൃഷ്ണനു തോന്നി. അവനേയുംകൊണ്ട് ശ്രീകൃഷ്ണൻ നിർണ്ണാസലോകത്തിലേക്ക് ഒരു യാത്രപോയി. ആ ലോകത്തു ചെന്നപ്പോൾ, കാണുന്നവർ കാണുന്നവർ അർജ്ജുനന്റെ നേരെ നോക്കി പൊട്ടിച്ചിരിക്കുന്നു. എന്താണാവോ എന്നെ നോക്കി ആളുകൾ ചിരിക്കുന്നത്?

അർജ്ജുനൻ ചോദിച്ചു: എന്താ എല്ലാവരും എന്നെ നോക്കി ചിരിക്കുന്നത്? ശ്രീകൃഷ്ണൻ പറഞ്ഞു: നിനക്ക് മൂക്കുണ്ടോ എന്നു നോക്കിക്കേ? ഉണ്ട്. എനിക്കുണ്ടോ എന്നു നോക്കിക്കേ? ഇല്ല, ശ്രീകൃഷ്ണനില്ല. അവിടെയുള്ള ആർക്കും മൂക്ക് ഇല്ല. നിർണ്ണാസലോകത്തുള്ളവർക്ക് മൂക്ക് ഇല്ല. മൂക്കില്ലാത്ത ലോകത്ത് അർജ്ജുനൻ മാത്രം മൂക്കുള്ളവനായി കണ്ടപ്പോൾ അവർക്കത്ഭുതം! മൂക്കുള്ള ഒരു ജീവി! അവർ പരിഹസിക്കുകയാണ്. അങ്ങനെ അർജ്ജുനന്റെ അഹങ്കാരം പോയി. അർജ്ജുനൻ വിനയാന്വിതനായി.

നമ്മുടെ ജീവിതത്തിൽ വിനയമില്ലാതെ പെരുമാറിയിട്ടുണ്ടോ? അഹങ്കാരത്തോടെ ആരോടെങ്കിലും സംസാരിച്ചിട്ടുണ്ടോ? അപ്പനോടും അമ്മയോടും അഹങ്കാരത്തോടെ സംസാരിച്ചിട്ടുണ്ടോ? ഭാര്യയെ ഉപദ്രവിക്കുകയോ മർദ്ദിക്കുകയോ ചെയ്തിട്ടുണ്ടോ? ആരെയെങ്കിലും തൊഴിക്കുകയോ ഇടിക്കുകയോ അടിക്കുകയോ ചെയ്തിട്ടുണ്ടോ? ഇതെല്ലാം കടുത്ത ശിക്ഷ കിട്ടുന്നതാണ്.

ദൈവത്തിന്റെ സൃഷ്ടിയെ തൊട്ടുപോകരുത്. ആരേയും വേദനിപ്പിക്കരുത്. നിത്യനായ ദൈവത്തിന്റെ സൃഷ്ടികളാണ് നാമെല്ലാവരും. പുരുഷന്റെ കളിപ്പാട്ടമല്ല ഭാര്യ. പുരുഷന് ഇഷ്ടംപോലെ മർദ്ദിക്കുകയോ തോന്നുന്നതുപോലെ പറയുകയോ ആക്ഷേപിക്കുകയോ ചെയ്യാനുള്ളവളല്ല ഭാര്യ. ഭാര്യ നിന്നെപ്പോലെ തന്നെ വിലപ്പെട്ടവളാണ്. മോനേ, നീ അപകടം വലിച്ചു വെയ്ക്കരുത്.

എത്രയോ പാപങ്ങൾ! ഓരോന്നോരോന്നോർത്ത് അനുതപിക്കണം. കോപിച്ച് ജ്വലിച്ചു സംസാരിക്കരുത്. നീ ആരോടു കോപിക്കുന്നുവോ ആ ആളേക്കാൾ വലിയവനാണ് നീ എന്ന ഭാവമാണ് അതിനു കാരണം. അഹങ്കാരമാണത്. മക്കളെ ശിക്ഷിക്കാം. ശിക്ഷിക്കേണ്ട പ്രായം കഴിഞ്ഞാൽ അവരെ ചേർത്തണച്ചു നിർത്തി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ അവരെ സ്നേഹിക്കുന്നു എന്ന് അവർക്കു മനസ്സിലാകണം. നിങ്ങൾ അവരുടെ നന്മ കരുതുന്നുണ്ട് എന്ന് മക്കൾക്കു മനസ്സിലാകണം. അങ്ങനെയുള്ള കുട്ടികൾ തെറ്റിപ്പോകില്ല.

ഭാര്യക്കു മനസ്സിലാകണം ഭർത്താവിന് എന്നെ സ്നേഹമാണെന്ന്. ഭർത്താവിനു തോന്നണം എന്റെ ഭാര്യക്ക് എന്നെക്കുറിച്ച് മതിപ്പാണ്, എന്നെക്കുറിച്ച് ബഹുമാനമാണ്, എന്നെ സ്നേഹമാണെന്ന്. ഇങ്ങനെ നമ്മുടെ കുടുംബജീവിതത്തിലെ അപാകതകൾ എല്ലാം നാം മാറ്റണം.

മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ! ജീവിതത്തിൽ വന്നുപോയ മുഷിവുകൾ മാറ്റണം. പുതിയ വസ്ത്രം ധരിക്കണം.

പഴയതിനെ ഉരിഞ്ഞുകളയുക. എന്റെ കർത്താവു പ്രസാദിക്കാത്തതാണോ, എത്ര വിലപ്പെട്ടതാണെങ്കിലും ഉരിഞ്ഞു കളയണം. ഇതെല്ലാം തിരുത്താതെ ആത്മാവിനെ കിട്ടുകയില്ല. പരിശുദ്ധാത്മാവ് സ്ഥിരമായി നിൽക്കണമെങ്കിൽ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം മാറണം. മുഴുവൻ കഴുകൽ പ്രാപിക്കണം. പഴയ വസ്ത്രം ഉരിഞ്ഞുകളയണം.

> *"മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ." എഫെസ്യർ 4 : 22 – 24*

ചതിക്കുന്ന സ്വഭാവം! ഹൃദയത്തിൽ വഞ്ചനാസ്വഭാവം! മനുഷ്യരെ തെറ്റിക്കുന്ന സ്വഭാവം! ഇതിനെയെല്ലാം ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവിനോടു ചേർന്ന് ആത്മാവിനനുരൂപമായി പുതുക്കം പ്രാപിക്കണം. ഞാൻ പഴയമനുഷ്യനല്ല എന്ന ഉറപ്പു പ്രാപിക്കണം.

യേശുവിനോടുള്ള സ്നേഹം ഉള്ളത്തിൽ വരുമ്പോഴാണ് നിങ്ങൾക്ക് യേശുവിന്റെ ആത്മാവിനെ കിട്ടുന്നത്. യേശുവിനോടുള്ള സ്നേഹം വരാതെ തന്നെ നിങ്ങൾക്ക് കൂട്ടായ്മയെ സ്നേഹിക്കാം. ദൈവമക്കളെ സ്നേഹിക്കാം. പക്ഷേ, ഫലമില്ല. സ്നേഹിക്കേണ്ടത് യേശുവിനെയാണ്. യേശുവിനെ സ്നേഹിച്ചാൽ സ്നേഹിക്കേണ്ടവരെ എങ്ങനെ സ്നേഹിക്കണം എന്നു മനസ്സിലാകും. യേശു എല്ലാവരിലും ഉയർന്നവനാണ്.

വ്യക്തിപൂജകൾ മാറണം. കുട്ടിദൈവങ്ങളെയെല്ലാം ഉട ച്ചുകളയണം. നാം കാണേണ്ടതും പൂജിക്കേണ്ടതും നമുക്കു വേണ്ടി ജീവൻ വെടിഞ്ഞ ക്രിസ്തുവിനെമാത്രം. ദൈവമക്കൾ വീണുപോകാം. എന്നാൽ വീഴാത്ത ഒരാളുണ്ട്. പിടിച്ചാൽ ഇരി ഞ്ഞുപോകാത്ത ഒരു കൊമ്പുണ്ട്. അവിടെവേണം പിടിക്കാൻ. അതാണ് ക്രിസ്തുവിലുള്ള വിശ്വാസം.

അവൻ ആരാണ്? “പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായി തീർന്നവൻ. ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയത്.” എബ്രായർ 7 : 25, 26.

എന്താണ് കർത്താവു കുരിശിലേക്കു പോകുന്നതിനു മുമ്പ് ഗദ്സമനയിൽ പറഞ്ഞത്? “പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കണമേ.” അതിന്റെ അർത്ഥം ഈ കുരിശ് ഒഴിവാക്കിത്തരണമേ എന്നല്ല. മനു ഷ്യന്റെ മുഴുവൻ പാപവും യേശു ഏറ്റെടുത്തു. പാപമില്ലാത്ത വൻ പാപം ചുമക്കേണ്ടി വന്നു. പാപത്തെ അറയ്ക്കുന്നവൻ പാപത്തെ ചുമക്കേണ്ടിവന്നു. അതാണ് ഈ പാനപാത്രം.

ലോകത്തെമ്പാടുമുള്ള സകല മനുഷ്യരുടേയും പാപം യേശു എന്ന പരിശുദ്ധനായ നിത്യനാഥൻ തന്റെ തലമേൽ ഏറ്റുവാങ്ങി. സഹിക്കാവുന്നതല്ല, താങ്ങാവുന്നതല്ല. പിതാവ് നോക്കിയപ്പോൾ പാപമാണ് കാണുന്നത്. പാപമില്ലാത്ത പുത്രൻ പാപം ആക്കപ്പെട്ടിരിക്കുന്നു. പിതാവിനു സഹിക്കുന്നില്ല. പിതാവ് അപ്പോൾ മുഖം മറച്ചുകളഞ്ഞു. അതാണ് കൂരിരുട്ട്.

എല്ലാപാപങ്ങളും ഏറ്റെടുത്ത ക്രിസ്തുവിന്റെ സ്നേഹം. എന്റെ പാപം അവൻ വഹിച്ചു. എന്തെല്ലാം വൃത്തികേടുകൾ ഞാൻ ചെയ്തു? അതെല്ലാം കുരിശിന്മേൽ, അവന്റെമേൽ കാണാം. എല്ലാം അവന്റെ ശിരസ്സിന്മേൽ അവൻ വഹിച്ചിരിക്കു ന്നു. എനിക്ക് മോചനം തന്നിരിക്കുന്നു. “സ്വാതന്ത്ര്യത്തിനാ യിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി.”ഗലാത്യർ 5 : 1. “പുത്രൻ

നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും." യേശു നമുക്കു സ്വാതന്ത്ര്യം തന്നു.

ഇങ്ങനെ നമുക്കുവേണ്ടി എല്ലാ പാപവും ചുമന്ന യേശു ഒരു മനുഷ്യനല്ല. നിത്യപിതാവിന്റെ നിത്യപുത്രനായ, നിത്യപരിശുദ്ധനായ ക്രിസ്തു! ആദിയും അന്തവുമില്ലാത്തവനായ ക്രിസ്തു! Beginningless beginning and the endless end! അൽഫയും ഒമേഗയുമായവൻ! ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമായവൻ! എന്റെ ഉടയവൻ! എന്റെ സ്വന്തം! എന്റെ നാഥൻ! എന്റെ യേശു! ആ യേശുവിനോടുള്ള സ്നേഹമാണ് നമ്മെ നയിക്കേണ്ടത്.

ആ സ്നേഹമാണ് നമ്മുടെ ഹൃദയത്തിൽ എരിയേണ്ടത്. ആ സ്നേഹത്തിൽ കത്തിയെരിഞ്ഞാണ് നാം കർത്താവിന്റെ വേല ചെയ്യേണ്ടത്. ആരേയും കാണിക്കാനല്ല. ആരും കാണാനുമല്ല. വലിയൊരു നിയോഗം എനിക്കു തന്നിരിക്കുന്നു. ഞാൻ അതുമായിട്ട് ഓടുകയാണ്. എനിക്ക് പാപത്തിലേക്ക് നോക്കാൻ ഒക്കുകയില്ല. ഞാൻ ഇനിയും പാപം ചെയ്താൽ വീണ്ടും അവന്റെമേൽ വേദന ഏല്പിക്കുകയാണ്. സ്നേഹവാനായ യേശുവിന്റെമേൽ പാപത്തിന്റെ ചുമട് വച്ചുകൊടുക്കുകയാണ്. ഇല്ല. ഞാൻ വീണ്ടും യേശുവിനെ ക്രൂശിക്കുന്നവനായിത്തീരുകയില്ല. ഇതാണ് ക്രിസ്തീയജീവിതം.

ഈ ക്രിസ്തീയജീവിതത്തിന്റെ മാധുര്യം അറിഞ്ഞാൽ, അതിന്റെ ആസ്വാദ്യത ഗ്രഹിച്ചാൽ നിങ്ങൾ തെറ്റിപ്പോവുകയില്ല. എത്ര മനോഹരമാണ് ക്രിസ്തീയജീവിതം! ഊണിലും ഉറക്കത്തിലും കൂടെയിരിക്കുന്ന ക്രിസ്തു. നിങ്ങൾ നടന്നുപോകുമ്പോൾ യേശു കൂടെനടക്കുന്നത് നിങ്ങൾ തന്നെ അനുഭവിക്കും.

പ്രിയമുള്ളവരേ, നിങ്ങൾ പഴയ മനുഷ്യനെ ഉരിഞ്ഞു കളയുക. കഴിഞ്ഞകാലങ്ങളിൽ വേലചെയ്തതെല്ലാം സ്വയത്തിന്റെ ബഹുമതിക്കുവേണ്ടി, ആളുകൾ നല്ലത് നല്ലത് എന്നു പറയാൻ വേണ്ടി, നല്ല പ്രസംഗമാണ് എന്നുകേൾക്കാൻവേണ്ടി ചെയ്തു

പോയി. നമ്മുടെ പ്രസംഗം ആരെങ്കിലും ഒന്നുദ്ധരിച്ചാൽ ഒരു സന്തോഷം. നമ്മുടെ പ്രസംഗം പോലെ ആരെങ്കിലും പ്രസംഗം പറഞ്ഞാൽ സന്തോഷം. നമ്മുടെ സാക്ഷ്യം നന്നായാൽ സന്തോഷം. എല്ലാം സ്വയപ്രശംസയാണ്.

മനസ്സിന്റെ വിതുമ്പലുകൾ, ഏങ്ങലടികൾ ഏറ്റെടുക്കുന്ന ക്രിസ്തു. മോളേ, നീ ക്ഷീണിക്കുമ്പോൾ, നീ തളരുമ്പോൾ യേശു നിന്റെ അടുക്കലേക്കു വരും. നീ തെറ്റിലേക്കു പോകുമ്പോൾ യേശു ഏങ്ങലടിച്ചുകരഞ്ഞുകൊണ്ട് നിൽക്കും. കുഞ്ഞേ, യേശു കരയാൻ നീ ഇടവരുത്തരുത്. നിന്റെ ജീവിതംകൊണ്ട് യേശുവിനെ സന്തോഷിപ്പിക്കൂ.

പഴയവസ്ത്രം ഉരിഞ്ഞുകളയുക. പഴയവസ്ത്രം ഉരിഞ്ഞുകളഞ്ഞിട്ട് പുതിയ വസ്ത്രം ധരിക്കാം. അവനെ കല്യാണ വസ്ത്രം ധരിപ്പിപ്പിൻ! അവനെ വിശേഷ വസ്ത്രം ധരിപ്പിപ്പിൻ!

> *"അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോട്: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു: പിന്നെ അവനോട്: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്ന് അരുളിച്ചെയ്തു."* *സെഖര്യാവ് 3 : 3, 4*

നിന്റെ അകൃത്യം പോക്കിയിരിക്കുന്നു. നിന്റെ പാപം ക്ഷമിച്ചിരിക്കുന്നു. എന്താശ്വാസം! കഴിഞ്ഞകാലങ്ങളെല്ലാം ക്ഷമിച്ചുതന്നിരിക്കുന്നു. ചുമടു മാറ്റിയിരിക്കുന്നു. മോനേ, നിന്റെ അകൃത്യം മുഴുവൻ നിന്നിൽനിന്ന് മാറ്റിയിരിക്കുന്നു. എല്ലാം ഞാൻ ഏറ്റെടുത്തു. നിനക്കിനി മുഷിഞ്ഞ വസ്ത്രമില്ല. അതിന്റെ സ്ഥാനത്ത് ഉത്സവവസ്ത്രം തരാൻ പോകയാണ്. മണവാട്ടിക്കുള്ള മന്ത്രകോടി തരാൻ പോകയാണ്.

"അവന്റെ തലയിൽ വെടിപ്പുള്ളൊരു മുടിവയ്ക്കട്ടെ എന്ന് അവൻ കല്പിച്ചു." നമുക്ക് തലയിൽ വെടിപ്പുള്ളൊരു മുടി കിട്ടും. No crown without cross. കുരിശില്ലാതെ കിരീടമില്ല. No

blessing without bleeding.

അവൻ തലയിൽ കിരീടം അണിയിക്കും. എന്താണ് കിരീടം? വാടാത്ത കിരീടമുണ്ട്. നീതിയിൻ കിരീടമുണ്ട്. അനേകം കിരീടങ്ങളുണ്ട്.

*"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."*

*1 കൊരിന്ത്യർ 2 : 9*

അവൻ പ്രതിഫലം തരുന്ന ഒരു ദിവസമുണ്ട്. "കൂലി അവന്റെ കൈയിലും പ്രതിഫലം അവന്റെ പക്കലുമുണ്ട്." വെളിപ്പാട് 22 : 12 – 14. "ഓരോരുത്തനും അവന്റെ പ്രവൃത്തിക്കു തക്ക പ്രതിഫലം കിട്ടും." യെശയ്യാവ് 62 : 11.

കണക്കു തീർക്കുന്ന ഒരു ദിവസമുണ്ട്. അഞ്ചു താലന്തു ലഭിച്ചവൻ അഞ്ചു താലന്തുകൂടി കൊണ്ടുവന്നു. കർത്താവ് അവനോടു പറഞ്ഞു: "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും." രണ്ടു താലന്തു ലഭിച്ചവൻ രണ്ടു താലന്തുകൂടി കൊണ്ടുവന്നു. അവനോടു കർത്താവ് പറഞ്ഞു: "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും."

ഒരു താലന്തു ലഭിച്ചവനും അടുക്കൽ വന്നു. അവന്റെ കൈയിൽ ആ ഒരു താലന്തുണ്ട്: "യജമാനനേ, ഇതല്ലോ നീ എനിക്കു തന്നത്. ഞാൻ അത് തിരികെ കൊണ്ടുവന്നിരിക്കുന്നു. ഞാൻ അത് വിനിമയം ചെയ്തില്ല. എനിക്ക് നിന്നെ പേടിയാണ്. നീ വിതക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു കൂട്ടിച്ചേർക്കുകയും ചെയ്യുന്ന കഠിനമനുഷ്യൻ എന്ന് അറിഞ്ഞ് പേടിച്ചു. അതുകൊണ്ട് നഷ്ടപ്പെടാതെ ഞാൻ ഒളിച്ചുവച്ചു. നിന്റേത് ഇതാ എടുത്തുകൊൾക." കർത്താവ്

കോപത്തോടെ പറയുകയാണ്: “ദുഷ്ടനും മടിയനുമായ ദാസനേ, അവങ്കൽനിന്ന് ആ താലന്ത് എടുത്തു പത്തുതാലന്തു ള്ളവനു കൊടുപ്പിൻ.” (താലന്തുകളുടെ ഉപമ – മത്തായി 25:14–21.)

കിട്ടിയ താലന്ത് അവന് തൃപ്തിയായില്ല. ഒരു അസംതൃപ്തി. ഇന്ന് അനേകർക്ക് അസംതൃപ്തിയാണ്. എനിക്ക് കുറച്ചുകൂടി നല്ല വീടാണ് വേണ്ടത്. കുറച്ചുകൂടി വലിയ ശമ്പളമാണ് വേണ്ടത്. കുറേക്കൂടി സുന്ദരിയായ സ്ത്രീയെ ആണ് എനിക്കു ഭാര്യയായിട്ട് കിട്ടേണ്ടിയിരുന്നത്. കുറെക്കൂടി ആരോഗ്യവും സൗന്ദര്യവുമുള്ള പുരുഷനെയാണ് എനിക്കു ഭർത്താവായി കിട്ടേണ്ടിയിരുന്നത്. ഇങ്ങനെ ചിന്തിക്കുന്ന മനുഷ്യൻ പുറത്ത് ഏറ്റവും വലിയ ദുരിതത്തിലേക്കു പോകുന്നു.

ചിലർ ഭാര്യയോടു പറയും: “നിന്നെ എനിക്ക് ഒട്ടും ഇഷ്ടമല്ലായിരുന്നു. പിന്നെ എല്ലാവരുംകൂടി പറഞ്ഞു, ഞാൻ കല്യാണം കഴിച്ചു. എനിക്ക് നിന്നെക്കുറിച്ച് ഒരു മതിപ്പും ഇല്ല. എത്രയോ നല്ല സൗന്ദര്യമുള്ള പെൺകുട്ടികൾ എന്റെ പിന്നാലെ നടന്നതാണ്. അത് വേണ്ടാ എന്നു വച്ചിട്ടാണ് നിന്നെ ഞാൻ കെട്ടിയത്.” ഒരു സ്ത്രീയുടെ ചങ്കിലേക്ക് കത്തി കുത്തി ഇറക്കുന്നതുപോലെയാണ് ആ വാക്ക്. ഒരിക്കലും പറഞ്ഞു പോകരുത്, ചിന്തിച്ചുപോകരുത്.

ഒരു സ്ത്രീ പറയുകയാണെന്നു വിചാരിക്കൂ: “കല്യാണം കഴിഞ്ഞു, രണ്ടുമൂന്നു കുട്ടികളും ആയി. പക്ഷേ, അന്നേ എനിക്കിഷ്ടമല്ലായിരുന്നു. അപ്പനും അമ്മയും പറഞ്ഞു. സ്ത്രീധനം കൊടുക്കാനും ഇല്ലായിരുന്നു. പിന്നെ വഴിപ്പെട്ടല്ലേ പറ്റൂ. അങ്ങനെ അങ്ങു കഴിച്ചുപോയി എന്നേയുള്ളൂ. എത്രയോ പുരുഷന്മാർ എന്റെ പിന്നാലെ നടന്നതാ. എല്ലാം നഷ്ടപ്പെടുത്തി.” ഇങ്ങനെ പറയുന്നത് ആ പുരുഷന്റെ ചങ്കിലേക്ക് കുന്തം കൊണ്ടു കുത്തുന്നതുപോലെയാണ്. ഒരിക്കലും പറഞ്ഞുപോകരുത്. ചിന്തിക്കുകപോലും അരുത്. എനിക്കു കിട്ടിയത് the best എന്ന് ചിന്തിച്ചുകൊള്ളണം. കിട്ടിയതിൽ സംതൃപ്തി വേണം.

കിട്ടിയതിൽ സംതൃപ്തിയുണ്ടോ നിങ്ങൾക്ക്? അല്ലെങ്കിൽ വിളിക്കാൻ പോകുന്നത് "ദുഷ്ടനും മടിയനുമായ ദാസനേ" എന്നാണ്. "അവന്റെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." അവൻ പാപം ചെയ്തില്ല. കിട്ടിയ താലന്തു നഷ്ടപ്പെടുത്തിയില്ല. അവൻ കിട്ടിയത് അപ്പാടെ കൊണ്ടുവന്നു. പക്ഷേ, കിട്ടിയതിൽ സംതൃപ്തനല്ലായിരുന്നു. ദൈവത്തെ അവൻ കണ്ടത് കഠിന മനുഷ്യനായിട്ടാണ്; കുറ്റം കാണാൻ നിൽക്കുന്ന ആളായിട്ടാണ്. ദൈവം എന്റെ കുറ്റം കാണാൻ നോക്കിനിൽക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ ധാരണയെന്താണ്? നിങ്ങൾക്ക് യേശുവിനെ സ്നേഹനിധിയായിട്ട് കാണാൻ സാധിക്കുന്നുണ്ടോ? നിങ്ങളെ സ്നേഹിക്കുന്ന നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സ്നേഹിതനായിട്ട് കാണാൻ പറ്റിയിട്ടുണ്ടോ? എന്നാൽ നിങ്ങൾക്കു രക്ഷപ്പെടാം.

ദുഷ്ടനും മടിയനുമായ ദാസനേ, എന്ന വിളികേൾക്കാൻ ഇടവരരുത്. ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളപ്പെടാൻ ഇടവരരുത്. നിങ്ങൾ പഴയ പാപങ്ങളെല്ലാം ഉരിഞ്ഞുകളഞ്ഞ് പുതിയ വസ്ത്രം കർത്താവു തരുന്നതു വാങ്ങി ആനന്ദത്തോടെ കിരീടം ചൂടുക.

ദൈവം നിന്നെ സ്നേഹിക്കുന്നു. നിന്റെ ജീവിതം മദ്യപാനംകൊണ്ട് മുടിച്ചുകളയരുത്. അശുദ്ധജീവിതംകൊണ്ട് മുടിച്ചുകളയരുത്. വ്യഭിചാരജീവിതത്തിലേക്ക് നീ പോകരുത്. പ്രേമക്കുരുക്കിൽ പെടരുത്. അഴിയാക്കുരുക്കുകൾ അഴിക്കണം. നിന്റെ കുരുക്കഴിക്കാനാണ് അവന്റെ കൈകൾ കുരിശിന്മേൽ അടിച്ചു തകർക്കപ്പെട്ടത്. നിങ്ങളുടെ ജീവിതം അവന്റെ കരങ്ങളിലേക്കു കൊടുക്കൂ.

യേശുവേ, ഇത്രയുംകാലം നിന്നെ അറിയാതെ ഞാൻ ജീവിച്ചുപോയി. ഒന്നും തിരിച്ചറിയാതെ ജീവിച്ചുപോയി.

ഞാനോ നിസ്സാരൻ. കർത്താവേ, നീ തന്നതല്ലാതെ എനിക്കൊന്നുമില്ല. നീ എനിക്കു തന്ന ആയുസ്സ്, നീ എനിക്കു തന്ന ആരോഗ്യം, നീ എനിക്കു തന്ന വിദ്യാഭ്യാസം, നീ എനിക്കു തന്ന കൂട്ടായ്മ, നീ എനിക്കു തന്ന സഹോദരീസഹോദരന്മാർ. എല്ലാം നിന്റെ ദാനം.

യേശുവേ, ഈ ആയുസ്സ് ഞാൻ ഇതാ വിട്ടുതരുന്നു. നിനക്ക് ഇഷ്ടംപോലെ ഉപയോഗിക്കാം. കളിപ്പന്തുപോലെ തട്ടാം. ഈ പന്ത് ഏതെങ്കിലും കട്ടിൽകീഴെ കിടന്നാൽ മതിയോ, അതിനും സമ്മതമാണ്. കർത്താവേ, എനിക്ക് ഒന്നും ആവശ്യപ്പെടാനില്ല.

എനിക്ക് ആകെയുള്ളത് യേശു എന്നെ സ്നേഹിക്കുന്നു, ഞാൻ യേശുവിനെ സ്നേഹിക്കുന്നു. ഞാൻ പാപം ചെയ്തിട്ടും, ഞാൻ പാപിയായിട്ടും, യേശു വെറുക്കുന്ന പാപം എന്നിൽ ഉണ്ടായിട്ടും യേശു എന്നെ സ്നേഹിക്കുന്നു. എന്നെ സ്നേഹിച്ച നാഥാ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

## രണ്ട്

*"ഞാൻ യോശുവയുടെ മുമ്പിൽ വെച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ഒരേ കല്ലിന്മേൽ ഏഴുകണ്ണും ഉണ്ട്; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്."* *സെഖര്യാവ് 3 : 9*

ഒറ്റദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും. ദേശത്തിന്റെ പാപം ഞാൻ പരിഹരിക്കും.

ദേശത്തിന്റെമേൽ അകൃത്യം വന്നിരിക്കുന്നു. ദേശത്തിന്മേൽ ശാപം വന്നിരിക്കുന്നു.

ഇന്ന് ഭവനങ്ങൾ നാശത്തിലാണ്. ശാപത്തിലാണ്. വ്യക്തികൾ ശാപത്തിലാണ്. കുടുംബങ്ങൾ ശാപത്തിലാണ്. ദേശങ്ങൾ ശാപത്തിലാണ്. എന്തെല്ലാം അക്രമങ്ങളാണ് ഓരോ കുടുംബത്തിലും നടന്നിട്ടുള്ളത്! കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ആത്മഹത്യകൾ നടന്നിട്ടുണ്ട്. ഭാര്യയെ ക്രൂരമായി മർദ്ദിക്കുന്ന ഭീകര സംഭവങ്ങൾ നടന്നിട്ടുണ്ട്. ഭർത്താവിനെ അടിച്ചു കൊല്ലുന്ന സംഭവങ്ങൾ നടന്നിട്ടുണ്ട്. ദേശത്തിൽ അകൃത്യം! ഭവനങ്ങളിൽ ശാപം! ഗർഭഛിദ്രങ്ങൾ നടന്നിട്ടുണ്ട്. കുട്ടികൾ അരുതാത്തവഴിക്കുപോയി എന്തെല്ലാം ഭീകരതകൾ ചെയ്യുന്നു!

റാഗിങ്ങ് എന്ന ഓമനപ്പേരിൽ എന്തെല്ലാം ക്രൂരതകൾ നടക്കുന്നു! റാഗിങ്ങ് ഉള്ള കോളേജ് ആണെന്നറിഞ്ഞാൽ കോളേജിന്റെ പേരു പോകില്ലേ. അതുകൊണ്ട് കുറ്റവാളികളെ ശിക്ഷിക്കില്ല. കൊടുംക്രൂരത മാത്രം. ഇതെല്ലാം ശാപമാണെന്ന് അറി

യുന്നുണ്ടോ?

ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും. ശാപകരമായ എന്തെല്ലാം സംഭവിച്ചിട്ടുണ്ടെങ്കിലും എല്ലാം മാറ്റി ത്തരാം എന്ന് കർത്താവ് പറയുന്നു.

ശാപകരമായ അനേകം കാര്യങ്ങൾ വരുത്തിവച്ചവരില്ലേ? കുടുംബങ്ങളിൽ ശാപം വരുത്തിയിട്ടില്ലേ? നിങ്ങൾ മൂലം ദേശ ത്തിന്റെ സമാധാനം നഷ്ടപ്പെട്ടിട്ടില്ലേ? ദേശത്ത് ഒരു പേടിസ്വ പ്നമായി കഴിഞ്ഞവരില്ലേ? നിങ്ങൾ ചിലരെ ഉപദ്രവിച്ചില്ലേ? ചിലരെ ഓടിച്ചിട്ട് കൊല്ലാൻ ശ്രമിച്ചവരില്ലേ? ഊരിപ്പിടിച്ച കത്തി യുമായി ആളുകളുടെ പിറകെ ഓടിയവരുണ്ട്.

ഹൈറേഞ്ചിലെ കുര്യാക്കോസ്, ഒരാളുടെ പിറകെ ഊരി പ്പിടിച്ച കത്തിയുമായി ഓടി. ആ മനുഷ്യനെ കൊല്ലാനാണ്. ആ മനുഷ്യൻ കുന്നും മലയും ചാടി ഓടി. ഭാഗ്യവശാൽ മലയുടെ ഒരു ഭാഗത്തു ചെന്നപ്പോൾ ഒരു വളവു കിട്ടി. അവിടെ ഒരു വീട്. വാതിൽ തുറന്നു കിടക്കുകയായിരുന്നു. അതിനകത്തേക്ക് കയറി അയാൾ അവിടെ ഒളിച്ചു. കുര്യാക്കോസ് പിന്നെയും മുന്നോട്ടോടി. അയാൾ എവിടെപ്പോയെന്ന് കണ്ടില്ല. അതു കൊണ്ട് അന്ന് ആ കൊലപാതകം നടന്നില്ല. കുര്യാക്കോസ് ജീവന്റെ വചനം കേട്ടു മാനസാന്തരപ്പെട്ടു.

പ്രിയപ്പെട്ടവരേ, ഇതെല്ലാം നമ്മുടെ മക്കളെ ബാധിക്കില്ലേ? നമ്മുടെ തലമുറകളിലേക്ക് പടരുന്ന ശാപമായിത്തീരില്ലേ? നമ്മുടെ കുഞ്ഞുങ്ങൾക്ക് സമാധാനം കിട്ടുമോ? അവരുടെ ജീവിതം മുടിഞ്ഞുപോകില്ലേ? എന്തെല്ലാമെന്തെല്ലാം വരുത്തി വെച്ചു നിങ്ങൾ? ചിന്തിച്ചുനോക്കൂ. ചിലരെങ്കിലും കൊലപാത കത്തിന് കൂട്ടുനിന്നവരില്ലേ?

സഹോദരീസഹോദരന്മാരേ, നമ്മുടെ ദേശം നശിക്കുന്നു. ദേശം മുടിയുന്നു. ദേശം ശൂന്യമാകുന്നു. നമുക്ക് ഉത്തരവാദി ത്തമുണ്ട്. കുടുംബജീവിതം തകർക്കുന്നവർ! ഭാര്യയെ വേണ്ട എന്നു പറയുന്നവർ! രണ്ടോ മൂന്നോ കുഞ്ഞുങ്ങളുണ്ടായി,

കുഞ്ഞുങ്ങൾ വളർന്നു. ഇപ്പോഴാണ് പറയുന്നത്, നിന്നെ എനിക്കു വേണ്ട. എന്തു കഷ്ടം! പുറത്തു പറയാൻ ലജ്ജാകരമായ ചില ബന്ധങ്ങളിലേക്കു പോകുന്നു.

ചിലർ ഭാര്യയോട് തുറന്നു പറയുന്നു: "എനിക്ക് വേറൊരു സ്ത്രീ ഉണ്ട്. ഞാൻ അങ്ങോട്ടാണു പോകുന്നത്, ഇങ്ങോട്ടു വരുന്നില്ല." "അപ്പോൾ ഞങ്ങൾ എങ്ങനെ ജീവിക്കും?" "അത് നീ എങ്ങനെ എങ്കിലും ജീവിച്ചോ."

വേറൊരു പുരുഷന്റെ കൂടെ ജീവിക്കാൻവേണ്ടി ഭർത്താവിനെ കൊന്ന സ്ത്രീകളുണ്ട്. ഓരോ ദിവസവും പത്രം വിടർത്തുമ്പോൾ എന്തെല്ലാമാണ് കാണുന്നത്! ദേശങ്ങൾ മുടിയുന്നു. ദേശങ്ങൾ നശിക്കുന്നു.

സ്വന്തം ഭർത്താവിനെ തല്ലിയവരുണ്ടോ? സ്വന്തം ഭർത്താവിനെ മുറിപ്പെടുത്തിയവരുണ്ടോ? എവിടെക്കൊണ്ടുതീർക്കും? മക്കളുടെ കാലത്ത് ഇതിനൊക്കെ ശിക്ഷ അനുഭവിക്കുന്നത് എങ്ങനെ കാണും? ദേശങ്ങൾ മുടിയുന്നു.

"ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും." എങ്ങനെ? ഒരാൾ അഴുക്കുവസ്ത്രം മാറി ഉത്സവ വസ്ത്രം ധരിച്ചു. യെഹോസാദാക്കിന്റെ മകനായ യോശുവ, മുഷിഞ്ഞ വസ്ത്രം ധരിച്ചുകൊണ്ട് നിൽക്കയായിരുന്നു. എന്നാൽ അവന്റെ മുഷിഞ്ഞ വസ്ത്രം അവങ്കൽ നിന്നു നീക്കിക്കളയുവിൻ എന്ന് യഹോവ കല്പിച്ചു.

യോശുവയുടെ ബന്ധനമഴിക്കുന്നതിന് ദൈവത്തിന് ഉദ്ദേശമുണ്ട്. ദേശത്തെ അകൃത്യം പോക്കണം. ആലയം പണി നടക്കണം. ആലയത്തിൽ ആരാധന നടക്കണം. യഹോവയുടെ ആലയം ശൂന്യമായിപ്പോയി. നെബൂഖദ്നേസർ രാജാവിന്റെ സൈന്യം വന്ന് യെരൂശലേം ദേവാലയം തകർത്ത് ഇടിച്ചുകളഞ്ഞു.

അനേകം ദൈവമക്കളുടെ ജീവിതത്തിലെ ആരാധന മുടങ്ങിപ്പോയിരിക്കുന്നു. ചുണ്ടിൽ ചിലപ്പോൾ സ്തുതി ഉണ്ടായിരി

ക്കും; എന്നാൽ ആത്മാവിൽ സ്തുതിയില്ല. ആത്മാവിൽ സന്തോഷമില്ല. പാപം വന്നാൽ പിന്നെ എവിടെ സന്തോഷം? പാപം വന്നാൽ എങ്ങനെ പ്രസന്നത? മുഴുവൻ മ്ലാനത. ദൈവമക്കൾ അനേകം പേർ ഇന്ന് ഉറങ്ങുകയാണ്. ഈ ബന്ധനങ്ങൾ മാറണം. ദുഷ്ടപ്പിശാചുക്കളുടെ ചങ്ങലകൾ പൊട്ടിപ്പോകണം. ദുഷ്ടനായ പൈശാചികൻ അനേകരെ കെട്ടിയിട്ടിരിക്കുന്നു.

> *"ഇവൻ തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു. എന്നാൽ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ച് ദൂതന്റെ മുമ്പിൽ നിൽക്കയായിരുന്നു. അവൻ തന്റെ മുമ്പിൽ നിൽക്കുന്നവരോട്: മുഷിഞ്ഞ വസ്ത്രം അവങ്കൽ നിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോട്: ഞാൻ നിന്റെ അകൃത്യം നിന്നിൽ നിന്ന് പോക്കിയിരിക്കുന്നു."* *സെഖര്യാവ് 3 : 3, 4*

മുഷിഞ്ഞ വസ്ത്രം നിങ്കൽനിന്നു മാറ്റാൻ കർത്താവിനു മനസ്സാണ്. പഴയ സ്വഭാവം മാറ്റിത്തരാൻ കർത്താവിനു മനസ്സാണ്. കോപിച്ച് അലറിയിട്ടില്ലേ? കോപം ജ്വലിച്ച് എന്തെല്ലാമോ വിളിച്ചുപറഞ്ഞിട്ടില്ലേ? ഇന്ന് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നില്ലേ? വസ്ത്രം മുഷിഞ്ഞുപോയി.

എന്നാൽ യേശു എല്ലാം സൗജന്യമായി ക്ഷമിക്കാം എന്നു പറയുന്നു. നീ ഒന്നും ചെയ്യണ്ട. ഒരു മനോഗുണപ്രവൃത്തിയും ചെയ്യണ്ട. നീ ഉപവാസമെടുക്കണ്ട. നീ ജാഗരിക്കണ്ട. പള്ളിക്കു ചുറ്റും ഉരുണ്ടുനേർച്ച നടത്തണ്ട. പള്ളിക്കു ചുറ്റും മുട്ടുകുത്തി നടക്കണ്ട. നീ ഒരു പുണ്യപ്രവൃത്തിയും ചെയ്യണ്ട. ഒരു വഴിപാടും കഴിക്കണ്ട. നിന്റെ സ്വഭാവം മാറാതെ നീ എന്തു ചെയ്താലും എന്തു പ്രയോജനം?

നാം ഇന്ന് പലതും ചെയ്യുന്നുണ്ട്. സുറിയാനിയിലും മലയാളത്തിലും സുന്ദരമായി പാടുന്ന നല്ലൊന്നാന്തരം ഗീതങ്ങളുണ്ട്. ഇതെല്ലാം പാടും. എന്നാൽ അതു പാടിയ നാവുകൊണ്ടാണ് തലേദിവസം രാത്രി ഭാര്യയെ ചീത്തവിളിച്ചത്! മക്കളെ

തല്ലി ഓടിച്ചത്! വീട്ടിൽ ആകെ കലഹമുണ്ടാക്കിയത്! അസഭ്യ വാക്കുകൾ പറഞ്ഞത്! വൃത്തികെട്ട കാര്യങ്ങൾ ചെയ്തത്! ആ നാവുകൊണ്ട് ഇമ്പമായി പാടുകയാണ്! മനോഹരമായ ഗീതം!

ഗീതത്തിന്റെ കുഴപ്പമല്ല, പാടുന്ന ആളുടെ കുഴപ്പമാണ്. പുണ്യപ്രവൃത്തി ഒന്നും ചെയ്യണ്ട, യാതൊരു നന്മപ്രവൃത്തിയും വേണ്ട. ആകെ ഒരുകാര്യം മതി. കർത്താവേ, എന്റെ പാപം പരിഹരിക്കാൻ നീ ക്രൂശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. ജന്മനാതന്നെ ഞാൻ പാപിയാണ് കർത്താവേ. പാപം ചെയ്യാത്തപ്പോഴും ഞാൻ പാപിയാണ്. ഞാൻ ദുഷ്ടനാണ്, സ്വാർത്ഥമതിയാണ്. അഹങ്കാരിയാണ്. ഞാൻ തന്നിഷ്ടക്കാരിയാണ്.

നിങ്ങൾ ദൈവസന്നിധിയിൽ താഴൂ. ദൈവത്തോട് ഓരോന്നോരോന്ന് രഹസ്യമായി പറയുക. കർത്താവേ, ഇന്ന കാലത്ത്, ഇന്ന സമയത്ത് ഇന്നതുപോലെ വന്നുപോയി. കർത്താവേ, എന്റെമേലുള്ള പാപം ഓർമ്മയുടെ പുസ്തകത്തിൽനിന്ന് മായിച്ചു തരണമേ. ഇപ്പോൾത്തന്നെ എല്ലാം ദൈവത്തോട് ഏറ്റുപറയുക. എന്റെ പാപങ്ങൾ എല്ലാം കത്തിച്ചുകളയണമേ എന്ന് അപേക്ഷിക്കുക.

*"ഇപ്പോൾ ഞാൻ എഴുന്നേൽക്കും രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും."*

*സങ്കീർത്തനം 12 : 6*

കർത്താവേ, എനിക്ക് രക്ഷപ്പെടണമെന്ന് ആഗ്രഹമുണ്ട്. എന്റെ പാപങ്ങളുടെ കറകൾ എല്ലാം മായണമെന്ന് ആഗ്രഹമുണ്ട്. ഒരു വിശുദ്ധയാകണമെന്ന് ആഗ്രഹമുണ്ട്. കർത്താവേ, വിശുദ്ധിയുള്ള നാവുകൊണ്ട് നിന്റെ വചനം പറയണമെന്ന് ആഗ്രഹമുണ്ട്. എന്റെ ഈ ആഗ്രഹം പൂർത്തീകരിക്കാൻ എനിക്ക് കഴിവില്ല. എന്നാൽ നിനക്ക് കഴിയും.

യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ച് നിൽക്കുകയായിരുന്നു. "മുഷിഞ്ഞ വസ്ത്രം ഇവങ്കൽനിന്നു മാറ്റി ഇവനെ ഉത്സവ

വസ്ത്രം ധരിപ്പിപ്പിൻ" എന്നു പറഞ്ഞു. ഭാഗ്യം! ഉണ്ടായിരുന്ന പഴയ വസ്ത്രം മാറ്റി. പഴയ ജീവിതം മാറ്റി.

പഴയ മുഷിഞ്ഞവസ്ത്രം മാറാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? മോനേ, ഇന്ന് നീ ഈ പഴയ വസ്ത്രം ധരിച്ചുകൊണ്ടു നിന്നാൽ നിന്റെ നഗ്നത മറയുന്നില്ല. നഗ്നത മറയ്ക്കത്തക്ക നല്ല വസ്ത്രമല്ല അത്. നിന്റെ പുണ്യപ്രവൃത്തികൊണ്ടൊന്നും നഗ്നത മറയുകയില്ല. നിന്റെ നഗ്നത മറയണമെങ്കിൽ ഉത്സവ വസ്ത്രം ധരിക്കണം. രാജാധിരാജൻ നിനക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന വസ്ത്രം നീ ധരിക്കണം. തന്റെ ദേഹമെന്ന തിരശ്ശീല ചീന്തി കർത്താധികർത്താവ് നിനക്കായി ഉണ്ടാക്കിയ ഒരു വസ്ത്രമുണ്ട്. അവന്റെ തിരുശരീരമാകുന്ന വസ്ത്രം നിന്നെ ഉടുപ്പിക്കണം.

ഇന്ന് നിന്നെ ഈ പുതിയ വസ്ത്രം ധരിപ്പിക്കാൻ കർത്താവിനാഗ്രഹമുണ്ട്. നിന്റെ പാപം പിന്നെ ആരും കാണുകയില്ല. പിശാച് കാണുകയില്ല. യേശുവിന്റെ തിരുശരീരമാണ് പൊതിഞ്ഞിരിക്കുന്നത്. യേശുവിന്റെ രക്തമാണ് നിന്നെ ആവരണം ചെയ്തിരിക്കുന്നത്. പാപം മറഞ്ഞുപോയി. ലംഘനം ക്ഷമിച്ചുതന്നു. ദൈവമേ, ഈ മഹാഭാഗ്യം നീ എനിക്കു തന്നല്ലോ.

പ്രിയപ്പെട്ടവരേ, ഇതു നിങ്ങൾ വിശ്വസിക്കുമ്പോഴാണ് നിങ്ങളുടെ ആത്മാവിൽ യേശുവിന്റെ തിരുശരീരം വന്നു പൊതിയുന്നത്! യേശുവിന്റെ ശരീരത്തിന്റെ അംശികളായിത്തീരുന്നത്! അതാണ് വിശുദ്ധ കുർബ്ബാന! അപ്പോഴാണ്, "ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു" എന്നു പറയുന്നത്. ഈ കുർബ്ബാന അനുഗ്രഹമാണ്. സമാധാനമാണ്. ബലിയാണ്. സ്തോത്രമാണ്.

അവന്റെ തിരുരക്തം പാപിയായ മനുഷ്യന്റെ സിരകളിലൂടെ ഒഴുകുകയാണ്. പഴയ രക്തം ഇതാ മാറുന്നു. യേശുവിൻ രക്തം ഒഴുകുന്നു. യേശുവിന്റെ സ്വഭാവം പകരുന്നു. പഴയ മനുഷ്യന്റെ സ്വഭാവം മാറുന്നു. പഴയ മനുഷ്യന്റെ കോപം മാറുന്നു. പഴയ മനുഷ്യന്റെ വാശിയും വൈരാഗ്യവും മാറുന്നു.

കാരണം, യേശുവിന്റെ രക്തമാണ്.

ഇതനുഭവിക്കുമ്പോഴാണ് കുർബ്ബാനയുടെ അനുഭവം കിട്ടുന്നത്. യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളുടെ ജീവിതത്തെ കഴുകി എന്നും നിങ്ങളെ പൊതിഞ്ഞു എന്നുമുള്ള ഉറപ്പേറിയ നിർണ്ണയം നിങ്ങൾക്കു വരണം. എന്റെ കർത്താവേ, എന്റെ ജീവിതം മുഴുവൻ എന്നന്നേക്കുമായി ഞാൻ നിനക്കു തന്നല്ലോ. എന്റെ സകലപാപങ്ങളും വന്നുപോയ സകല ദുഷ്കൃത്യങ്ങളും ഹീനസ്വഭാവങ്ങളും മദ്യപാനവും കഞ്ചാവും മയക്കുമരുന്നും ദുഷ്ടതകളും അനേകരെ വേദനിപ്പിച്ചതും ഉപദ്രവിച്ചതും എല്ലാം ഇതാ ഞാൻ കൊണ്ടുവരുന്നു.

എന്റെ തന്ത്രവും കൗശലവും ഉപായവും എല്ലാം ഞാൻ ഇതാ കൊണ്ടുവരുന്നു. എല്ലാം പൊതിഞ്ഞുതരുന്ന യേശുവിന്റെ തിരുശരീരം, അന്ന് ഗോഗുൽത്തായിൽ ചീന്തിയ തിരുശരീരം, ചങ്കുകീറി പിളർന്നെടുത്ത ആ തിരുശരീരം വന്ന് എന്നെ പൊതിയണമേ. അപ്പോഴാണ് നാം പുതിയ സൃഷ്ടിയായിത്തീരുന്നത്. അപ്പോഴാണ് പുതിയ അനുഭവം കിട്ടുന്നത്.

ഈ അനുഭവം കിട്ടുന്ന ദൈവമക്കളിൽ ഊന്നി നിന്നുകൊണ്ടാണ് യേശു ദേശത്തിന്റെ അകൃത്യം പോക്കാൻ ആഗ്രഹിക്കുന്നത്. മകളേ, നീ ഒരാളിൽ നിന്നുകൊണ്ട് കുടുംബത്തിന്റെ ശാപം മാറ്റാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. സ്നേഹിതാ, നീ ഒരാളിൽ ഊന്നിനിന്നുകൊണ്ട് ദേശത്തിന്റെ അകൃത്യം പോക്കാനാണ് കർത്താവ് ആഗ്രഹിക്കുന്നത്.

ഒറ്റദിവസംകൊണ്ട് എല്ലാ ശാപവും മാറ്റാമെന്ന്, വന്നുപോയതെല്ലാം കഴുകിത്തരാമെന്ന് കർത്താവ് പറയുന്നു. എന്തൊരു മഹാഭാഗ്യം! നിന്റെ എല്ലാപാപങ്ങളും ദൈവത്തോട് ഏറ്റുപറയുക. അപ്പോൾ യേശു, നിന്റെ തലച്ചോറു മുഴുവൻ യേശുവിന്റെ രക്തംകൊണ്ട് പൊതിയും.

പിന്നെ ചീത്ത ചിന്തയില്ല. ചീത്ത വികാരങ്ങളില്ല. ചീത്ത മനോഭാവങ്ങളില്ല. എല്ലാം നിർമ്മലമാകുന്നു. എല്ലാ മാലിന്യ

ങ്ങളും മാറുന്നു. എല്ലാം അനുഗ്രഹമായിത്തീരുന്നു. ഈ മഹാ ഭാഗ്യമാണ് സ്വർഗ്ഗം നമുക്കു തരുന്നത്.

"ഒരുദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും." അകൃത്യം പോയാൽ ആരാധന തുടങ്ങാം. അകൃത്യം പോയാൽ സ്തുതി തുടങ്ങാം. അകൃത്യം പോയാൽ ഇടിഞ്ഞു പോയ ദേവാലയം പുതുക്കിപ്പണിയാം.

അനേകരുടെ ജീവിതത്തിലെ ദേവാലയം ഇടിഞ്ഞു കിട ക്കുകയാണ്. ദൈവത്തിന്റെ ആലയമായ നമ്മുടെ ആത്മാവ് ഇടിഞ്ഞുകിടക്കുകയാണ്. എന്നാൽ അകൃത്യം മാറിയാൽ ദേവാലയത്തിന്റെ ഇടിഞ്ഞുപോയ ഭാഗത്ത് പണി തുടങ്ങാം.

ഇപ്പോൾ നിനക്ക് കർത്താവിനോട് പറയാം: കർത്താവേ, ഇന്ന് ഞാൻ ഇതാ, ദേവാലയം പണി തുടങ്ങുന്നു.

> *"നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവ ത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പി ക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ."*
>
> *1 കൊരിന്ത്യർ 3 : 16, 17*

നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണ്. ഇവിടെയാണ് ആരാ ധന നടക്കേണ്ടത്. ഈ അവയവങ്ങളാണ് ആരാധനയ്ക്ക് ഉപ യോഗിക്കേണ്ടത്. ഈ ശരീരത്തിൽ നിന്നാണ് സ്തുതി ഉയരേ ണ്ടത്. ആരാധന മുടങ്ങിക്കിടക്കരുത്.

കർത്താവേ, എന്റെ അധരങ്ങളെ തുറക്കണമേ. എന്നാൽ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിച്ചുകൊള്ളാം. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും. തകർന്നതും നുറുങ്ങി യതുമായ ഹൃദയത്തെ നീ നിരസിക്കുന്നില്ലല്ലോ. കർത്താവേ, രക്ഷയുടെ സന്തോഷം എനിക്കു മടക്കിത്തരണമേ. പുതിയ ഹൃദയം എനിക്കു തരണമേ.

# മൂന്ന്

*“യഹോവയുടെ ദൂതൻ യോശുവയോടു സാക്ഷീകരിച്ചതെന്തെന്നാൽ: സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ എന്റെ വഴികളിൽ നടക്കയും എന്റെ കാര്യം നോക്കുകയും ചെയ്താൽ നീ എന്റെ ആലയത്തെ പരിപാലിക്കയും എന്റെ പ്രാകാരങ്ങളെ സൂക്ഷിക്കയും ഞാൻ നിനക്കു ഈ നിൽക്കുന്നവരുടെ ഇടയിൽ ആഗമനം അനുവദിക്കയും ചെയ്യും. മഹാപുരോഹിതനായ യോശുവേ, നീയും നിന്റെ മുമ്പിൽ ഇരിക്കുന്ന നിന്റെ കൂട്ടുകാരും കേട്ടുകൊൾവിൻ! അവർ അത്ഭുതലക്ഷണപുരുഷന്മാരല്ലോ; ഞാൻ എന്റെ ദാസനായ മുള എന്നവനെ വരുത്തും.”*

*സെഖര്യാവ് 3 : 6 – 8*

യോശുവേ, നിന്നിൽ പിശാച് അവകാശം പറയുന്ന പലതും ഉണ്ടായിരുന്നു. മുഷിഞ്ഞ വസ്ത്രമുണ്ടായിരുന്നു. അതു ഞാൻ മാറ്റി. ഇപ്പോൾ ഈ നിൽക്കുന്നവരുടെ ഇടയിൽ, എന്റെ സിംഹാസനത്തോടുചേർന്നു നിൽക്കുന്നവരുടെ ഇടയിൽ നിനക്ക് ഞാൻ ആഗമനം അനുവദിക്കും.

വിശുദ്ധീകരണം പ്രാപിച്ചാൽ ദൈവസിംഹാസനത്തിന്റെ അരികിലേക്ക് ചേർന്നുവരുവാൻ ഇടയാകും. ദൈവിക രഹസ്യങ്ങൾ നമുക്കു മനസ്സിലാകും. ദൈവികസിംഹാസനത്തോട് നാം അടുത്തുവരും. നമ്മുടെ ജീവിതത്തിൽ ഒരു ദിവസം നാം ഇതെല്ലാം നേരിട്ട് കാണുകയും അറിയുകയും

ചെയ്യും.

നാം രക്ഷിക്കപ്പെടുകയാണെങ്കിൽ കർത്താവിന്റെ സിംഹാസനത്തിന്റെ അരികത്തു നിന്ന്, ഈ അത്ഭുതലക്ഷണ പുരുഷന്മാരുടെ ഇടയിൽ ആഗമനം അനുവദിക്കപ്പെട്ടതു കൊണ്ട് അവരുടെ കൂടെ നിന്ന് എല്ലാം കാണും.

> *"അവൻ പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ചു യെരൂശലേമിലേക്കു യാത്ര ചെയ്തു. അപ്പോൾ ഒരുത്തൻ അവനോട്: കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്നു ചോദിച്ചതിന്ന് അവനോടു പറഞ്ഞത്: ഇടുക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും, കഴികയില്ലതാനും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*
>
> *ലൂക്കോസ് 13 : 22 – 24*

കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമാണോ? ഞങ്ങൾ ധരിച്ചു വച്ചിരിക്കുന്നത് യരൂശലേം ദേവാലയത്തിലെ പെരുന്നാൾ ആഘോഷിക്കുകയും യാഗപീഠത്തിൽ ഊനമില്ലാത്ത ആട്ടിൻകുട്ടിയെ യാഗം അർപ്പിക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്നാണ്. എന്നാൽ നിന്റെ വാക്ക് കേട്ടിട്ട് വളരെ അപൂർവ്വം പേരേ രക്ഷിക്കപ്പെടുകയുള്ളൂ എന്ന് തോന്നുന്നുവല്ലോ.

കർത്താവു പറഞ്ഞു: നീ പറഞ്ഞതു സത്യമാണ്. ഇടുക്കുവാതിലിലൂടെ കടക്കണം. വളരെ അപൂർവ്വംപേർ മാത്രമാണ് വാതിൽ കണ്ടെത്തുന്നുള്ളു. അനേകംപേർ പൊയ്ക്കൊണ്ടിരിക്കുന്നു. ഈ ലോകത്തിൽ അനേകംപേർ നിത്യതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പക്ഷേ, സ്വർഗ്ഗരാജ്യത്തിലേക്കുള്ള വാതിൽ കണ്ടെത്തുന്നവർതന്നെ ചുരുക്കമാണ്.

വാതിൽ കണ്ടെത്തിയാലോ, അകത്തു കടക്കണമെങ്കിൽ പോരാടണം. യുദ്ധം ചെയ്യണം. എളുപ്പമല്ല. ഈ അത്ഭുതലക്ഷണപുരുഷന്മാരുള്ള ദൈവസഭയിൽ വിശുദ്ധന്മാരും ദൂത

ന്മാരും ഉള്ളേടത്ത് ചെന്നു ചേരുക എന്നത് വളരെ ദുഷ്ക്കരം! വളരെ പ്രയാസം!

അനേകംപേരും പുറത്തായിരിക്കും. പലരും കടപ്പാൻ നോക്കും, കഴികയില്ലതാനും.

> *"വീട്ടുടയവൻ എഴുന്നേറ്റ് കതക് അടച്ചശേഷം നിങ്ങൾ പുറത്തുനിന്ന്: കർത്താവേ, തുറന്നു തരേണമേ എന്നു പറഞ്ഞുകൊണ്ട് കതകിനു മുട്ടിത്തുടങ്ങുമ്പോൾ: നിങ്ങൾ എവിടെനിന്ന് എന്നു ഞാൻ അറിയുന്നില്ല, എന്ന് അവൻ ഉത്തരം പറയും."*
>
> *ലൂക്കോസ് 13 : 25*

ഇടുക്കുവാതിലൂടെ അകത്തുകടക്കാൻ പോരാടണം. പോരാടിയിട്ട് കടക്കാൻ പറ്റാതെ വരുമ്പോൾ എപ്പോഴോ ഒരു സമയത്ത് വീട്ടുടയവൻ എഴുന്നേറ്റ് കതക് അടയ്ക്കും. വീട്ടുടയവൻ എഴുന്നേറ്റു കതകച്ചശേഷം നിങ്ങൾ പുറത്തു നിന്ന്: കർത്താവേ തുറന്നു തരണമേ എന്നു പറഞ്ഞുകൊണ്ട് കതകിന്നു മുട്ടിത്തുടങ്ങുമ്പോൾ, നിങ്ങളെ എനിക്കു പരിചയമില്ലല്ലോ, നിങ്ങൾ എവിടത്തുകാരാണ് എന്നു ചോദിക്കും.

അപ്പോൾ നിങ്ങൾ പരിചയം ഭാവിച്ചു തുടങ്ങും. ഞങ്ങളുടെ തെരുക്കളിൽ വന്ന് നീ പഠിപ്പിച്ചിട്ടുണ്ട്. നിന്നോടു ചേർന്ന് ഞങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തിട്ടുണ്ട്. നാം ഒരുമിച്ച് യാത്ര ചെയ്തിട്ടുണ്ട്. എന്നിട്ട് നീ പരിചയമില്ല എന്നു പറയുന്നതു എന്തുകൊണ്ടാണ്?

> *"അന്നേരം നിങ്ങൾ: നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കയും ഞങ്ങളുടെ തെരുക്കളിൽ നീ പഠിപ്പിക്കയും ചെയ്തുവല്ലോ എന്നു പറഞ്ഞുതുടങ്ങും."* *ലൂക്കോസ് 13 : 26*

യേശു പറയും: "നിങ്ങൾ എന്തെല്ലാം പറഞ്ഞാലും ശരി, നിങ്ങൾ എവിടത്തുകാരാണെന്ന് ഞാൻ അറിയുന്നില്ല." കർത്താവിന്റെ വചനത്തിന് മാറ്റമില്ല. നാം പുറത്തുനിന്നു മുട്ടി

ക്കൊണ്ടു നിൽക്കും പക്ഷേ, കതകടച്ചുകഴിഞ്ഞിരിക്കും. ഭയങ്ക രമായ കാര്യമാണത്. രക്ഷയുടെ പെട്ടകത്തിന്റെ അകത്തു കട ക്കാതെ പുറത്തു നിൽക്കേണ്ടിവരും. അകത്തുകടക്കാൻ ഇപ്പോൾ ശ്രമിക്കുന്നുണ്ട്. ഇപ്പോൾ സത്യം മനസ്സിലായി പക്ഷേ, സമയം കഴിഞ്ഞു. പുറത്തുനിന്നു മുട്ടിയാൽ അകത്തു നിന്നു പറയും: നിങ്ങളെ പരിചയമില്ല, നിങ്ങൾ എവിടെ നിന്ന് എന്ന് ഞാൻ അറിയുന്നില്ല.

നിങ്ങൾ പുറത്തുനിൽക്കും. പക്ഷേ, അകത്തെ കാഴ്ച നിങ്ങൾ കാണും. നരകത്തിന്റെ എരിതീയിൽ നിങ്ങൾ വലഞ്ഞു നിൽക്കുമ്പോൾ അകത്ത് എന്താണെന്ന് നിങ്ങൾ കാണും.

> *"അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരി ക്കുന്നതും നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും." ലൂക്കോസ് 13 : 28*

അബ്രാഹാമും യിസ്ഹാക്കും യാക്കോബും-വിശുദ്ധ ന്മാർ, വിശ്വാസവീരന്മാർ-അകത്ത് സ്വർഗ്ഗരാജ്യത്തിൽ പന്തി യിൽ ഇരിക്കുന്നു. നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞിരിക്കുന്നു. ഈ സത്യം കാണുമ്പോൾ നിങ്ങൾക്ക് കരച്ചിലും പല്ലുകടിയും ഉണ്ടാകും. വേദനയുടെ ഫലമായുണ്ടാകുന്ന പല്ലുകടി. അയ്യോ! നഷ്ടപ്പെട്ടുപോയല്ലോ! ഇനി രക്ഷപ്പെടാൻ സാദ്ധ്യമല്ലല്ലോ!

ജീവിച്ചകാലത്ത് ഇതെല്ലാം മനസ്സിലാക്കാൻ അവസരം കിട്ടിയതായിരുന്നല്ലോ. എത്രയോ പ്രസംഗങ്ങളിൽ ഇതു കേട്ട താണ്. അല്ല, എത്രയോ പ്രസംഗങ്ങളിൽ ഞാൻ ഇതു പറഞ്ഞ താണ്. എന്റെ നാവുകൊണ്ടുതന്നെ പറഞ്ഞതാണല്ലോ. പക്ഷേ, ഞാൻ പുറത്തായിപ്പോയല്ലോ. ഇങ്ങനെ കേൾക്കാൻ ഒരു സാദ്ധ്യതയുണ്ട് എന്ന് നാം അറിഞ്ഞിരിക്കണം.

അബ്രാഹാംപിതാവിന്റെ മടിയിൽ ലാസർ ഇരിക്കുന്നത്

ധനവാന് കാണാൻ പറ്റി. ധനവാൻ മരിച്ചു അടക്കപ്പെട്ടു. ലാസറും മരിച്ചു. ലാസർ ദരിദ്രനാണ്. അവൻ രോഗിയാണ്. വ്രണം നിറഞ്ഞവനാണ്. നായ് വന്നു വ്രണം നക്കുമ്പോൾ ആ നായയെ ആട്ടിപ്പായിക്കാൻപോലും കഴിവില്ലാത്തവനാണ്. ധനവാന്റെ ഊണുമേശയിൽനിന്ന് തൂത്തുവാരുന്ന എച്ചിൽ കഷണങ്ങൾ പെറുക്കിത്തിന്നുന്നവനാണ്. അവൻ തീർത്തും അവശനാണ്. പക്ഷേ, ഇപ്പോൾ അവന് രോഗമില്ല. ഇപ്പോൾ അവന്റെ ശരീരത്തിന് അവശത ഒന്നുമില്ല. അവന്റെ ആത്മശരീരത്തിൽ യാതൊരു രോഗവുമില്ല. ജഡികശരീരം പോയി, ആത്മശരീരം കിട്ടി.

ലാസർ വിശുദ്ധന്മാരുടെ നിരയിൽ ഇരിക്കുന്നു. എന്നാൽ ധനവാൻ മരിച്ചു അടക്കപ്പെട്ടു. നല്ല ശവസംസ്ക്കാരം കിട്ടി. ആഘോഷത്തോടുകൂടെയുള്ള യാത്ര! വിലാപഗീതങ്ങൾ പാടുന്ന നല്ല ബാന്റുമേളങ്ങൾ! പക്ഷേ, നിർഭാഗ്യം, അവൻ ഇപ്പോൾ പാതാളത്തിൽ യാതനയിലാണ്. ആളുകൾ വിചാരിക്കുന്നത് അവൻ സുഖമായിരിക്കുന്നു, അവനെ മാലാഖമാർ കൂട്ടിക്കൊണ്ടുപോയിരിക്കുന്നു, അവൻ സ്വർഗ്ഗരാജ്യത്തിലെ പന്തിയിൽ ഇരിക്കയാണ് എന്നാണ്.

അനുശോചനപ്രസംഗം നടത്തിയവർ, അതും ഉന്നതന്മാർ പറയുന്നത് സത്യമായിരിക്കും എന്നല്ലേ പാവങ്ങൾ വിചാരിക്കൂ! എന്നാൽ ധനവാൻ പാതാളത്തിൽ യാതന അനുഭവിക്കുകയാണ്. പാതാളത്തിൽ വേദന അനുഭവിക്കുന്നത് കർത്താവിന് അറിയാം. എന്നാൽ അനുശോചനപ്രസംഗം ചെയ്യുന്നവർ അറിയുന്നില്ല.

ഈ ധനവാൻ പാതാളത്തിൽ യാതന അനുഭവിച്ച് ഒരിറ്റു വെള്ളത്തിനുവേണ്ടി ദാഹിച്ചുവലയുമ്പോൾ അവൻ മേലോട്ടു നോക്കി. അബ്രാഹാം പിതാവിന്റെ കൂടെ ലാസർ ഇരിക്കുന്നത് അവൻ കാണുന്നു. അപ്പോഴാണ് കരച്ചിലും പല്ലുകടിയും! പാതാളത്തിൽ യാതനയുടെ വേദന, അതുകൊണ്ട് കരച്ചിൽ! അയ്യോ, ഞാൻ ചെയ്യേണ്ടതു ചെയ്തില്ലല്ലോ, മാനസാന്തരപ്പെ

ടേണ്ട സമയത്ത് മാനസാന്തരപ്പെട്ടില്ലല്ലോ എന്നുള്ള നിരാശ യുടെ പല്ലുകടി!

അത്ഭുതലക്ഷണ പുരുഷന്മാരുടെ ഇടയിലേക്കാണ് നാം ചെല്ലാൻ പോകുന്നത്. പരിശുദ്ധന്മാരുടെ നിരയിലേക്ക് നാം ചെല്ലും. എന്തൊരു സദസ്സായിരിക്കും അത്! ആ സദസ്സ് എങ്ങ നെയായിരിക്കും! നമുക്ക് ഊഹിക്കാൻ വയ്യ. കർത്താവുതന്നെ പറഞ്ഞത്: അത് കണ്ണുകണ്ടിട്ടില്ല, കാതു കേട്ടിട്ടില്ല, ഒരു മനുഷ്യ ന്റേയും ഹൃദയത്തിൽ നിരൂപിച്ചിട്ടുപോലുമില്ല എന്നാണ്.

ഉന്നതരാജ്യമതും
ശാശ്വതജീവിതവും
നിർമ്മലരാർജ്ജിക്കും
സത്തമമശിഹാ ഭക്തന്മാ-
രർഹിക്കുന്ന മഹാഭാഗ്യം
ജഡനേത്രം ദർശിക്കുകയോ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയോ ചെയ്തിട്ടില്ലേതും.

ഒരു മനുഷ്യനുപോലും നിരൂപിക്കാൻ സാധിക്കാത്ത മഹാതേജസ്സാണവിടെ. നിത്യോജ്ജ്വല തേജസ്സ്! ആർക്കു വർണ്ണിക്കാൻ പറ്റും? അപ്പൊസ്തലനായ പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. മനുഷ്യർക്ക് ഉച്ചരിപ്പാൻ പാടി ല്ലാത്ത വാക്കുകൾ അവിടെ കേട്ടു. എന്താണാവോ അവിടെ പറഞ്ഞ ഭാഷ? മനുഷ്യർക്ക് ഉച്ചരിക്കാൻ പാടില്ല! ആർക്കും അറിയാൻ പാടില്ല!

“ദൈവത്തിൻ രാജ്യം ഭക്ഷണമോ അല്ല
നീതി സമാധാനം സന്തോഷമേ
സ്നേഹം നിറഞ്ഞ കൂട്ടമേ മഹിമവിളങ്ങും പൊൻതളമേ
ഏക ഇടയൻ ഒരു കൂട്ടമേ ഹാ! എത്ര ആനന്ദമേ
രാത്രിയില്ലാത്ത ദേശമത് എന്നും

പട്ടാപ്പകൽ പോലെ പ്രകാശിച്ചിടും

കുഞ്ഞാടു തന്നെ മന്ദിരമായ് തൻശോഭതന്നെ വിളക്കുമായി
പുതിയ യെരൂശലേം ആകമാനം ശോഭിച്ചു നിന്നിടുന്നു.”

സ്വർഗ്ഗീയ യെരൂശലേമിൽ നാം എല്ലാവരും എത്തിച്ചേരുവാൻ കർത്താവിന് ആഗ്രഹമുണ്ട്. അതിനുള്ള വില കർത്താവ് കൊടുത്തുകഴിഞ്ഞു. നാം പുറത്തു നിൽക്കേണ്ടവരല്ല, സ്വന്തജനമായി അകത്തു വാഴേണ്ടവരാണ്; കർത്താവിനോടുകൂടെ വസിക്കേണ്ടവരാണ്. ഈ ലോകത്ത് നമുക്കു വിലയില്ല, നാം വിലകെട്ടവരാണ്. ഈ ലോകത്ത് നമുക്ക് മാന്യതയില്ല. ആരുടേയും പരിഗണനയില്ല. അപകർഷതാബോധമാണുള്ളത്. ഒരിടത്തും തല ഉയർത്താനുള്ള കഴിവില്ലാതെയാണ് നിൽക്കുന്നത്. മാന്യന്മാർ കൂടുന്നിടത്ത് ഒപ്പം നിൽക്കാനുള്ള യോഗ്യതയില്ല.

എന്നാൽ, അവൻ വിശന്നിരിക്കുന്നവരെ നന്മകളാൽ നിറയ്ക്കുന്നവനാണ്. സമ്പന്നന്മാരെ വെറുതെ അയച്ചുകളയുന്നവനാണ്. ഈ നല്ലവനായ യേശുവിന്റെ സ്വന്തജനമാകാൻ, സ്വന്തം വീട്ടുകാരാകാൻ നമ്മെ വിളിച്ചിരിക്കുകയാണ്. നാം വിലപ്പെട്ടവരാണ്. നമുക്ക് സൗന്ദര്യമില്ലായിരിക്കാം. നല്ല വസ്ത്രമില്ലായിരിക്കാം. ശരീരത്തിൽ അവിടവിടെ തിണർത്ത പാടുകൾ കാണുമായിരിക്കാം. ശരീരത്തിൽ പലതരത്തിലുള്ള പോരായ്മകൾ കാണുമായിരിക്കാം.

പ്രിയമുള്ളവരേ, നിങ്ങൾ വിശ്വസിക്കൂ. നാം കർത്താവ് തന്റെ തിരുരക്തത്താൽ വിലക്കു വാങ്ങിയവരാണ്. ഒരിക്കൽ പിശാച് കയ്യടക്കിവച്ചിരുന്നു. സാത്താൻ ഇഷ്ടംപോലെ കൊണ്ടുനടന്നവരായിരുന്നു. സാത്താൻ നമ്മെക്കൊണ്ട് പാവകളിപ്പിച്ചിരുന്നു. നമ്മെക്കൊണ്ട് കോപിപ്പിച്ചിരുന്നു. കുടുംബം കലക്കിച്ചിരുന്നു. വീട്ടിൽ വഴക്കുണ്ടാക്കിച്ചിരുന്നു. പ്രവർത്തിക്കുന്നിടത്തെല്ലാം ഉഴപ്പുവാൻ പ്രേരണ നൽകിക്കൊണ്ടിരുന്നു. ജോലി ചെയ്യുന്നിടത്ത് മത്സരിപ്പിച്ചിരുന്നു. അങ്ങനെ എന്തെല്ലാം നമ്മെക്കൊണ്ട് ചെയ്യിച്ചു?

വീട്ടിൽ കലക്കം. ഭാര്യയും ഭർത്താവും തമ്മിൽ ഇഷ്ടമില്ല. ഉള്ളത്തിൽ അടുപ്പമില്ല. ഒന്നാകുന്നില്ല. ഇതൊക്കെ അല്ലായി

രുന്നോ നമ്മുടെ സ്വത്ത്. നമ്മുടെ ജീവിതം എന്തായിരുന്നു? എന്നാൽ നമ്മെ കർത്താവ് തന്റെ ഒപ്പമിരുത്തുവാൻ തിരുമനസ്സായി. അതാണ് യേശുവിന്റെ സ്നേഹം! അതാണ് കുരിശിലെ സ്നേഹം! നമ്മെ തഴുകുന്ന സ്നേഹം! നമ്മെ തലോടുന്ന സ്നേഹം! നമ്മെ താലോലിക്കുന്ന സ്നേഹം!

"ഒരമ്മ, താൻ പെറ്റകുഞ്ഞിനെ മറക്കുമോ? ഒരു സ്ത്രീ താൻ പ്രസവിച്ച കുഞ്ഞിനോട് കരുണകാണിക്കാതിരിക്കുമോ? പെറ്റമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല. വെള്ളത്തിൽക്കൂടി കടന്നാൽ വെള്ളം നിന്റെ മീതെ കവിയുകയുമില്ല. യഹോവയായ ഞാൻ, നിന്നോടുകൂടെയുണ്ട്. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നോടുകൂടെ ഇരിക്കും." യെശയ്യാവ് 43 : 1 – 5; 49 : 15, 16.

"പുഴുവായ യാക്കോബേ, വെറും കീടമായ യാക്കോബേ, നീ ഭയപ്പെടേണ്ട. യിസ്രായേൽ സമൂഹമേ, നീ പേടിക്കേണ്ട. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കയാണ്. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അര മുറുക്കിയിരിക്കയാണ്." യെശയ്യാവ് 45 : 4, 5. നീ എന്നെ അറിഞ്ഞില്ല പക്ഷേ, ഞാൻ നിന്നെ അറിഞ്ഞു. നീ എന്നെ വിളിച്ചില്ല, ഞാൻ നിന്നെ വിളിച്ചു. നീ എന്റെ പിന്നാലെ വന്നില്ല, എന്നാൽ ഞാൻ നിന്നെ പിന്നാലെ വരുമാറാക്കി.

എന്റെ സ്നേഹം തന്ന് ഞാൻ നിന്നെ വശീകരിച്ചു. നിന്നെ ഞാൻ എന്റെ കൂടെ ചേർത്തണച്ചു. ഈ ലോകത്തിൽ നീ പാപത്തിന്റെ പിന്നാലെ ഓടിയപ്പോഴും ഞാൻ നിന്റെ പിന്നാലെ ഓടിവരുന്നുണ്ടായിരുന്നു. മോനേ, എന്റെ മോളേ, എന്നു വിളിച്ചുകൊണ്ട് ഞാൻ നിന്റെ പിന്നാലെ വരികയായിരുന്നു.

നീ പാപത്തിന്റെ പിന്നാലെ ഓടിയപ്പോൾ, പിശാചിനു പിന്നാലെ ഓടിയപ്പോൾ നിന്നെ സ്നേഹിച്ച്, നിന്നെ കോരിയെടുക്കാൻ ആഗ്രഹിച്ച്, നീ അപകടത്തിൽപ്പെടാതിരിക്കാൻ

ആഗ്രഹിച്ച് ഞാൻ നിന്റെ പിന്നാലെ വരുന്നുണ്ടായിരുന്നു. നീ അറിഞ്ഞില്ല. നീ എന്റെ വിളി കേട്ടില്ല. എന്റെ ശബ്ദം നിനക്ക് തിരിച്ചറിയാൻ പറ്റിയില്ല. എന്റെ സ്നേഹമോലുന്ന ശബ്ദം നിനക്കു മനസ്സിലായില്ല. മോളേ, നിന്നെ ഞാൻ പേർചൊല്ലി വിളിച്ചതല്ലേ?

ഇന്ന് നിങ്ങളെ വിളിക്കുന്ന ക്രൂശിലെ സ്നേഹത്തെ കാണുക. നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ, ദൈവിക തേജസ്സിനെ നീ വിശ്വസിക്കുക.

“ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.” യോഹന്നാൻ 16 : 33. “നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു.” റോമർ 8 : 18.

കഷ്ടങ്ങൾ സാരമില്ല! യേശു നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ ഉള്ളിലുള്ള പാപം കർത്താവ് കാണുന്നുണ്ട്. എന്നിട്ടും കർത്താവ് നിങ്ങളെ സ്നേഹിക്കുന്നു. വീട്ടിൽ കലക്കമുണ്ടാക്കിയിട്ടും ഭാര്യയെ തല്ലിയിട്ടും, മകനേ, കർത്താവ് നിന്നെ സ്നേഹിക്കുന്നു. യേശു നിന്നെ വിളിക്കുന്നു.

സ്വർഗ്ഗത്തിന്റെ സ്നേഹത്തിന്റെ വിളി! സ്വർഗ്ഗത്തിന്റെ കരുണയോലുന്ന വിളി. ആ സ്നേഹമാണ് നിങ്ങളുടെ അരികത്തു വന്ന് നിങ്ങളെ തഴുകുന്നത്. ആ സ്നേഹമാണ് നിങ്ങളുടെ കണ്ണുനിരു തുടയ്ക്കുന്നത്. നാം ഭാഗ്യശാലികളാണ്. സ്വർഗ്ഗീയസ്നേഹം! രാജാധിരാജനായ യേശുവിന്റെ കലർപ്പില്ലാത്ത സ്നേഹം! നിർമ്മലസ്നേഹം! നിഷ്ക്കളങ്കസ്നേഹം! ആ സ്നേഹത്തിന്റെ കൊടിക്കീഴിലേക്ക് നിങ്ങൾ ഓടി വരിക. ആ കൊടിക്കീഴിൽ നിങ്ങൾ അണിനിരക്കുക.

നിങ്ങളുടെ ജീവിതങ്ങളിലേക്ക് നിങ്ങൾ നോക്കുക. സ്വർഗ്ഗീയ മഹോന്നതങ്ങളിലെ തേജസ്സ് നിങ്ങൾക്കായി ഒരുക്കിവെച്ചിരിക്കയാണ്. തേജസ്സിന്റെ ലോകം നിങ്ങൾക്കുവേണ്ടി

തുറന്നുതന്നിരിക്കയാണ്. തേജസ്സിന്റെ മഹിമാസന്നിധിയിലേക്കു വരുവാൻ കർത്താവ് നിങ്ങളെ ക്ഷണിക്കുകയാണ്.

ഒരു ദിവസം നാം ഈ ഭൂമിയിൽനിന്ന് കടന്നുപോകും. എന്നാണ് എന്ന് നമുക്ക് അറിഞ്ഞുകൂടാ. അപ്പോൾ മരിച്ചു എന്നു നാം അറിയുകയില്ല. ഏതാനും സമയം കഴിയുമ്പോഴായിരിക്കും മരിച്ചു എന്ന് നാം അറിയുന്നത്. നമ്മുടെ ശരീരത്തിന് അപ്പോൾ വേദനയില്ല. അസ്വസ്ഥതകളില്ല. ഒരു സുഖകരമായ, ശീതളമായ അനുഭവത്തിൽക്കൂടി നാം പോകുകയാണ്. ഒരു തുരങ്കത്തിൽക്കൂടി വിശാലമായ മൈതാനത്തേക്ക് എത്തിച്ചേരുകയാണ്. അതിനപ്പുറത്ത് ആരും കണ്ടിട്ടില്ലാത്ത സൗന്ദര്യം! ആരും അനുഭവിച്ചിട്ടില്ലാത്ത തേജസ്സ്! അത്യുജ്ജ്വല തേജസ്സ്! ആ തേജസ്സിലേക്ക്, മഹത്വത്തിലേക്ക് പ്രവേശിക്കുവാൻ അവൻ നിങ്ങൾക്ക് വാതിൽ തുറന്ന് തരികയാണ്.

ഇന്ന് നിങ്ങൾ ഈ ഭൂമിയിൽനിന്നു കടന്നുപോയാൽ ഈ അനുഭവത്തിലേക്കു വരണം. യേശുവിനെ നിങ്ങൾ അനുഭവിക്കണം. ഇവിടെയുള്ളതെല്ലാം വെറും താൽക്കാലികം. വെറും നിസ്സാരം. ഇവിടെയുള്ള സുഖങ്ങൾ താൽക്കാലികം. ഇവിടത്തെ ദു:ഖങ്ങൾ താല്ക്കാലികം. എന്നാൽ തീരാത്ത സന്തോഷം, തീരാത്ത നിധി, തീരാത്ത മഹത്വം നമുക്കുവേണ്ടി നമ്മുടെ നാഥൻ ഒരുക്കിയിരിക്കുന്നു.

അത്ഭുതലക്ഷണ പുരുഷന്മാരുടെ ഇടയിലേക്ക് നമുക്ക് ആഗമനം അനുവദിക്കും.

ഒരു വ്യവസ്ഥ (condition) വച്ചാണ് അനുഗ്രഹം തരാമെന്ന് പറയുന്നത്. നീ എന്റെ വഴികളിൽ നടക്കണം. എന്റെ കാര്യം നോക്കണം. എന്റെ ആലയത്തെ പരിപാലിക്കണം. എന്റെ പ്രാകാരങ്ങളെ സൂക്ഷിക്കണം. അനുഗ്രഹത്തിന് വ്യവസ്ഥയുണ്ട്. എന്റെ വഴികളിൽ നടക്കണം. ഇത്രയുംകാലം എങ്ങനെ നടന്നു എന്നു ഞാൻ ചോദിക്കുന്നില്ല. എന്റെ കാര്യം നോക്കണം. എന്റെ കാര്യം നോക്കാൻ എനിക്ക് ഏറെ മക്കളില്ല.

എന്റെ മക്കളെല്ലാം എന്നെ വിട്ടുപോയി. എന്റെ കൂടാരം അടിക്കാൻ എനിക്ക് ആരുമില്ല. തിരശ്ശീല നിവർക്കാൻ എനിക്ക് ആരുമില്ല. അവരെല്ലാം എന്നെ വിട്ടുപോയി. എന്റെ മക്കൾ എന്നെ വിട്ടുപോയല്ലോ എന്നോർത്തു ഞാൻ കരഞ്ഞിട്ട് എന്താ പ്രയോജനം! ഞാൻ കരഞ്ഞേ മതിയാവൂ! അത് എന്റെ ദീനം!

*"എന്റെ പരിക്കുനിമിത്തം എനിക്ക് അയ്യോ കഷ്ടം! എന്റെ മുറിവ് വ്യസനകരമാകുന്നു; എങ്കിലും ഞാൻ: അത് എന്റെ ദീനം! ഞാൻ അതു സഹിച്ചേ മതിയാവൂ എന്നു പറഞ്ഞു. എന്റെ കൂടാരം കവർച്ച യായിപ്പോയിരിക്കുന്നു; എന്റെ കയറൊക്കെയും അറ്റിരിക്കുന്നു; എന്റെ മക്കൾ എന്നെ വിട്ടുപോയി; അവർ ഇല്ലാതായിരിക്കുന്നു; ഇനി എന്റെ കൂടാരം അടിപ്പാനും തിരശ്ശീല നിവിർക്കുവാനും ആരുമില്ല."*

*യിരെമ്യാവ് 10 : 19, 20*

എന്റെ മക്കൾ എന്നെ വിട്ടുപോയി. സ്വർഗ്ഗീയപിതാവിന്റെ ദു:ഖം! സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരച്ചിൽ! ജനത്തെ നയി ക്കാൻ ഞാൻ വച്ചിരുന്ന ഇടയന്മാർ മൃഗങ്ങളെപ്പോലെയായി. അവർ ദൈവത്തെ അന്വേഷിക്കുന്നില്ല. അതുകൊണ്ട് അവർക്ക് സംതൃപ്തി കിട്ടിയില്ല. സമാധാനം കിട്ടിയില്ല. ഇടയന്മാരെ ഞാൻ ഏല്പിച്ചിരുന്ന ആട്ടിൻകൂട്ടം ഒക്കെയും ചിതറിപ്പോയി.

എല്ലാം ശൂന്യമാക്കാൻ ശത്രു വരുന്നു. സഭകൾ ശൂന്യമാ കുന്നു. വിശ്വാസികൾ ശൂന്യമാകുന്നു. വിശ്വാസവീരന്മാർ പട്ടു പോകുന്നു. ബലശാലികൾ വീണുപോകുന്നു. തീരുമാനമെടു ത്തവർ പതറിപ്പോകുന്നു. സമർപ്പണമെടുത്തവർ പിന്മാറിപ്പോ കുന്നു. ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിന്നവർ ജീവിതത്തിലെ ചില പ്രശ്നങ്ങൾ വന്നപ്പോൾ വാടിപ്പോകുന്നു. ചില മുള്ളുകൾ ഏറ്റപ്പോൾ ഞെരിഞ്ഞുപോയി. ചില പ്രശ്ന ങ്ങൾ വന്നപ്പോൾ തളർന്നുപോയി. തകർന്നുപോയി.

നിങ്ങളുടെ അവസ്ഥയെന്താണ്? നിങ്ങൾ സ്വർഗ്ഗീയ രാജാധിരാജന്റെ കൂടാരം അടിക്കേണ്ടവരാണ്. എന്നാൽ

നിങ്ങൾ കവർച്ചയായി പോയിരിക്കുകയാണോ? പിശാച് നിങ്ങളെ റാഞ്ചിക്കൊണ്ടു പോയിരിക്കുകയാണോ? നിങ്ങൾ പിശാചിന്റെ കസ്റ്റഡിയിലാണോ? കഞ്ചാവ് ഉപയോഗിക്കുന്നുണ്ടോ? മയക്കുമരുന്നു കുത്തിവയ്ക്കുന്നുണ്ടോ?

കുട്ടികൾ ഒരു തീരുമാനമെടുക്കൂ: ഒരു കാരണവശാലും മദ്യം തൊടുകയില്ല. മദ്യം സർപ്പമാണ്. അത് വിരിയൻ പാമ്പു പോലെ എന്നെ കൊത്തും. അണലിപോലെ എന്നെ കൊല്ലും. മദ്യം വിഷപ്പാമ്പാണ്. ഞാൻ അരുതാത്ത ബന്ധങ്ങളിലേക്ക് പോകുകയില്ല. അനേകം ചെറുപ്പക്കാർ അഴുക്കുബന്ധങ്ങളിലേക്കു പോകുന്നു. മക്കളേ, നിങ്ങളുടെ ഭാവി നിങ്ങൾ നശിപ്പിക്കരുത്. കർത്താവിനു നിങ്ങളെക്കൊണ്ട് വിലയേറിയ ഉദ്ദേശങ്ങൾ ഉണ്ട്.

> *"ഇടയന്മാർ മൃഗപ്രായരായിത്തീർന്നു; യഹോവയെ അന്വേഷിക്കുന്നില്ല; അതുകൊണ്ട് അവർ കൃതാർത്ഥരായില്ല; അവരുടെ ആട്ടിൻകൂട്ടമൊക്കെയും ചിതറിപ്പോയി." യിരെമ്യാവ് 10 : 21*

ജനത്തെ നടത്തുന്ന ഇടയന്മാർ, ജനത്തെ നടത്തുന്ന പാസ്റ്റർമാർ, ജനത്തെ നടത്തുന്ന senior friends എല്ലാം മൃഗപ്രായരായിപ്പോയി. അപ്പോഴാണ് നിങ്ങൾ തീരുമാനമെടുക്കേണ്ടത്. ഞാൻ ഒരു മൃഗത്തെപ്പോലെ ആകുകയില്ല. മൃഗീയചിന്തകൾക്ക് ഇടം കൊടുക്കില്ല. മൃഗീയവികാരങ്ങൾക്ക് അടിമപ്പെടുകയില്ല. എന്നെ അതിന് ഇനി കിട്ടുകയില്ല. വചനം കേൾക്കുമ്പോൾ തീരുമാനമെടുക്കുക. തീരുമാനമെടുക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെമേൽ വരും.

ദൈവത്തിന്റെ ആത്മാവ് വരുമ്പോൾ പ്രകടമായ അനുഭവങ്ങൾ കിട്ടും. രോഗം മാറും. തലമുറകളായിട്ടുള്ള ശാപങ്ങൾ മാറും.

# നാല്

*"സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക." നഹൂം 2 : 1*

ദൈവം തരുന്ന ഒരു മുന്നറിയിപ്പാണ്.

*"എന്റെ ജനത്തിന്റെ പുത്രീ, രട്ടുടുത്തു വെണ്ണീറിൽ ഉരുളുക; ഏകജാതനെക്കുറിച്ച് എന്നപോലെയുള്ള ദുഃഖവും കഠിനമായുള്ള വിലാപവും കഴിച്ചുകൊൾക; സംഹാരകൻ പെട്ടെന്നു നമ്മുടെ നേരെ വരും. നീ എന്റെ ജനത്തിന്റെ നടപ്പു പരീക്ഷിച്ചറിയേണ്ടതിന്ന് ഞാൻ നിന്നെ അവരുടെ ഇടയിൽ ഒരു പരീക്ഷകനും മാറ്റുനോക്കുന്നവനും ആക്കി വച്ചിരിക്കുന്നു." യിരെമ്യാവ് 6 : 26, 27*

സംഹാരകൻ പെട്ടെന്ന് നിന്റെ നേരെ വരും. ഒരത്യാഹിതം വരുന്നത് പെട്ടെന്നാണ്. പെട്ടെന്നാണ് മരണം നേരിടുന്നത്. പെട്ടെന്നാണ് തീരാദുഃഖം വരുന്നത്.

"സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. കോട്ട കാത്തുകൊൾക. അരമുറുക്കുക. നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക." കർക്കശമായ ദൈവത്തിന്റെ അരുളപ്പാടാണ്. വരാൻ പോകുന്ന അപകടത്തെക്കുറിച്ചുള്ള മുൻ സൂചന തരികയാണ്. സൂക്ഷിക്കൂ, നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്കൂ, നീ അര മുറുക്കൂ. നീ ഇനി ഒട്ടും വൈകരുത്. വളരെ ശ്രദ്ധയോടെ മുന്നോട്ടുപോകണം. ഇതാ, സംഹാരകൻ നിന

ക്കെതിരെ കയറി വരുന്നു. അവൻ കോട്ട തകർത്തുകളയുന്ന തിനുമുമ്പ് കോട്ടയെ കാത്തുകൊൾക

മൈനർ പ്രവാചകന്മാരിൽ നഹൂം പ്രവാചകൻ നിനവ യെക്കുറിച്ച് പ്രവചിച്ചു. നഹൂം പ്രവാചകൻ പ്രവചിക്കുന്നതിന് നൂറ്റമ്പത് കൊല്ലം മുമ്പ് യോനാ പ്രവാചകൻ നിനവയെക്കുറിച്ച് പ്രവചിച്ചു. ഒരു നാടിനെക്കുറിച്ച് വേദപുസ്തകത്തിൽ രണ്ടു പ്രവചനഗ്രന്ഥങ്ങൾ! അറുപത്തിയാറ് പുസ്തകങ്ങളിൽ രണ്ടു പുസ്തകങ്ങൾ ഒരു നാടിനെക്കുറിച്ചുതന്നെ! ഗൗരവമാണത്.

ആ നാടിനെ ദൈവം എത്രമാത്രം സ്നേഹിക്കുന്നു! ആ നാടിനെക്കുറിച്ച് ദൈവത്തിന് എത്രമാത്രം കരുതലുണ്ട്! ദൈവ ത്തിന്റെ പ്രവചനാത്മകമായ അരുളപ്പാട് നമുക്ക് വരുന്നുണ്ടെ ങ്കിൽ ദൈവത്തിന്റെ കരുതലാണ് അതിന്റെ അടിസ്ഥാനം. നിങ്ങൾക്ക് ദൈവം വ്യക്തിപരമായ വചനം തരുന്നുണ്ടെങ്കിൽ അത് ദൈവത്തിന്റെ കരുതലും വാത്സല്യവുമാണ്.

“സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. കോട്ട കാത്തുകൊൾക. അരമുറുക്കുക. നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക.” കേൾക്കുമ്പോൾ പേടിതോന്നും. എന്നാലും കർത്താവ് ഇത്ര കരുണയില്ലാതെ പറഞ്ഞല്ലോ. ഒരു മയവുമി ല്ലാതെ പറഞ്ഞല്ലോ, നമുക്കു തോന്നാം. പക്ഷേ, ഓർത്തുകൊ ള്ളണം. മാർദ്ദവമില്ലാതെ പറഞ്ഞാലും ശരി, മൃദുലമായിട്ട് പറ ഞ്ഞാലും ശരി, കർത്താവാണോ പറഞ്ഞത് കർത്താവിന് നിന്നോട് വലിയ വാത്സല്യമുണ്ട്.

ചിലർക്ക് വ്യക്തിപരമായി ദൈവത്തിന്റെ വചനം കിട്ടു മ്പോൾ ഇഷ്ടപ്പെടില്ല. നിന്റെ ജീവിതത്തിൽ ഇപ്പോഴും പാപം മാറിയിട്ടില്ല എന്നു പറയുമ്പോൾ, നിന്റെ അശുദ്ധി നിന്നിൽനിന്ന് വിട്ടുപോയിട്ടില്ല, നിന്റെ അഹങ്കാരം നിന്നിൽ നിന്നുമാറിയിട്ടില്ല എന്നെല്ലാം പറയുമ്പോൾ, കർത്താവ്, എന്നെക്കുറിച്ച് നല്ല തൊന്നും പറയില്ല എന്നു ചിന്തിക്കുന്നവരുണ്ട്. അവർ ദൈവത്തെ കാണുന്നില്ല. ദൈവത്തിന്റെ വചനം പറഞ്ഞ വ്യക്തിയെ കാണു

ന്നു. അവിശ്വാസമാണത്. ദൈവത്തിന്റെ അരുളപ്പാട് നിങ്ങൾക്ക് കിട്ടുന്നുണ്ടെങ്കിൽ മഹാഭാഗ്യം!

വലിയോരു വിപത്തു വരാൻ പോകുന്നതിനെക്കുറിച്ച് കർത്താവ് പറയുന്നു. വലിയോരു അത്യാഹിതം! അതിന്റെ പിന്നിൽ സംഹാരകനുണ്ട്. അതിന്റെ പിന്നിൽ സംഹരിക്കാൻ ശക്തിയുള്ളവൻ ഉണ്ട്. നിന്നെക്കുറിച്ച് അവകാശം പറയുന്ന ഭീകരനായ പിശാചാണ് ഈ സംഹാരകൻ!

പിശാച് നിന്നെ തകർക്കാനും മുടിക്കാനും നിന്നെ നശിപ്പിച്ചു കളയുവാനും തക്കവണ്ണം നിനക്കെതിരെ കയറിവരികയാണ്. നീ ഇതൊന്നും അറിയുന്നില്ല. നിന്റെ വ്യക്തിജീവിതത്തിൽ വരാൻ പോകുന്ന മഹാസംഹാരം നീ അറിയുന്നില്ല. ഒരുപക്ഷേ, മരണം പടിവാതിൽക്കൽ വന്നു കാത്തു നിൽക്കുകയായിരിക്കും. അതു നീ അറിയുന്നില്ല. വലിയോരു അത്യാഹിതം, കെടുതി നിന്റെ ജീവിതത്തിൽ വരാൻ പോകുകയായിരിക്കാം. വലിയോരു മാരകമായ കേസിൽ നീ അകപ്പെടാൻ പോകുകയായിരിക്കാം. ജീവിതത്തിൽ ഒരിക്കലും തിരുത്താൻ വയ്യാത്ത നഷ്ടത്തിൽ നീ വീഴാൻ പോകുകയായിരിക്കാം. പക്ഷേ, ഒന്നും നീ അറിയുന്നില്ല.

സംഹാരകൻ നിന്നെ ലാക്കാക്കിയിരിക്കുന്നു. സംഹാരകൻ നിന്നെ തകർക്കാൻ തീരുമാനിച്ചിരിക്കുന്നു. ദുഷ്ടനായ പിശാച് നിന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. നിന്നെ നശിപ്പിച്ചുകളയുവാൻ നിന്റെ പിന്നാലെ അവൻ തയ്യാറെടുപ്പോടെ വന്നിരിക്കുന്നു.

സംഹാരകൻ, പിശാചിനെ കാണിക്കുന്നു. എതിർക്രിസ്തുവിനെ കാണിക്കുന്നു. അന്തിക്രിസ്തുവിനെ കാണിക്കുന്നു. സാത്താന്യശക്തിയെ കാണിക്കുന്നു.

അന്തിക്രിസ്തുവുണ്ട്; കർത്താവായ യേശുക്രിസ്തുവുണ്ട്. ഇരുളുണ്ട്; വെളിച്ചമുണ്ട്. ദൈവമുണ്ട്; പിശാചുണ്ട്. പാപിയുണ്ട്; വിശുദ്ധനുണ്ട്. സംഹാരകൻ എപ്പോഴും ദൈവജന

ത്തിന് എതിരായി നിൽക്കുകയാണ്. ദൈവജനത്തെ തകർക്കുക, ദൈവജനത്തെ പാപത്തിൽ വീഴിച്ച് ഒരിക്കലും എഴുന്നേൽക്കാത്തവിധത്തിൽ, ഒരു കാലത്തും തലപൊക്കാത വണ്ണം അവനെ തകർത്തു നിശ്ശേഷം നശിപ്പിക്കുക. ഇതാണ് അവന്റെ ലക്ഷ്യം.

"ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ ആകുന്നു." സങ്കീർത്തനം 39 : 4 – 6. എപ്പോഴാണ് മരണം പിടി കൂടുന്നതെന്ന് ആർക്കറിയാം? ഉറങ്ങാൻ കിടന്നു പക്ഷേ, എഴു ന്നേൽക്കണമെന്നില്ല. അനേകംപേർ മരണം മുന്നിലുണ്ട് എന്ന റിയുന്നില്ല. മരണം എപ്പോഴാണ് നമ്മെ പിടികൂടുന്നത്? എപ്പോഴും ആ ചിന്തവേണം. എപ്പോഴാണ് മരണദൂതൻ എന്നെ വലിച്ചു കൊണ്ടുപോകുന്നത്? എപ്പോഴാണ് എന്റെ ശരീരം നിർജ്ജീവ മായി ഞാൻ അപ്പുറം ലോകത്തേക്കു പോകുന്നത്?

അന്ന് ആരും കൂടെ പോരുകയില്ല. എന്റെ മക്കൾ, എന്റെ ഭാര്യ, എന്റെ ഭർത്താവ് ആരും കൂടെ പോരുകയില്ല. ഞാൻ ഏകനായി യാഥാർത്ഥ്യത്തെ നേരിടും. ഈ ഭൂമിയിലുള്ള തൊന്നും എന്റെ കൂടെ പോരുകയില്ല.

ഞാൻ ഓമനിച്ചു വളർത്തുന്ന പൂച്ചെടികൾ, ഞാൻ വളരെ കാര്യമായി കരുതുന്ന എന്റെ പുസ്തകങ്ങൾ, ഒന്നും കൂടെ പോരുകയില്ല. നിസ്സാരമാണ് ജീവിതം! ക്ഷണികമാണ് ജീവിതം! താത്ക്കാലികമാണ് ജീവിതം! വളരെ വ്യക്തമാണ്, ഒരു ദിവസം നാം യാത്ര പറയും. ആരെല്ലാം ഉണ്ടായാലും ആർക്കും സഹായിക്കാൻ സാധിക്കുകയില്ല.

സംഹാരകൻ എപ്പോഴാണ് പിടികൂടുന്നത് എന്ന് ആർക്ക റിയാം? രോഗത്തിന്റെ സംഹാരം വരാം. അത്യാഹിതങ്ങളുടെ സംഹാരം വരാം. അത്യാപത്തുകളുടെ സംഹാരം വരാം. വലിയ നഷ്ടങ്ങളുടെയും കഷ്ടങ്ങളുടെയും സംഹാരം വരാം. ഇന്ന് നല്ല ഐശ്വര്യമാണ്. നാളെ കനത്ത നഷ്ടമാണോ വരാൻ പോകുന്നത്? ഇന്ന് നല്ല സമൃദ്ധിയാണ്. എല്ലാം സുഖ

പ്രദമാണ്. സന്തോഷപ്രദമാണ്. നാളെ എന്ത്? അറിയാൻ പാടില്ല.

ഈ ഭൂമിയിലെ താത്ക്കാലിക ജീവിതത്തിൽ സംഹാരകൻ വരുമ്പോൾ അവനെ എതിർത്തുനിന്നു തോൽപിക്കുവാൻ ആർക്ക് സാധിക്കും? യേശുക്രിസ്തു കൂടെയുള്ളവനു മാത്രമേ സാധിക്കുകയുള്ളൂ. യേശുക്രിസ്തു മരണത്തിൽനിന്നു നീക്കുപോക്കു തരുന്നവനാണ്. 'മരണവാതിലുകളിൽനിന്ന് എന്നെ ഉദ്ധരിക്കുന്നവനേ,' എന്ന് സങ്കീർത്തനക്കാരൻ പറയുന്നുണ്ട്. സങ്കീർത്തനം 9 : 13. "മരണത്തിൽനിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവ തന്നെ" എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. സങ്കീർത്തനം 68 : 20.

നീക്കുപോക്ക് കർത്താവുതരും. ആത്മാവിനു ശുദ്ധീകരണം ഇനിയും വേണം, ഈ ആത്മാവിനെക്കൊണ്ട് ഇനിയും ചില വേലകൾ നിർവ്വഹിക്കാനുണ്ട് എന്നു കർത്താവു കാണുന്നെങ്കിൽ നമുക്ക് ആയുസ്സു നീട്ടിത്തരും. ഇല്ലെങ്കിലോ നാം അപ്പുറത്തേയ്ക്ക് പോകും.

സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. കോട്ടകാത്തുകൊൾക. ദൈവജനമേ, ഇന്ന് ഇതൊരു മുന്നറിയിപ്പായി നിങ്ങൾ കണക്കാക്കണം. നാളെ ഒരു ദിവസം നമുക്കില്ലെങ്കിലോ? ഈ വാക്കുകൾ നിങ്ങൾ മറക്കരുത്.

എല്ലാം മാറും. എല്ലാവരും മാറും. മാറാത്തവൻ യേശു മാത്രം. എല്ലാവരും മാറുമ്പോൾ യേശു കൂടെയുള്ളവൻ ഭാഗ്യവാൻ. ഇന്ന് നിങ്ങളുടെ ജീവിതത്തിലേക്ക് യേശു വരാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എന്തെല്ലാം നഷ്ടപ്പെടേണ്ടിവന്നാലും, എന്തെല്ലാം കൈമോശം വന്നാലും, ആരെല്ലാം എതിരായാലും, മക്കൾ എതിരായാലും, ഭാര്യ എതിരായാലും, ഭർത്താവ് എതിരായാലും, മാതാപിതാക്കൾ എതിരായാലും, പത്തു പൈസയെടുക്കാൻ വകയില്ലാതെ വന്നാലും, എന്നും

ദുരിതവും ആവശ്യഭാരങ്ങളും ഞെരുക്കവുമായാലും, മഹാ ബാധകളും രോഗവും വന്നാലും എന്റെ യേശുവേ, എനിക്കു നിന്നെ വേണം. നീ എന്റെ ഹൃദയത്തിൽ വാഴണം. അങ്ങനെ നിങ്ങൾ തീരുമാനിക്കുമെങ്കിൽ യേശുവിനെ നിങ്ങളുടെ ഹൃദ യത്തിലേക്ക് നിങ്ങൾക്ക് എതിരേൽക്കാം.

കർത്താവേ, എന്നെ സഹായിപ്പാൻ നീ മാത്രമേ ഉള്ളൂ. ഞാൻ ആയിരിക്കുന്ന പ്രകാരം ഇതാ, നിന്റെ മുമ്പിൽ സമർപ്പി ക്കുന്നു. ഞാൻ എന്താകണമോ അങ്ങനെ നീ എന്നെ ആക്കണ മേ. എനിക്കു സ്വന്തം പദ്ധതിയില്ല. നാളെ എന്താകണമെന്ന് എനിക്ക് പ്രത്യേകിച്ച് ഒന്നും പറയാനില്ല. ഒന്നുമാത്രം. നീ എന്റെ ഹൃദയത്തിൽ പ്രസന്നനായി വസിച്ചാൽ മതി. നീ എന്റെ ഹൃദയത്തിൽ രാജാവായി വാഴണം.

സംഹാരകൻ വരട്ടെ, എനിക്കു പേടിയില്ല. ഞാൻ ഇതാ, എന്നെ നിന്റെ കരങ്ങളിലേക്കു വിട്ടു തരുന്നു. ഈ ശരീരം നിനക്കു വിട്ടു തരുന്നു. ഈ അവയവങ്ങൾ നിനക്കു വിട്ടുത രുന്നു. ഈ മനസ്സും ബുദ്ധിയും നിനക്കു വിട്ടുതരുന്നു. ഈ ഹൃദയവും വികാരവും നിനക്കു വിട്ടുതരുന്നു. കർത്താവേ, എനിക്കുള്ളതൊക്കെയും ഞാൻ നിനക്ക് അടിയറ വെയ്ക്കു ന്നു. എല്ലാം നിന്റെ പാദപീഠത്തിൽ സമർപ്പിക്കുന്നു.

ഈ സമർപ്പണത്തെ നീ കൈക്കൊള്ളണമേ. ഈ സമർപ്പ ണത്തെ നീ പൂർത്തീകരിക്കണമേ. ഈ യാഗത്തിന്മേൽ നിന്റെ വിരൽകൊണ്ട് ഒന്നു തൊടണമേ. അബ്രാഹാമിന്റെ യാഗ ത്തിൽ തീ ഇറങ്ങിയതുപോലെ എന്റെ യാഗത്തിന്മേൽ തീ ഇറ ങ്ങണമേ. കർത്താവേ, എന്റെ ജീവിതം തിരുമുമ്പിൽ ഹോമയാ ഗമായി അർപ്പണം ചെയ്തിരിക്കുന്നു. അതിൽനിന്നുയർന്നുവ രുന്ന ധൂപം സ്തുതിയും സ്തോത്രവുമായി പറന്നുയരണമേ.

*“സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക. ” നഹൂം 2 : 1*

ജീവിതം നശിപ്പിക്കാൻ സംഹാരകൻ നിനക്കെതിരെ

കയറിവരുന്നു. അതുകൊണ്ട് നീ കോട്ട നല്ലവണ്ണം ഉറപ്പിച്ചുകൊള്ളണം. കോട്ട കാത്തുകൊള്ളണം. ഇയ്യോബിന്റെ പുസ്തകം വായിക്കുമ്പോൾ കാണാം, ദൈവം ഇയ്യോബിന് ചുറ്റും വേലി കെട്ടിയിരിക്കുകയാണ്. ഇയ്യോബ് 1 : 10. നമുക്കെല്ലാവർക്കും ദൈവം ഒരു സംരക്ഷണത്തിന്റെ വേലി തരുന്നുണ്ട്. പിശാച് നമ്മെ തൊടാതിരിക്കാൻ കർത്താവ് നമുക്ക് ചുറ്റും മതിൽ പണിതുതരുന്നു.

ഏതാണീ മതിൽ? അത് ക്രിസ്തുവിന്റെ തിരുരക്തമാണ്. അത് നാം വിശ്വസിച്ച് സ്വീകരിക്കുമ്പോഴാണ് അനുഭവമായിത്തീരുന്നത്. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ മതിൽ. മതിലിൽ വിള്ളൽ വരരുത്. മതിലിൽ കേടുവരരുത്. നിനക്ക് ചുറ്റുമുള്ള മതിലിൽ കേടുവരുത്താൻ ഒരു ശത്രുവിനും ഒരു സംഹാരകനും സാധിക്കയില്ല. ഈ മതിലിന് വിള്ളൽ വരുത്താൻ നിനക്ക് മാത്രമേ സാധിക്കുകയുള്ളു.

മനുഷ്യാ, നീ നിനക്ക് ചുറ്റുമുള്ള മതിൽ സൂക്ഷിച്ചുകൊള്ളണം. നീ നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്കുക. വഴി സൂക്ഷിച്ചു നോക്കുക. നിന്റെ അര മുറുക്കുക. വലിയ ഒരു യുദ്ധത്തിനുവേണ്ടി നീ ഒരുങ്ങിക്കൊള്ളുക. കോട്ട പരിപാലിക്കേണ്ടത് നിന്റെ ചുമതലയാണ്.

ഈ കോട്ട രണ്ടായിരത്തിലേറെ വർഷം മുമ്പ് ഗോഗുൽത്തായിൽ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ കർത്താവിന്റെ തിരുഹൃദയം മുറിഞ്ഞൊഴുകിയ തിരുരക്തത്തിന്റെ കോട്ടയാണ്. “വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു.” റോമർ 3 : 24. വിശ്വസിക്കുന്നവർക്കാണ് ആ കോട്ടയുടെ പ്രയോജനം.

പത്തുപൈസ മുടക്കണ്ട, സൗജന്യമായി ഈ രക്ഷ കിട്ടുകയാണ്. ഒരു കണ്ടുകാഴ്ചയും കൊടുക്കണ്ട; ഒരു നേർച്ചയും കൊടുക്കണ്ട; ഒരു വഴിപാടും കൊടുക്കണ്ട; ഒരു തിരിയും

കത്തിക്കണ്ട; തീർത്ഥയാത്രകൾ നടത്തണ്ട; ഇതൊന്നുമില്ലാതെ സൗജന്യമായിത്തരുന്നു. വ്യർത്ഥമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം തങ്ങി നിൽക്കേണ്ടതല്ല നിങ്ങളുടെ വിശ്വാസജീവിതം. ഇതിനെല്ലാം അതീതമായി സകലത്തിന്റെയും നാഥനായ ക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്രയിക്കുന്ന ജീവിതമാണത്. തിരുരക്തമാണെനിക്ക് ബലം; തിരുരക്തമാണ് എനിക്ക് കോട്ട.

നിങ്ങൾക്ക് ഈ തിരുരക്തക്കോട്ടയ്ക്കുള്ളിലാകാൻ കഴിഞ്ഞിട്ടുണ്ടോ? ഈ കോട്ടയ്ക്കുള്ളിലായി എന്നുള്ള ഉറപ്പ് നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ? ഇപ്പോൾ ആ ഉറപ്പ് നിങ്ങൾ പ്രാപിക്കണം. എനിക്ക് ചുറ്റും ഒരു മതിലുണ്ട്. രണ്ടായിരത്തിലേറെ വർഷം മുമ്പ് പണിത മതിൽ; ഞാൻ യേശുക്രിസ്തുവിന്റെ സംരക്ഷണത്തിന്റെ ഉള്ളിലാണ്.

നിങ്ങൾ പ്രാർത്ഥിക്കുക. ആശ്രയിച്ച് ശരണപ്പെടുക. നിങ്ങൾ വിളിച്ചപേക്ഷിക്കുക. നിങ്ങളുടെ പ്രാർത്ഥന കേൾക്കുന്ന ക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുക. ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു എന്ന് നിങ്ങൾ തിരിച്ചറിയുക."വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു."

വചനം കേൾക്കുന്നു; അപ്പോൾ വിശ്വാസം വരുന്നു. ധാരാളം വചനം കേൾക്കുക. വചനം കേൾക്കുന്തോറും ഓരോ ദിവസവും നമുക്ക് നൂതനമായ അനുഭവങ്ങൾ ലഭിക്കുന്നു. കാരണം, വചനം തരുന്നത് പരിശുദ്ധാത്മാവാണ്.

> *"ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു."* *സങ്കീർത്തനം 46 : 1*

സ്നേഹിതരേ, നിങ്ങൾ പതറുന്ന വിഷയങ്ങളിൽ, നിങ്ങൾ കഷ്ടപ്പെടുന്ന കാര്യങ്ങളിൽ അടുത്തൊരു തുണ നിൽക്കുന്നുണ്ട്. അടുത്തൊരു സഹായം നിൽക്കുന്നുണ്ട്.

മോളേ, നീ വിഷമിക്കുന്ന കാര്യങ്ങളിൽ, നീ വലയുന്ന കാര്യ ങ്ങളിൽ, നിന്റെ മനസ്സ് ഉഷ്ണിക്കുന്ന കാര്യങ്ങളിൽ അടു ത്തിതാ ഒരു തുണ നിൽക്കുന്നു. മാന്യയുവാവേ, നീ ഒറ്റപ്പെട്ടു പോകുന്ന കാര്യങ്ങളിൽ അടുത്തിതാ ഒരു തുണ നിൽക്കുന്നു. അത്രമാത്രം അടുത്ത്, അത്രമാത്രം പ്രിയപ്പെട്ടവനായി യേശു നിൽക്കുന്നു.

ജീവിതത്തിൽ പ്രയാസങ്ങളുണ്ട്, കഷ്ടങ്ങളുണ്ട്, ഞെരു ക്കങ്ങളുണ്ട്. എല്ലാവർക്കുമുണ്ട് പ്രശ്നങ്ങൾ. എന്നാണ് ഒരു വിശ്രമമുള്ളത്? ഒന്നല്ലെങ്കിൽ വേറൊന്ന്. എന്നും കഷ്ടതകളല്ലേ? മനസ്സിൽ നിറയെ അദ്ധ്വാനം. മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഭാരങ്ങൾ, ആകുലങ്ങൾ. ഭാരങ്ങളെല്ലാം മാറ്റിത്തരാൻ ജീവിത ത്തിൽ യേശു നമ്മുടെ കൂടെയുണ്ട് എന്ന ഉറപ്പ് പ്രാപിക്കുക.

നമ്മുടെ ഏറ്റവും ചേർന്നിരിക്കുന്ന ഭാര്യയേക്കാൾ യേശു അടുത്തുണ്ട്. നമ്മുടെ അടുത്തുള്ള ഭർത്താവിനേക്കാൾ യേശു തൊട്ടടുത്തുണ്ട്. ഏറ്റവും അടുത്ത് നമ്മുടെ കൈയിലിരിക്കുന്ന കുഞ്ഞിനേക്കാൾ യേശു അടുത്തുണ്ട്. നമ്മുടെ പ്രയാസസമ യങ്ങളിൽ യേശു ഏറ്റവും അടുത്ത സഹായകനായുണ്ട്.

ഈ നല്ലവനായ യേശു എന്റെ തൊട്ടരികത്ത് നിൽക്കാൻ എനിക്ക് എന്തു യോഗ്യത? എന്റെ കർത്താവേ, മഹാപരിശുദ്ധ നായ ദൈവമേ, തേജോമയന്മാരായ മാലാഖമാർ ആരാധി ക്കുന്ന ദൈവമേ, ആറാറു ചിറകുള്ള സ്രോപ്പേന്മാർ രണ്ട് ചിറ കുകൊണ്ട് മുഖം മൂടി, രണ്ടു ചിറകുകൊണ്ട് കാൽ മൂടി, രണ്ട് ചിറകുകൊണ്ട് പറന്നുനിന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ആഘോഷത്തോടെ, ആരവാരത്തോടെ സ്തുതിക്കുന്ന നിത്യ പരിശുദ്ധനായ ദൈവത്തെ എന്റെ അരികത്ത് കിട്ടുവാൻ ഞാനെന്തുള്ളൂ! ഞാൻ എത്ര നിസ്സാരൻ! എനിക്കീ ഭാഗ്യം കിട്ടി യല്ലോ!

പ്രിയപ്പെട്ടവരേ, നിങ്ങളുടെ അരികത്ത് യേശു വന്നിരി

ക്കുകയാണ്. നിങ്ങളുടെ ഭാരങ്ങൾ മുഴുവനും തന്റെ ചുമലിലേക്ക് ഏറ്റെടുക്കാൻ, നിങ്ങൾക്ക് സങ്കേതമാകാൻ, തുണയാകാൻ, ഉറ്റ സ്നേഹിതനാകാൻ, നിങ്ങളുടെ ആവശ്യങ്ങളെല്ലാം ഏറ്റെടുക്കാൻ യേശു വന്നിരിക്കുന്നു.

ഇന്ന് മനസ്സ് പതറിയിരിക്കുന്നു. അയ്യോ, പരീക്ഷ വരുന്നു. എന്ത് ചെയ്യും? എൻട്രൻസ് ടെസ്റ്റ് വരുന്നു, ബാങ്ക് ടെസ്റ്റ് വരുന്നു. നല്ലതുപോലെ എഴുതാൻ പറ്റുമോ? മോനേ, നീ ഭയപ്പെടേണ്ടാ, അടുത്തൊരു തുണ നിൽക്കുന്നുണ്ട്. നിനക്ക് ബുദ്ധി പറഞ്ഞുതരാൻ, മറന്നുപോയതെല്ലാം ഓർമ്മയിൽ തരാൻ ഒരാൾ അടുത്തു നിൽക്കുന്നുണ്ട്.

അവൻ സകലത്തിന്റെയും അധിപതിയാണ്. അവന്റെ വിജ്ഞാനഭണ്ഡാരത്തിന്റെ അളവുകുറിക്കാൻ ആർക്കും സാദ്ധ്യമല്ല. എല്ലാം തരും. എന്തൊക്കെ വേണം? നിങ്ങൾക്ക് ചോദിച്ചു വാങ്ങാം; പിടിച്ചു വാങ്ങാം. മക്കൾ അപ്പനോടല്ലെങ്കിൽ അമ്മയോട് പിടിച്ചു വാങ്ങുന്നതുപോലെ നിങ്ങൾക്ക് ചോദിച്ചുവാങ്ങാം.

> *"അതുകൊണ്ട് ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരച്ചുകലങ്ങിയാലും അതിന്റെ കോപം കൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല."* *സങ്കീർത്തനങ്ങൾ 46 : 2 – 3*

സംഹാരകൻ എതിരെ വന്നാൽ ഞാൻ ഭയപ്പെടുകയില്ല. സങ്കേതമായിട്ട് എനിക്ക് യേശുവുണ്ട്. ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല.

> *"ഒരു നദി ഉണ്ട്, അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു."* *സങ്കീർത്തനം 46 : 4*

കുളിർജലമുള്ള ഒരു നദിയുണ്ട്. തണുപ്പ് തരുന്ന, നമ്മുടെ വാട്ടം മാറ്റുന്ന, ക്ഷീണം മാറ്റുന്ന, നമ്മുടെ തളർച്ച മാറ്റുന്ന ഒരു നദിയുണ്ട്. അതിന്റെ തോടുകൾ ദൈ വനഗരത്തെ, അത്യുന്ന തന്റെ വിശുദ്ധ നിവാസത്തെ തന്നെ സന്തോഷിപ്പിക്കുന്നു. അത്യുന്നതന്റെ വിശുദ്ധനിവാസം ഈ ഞാൻ ആണ്. പ്രിയപ്പെ ട്ടവരേ, നിങ്ങൾ ഓരോരുത്തരുമാണ്. അത്യുന്നതനായ ദൈവ ത്തിന്റെ ആലയമാണ് നാം ഓരോരുത്തരും.

ഒരു നദി ഇങ്ങനെ ഒഴുകി അത്യുന്നതന്റെ വിശുദ്ധ നിവാ സത്തെ സന്തോഷിപ്പിക്കുന്നു. നമ്മിൽ ദൈവം വസിക്കുന്നു. സങ്കേതമായി ദൈവം വേണമെങ്കിൽ ഇത് വിശുദ്ധ നിവാസമാ കണം. ഇത് വിശുദ്ധ ആലയമാകണം. അതിൽ ചെളി വരാൻ പാടില്ല. ഈ ആലയത്തിൽ ചെളി പുരണ്ട ചെരിപ്പുകൊണ്ട് കയ റാൻ പാടില്ല. കർത്താവായ യേശുക്രിസ്തുവിന്റെ സിംഹാ സനം ഇട്ടിരിക്കുന്ന, യേശുക്രിസ്തു വസിക്കുന്ന അത്യുന്ന തന്റെ വിശുദ്ധ നിവാസമാണീ ഹൃദയം. ഇവിടെ അഴുക്കു പാടില്ല. പാപം വരാൻ പാടില്ല. കോപം വരാൻ പാടില്ല. അവിടെ ഹീന മായ ചിന്തകളും മ്ലേച്ഛമായ ആഗ്രഹങ്ങളും വരാൻ പാടില്ല.

കർത്താവേ, എങ്ങനെ ഇതൊക്കെ സാധിക്കും? തെറ്റു കൾ വരുന്നു, ചിന്തകൾ പാളിപ്പോകുന്നു, എന്തു ചെയ്യും?

മോനേ, നീ പേടിക്കണ്ട, യേശുക്രിസ്തു നിന്റെ അരിക ത്തുണ്ട്. നീ വിശ്വസിക്കൂ. നിനക്ക് അരുതാത്ത ചിന്തകൾ വരു മ്പോൾ 'എന്റെ യേശുവേ' എന്ന് വിളിച്ചാൽ മതി, അത് നിന്നെ സ്പർശിക്കയില്ല. മെഴുകുതിരി കത്തിച്ച് കുറച്ച് എണ്ണയുള്ളേ ടത്ത് ഉറപ്പിക്കാൻ നോക്കിയാൽ അതവിടെ ഉറയ്ക്കില്ലല്ലോ. യേശുക്രിസ്തുവിന്റെ തണലിൽ നാം ഇരുന്നാൽ പാപം പറ്റുക യില്ല.

നിങ്ങൾക്കിത് തന്നെത്താൻ അനുഭവിക്കാം. വേറെ ആരു ടെയും സഹായം വേണ്ട. നിങ്ങൾ ഇതനുഭവിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുക. അങ്ങനെ നിരന്തരം പാപത്തോട് പോരാടി

ജയിച്ച് മുന്നേറുന്നതാണ് ക്രിസ്തീയജീവിതം. അല്ലാതെ എന്നും സുഖലോലുപരായി ജീവിക്കുന്നതല്ല.

എന്നും പിശാചിനോടുള്ള യുദ്ധമാണ്. എന്നും എതിർ ക്രിസ്തുവിനോടുള്ള, സാത്താനോടുള്ള യുദ്ധമാണ്. പാപത്തോട് യുദ്ധം ചെയ്ത് ജയിച്ച് പോകുമ്പോഴാണ് കർത്താവ് നമ്മെ അടുത്ത പടിയിലേക്ക് കയറ്റി നിർത്തുന്നത്. ഓരോരോ പാപം ജയിച്ചു വരുമ്പോൾ നാം ഓരോ പടി കയറിപ്പോകുകയാണ്. അങ്ങനെ കയറിപ്പോകുമ്പോൾ താഴെയുള്ള അനേകരെ നമുക്ക് കൂട്ടിക്കൊണ്ടുപോകാൻ സാധിക്കും. അനേകർ പിറകെ വരുന്നുണ്ട്. അവരെയുംകൂടി മുകളിൽ കയറ്റാൻ സാധിക്കും.

*"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്ക്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോട് അടുക്കുമ്പോൾ ഇടറിവീഴും. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും." സങ്കീർത്തനങ്ങൾ 27 : 1 – 3*

എന്താണ് കാരണം?

*"ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അത് തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നേ. അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും;*

*പാറമേൽ എന്നെ ഉയർത്തും. ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെ മേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവയ്ക്കു പാടി കീർത്തനം ചെയ്യും." സങ്കീർത്തനങ്ങൾ 27 : 4 – 6*

ഇത് നമ്മുടെ അനുഭവമാക്കി മാറ്റണം. ഈ വാക്യങ്ങൾ വായിക്കുമ്പോൾ നിങ്ങൾ ദൈവത്തെ സ്തുതിക്കണം. എന്റെ കർത്താവേ, നീ എനിക്ക് അടുത്ത തുണയായി നിൽക്കുന്നു. നിന്റെ വിശുദ്ധ മന്ദിരമായി നീ എന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ഈ വിശുദ്ധ നിവാസത്തിൽ നീ വാഴുന്നു. കർത്താവേ, നിന്റെ ആലയമായി നീ എന്നെ തിരഞ്ഞെടുത്തിരിക്കുന്നു. എന്തൊരു മഹാഭാഗ്യം!

ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ഇങ്ങനെ ഒരു ഭാഗ്യമുണ്ട് എന്ന് ഞാൻ അറിഞ്ഞിരുന്നില്ല. എന്റെ പൂർവ്വികന്മാർ അറിഞ്ഞില്ല. എന്റെ ചാർച്ചക്കാർ അറിഞ്ഞില്ല. എന്നെ സ്നേഹിച്ചവർ അറിഞ്ഞില്ല. എന്റെ കൂടെ പഠിച്ചവർ അറിഞ്ഞില്ല. എന്നാൽ എനിക്കിതെല്ലാം അറിയാൻ ഒരു ഭാഗ്യം കിട്ടി. എന്റെ ദൈവമേ, നിനക്ക് സ്തുതി.

"സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. കോട്ട കാത്തുകൊൾക."

ഒരു മഹാസൈന്യം. അരാം രാജാവിന്റെ സൈന്യമാണ്. അരാം എന്നുപറഞ്ഞാൽ സിറിയ. സിറിയൻ സൈന്യം എലീശായുടെ വീടിന്റെ ചുറ്റും വന്ന് കൂട്ടം കൂടി നിൽക്കുകയാണ്. എലീശായുടെ ശിഷ്യൻ എഴുന്നേറ്റ് നോക്കിയപ്പോൾ വലിയ ഒരു സൈന്യം. ഒരു പാവം പ്രവാചകനെ പിടികൂടാനാണ് ഇത്ര വലിയ സൈന്യം വന്നിരിക്കുന്നത്. ഈ ഒരു പ്രവാചകനെ കൊല്ലാൻ ഇത്ര വലിയ സൈന്യം വേണോ?

ഭൃത്യൻ ഓടിച്ചെന്നു: യജമാനനേ, ഈ ഒറ്റ രാത്രികൊണ്ട് സൈന്യം മുഴുവൻ നമ്മളെ ചുറ്റി വലയം ചെയ്തിരിക്കുകയാ

ണ്. അപ്പോൾ എലീശാ പറഞ്ഞു: നീ പേടിക്കണ്ട. ആ സൈന്യത്തോടുകൂടെയുള്ളതിനേക്കാൾ കൂടുതൽ സൈന്യം നമ്മോടുകൂടെയുണ്ട്. ഭൃത്യൻ നോക്കി, ആരെയും കാണുന്നില്ല. അപ്പോൾ ദൈവത്തോട് എലീശാ പ്രാർത്ഥിച്ചു: "ഇവന്റെ കണ്ണ് ഒന്ന് തുറന്നു കൊടുക്കണമേ."

ദൈവം അവന്റെ അകക്കണ്ണ് തുറന്നു. വലിയോരുകൂട്ടം അഗ്നിരഥങ്ങളും അഗ്നി അശ്വങ്ങളും വന്ന് ആ സൈന്യത്തിന്റെ ഇപ്പുറത്ത് നിൽക്കുന്നു! തീത്തേരുകളും തീക്കുതിരകളും അണിനിരന്ന് നിൽക്കുകയാണ്! വലിയോരു സൈന്യം! എല്ലാം തീയാണ്. എലീശായുടെ ഭൃത്യൻ നോക്കിയപ്പോൾ ഇതാ ഒരു വലിയ കൂട്ടം ചുറ്റിനിൽക്കുന്നു. "നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരെക്കാൾ അധികം." ഇനി ഭയപ്പെടേണ്ടതില്ല.

നിങ്ങൾക്ക് ആക്സിഡന്റ് വന്നപ്പോൾ നിങ്ങൾ മരിക്കാതെ രക്ഷപ്പെട്ടത് എന്തുകൊണ്ടാണ്? സ്വർഗ്ഗത്തിലെ മാലാഖമാർ നിങ്ങൾക്കു ചുറ്റും കാവൽ നിന്നു. ഓപ്പറേഷൻ മേശയിൽ മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് കിടന്നപ്പോൾ നിങ്ങൾ മരിക്കാതെ എഴുന്നേറ്റു വന്നത് എന്തുകൊണ്ടാണ്? സ്വർഗ്ഗത്തിലെ മാലാഖമാർ ഓപ്പറേഷൻ ടേബിളിൽ നിങ്ങൾക്കു തുണയായിരുന്നു. മരണദൂതൻ വന്ന് വാതിൽക്കൽ തട്ടിയതാണ്. മരണദൂതൻ റാഞ്ചിക്കൊണ്ട് പോകാതിരിക്കാൻ കാരണമെന്താണ്? സ്വർഗ്ഗത്തിലെ മാലാഖമാർ ചുറ്റും നിന്നു.

എത്രയെത്ര അപകടങ്ങളെ നിങ്ങൾ തരണം ചെയ്തു? എത്രയെത്ര ആപത്തുകളിൽക്കൂടി നിങ്ങൾ കടന്നുവന്നു? ഈ പ്രായം വരെ ഏതെല്ലാം ആക്സിഡന്റ്സ് സംഭവിച്ചു. ഒന്നിലും ഈ ഭൂമിയിൽനിന്ന് മാറേണ്ടി വന്നില്ലല്ലോ. ഇന്ന് നിങ്ങൾ ആരോഗ്യത്തോടെ ഇരിക്കുന്നല്ലോ. ഞാനും ആരോഗ്യത്തോടിരിക്കുന്നു. എന്താണ് കാരണം? എന്റെ നാഥന്റെ, രാജാധിരാജന്റെ അഗ്നിത്തേരുകൾ ചുറ്റും കോട്ടയായി നിന്നു!

“യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.” സങ്കീർത്തനം 34 : 7 ദൈവത്തിന്റെ മാലാഖമാർ നമ്മെ കാവൽ ചെയ്യുന്നു. ദൈവത്തിന്റെ മാലാഖമാർ നമ്മെ സംരക്ഷണം ചെയ്യുന്നു. കർത്താവേ, ഞാൻ ഒറ്റയ്ക്കാണല്ലോ എന്ന് നിങ്ങൾ വിലപിക്കരുത്. എനിക്കാരുമില്ലല്ലോ എന്നുപറഞ്ഞ് നിങ്ങൾ കരയരുത്. ഞാൻ അനാഥനായിപ്പോയല്ലോ എന്ന് നിങ്ങൾ വിചാരിക്കരുത്.

എന്റെ ഭർത്താവ് മരിച്ചുപോയല്ലോ, ഞാൻ ഒറ്റപ്പെട്ടുപോയല്ലോ എന്ന് മകളേ, നീ വിചാരിക്കരുത്. എനിക്ക് മക്കളില്ലല്ലോ എന്നോർത്ത് നീ കരയരുത്. എന്റെ വിവാഹം ആലോചിക്കാൻ എനിക്ക് ആരുമില്ലല്ലോ, എനിക്കൊരു വിവാഹം നടക്കുന്നില്ലല്ലോ എന്നോർത്ത് നീ വിഷമിക്കരുത്. വിവാഹം കഴിഞ്ഞ് ഇത്രയും വർഷങ്ങളായി ഒരു കുഞ്ഞിനെ കിട്ടിയില്ലല്ലോ എന്നോർത്ത് നീ കരയരുത്. കർത്താവേ, എനിക്കീ പരീക്ഷ പാസ്സാവാൻ പറ്റിയില്ലല്ലോ എന്നോർത്ത് നീ വിഷമിക്കരുത്. എന്റെ ദൈവമേ, എനിക്കീ ടെസ്റ്റിന് പോകാൻ പറ്റിയില്ലല്ലോ എന്നോർത്ത് നീ കരയരുത്. എന്റെ ഈ കടം മാറുന്നില്ലല്ലോ എന്നോർത്ത് നീ കരയരുത്, വിലപിക്കരുത്.

> *“യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.”*
>
> *സങ്കീർത്തനം 34 : 8*

എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, ഇപ്പോൾ യേശുക്രിസ്തു നിങ്ങളുടെ അരികിലേക്ക് വന്നിരിക്കുകയാണ്. യേശു പറയുന്നു: മോനേ, ഞാൻ നിന്നെ പരിപാലിച്ചുകൊള്ളാം. മോളേ, ഞാൻ നിന്നെ കാത്തുകൊള്ളാം. ഇനിയുള്ള നിന്റെ ജീവിതം എന്റെ കരങ്ങളിലേക്ക് തരാമെങ്കിൽ ഞാൻ നോക്കിക്കൊള്ളാം.

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരുണ നിങ്ങളെ സന്ദർശിക്കുകയാണ്. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വാത്സല്യം

നിങ്ങളെ തഴുകുകയാണ്. അനന്തമോഹനമായ ആ വാത്സല്യം നിങ്ങളെ തലോടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങളുടെ ഭാരങ്ങളെല്ലാം അവന്റെ കരങ്ങളിലേക്ക് ഏൽപ്പിച്ചു കൊടുക്കൂ. നിങ്ങളുടെ ഭീതികൾ ഏൽപ്പിച്ചു കൊടുക്കൂ. നിങ്ങളുടെ സംശയങ്ങൾ ഏൽപ്പിച്ചു കൊടുക്കൂ. നിങ്ങളുടെ ആകുലങ്ങൾ ഏൽപ്പിച്ചു കൊടുക്കൂ.

നിങ്ങളുടെ രോഗങ്ങൾ ഏൽപ്പിച്ചു കൊടുക്കൂ. കടബാദ്ധ്യതകൾ ഏൽപ്പിച്ചു കൊടുക്കൂ. കോപം മാറുന്നില്ലല്ലോ, വാശി മാറുന്നില്ലല്ലോ, കലക്കം മാറുന്നില്ലല്ലോ, വഴക്ക് മാറുന്നില്ലല്ലോ, മുൻവിധി മാറുന്നില്ലല്ലോ, ഇങ്ങനെയുള്ള സങ്കടമെല്ലാം ഏൽപ്പിച്ചുകൊടുത്തിട്ട് നിങ്ങൾക്കിപ്പോൾ സ്വാതന്ത്ര്യം പ്രാപിക്കാം.

യേശു ഇതാ നിങ്ങളുടെ അരികത്തേക്ക് വരികയാണ്. യേശു നിങ്ങളുടെ സമീപത്തുവന്ന് നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുകയാണ്. ഇപ്പോൾത്തന്നെ യേശുവിന്റെ ആണിപ്പാടുള്ള കരം ആവശ്യക്കാരുടെ തലമേൽ വയ്ക്കുകയാണ്. അത്യാവശ്യക്കാരായി ആരെല്ലാമുണ്ടോ അവരുടെമേൽ രക്ഷകന്റെ കരം വെയ്ക്കുകയാണ്. സമാധാനത്തിന്റെ കരം വെയ്ക്കുകയാണ്.

ആശ്വാസത്തിന്റെ കരം, സൗഖ്യത്തിന്റെ കരം, പാപമോചനത്തിന്റെ കരം വയ്ക്കുകയാണ്. പാപക്ഷമ നിങ്ങൾക്ക് തരികയാണ്. ഭൂതാത്മാക്കളെ മാറ്റുകയാണ്. ദുരാത്മാക്കളെ നീക്കുകയാണ്. ശാപദോഷങ്ങളെ മാറ്റുകയാണ്. കെടുതികൾ നീക്കുകയാണ്. സമാധാനം അണമുറിയാതെ ഒഴുകുകയാണ്. യേശുക്രിസ്തുവിന്റെ രക്തം നിങ്ങളെ കഴുകുകയാണ്. യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം വെച്ചുകൊടുപ്പിൻ.

## അഞ്ച്

*"ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് തിരഞ്ഞ് ചുറ്റിനടക്കുന്നു."*

*1 പത്രൊസ് 5 : 8*

പിശാച് പരാക്രമത്തോടെ നടക്കുകയാണ്. എങ്ങനെ അകത്തു കയറി ഇവനെ കൊല്ലാം, ഇവനെ നശിപ്പിക്കാം? ഈ ദൈവദാസനെ എങ്ങനെ ആത്മാവിൽ മരിപ്പിക്കാം? അവനെ എങ്ങനെ പാപത്തിലേക്ക് വശീകരിക്കാം? ഇത് നോക്കിക്കൊണ്ട് പൈശാചികശക്തി ചുറ്റിക്കറങ്ങി നടക്കുകയാണ്.

അതുകൊണ്ടല്ലേ വീടുകളിൽ വഴക്കുണ്ടാകുന്നത്? ഭാര്യയും ഭർത്താവും തമ്മിൽ ഇഷ്ടക്കേടുകളും മുഷിച്ചിലുകളും ഉണ്ടാകുന്നത്? നിസ്സാരകാര്യങ്ങൾക്ക് വഴക്ക്; നിസ്സാരകാര്യങ്ങൾക്ക് അകൽച്ചവന്ന് അവസാനം വിവാഹമോചനം വരെ എത്തുന്നു. പണ്ട് വിവാഹമോചനം എന്നൊക്കെപ്പറഞ്ഞാൽ എത്രയോ മോശമായ കാര്യമായിരുന്നു! മാന്യതയില്ലാത്ത കാര്യം. എന്നാൽ ഇന്ന് അനേകം വിവാഹമോചനങ്ങൾ നടക്കുന്നു.

പ്രിയപ്പെട്ടവരേ, നമ്മുടെ സമൂഹം എല്ലാവിധത്തിലും അധ:പതിച്ചിരിക്കുകയാണ്. ക്രിസ്ത്യാനികൾ മാത്രമല്ല, ഈ സമൂഹം തന്നെ വിഷലിപ്തമായിരിക്കുന്നു. ഈ വിഷം പുരട്ടിയ സമൂഹത്തിൽ വിഷത്തിന്റെ ബാധയേൽക്കാതെ നാം നിൽക്കണം. ചെന്നായ്ക്കളുടെ നടുവിലേക്കാണ് ഈ കുഞ്ഞാട് ചെല്ലുന്നത്. ഇവിടെ രക്ഷപ്പെട്ട് പോകണമെങ്കിൽ

പാമ്പിനെപ്പോലെ ബുദ്ധിവേണം. പ്രാവിനെപ്പോലെ നിഷ്ക്കളങ്കത്വവും വേണം.

*"പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ."*

*മത്തായി 10 : 16*

പ്രാവ് നിഷ്ക്കളങ്കജീവിയാണ്. ഹൃദയം നിഷ്ക്കളങ്കമായിരിക്കണം. പക്ഷേ, പാമ്പിനെപ്പോലെ ബുദ്ധിവേണം. എപ്പോഴും കരുതൽ വേണം. തെറ്റുപറ്റരുത്, എനിക്ക് കേടുവരരുത്.

അന്തരീക്ഷം മുഴുവൻ ദുരാത്മാക്കളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ആയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മസേന. ഈ അന്തരീക്ഷത്തിൽ ദുഷ്ടാത്മസേന പതിയിരിക്കുകയാണ്. നാം അറിയുന്നില്ല. അതിൽ മരണത്തിന്റെ ദൂതൻ കാണും, കലക്കത്തിന്റെ ദൂതൻ കാണും, കോപത്തിന്റെ ദൂതൻ കാണും, വഴക്കിന്റെയും ലഹളയുടെയും ദൂതൻ കാണും, ചിലപ്പോൾ കൊലപാതകത്തിന്റെ ദൂതൻ കാണും, അനുസരണക്കേടിന്റെ ദൂതൻ കാണും, അശുദ്ധിയുടെ ദൂതൻ കാണും.

ചിലപ്പോൾ ആത്മഹത്യയുടെ ദൂതൻ കാണും – ആത്മഹത്യാപ്രവണത! മദ്യത്തിന്റേയോ മയക്കുമരുന്നിന്റേയോ കഞ്ചാവിന്റേയോ ദൂതൻ കാണും. പിശാചുക്കൾ ഓരോന്നിലേക്കും മനുഷ്യനെ കൊണ്ടുപോയി കെട്ടിയിടുകയാണ്, രക്ഷപ്പെടാൻ പറ്റാത്തതുപോലെ.

വൃത്തിഹീനമായ, അഴുക്കായ ജീവിതം. അശുദ്ധിയെ അശുദ്ധിയായി തോന്നാത്ത വിധത്തിൽ ഹൃദയം മരവിച്ചു മടുത്തുപോകുന്ന അനുഭവം വരും, സൂക്ഷിക്കണം.

പണ്ടു ഞാൻ പഠിച്ചിട്ടുണ്ട്, ചില വനങ്ങളിൽക്കൂടി പോകുമ്പോൾ ആനയാകട്ടെ, അല്ല മനുഷ്യനാകട്ടെ പെട്ടെന്ന് ഒരു വള്ളി വന്ന് ചുറ്റുന്നു. ആന കുടഞ്ഞ് പോകാൻ ശ്രമിക്കുന്നു. അപ്പോഴേക്കും വേറെ അനേകം വള്ളികൾ വന്നു കഴിഞ്ഞു. അവസാനം അതിന്റെ തുമ്പിക്കൈയിലും കഴുത്തിലും തല

യിലും കാലിലും ശരീരമാസകലം ഈ വള്ളി വന്ന് ചുറ്റിക്കഴിഞ്ഞു. ആനയ്ക്ക് പോകാൻ പറ്റില്ല. കെട്ടിയിട്ടതുപോലെ ആന അവിടെ നിൽക്കുന്നു.

ആ വള്ളിപ്പടർപ്പിന്റെ ഓരോ ഭാഗത്തുമുള്ള ചില ഗ്രന്ഥികൾ നീണ്ടു വന്ന് ആനയുടെ ശരീരം കുറേശ്ശെക്കുറേശ്ശെ തിന്നുന്നു. അത് മാംസഭോജികളായ ചെടികളാണ്. മാംസം തിന്നുന്ന ചെടികളുണ്ട്. നടന്നുപോകുമ്പോൾ ഇങ്ങനെയുള്ള വള്ളി വന്ന് തൊട്ടാൽ അപകടമാണ്, പിന്നെ കൊന്നുകളയും. തിന്നുകളയും. രക്ഷപ്പെടാൻ സാധിക്കയില്ല.

വെള്ളത്തിലുള്ള ചില ജീവികളുണ്ട്. കിനാവള്ളി എന്നൊക്കെപ്പറയുന്ന ഒരു ജീവി. അതു വലയം ചെയ്തു കഴിഞ്ഞാൽ പിന്നെ വിടുകയില്ല. പെട്ടുപോയാൽ അപകടം തന്നെ. അതും ജീവികളെ പിടിച്ചുനിർത്തി കെട്ടിയിട്ട് കുറേശ്ശെ കുറേശ്ശെയായി ആ ശരീരം തിന്നു നശിപ്പിച്ചുകൊണ്ടിരിക്കും.

ദുഷ്ടാത്മസേന നിറഞ്ഞു നിൽക്കുന്ന ഒരു സമൂഹം! അതുകൊണ്ടാണ് ശവസംസ്ക്കാരത്തിന് പിതാക്കന്മാർ പ്രാർത്ഥിക്കുന്നത്, ആയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മസേനയിൽ നിന്ന് ഈ ദാസന്റെ ആത്മാവിനെ രക്ഷിച്ചു കൊള്ളണമേ എന്ന്.

മോശ മരിച്ചപ്പോൾ മോശയെ അടക്കം ചെയ്യാൻ വന്നത് നിത്യനായ ദൈവമാണ്. ലോകചരിത്രത്തിൽ അങ്ങനെ വേറെ ഒരു സംഭവം നടന്നിട്ടില്ല. നിത്യനായ ദൈവം നെബോപർവ്വതത്തിന്റെ മുകളിൽ ഇറങ്ങിവന്ന് പിസ്ഗായുടെ ചെരിവിൽ നിന്നുകൊണ്ട് മോശയ്ക്ക് കനാൻദേശം കാണിച്ചു കൊടുത്തിട്ട് മോശയോട് പറഞ്ഞു: നീ മരിക്കാൻ പോകുകയാണ്.

മോശ പറഞ്ഞു: കർത്താവേ, ഇത്രയും വർഷങ്ങൾ ഞാൻ ഈ ജനത്തെയെല്ലാം നടത്തിക്കൊണ്ടു വന്നതല്ലേ? എനിക്ക് ആ ദേശത്തൊന്ന് കാൽ ചവിട്ടി, അതൊന്ന് കാണണമെന്നാഗ്രഹമുണ്ട്. ദൈവം പറഞ്ഞു: വേണ്ട, ആ ആഗ്രഹം

വേണ്ട. നീ ആ ദേശത്ത് കാൽ ചവിട്ടുകയില്ല.

മോശയുടെ ആത്മാവ് അന്തരീക്ഷത്തിലൂടെ പറന്നുയരുമ്പോൾ അവിടെയതാ, മോശയുടെ ശരീരത്തെക്കുറിച്ച് അവകാശം പറഞ്ഞുകൊണ്ട് പിശാചുക്കൾ വരുന്നു. ഉടനെ ദൈവം മീഖായേൽ ദൂതനെ അങ്ങോട്ടയച്ചു. യുദ്ധവീരനായ മീഖായേൽ വന്ന് യഹോവ നിന്നെ ഭർത്സിക്കുന്നു എന്ന് പറഞ്ഞ് പിശാചിനെ ശാസിച്ചകറ്റി. അങ്ങനെയാണ് മോശയുടെ ആത്മാവിനെ കടത്തിക്കൊണ്ടു പോകുന്നത്. പ്രവാചകശ്രേഷ്ഠനും പരിശുദ്ധന്മാരിൽ ഏറ്റവും അഗ്രഗണ്യനുമായ മോശയുടെ ആത്മാവിനെ മീഖായേൽദൂതൻ വന്ന് പിശാചിന്റെ പിടിയിൽനിന്ന് വിടുവിച്ചു.

> *"എന്നാൽ പ്രധാന ദൂതനായ മീഖായേൽ മോശയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തർക്കിച്ച് വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവ് നിന്നെ ഭർത്സിക്കട്ടെ എന്ന് പറഞ്ഞതേയുള്ളൂ."* *യൂദാ : 9*

ദൈവത്തിന്റെ ദൂതൻ വന്ന് പിശാചിനോട് വാദിക്കുകയാണ്. പിശാച് പറയുന്നു: ഈ ശരീരത്തിന് എനിക്കവകാശമുണ്ട്; ഈ ശരീരം ജനത്തോട് കോപിച്ച് പാറയെ അടിച്ച ശരീരമാണ്. ദൈവം പാറയോട് കൽപ്പിക്കാനേ പറഞ്ഞുള്ളൂ. പക്ഷേ മോശ, പാറയോട് കൽപ്പിക്ക മാത്രമല്ല, പാറയെ അടിക്കുകയും ചെയ്തു. അങ്ങനെ ദൈവത്തിന്റെ കൽപ്പനക്ക് വിരുദ്ധമായി സ്വന്തം ശക്തി പ്രയോഗിച്ചതുകൊണ്ട് ഇവന്റെ ശരീരത്തിൽ എനിക്കവകാശമുണ്ട്. അതുകൊണ്ട് ഇവൻ എനിക്കവകാശപ്പെട്ടവനാണ്. പിശാച് അവകാശം പറഞ്ഞ് വന്നപ്പോഴേക്കും മാലാഖ വന്ന് പറഞ്ഞു: ദൈവം നിന്നെ ഭർത്സിക്കുന്നു.

ഏറ്റവും ശ്രേഷ്ഠനായ, പരിശുദ്ധനായ മോശയുടെ ജീവിതത്തിൽ ഇത്രമാത്രം പിശാച് അവകാശം പറഞ്ഞെങ്കിൽ നമ്മുടെയെല്ലാം സ്ഥിതി എന്താണ്?

ആയാറിൽ കൂടി കടന്നുപോകുമ്പോൾ, മരണം കഴിഞ്ഞ് നിത്യതയിലേക്ക് ആത്മാവ് പറന്നുപറന്ന് പൊങ്ങുമ്പോൾ എന്തായിരിക്കും നമ്മുടെ അവസ്ഥ? പൈശാചികൻ വന്ന് അവകാശം പറയുകയില്ലേ? ഓർക്കുക, അതുകൊണ്ട് ഇന്ന് ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ പിശാചിനോട് എതിർത്തു നിൽക്കണം.

എതിരെ വരുന്ന ഒരു സംഹാരകനുണ്ട്. കുടുംബസമാധാനം തകർക്കുന്ന സംഹാരകനുണ്ട്. നമ്മുടെ പല കുടുംബങ്ങളും സമാധാനമില്ലാത്ത കുടുംബങ്ങളാണ്. സ്വൈര്യമില്ല. എന്തുമാത്രം അലോസരങ്ങളാണ്, പരിഭവങ്ങളാണ്, മുഷിച്ചിലുകളാണ്! പരസ്പരം മിണ്ടാട്ടമില്ല. അഥവാ മിണ്ടിയാലോ, അതെല്ലാം ചില മുനവച്ചുള്ള വാക്കുകൾ, അർത്ഥം വച്ചുള്ള ചില പ്രയോഗങ്ങൾ. നീരസവും കയ്പുമുള്ള കോപം സ്ഫുരിക്കുന്ന വാക്കുകൾ! നേരെ നോക്കിയാൽ കോപമുണ്ടെന്ന് തോന്നുകയില്ല. പക്ഷേ, അകത്ത് കോപം പുകയുന്നു. നീരസവും പകയും വിദ്വേഷവുമുള്ള ചില വാക്കുകൾ!

ഭാര്യയാകട്ടെ ഭർത്താവാകട്ടെ ഉള്ളുതുറന്ന് മിണ്ടുകയില്ല. അഥവാ മിണ്ടിയാൽ അവിടെ ദേഷ്യം വരാവുന്ന രീതിയിലേ മിണ്ടുകയുള്ളൂ. അങ്ങനെ പിശാചുക്കൾ നിങ്ങളുടെ കുടുംബങ്ങളെ കൈയടക്കി വച്ചിരിക്കുകയാണ്. നിങ്ങൾ കൂട്ടായ്മയിൽ വരുന്നവരാണ്. വചനം കേൾക്കുന്നവരാണ്. എങ്കിലും ഞാൻ വളരെ എളിമയോടെ പറയട്ടെ, നിങ്ങളുടെ പലരുടേയും കുടുംബങ്ങൾ ഇന്ന് നരകമാണ്.

ഐശ്വര്യമില്ല. സ്നേഹമില്ല. ഒരുമനസ്സില്ല. സന്തോഷമില്ല. പരസ്പരം കൂറില്ല. പരസ്പരം ഇണക്കമില്ല. പരസ്പരം വൈരുദ്ധ്യങ്ങൾ. നിങ്ങൾ അതു തന്നെ ഒരു വിഷയമാക്കി പ്രാർത്ഥിക്കണം. കർത്താവേ, ഞങ്ങളുടെ കുടുംബത്തിൽ ഒരു സമാധാനം തരണമേ.

നിങ്ങളിൽ ചിലർ ആത്മഹത്യ ചെയ്യാൻ മുതിർന്നവരില്ലേ?

സമാധാനമില്ലാത്തതുകൊണ്ട് ആത്മഹത്യക്കുവേണ്ടി കൊതിച്ചവരേ, മരിച്ചാൽ മതിയെന്ന് ആഗ്രഹിച്ചവരേ, സ്വർഗ്ഗത്തിലെ ദൈവമാണ് നിങ്ങളുടെ മരണം ഒഴിവാക്കിയത്. ജീവനുള്ള ദൈവമാണ് നിങ്ങളെ സ്നേഹിച്ചത്. ദൈവത്തിന്റെ കൃപയാണ് നിങ്ങൾക്ക് ആയുസ്സ് നീട്ടിത്തന്നത്. അന്ന് മരിക്കാതിരുന്നത് എന്തൊരു ഭാഗ്യമായിപ്പോയി!

എന്റെ ഭാര്യയ്ക്ക് എന്നെ വേണ്ട, വേറെ ചിലരെയൊക്കെ മതി. എന്റെ ഭർത്താവിന് എന്നെ സ്നേഹമില്ല, അദ്ദേഹത്തിന്റെ ഹൃദയം വേറെ ആരിലൊക്കെയോ ആണ്. ഞാൻ ആർക്കുവേണ്ടി ജീവിക്കണം? മക്കൾക്ക് എന്നെ വേണ്ട. ഞാൻ അങ്ങ് മരിച്ചേക്കാം. ഞാൻ ഒഴിവായിക്കൊടുത്തേക്കാം. ഇങ്ങനെ ചിന്തിക്കുന്നവർ, പ്രിയപ്പെട്ടവരേ, വൈരാഗ്യവും നീരസവും കയ്പും ഹൃദയത്തിൽ പുകഞ്ഞിട്ട് മരിച്ചാൽ മതി എന്നോർത്തവർ!

ഭാഗ്യവശാൽ, കർത്താവിന്റെ കൃപയാൽ അനേകർ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു എങ്കിലും രക്ഷപ്പെട്ടു. മദ്യപാനത്തിൽനിന്നും മയക്കുമരുന്നിൽനിന്നും ലഹരിപദാർത്ഥങ്ങളിൽ നിന്നും ദൈവത്തിന്റെ കൃപയാൽ അനേകർ രക്ഷപ്പെടുന്നു. മക്കളനുഭവിക്കേണ്ട സമ്പത്ത് അബ്കാരി കോൺട്രാക്ടർമാർക്ക് കൊണ്ടുപോയി കൊടുത്തവർ ദൈവകൃപയാൽ രക്ഷപ്പെട്ടു.

ഇതെല്ലാം സംഹാരകൻ എതിരെവന്ന് നിങ്ങളെ നശിപ്പിക്കുന്ന വഴികളാണ്. കൂലിത്തല്ലിനും വാടകക്കൊലക്കും കൂട്ടുനിന്നവർ ആ കൂട്ടത്തിൽനിന്ന് രക്ഷപ്പെട്ട് ദൈവകൃപയിലേക്ക് വന്നു. വിവാഹമോചനത്തിന്റെ വക്കിൽനിന്നും ദൈവകൃപയാൽ വീണ്ടും ഒരുമിച്ച ഭാര്യാഭർത്താക്കന്മാർ അനേകരുണ്ട്. എങ്ങനെയെല്ലാം നശിച്ചവരാണ്! എങ്ങനെയെല്ലാം ജീവിതം തകർത്തുകളഞ്ഞവരാണ്! എന്നാൽ നിങ്ങളോടു ഞാൻ പറയട്ടെ, യേശുക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു!

സംഹാരകൻ എതിരെ കയറി വന്നപ്പോൾ നിങ്ങളെ കാത്തുസൂക്ഷിക്കാൻ യേശുക്രിസ്തു ഓടി വന്നു. നിങ്ങൾക്കപകടം വരാതെ ഇതുവരെയും കർത്താവ് കാത്തു. നിങ്ങൾക്ക് മരണം വരാതെ കർത്താവ് കാത്തു. മാനസാന്തരപ്പെടാൻ കർത്താവ് അവസരം തന്നു. നിങ്ങൾ നഷ്ടപ്പെട്ട് നിത്യ അന്ധകാരത്തിലേക്ക് പോകാതിരിക്കാൻ കർത്താവ് നിങ്ങൾക്ക് അനുതപിക്കാനുള്ള അവസരം നീട്ടിത്തന്നു.

ചിന്തിച്ചു നോക്കൂ. "ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചിട്ട് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ." 2 പത്രോസ് 3 : 8, 9. ആരും നശിച്ചു പോകരുതെന്നാണ് കർത്താവിന്റെ ആഗ്രഹം. ആരും നഷ്ടപ്പെട്ടുപോകരുത്. നിത്യനായ ദൈവത്തിന്റെ കൈപ്പണിയാണ് നാം. ദൈവത്തിന്റെ സൃഷ്ടിയാണ് നാം.

ദൈവത്തിന്റെ കൈപ്പണി! ദൈവത്തിന്റെ മോഹനസൃഷ്ടി! ഈ ദൈവത്തിന്റെ സുന്ദരസൃഷ്ടിയായ മനുഷ്യൻ നഷ്ടപ്പെട്ടുപോകാൻ പാടില്ല. ദൈവത്തിന് ആഗ്രഹമാണ്. അതുകൊണ്ടാണ് ദൈവം അദ്ധ്വാനിക്കുന്നത്. അതാണ് വചനശുശ്രൂഷകളുടെ ഉദ്ദേശ്യം.

ഈ ഭൂമിയിൽ സഭകളെ ദൈവം നിയമിച്ചിരിക്കുന്നത് മനുഷ്യനെ പാപത്തിൽനിന്ന് കോരിയെടുത്ത് സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാക്കിത്തീർക്കാനാണ്. സഭയിൽ പട്ടക്കാരെയും മേൽപ്പട്ടക്കാരെയും നിയമിച്ചതെന്തിനാണ്? സഭയുടെ മക്കളെ സ്തുതി അഭ്യസിപ്പിക്കാൻ! സ്തുതി എന്ന മേലാട ധരിപ്പിക്കാൻ! മഹിമാവിൻ നീരാളം ചാർത്താൻ!

മേല്പട്ടക്കാർ-പട്ടക്കാരൊടു-ശെമ്മാശ്ശന്മാർ
ഏർപ്പാടാക്കി-കർത്താവിവരെ-ഭൂമിയിതിങ്കൽ
അണിയിച്ചാരിവ-രനിശം തന്നുടെ-സഭയേയിവിടെ
അനവരതം ചെ-യ്തേറ്റിവസിക്കും-സ്തുതികളതാലെ.

സഭയുടെ ആകെയുള്ള ജോലി അതാണ്. സഭയുടെ

മക്കളെ സ്തുതി അഭ്യസിപ്പിക്കുക. സ്തുതി എങ്ങനെ അഭ്യസിപ്പിക്കും? എന്തിനാണ് സ്തുതിക്കുന്നത്? പാപത്തിന്റെ അഗാധകൂപത്തിൽനിന്ന് മനുഷ്യനെ കോരിയെടുത്ത ദൈവത്തിന്റെ സ്നേഹത്തെ കണ്ട് ദൈവത്തെ സ്തുതിക്കുന്നു. എതിരെ വരുന്ന സംഹാരകനിൽനിന്ന് മനുഷ്യനെ രക്ഷിക്കുന്ന ദൈവത്തിന്റെ അനന്തകൃപകൾ കണ്ട് മനുഷ്യൻ ദൈവത്തെ സ്തുതിക്കുന്നു. സ്തുതി അണിയിക്കുന്നു. അതുകൊണ്ടാണ് നാം നിരന്തരം സ്തുതിക്കണമെന്നു പറയുന്നത്. നമ്മുടെ നാവിൽ സ്തുതി നൃത്തം ചെയ്യണം.

ദുഷ്ടനായ പൈശാചികൻ കയറി വരുന്നു. കുടുംബങ്ങൾ ഇന്ന് സംഹാരകന്റെ വലയത്തിൽ, കെണിയിൽ പെട്ടിരിക്കുകയാണ്. അവൻ ചുറ്റും വാടകോരിയിരിക്കുന്നു. പിശാച് വന്ന് പാവപ്പെട്ട മനുഷ്യനു ചുറ്റും കോട്ടകെട്ടിയിരിക്കുന്നു. രക്ഷപ്പെടാൻ പറ്റാത്തതുപോലെ അവനെ ജയിലിൽ അടച്ചിരിക്കുന്നു.

സാത്താൻ ചില പാപങ്ങളിൽ മനുഷ്യനെ കുടുക്കിയിട്ടിരിക്കുന്നു. പാപമാണെന്നു പോലും മനസ്സിലാകുന്നില്ല. ന്യായങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കും. “മദ്യപിച്ചു ലക്കുകെട്ടു ജീവിക്കരുതെന്നേയുള്ളൂ, കുറച്ചൊക്കെയാകാം. കാരണം, വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ അല്പം വീഞ്ഞ് സേവിച്ചുകൊൾക എന്ന്.” ഇങ്ങനെ ന്യായംപറയുന്ന ആളുകളുണ്ട്. വേദപുസ്തകത്തിലെ വാക്യങ്ങൾ വച്ചുകൊണ്ടാണ് പറയുന്നത്. കർത്താവ് പച്ചവെള്ളം വീഞ്ഞാക്കിയില്ലേ? ഏറ്റവും നല്ല ലഹരിയുള്ള വീഞ്ഞ്. അതുകൊണ്ട്, നല്ല ലഹരിയുള്ള വീഞ്ഞ് ഉണ്ടാക്കാം, കഴിക്കാം. ഇങ്ങനെയെല്ലാം ന്യായം കണ്ടുകൊണ്ടിരിക്കും. മോശ കോപിച്ചില്ലേ? അതുകൊണ്ട് കോപിക്കാം എന്ന് ചിന്തിക്കുന്നവരുണ്ട്.

മനുഷ്യൻ അവന്റെ ഇഷ്ടത്തിനൊത്തവണ്ണം വേദപുസ്തകത്തിലെ കാര്യങ്ങളെയും വചനങ്ങളെയും വളച്ചൊടിക്കുന്നു. ഒരിക്കലും ഈ അപകടം വരരുത്.

പ്രായോഗികമായ മറ്റൊരു കാര്യം പറയാം. നിങ്ങൾ പരസ്പരം സംസാരിക്കുമ്പോൾ തമാശയായിട്ടാണെങ്കിലും വേദപുസ്തകവാക്യങ്ങൾ പറയരുത്. ഒരിക്കലും വേദപുസ്തകവാക്യങ്ങൾ തമാശയാക്കാൻ പാടില്ല. തമാശ പറയാനുള്ള വാക്യമല്ല, അത് ദൈവത്തിന്റെ വചനമാണ്; തീയാണ്. തീകൊണ്ട് കളിക്കരുത്. ദൈവത്തിന്റെ വചനം ഹാസ്യാത്മകമായി നിങ്ങൾ ചിത്രീകരിക്കരുത്. പരിഹാസപൂർവ്വം പറയരുത്. മറ്റുള്ളവരെ കളിയാക്കാൻ വേദപുസ്തകവാക്യങ്ങൾ പറയരുത്.

ഇന്ന് അനേകമനേകം കുടുംബങ്ങൾ സംഹാരകന്റെ കൈയിലാണ്. അശുദ്ധിയുടെ തടവറയിലാണ്. പ്രേമത്തിന്റെ തടവറയിലാണ്. ബൈബിൾ വായിക്കുന്നുണ്ടെങ്കിലും ഉള്ളിൽ തട്ടുന്നില്ല. കാരണം, ചില പെൺകുട്ടികളുടെ അകത്ത് പിശാച് കയറി ഇരിക്കുകയാണ്; ചില ചെറുപ്പക്കാർ കയറി ഇരിക്കുകയാണ്. ചില ഫോട്ടോകൾ ഹൃദയത്തിനകത്ത് വച്ചിരിക്കുന്നു. ആൺകുട്ടികളുടെ മനസ്സിൽ ചില പ്രേമധാമങ്ങൾ, ചില പെൺകുട്ടികളുടെ ചിത്രങ്ങൾ.

നിങ്ങളുടെ കണ്ണ് ചൊവ്വുള്ളതായിരിക്കട്ടെ. ഈ കണ്ണ് നിങ്ങൾ അശുദ്ധമായ വികാരത്തോടെ നോക്കാനുള്ളതല്ല, വിശുദ്ധിയോടെ നോക്കാനുള്ള കണ്ണാണ്. ഈ കണ്ണിൽനിന്ന് ദൈവത്തിന്റെ വിശുദ്ധിയാണ്, ദൈവത്തിന്റെ സ്നേഹമാണ് സ്ഫുരിക്കേണ്ടത്. കാമാസക്തികൾ ഈ കണ്ണിൽനിന്ന് പുറപ്പെടരുത്. ദൈവത്തിന്റെ തേജസ്സേറിയ മുഖം കാണേണ്ട കണ്ണുകൊണ്ട് അശുദ്ധചിത്രങ്ങൾ കണ്ട് രസിക്കരുത്. കണ്ണ് ചൊവ്വുള്ളതായിരിക്കണം. നമ്മുടെ അവയവങ്ങൾ ഓരോന്നും സൂക്ഷിക്കുക.

അവയവങ്ങൾ സൂക്ഷിക്കാതിരുന്നതുകൊണ്ട് വലിയ കെണികളിൽ പെട്ടുപോയ അനേകമനേകം ആളുകളുണ്ട്. ആദ്യം ഒരു ചെറിയ നോട്ടം, അല്ലെങ്കിൽ ഒരു വാക്കായിരിക്കാം. അല്ലെങ്കിൽ വേറെ ഒരാളെക്കുറിച്ച് പറഞ്ഞ ചില വിവരണങ്ങളായിരിക്കാം. പയ്യെപ്പയ്യെ ഹൃദയം അടുക്കുന്നു.

ഫെയ്സ്ബുക്കിൽ കൂടിയുള്ള ചാറ്റിങ്ങ് ഇന്ന് അനേകരെ വഴി തെറ്റിക്കുന്നു. ഇന്റർനെറ്റിൽ കൂടിയുള്ള സംഭാഷണങ്ങളും കളികളും വിട്ടുകളയണം. നിങ്ങൾക്ക് തോന്നാം സാറേ, അപ്പോൾ ഞങ്ങളെല്ലാം സന്യാസിമാരാകണമെന്നാണോ സാർ പറയുന്നത്? മക്കളേ, നിങ്ങൾക്ക് രക്ഷ വേണമെങ്കിൽ സന്യാസിയൊന്നും ആകണ്ട, പക്ഷേ, പാപം വിട്ടു ജീവിക്കണം.

ഞാൻ വളരെ വിനയപൂർവ്വം പറയട്ടെ, നിങ്ങൾ പാപത്തിലേക്ക് പോകരുത്. സംഹാരകന് ഇടം കൊടുക്കരുത്. ദുഷ്ടനായ പിശാച് നിങ്ങളെ പിച്ചിച്ചീന്താൻ വിട്ടുകൊടുക്കരുത്. വന്നുപോയോ, തെറ്റുകൾ സംഭവിച്ചുപോയോ, നിങ്ങൾ വേഗം കുരിശടിയിലേക്ക് വരിക.

യേശുക്രിസ്തു ഇന്ന് നിങ്ങളെ തേടി നിങ്ങളുടെ അരികത്തേക്ക് വന്നിട്ടുണ്ട്. നിങ്ങൾക്ക് യേശുവിനോട് വാക്കുപറയാം. കർത്താവേ, ജീവിതം ഇതുവരെയും പാഴാക്കികളഞ്ഞുപോയി. നഷ്ടപ്പെടുത്തിക്കളഞ്ഞ ജീവിതം. പിശാച് പന്താടിയ ജീവിതം. സാത്താൻ പാവകളിപ്പിച്ച ജീവിതം; എന്റെ കർത്താവേ, പിശാചിന്റെ ചൊൽപ്പടിക്ക് ഞാൻ നടന്നുപോയി, പിശാചിന്റെ ആലോചനകൾ അനുസരിച്ചുപോയി. സാത്താൻ പതിയിരിക്കുന്നത്, സംഹാരകൻ എതിരെ കയറിവരുന്നത് ഞാൻ ചിന്തിച്ചില്ല.

സംഹാരകനായ ദുഷ്ടപ്പിശാച് എന്നെ നശിപ്പിക്കാൻ വരികയായിരുന്നു. എന്റെ കുടുംബജീവിതം തകർക്കാൻ വരികയായിരുന്നു. ചില സംശയങ്ങൾ ഹൃദയത്തിൽ ഉണ്ടാക്കുകയായിരുന്നു. ഭാര്യയെക്കുറിച്ച് ചില സംശയങ്ങൾ, ഭർത്താവിനെക്കുറിച്ച് ചില സംശയങ്ങൾ. ഒട്ടും ഇല്ലാത്തതാണ് പക്ഷേ, അങ്ങനെ ചില സംശയങ്ങൾ എന്റെ മനസ്സിൽ വേരോടിപ്പോയി. അത് ഒരു മാനസികരോഗമാണെന്ന് പോലും ചിന്തിക്കാൻ എനിക്ക് കഴിഞ്ഞില്ല. ചികിത്സിക്കാൻ എനിക്ക് തോന്നിയില്ല. കർത്താവേ, തെറ്റുപറ്റിപ്പോയി.

എന്റെ കർത്താവേ, ഇന്ന് ഗിലയാദിലെ സുഗന്ധതൈലം കൊണ്ട് എനിക്ക് രോഗശമനം തരണമേ. പാപരോഗം എന്നിൽനിന്ന് മാറ്റണമേ. പാപശാപം എന്നിൽനിന്ന് മാറ്റണമേ. എന്റെ കുടുംബത്തിന്മേലുള്ള ശാപങ്ങളും ബാധകളും മാറ്റണമേ. എന്റെ തലമുറയിന്മേൽ വന്നിരിക്കുന്ന ശാപങ്ങളെ നീ മാറ്റിത്തരണമേ.

പ്രിയപ്പെട്ടവരേ, ഇന്ന് നിങ്ങൾക്ക് മനം തിരിയാം. കർത്താവിന്റെ അരികിലേക്ക് ഓടിയണയാം. യേശുവേ, എന്നോട് മനസ്സലിയണമേ, എന്റെമേൽ തൃക്കരം വയ്ക്കണമേ. യേശുവേ, നിന്റെ മുമ്പിൽ ഞാനിതാ തല വണക്കുന്നു. എന്നെ വിശുദ്ധീകരിക്കണമേ. പൈശാചിക ബാധകൾ മാറ്റണമേ. ദുഷ്ടപ്പിശാചിന്റെ കെണികളിൽനിന്ന്, അവന്റെ ജയിലറയിൽനിന്ന് എനിക്ക് മോചനം തരണമേ. ആത്മാവിൽ സ്വാതന്ത്ര്യം തരണമേ.

കർത്താവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും. ഇനി ഞാൻ പിശാചിന് ഇടം കൊടുക്കുകയില്ല. സംഹാരകന് ഇടം കൊടുക്കുകയില്ല. യേശുവേ, നീ എന്നെ കാത്തുകൊള്ളണമേ. തിരുരക്തത്താൽ എനിക്കു ചുറ്റും വലയം സൃഷ്ടിക്കണമേ. ദിവ്യസ്വഭാവത്താൽ എന്നെ നിറയ്ക്കണമേ. യേശുവിന്റെ സ്വഭാവം, യേശുവിന്റെ ഹൃദയം എനിക്കു തരണമേ. യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ.

## ആറ്

*"സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക."* *നഹൂം 2 : 1*

നഹൂം പ്രവാചകനിൽക്കൂടി ദൈവത്തിന്റെ ആത്മാവ് പറയുകയാണ്: മനുഷ്യാ, നിന്നെ നശിപ്പിക്കാൻ സംഹാരകൻ ഇതാ വരുന്നു. ദുഷ്ടൻ പതിയിരിക്കുകയാണെന്ന്, നിന്നെ നശിപ്പിക്കാനായി അവൻ വാതിൽക്കൽ വന്നു നിൽക്കുകയാണെന്ന് നീ അറിയുന്നില്ല. സംഹാരകൻ നിന്നെ തൊടാതിരിക്കണമെങ്കിൽ തീർച്ചയായും നിന്റെ മുറിയുടെ വാതിൽപ്പടിമേലും കുറുമ്പടിമേലും ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം പുരട്ടിയിരിക്കണം.

കർത്താവായ യേശുക്രിസ്തു ഒരിക്കലായി യാഗമർപ്പിക്കപ്പെട്ടു. ആ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തം, മനുഷ്യജീവിതത്തിൽ ഹൃദയത്തിന്റെ കതകിന്മേൽ പുരട്ടണം. അപ്പോൾ ഒരു ശബ്ദം കേൾക്കാം: "അടയാളമുള്ള ഒരുത്തനേയും തൊട്ടുപോകരുത്." യെഹെസ്കേൽ 9 : 6; സങ്കീർത്തനം 65 : 15; 1 ദിനവൃത്താന്തം 16 : 22; വെളിപ്പാട് 7 : 2 – 11 സംഹാരകൻ വരുമ്പോൾ ഹൃദയത്തിൽ അടയാളമുണ്ടെങ്കിൽ അകത്തുകടക്കാൻ പറ്റുകയില്ല. തൊടാൻ പറ്റുകയില്ല.

വാതിൽപ്പടിമേലും കുറുമ്പടിമേലും രക്തം പുരട്ടിയിട്ട് അകത്തു കയറിയിരിക്കണം, പുറത്തു നിൽക്കരുത്. അകത്തു കടന്ന് ആ തിരുരക്തത്താൽ വലയം ചെയ്ത് നിൽക്കണം.

*"ഇതാ, പർവ്വതങ്ങളിന്മേൽ സുവാർത്താദൂതനായി സമാധാനം ഘോഷിക്കുന്നവന്റെ കാൽ; യഹൂദയേ, നിന്റെ ഉത്സവങ്ങളെ ആചരിക്ക; നിന്റെ നേർച്ചകളെ കഴിക്ക; നിസ്സാരൻ ഇനി നിന്നിൽകൂടി കടക്കയില്ല; അവൻ അശ്ശേഷം ഛേദിക്കപ്പെട്ടിരിക്കുന്നു."*

*നഹൂം 1 : 15*

യഹൂദയേ, നിന്റെ ഉത്സവങ്ങളെ ആചരിക്ക. നിന്റെ നേർച്ചകളെ കഴിക്ക.

യോനാപ്രവാചകൻ കടലിന്റെ അടിത്തട്ടിൽ കടൽപ്പുല്ല് തലപ്പാവായി കിടന്നുകൊണ്ട് നിലവിളിച്ചു: കർത്താവേ, ഞാൻ നേർന്നത് കഴിച്ചുകൊള്ളാം. ഞാൻ നിന്നോട് ഒരു നേർച്ച നേർന്നവനാണ്. ഞാൻ നിന്റെ സന്നിധിയിൽ തീരുമാനമെടുത്തവനാണ്. പക്ഷേ, നേർച്ച കഴിച്ചിട്ടില്ല. ഞാൻ നേർന്നത് കഴിച്ചുകൊള്ളാം. ഞാൻ സമർപ്പിച്ചത് നിവർത്തിച്ചുകൊള്ളാം.

പ്രിയപ്പെട്ടവരേ, കോതമംഗലംപള്ളിയിൽ പോയി "കൊച്ചിനെ മുക്കാം" എന്ന് പറയുന്ന നേർച്ചയല്ല. പിറവം പള്ളിയിലേക്ക് മൂന്ന് പൈതങ്ങളുടെ നേർച്ച കഴിക്കാം എന്നുള്ള നേർച്ചയുമല്ല. നേർച്ച എന്ന് പറയുന്നത് മുഴുവനായുള്ള സമർപ്പണമാണ്. അത് യാഗമാണ്.

*"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്ന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്ന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."* *റോമർ 12 : 1, 2*

അതാണ് സാക്ഷാൽ നേർച്ച. നിങ്ങളുടെ ശരീരങ്ങളെ

ദൈവത്തിനു യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുന്നതാണ് ദൈവത്തിന് പ്രസാദകരമായ നേർച്ച.

ദൈവത്തിന് സമർപ്പിക്കുമ്പോഴാണ് അവിടെ കുഞ്ഞാടിന്റെ രക്തം പുരട്ടുന്നത്. എന്റെ ശരീരം ഞാൻ ദൈവത്തിന് സമർപ്പിച്ചില്ലെങ്കിൽ അവിടെ തിരുരക്തം പുരട്ടുകയില്ല. എന്റെ കണ്ണുകൾ സമർപ്പിച്ചില്ലെങ്കിൽ കണ്ണിൽ തിരുരക്തം പുരട്ടുകയില്ല. എന്റെ കാലുകൾ സമർപ്പിച്ചില്ലെങ്കിൽ കാലിൽ തിരുരക്തം പുരട്ടുകയില്ല. എന്റെ ശരീരത്തിന്റെ അവയവങ്ങൾ ഓരോന്നോരോന്നായി ഞാൻ സമർപ്പിക്കുമ്പോൾ അവിടെയെല്ലാം കർത്താവിന്റെ തിരുരക്തത്തിന്റെ അടയാളം വരും. അപ്പോൾ ദൈവം പറയും: “അടയാളമുള്ള ഒരുത്തനേയും തൊട്ടുപോകരുത്. എന്റെ അഭിഷിക്തന്മാരെ തൊടരുത്!”

എന്തൊരു ഭാഗ്യമാണ്! അടയാളം കിട്ടിയാൽ പിന്നെ ശത്രുവിന് തൊടാൻ പറ്റുകയില്ല. ക്രിസ്തു തന്നത്താൻ യാഗമായി സമർപ്പിച്ചതുപോലെ നമ്മെത്തന്നെ നാം യാഗമായി സമർപ്പിക്കണം. അനേകർ ഇന്ന് അന്ധവിശ്വാസങ്ങളിലും അബദ്ധാചാരങ്ങളിലും കുടുങ്ങിക്കിടക്കുന്നു. എട്ടും പൊട്ടും തിരിയാത്ത ജനങ്ങൾ! അന്ധൻ അന്ധനെ വഴികാട്ടുന്നു എന്നു പറയുന്നതുപോലെ നാശത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു. കുരുടൻ കുരുടനെ വഴി കാണിച്ചാൽ നേർവഴിക്ക് പോകുമോ? ആത്മീയ അനുഭവമില്ലാത്തവൻ ആത്മീയ അനുഭവം പ്രസംഗിക്കുന്നു.

പള്ളികളിലും മദ്ബഹകളിലും പ്രസംഗങ്ങളുണ്ട്. പക്ഷേ, അവിടുത്തെ പ്രസംഗ വിഷയങ്ങൾ യേശുവിന്റെ സുവിശേഷത്തോട് ബന്ധമില്ലാത്തവയായി പോയിരിക്കുന്നു. നമ്മുടെ സമൂഹം വളരെയധികം അധ:പതിച്ചു പോയിരിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ ദൈവത്തോട് വാക്ക് പറഞ്ഞവ

രാണ്. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മിശിഹാതമ്പുരാനെ ഞാൻ സ്വീകരിക്കുന്നു എന്ന് പറഞ്ഞവരല്ലേ? മാമോദീസ ഏറ്റവരല്ലേ? നേർച്ച നേർന്നതാണ്, തീരുമാനം പറഞ്ഞതാണ്. ഇതുവരെയും നേർച്ച കഴിച്ചിട്ടില്ല.

നിങ്ങളുടെ ഹൃദയത്തിൽ ഒരു തീരുമാനം വരണം: നേർന്നിരിക്കുന്നത് ഞാൻ കഴിക്കും. ഞാൻ പിറകോട്ട് മാറില്ല. “യഹോവയോട് ഞാൻ പറഞ്ഞുപോയി, എനിക്ക് പിന്മാറിക്കൂടാ.” ന്യായാധിപന്മാർ 11 : 35. ഈ ശരീരം അശുദ്ധമാക്കുകയില്ലെന്ന് ഞാൻ തീരുമാനിച്ചതാണ്. ഈ നാവ് അശുദ്ധമായ വാക്ക് പറയുകയില്ലെന്ന് തീരുമാനിച്ചതാണ്. ഞാൻ വെറുതെ സംസാരിച്ച് സമയം കളയുകയില്ല.

സംസാരം നിയന്ത്രിക്കണം. പ്രത്യേകിച്ച് സ്ത്രീകൾ, കൂടുതൽ സംസാരിക്കുന്നവരാണ്. അധികം സംസാരിക്കരുത്. കുഞ്ഞുങ്ങളെ വഴക്കു പറയുമ്പോഴും പറഞ്ഞതുതന്നെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കും. അങ്ങനെ പാടില്ല. ഘനഗാംഭീര്യത്തോടെ കരുത്തോടെ ഒരു വാക്ക് പറഞ്ഞാൽ മതി, അത് പ്രയോജനപ്പെടും.

നിന്റെ നേർച്ചകളെ നീ കഴിക്കുക, എന്നാൽ നിസ്സാരൻ നിന്നിൽക്കൂടി കടക്കയില്ല. സംഹാരകൻ നിന്റെ അരികത്തുകൂടി വരികയില്ല. വിലയില്ലാത്തവൻ നിന്റെ അരികത്തുകൂടി വരികയില്ല.

ഇന്നനേകർ വിലകെട്ടവരുടെ കൂടെ, വിലകെട്ട പൈശാചികന്റെ കൂടെ നടക്കുകയാണ്. യൗവ്വനക്കാരേ, നിങ്ങളുടെ കോളേജുകളിൽ നിങ്ങൾ മൂല്ല്യബോധമില്ലാത്ത കൂട്ടുകാരുടെ കൂടെ നടക്കരുത്. ആൺകുട്ടികളും പെൺകുട്ടികളും പ്രത്യേകം ശ്രദ്ധിക്കുക. സ്വഭാവദൂഷ്യം ഉള്ളവരുടെ കൂടെ നടക്കരുത്. അവരുടെ സ്വഭാവം നിങ്ങളിലേക്ക് പകരും. ഒരിക്കലും അരുതാത്ത കൂട്ടുകെട്ടിൽ പോകരുത്. അരുതാത്ത വാക്കുകൾ കേൾക്കരുത്. അരുതാത്ത ശീലങ്ങൾ പഠിക്കരുത്. നിസ്സാരൻ

നിന്നിൽക്കൂടി കടക്കരുത്. നിന്റെ നേർച്ചകളെ കഴിക്ക. ഒരു പഴമൊഴിയുണ്ട്: Birds of the same feather flock together. ഒരേതൂവലുള്ള പക്ഷികൾ കൂട്ടുകൂടും. ഒരേ തൂവൽപ്പക്ഷികൾ ഒരുമിച്ചു പറക്കും. നിങ്ങളുടെ കൂട്ടുകാരുടെ സ്വഭാവം കണ്ടാൽ നിങ്ങളുടെ സ്വഭാവം മറ്റുള്ളവർക്ക് മനസ്സിലാകും.

*"നിസ്സാരൻ ഇനി നിന്നിൽകൂടി കടക്കയില്ല; അവൻ അശേഷം ഛേദിക്കപ്പെട്ടിരിക്കുന്നു." നഹൂം 1 : 15*

നിസ്സാരൻ ഛേദിക്കപ്പെട്ടിരിക്കുകയാണ്. അവനെ കർത്താവായ യേശുക്രിസ്തു ഗോഗുൽത്തായിൽ കുരിശിൽ നശിപ്പിച്ച് അവന്റെ ബലം ക്ഷയിപ്പിച്ചിരിക്കയാണ്. യേശുക്രിസ്തു സാത്താന്റെ മേൽ ജയോത്സവം കൊണ്ടാടി സാത്താന്റെ തല ചവിട്ടിച്ചതച്ചിരിക്കുന്നു. കൊലോസ്സ്യർ 2 : 14, 15.

അനേകർ ഇതുവരെയും ഒരു സമർപ്പണമെടുത്തിട്ടില്ല. യേശുവിനായി ജീവിതം കൊടുത്തുവോ? ജീവിതം നേർച്ചയായി യേശുവിന് അർപ്പിച്ചുവോ? ജീവിതം യേശുവിന് സുഗന്ധവാസനയുള്ള യാഗമായി അർപ്പിച്ചുവോ? യേശുക്രിസ്തുവിന് എന്നെത്തന്നെ ഞാൻ മുഴുവനായി കൊടുത്തുവോ?

നമ്മെത്തന്നെ മുഴുവനായും യേശുക്രിസ്തുവിന് കൊടുക്കുന്നത് ഒരു മഹാഭാഗ്യമാണ്. ഇത്രയും നാൾ എന്റേതായിരുന്ന ഈ ജീവിതം ഇപ്പോൾ യേശുവിന്റേതാണ് എന്ന ഒരുറപ്പ്. കുരിശിൽ മരിച്ച എന്റെ രക്ഷകനുവേണ്ടി ഈ ജീവിതം കൈമാറി എന്ന ഒരുറപ്പ്.

എന്റെ കർത്താവേ, ഓരോ പ്രാവശ്യവും ഞാൻ ഇത് പറയാറുണ്ട്. പക്ഷേ, ഒന്നുമായില്ലല്ലേ. പിന്നെയും ഞാൻ തെറ്റിലേക്ക് പോയല്ലോ. ഇത്രയും കാലം ഞാൻ എന്തെല്ലാം വാക്കുകൾ നിന്നോട് പറഞ്ഞതാണ്. പക്ഷേ, ഇതുവരെയും നേർച്ച നേർന്നിട്ട് കഴിക്കാതിരിക്കുന്നവളാണ് ഞാൻ. തെറ്റുകൾ സംഭവിച്ചുപോയി. ഇന്ന് ഞാൻ വീണ്ടും നേർച്ച പുതുക്കുന്നു. ഇന്ന് ഞാൻ വീണ്ടും സമർപ്പിക്കുന്നു. ഇന്ന് നീ എന്റെ സമർപ്പണം

സ്വീകരിക്കണമേ.

എന്റെ ജീവിതത്തിൽ ഇത്രയും കാലം നഷ്ടത്തിന്റെ കാലങ്ങളാണ്. പാഴായിപ്പോയ കാലങ്ങളാണ്. നശിപ്പിച്ചു കളഞ്ഞ കാലങ്ങളാണ്. പിശാചിന് ഇടം കൊടുത്ത കാലങ്ങളാണ്. നേർച്ച നേർന്നെങ്കിലും നേർച്ച കഴിക്കാത്ത കാലങ്ങളാണ്. വാക്ക് പറഞ്ഞെങ്കിലും വാക്ക് പാലിക്കാത്ത കാലങ്ങളാണ്. നിത്യനായ ദൈവത്തോടാണ് വാക്കു പറഞ്ഞതെന്ന് ഞാൻ അറിഞ്ഞില്ല. നിത്യനായ ദൈവം കുറിച്ചു വച്ച എന്റെ തീരുമാനമെല്ലാം ശൂന്യമായിക്കിടക്കുന്നു.

കർത്താവേ, ഇപ്പോൾ ഞാനിതാ വീണ്ടും വരുന്നു. വീണ്ടും നിന്റെ ആ സ്നേഹമാർന്ന പാദപീഠത്തിലേക്ക് വന്നു കൊണ്ട് അവിടെ എന്നെത്തന്നെ ഞാൻ അർപ്പണം ചെയ്യുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും ഞാനിതാ സമർപ്പിക്കുന്നു. രോഗം ബാധിച്ച ഈ ശരീരം, എല്ലാ അവയവങ്ങളിലും കേടുവന്ന ഈ ശരീരം നിന്റെ കുരിശിൻചുവട്ടിലേക്ക് ഞാനിതാ സമർപ്പിക്കുന്നു. എന്റെ മനസ്സ്, ശരീരം, ആത്മാവ്, പ്രാണൻ എല്ലാം തിരുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു. എന്റെ ഹൃദയം ഞാൻ സമർപ്പിക്കുന്നു. എന്റെ ജീവിതം, എന്റെ ഭാവി, സകലവും ഞാനിതാ സമർപ്പിക്കുന്നു.

എന്നോട് മനസ്സലിയണമേ. പരിശുദ്ധാത്മാവിന്റെ തീ എന്റെ മേൽ ഇറങ്ങി വരണമേ. പരിശുദ്ധാത്മാവിന്റെ തീ എന്നിൽക്കൂടി ഒഴുകണമേ. തീയാൽ എന്നെ അഭിഷേകം ചെയ്യണമേ. തീയാൽ എന്നെ കഴുകി എടുക്കണമേ. തീയാലുള്ള സ്നാനം തരണമേ.

പരിശുദ്ധാത്മാവിന്റെ തീ എന്നിൽക്കൂടി പ്രവഹിച്ച് പരിശുദ്ധാത്മാവിന്റെ തീയാൽ എന്നെ രൂപാന്തരപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്താൽ എന്നെ കഴുകണമേ. യേശുവേ, തിരുരക്തത്തിന്റെ അടയാളം എനിക്ക് തരണമേ. എന്റെ നെറ്റിമേൽ തിരുരക്തത്തിന്റെ

അടയാളം ചാർത്തണമേ.

പണ്ട് ഇറ്റലിയിൽ ഒരു സംഭവമുണ്ടായി. അന്ന് ഇറ്റലി ലോകത്തെ ഏറ്റവും ശ്രേഷ്ഠമായ രാജ്യമാണ്. ഏറ്റവും സമൃദ്ധിയും പരിഷ്ക്കാരവും സംസ്ക്കാരവും വിദ്യാഭ്യാസവും എല്ലാം ഉയർന്നു നിൽക്കുന്ന ഒരു നഗരം! “All roads lead to Rome”, “റോമിലേക്കാണ് എല്ലാ വഴികളും ചെന്നു ചേരുന്നത്” എന്ന് ഒരു ചൊല്ലുതന്നെ ഉണ്ട്. അങ്ങനെ ഇറ്റലിയും റോമും ഏറ്റവും ഉയർന്നു നിൽക്കുന്ന കാലം!

അവിടെ ലിയോ മാർപ്പാപ്പ തിരുമേനി ഭരണാധികാരിയായിരുന്ന കാലത്ത് ആറ്റില എന്ന ഒരാളുടെ നേതൃത്വത്തിൽ കൊള്ളക്കാർ ആ ദേശത്തെ ആക്രമിച്ചു. അയാൾ ഒരു ഭീകരനായ കൊള്ളക്കാരനാണ്. മനുഷ്യനെ അരിഞ്ഞരിഞ്ഞ് വീഴ്ത്തുന്നതിൽ സന്തോഷം കണ്ടെത്തുന്ന ഒരു മനുഷ്യൻ. അവന്റെ നേതൃത്വത്തിൽ ഒരു കൂട്ടം കൊള്ളസംഘം, ഇറ്റലിയിലെ പല ഭവനങ്ങളും കൊള്ളയടിച്ചു. ഗ്രാമങ്ങൾ കൊള്ളയടിച്ച് അവർ നഗരത്തിലേക്ക് നീങ്ങുകയാണ്. എല്ലാവരും പരിഭ്രാന്തരായി. മാർപ്പാപ്പ തിരുമേനിയും പരിഭ്രാന്തനായി.

മാർപ്പാപ്പ തിരുമേനി അകത്ത് ചെന്ന് പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചു പുറത്തേക്ക് വന്നപ്പോൾ തിരുമേനിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉപദേഷ്ടാക്കന്മാരിൽ ചിലർ പറഞ്ഞു: തിരുമേനി പുറത്തുപോകണ്ട. അകത്ത് ഏതെങ്കിലും ഉൾമുറിയിൽ ഒളിച്ചിരുന്നാൽ മതി. കാരണം, അവർ തിരുമേനി ആണെന്നൊന്നും ഓർക്കില്ല. ഉപദ്രവിക്കും, കൊല്ലും.

തിരുമേനി പറഞ്ഞു: ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. കർത്താവ് നമുക്ക് രക്ഷ തന്നാലേ രക്ഷയുള്ളൂ. യേശുക്രിസ്തു നമുക്ക് രക്ഷ തരണം. തിരുമേനി അകത്തേക്കു പോകാൻ കൂട്ടാക്കാതെ കൊട്ടാരത്തിന്റെ മുമ്പിലുള്ള ആ നഗരഗോപുരവാതിൽക്കലേക്ക് ചെന്നു. എല്ലാവരും പേടിച്ചുനിൽക്കുകയാണ്. അവർ തിരുമേനിയെ കൊല്ലും, അരിഞ്ഞു വീഴ്ത്തും. ഒരു സംശയവു

മില്ല.

ആറ്റിലയും അദ്ദേഹത്തിന്റെ അനുചരന്മാരും വാൾ ഊരിപ്പിടിച്ചുകൊണ്ട് നേരെ വരികയാണ്. എല്ലാവരും വീർപ്പടക്കി നിന്നു. തിരുമേനി ആറ്റിലയോട് പറഞ്ഞു: ഇനി ഒരു ചുവട് മുന്നോട്ട് വയ്ക്കരുത്, തിരികെ പോകുക. അയാൾ തിരിഞ്ഞു. കൂടെയുള്ള സൈന്യവും തിരിഞ്ഞ് പുറകോട്ട് പോയി. അവരിൽ ഒരാൾ ഈ ആറ്റിലയോട് ചോദിച്ചു: എന്തു വിഡ്ഢിത്തമാണ് കാണിച്ചത്? നമ്മൾ ജയിച്ചു വരികയല്ലായിരുന്നോ? ഇപ്പോൾ നാം ഈ പോന്നത് മണ്ടത്തരമായിപ്പോയില്ലേ? നമുക്ക് ജയിക്കാമായിരുന്നില്ലേ?

ആറ്റില പറഞ്ഞു: നിങ്ങൾ കണ്ടില്ല. ആ മാർപ്പാപ്പ തിരുമേനിയുടെ വലത്തുവശത്ത് ഒരാൾ ഒരു വാൾ ഊരിപ്പിടിച്ചുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. ഞാൻ അത് കണ്ടു. നാം അങ്ങോട്ട് ചെന്നാൽ നമ്മളെയെല്ലാം വെട്ടിവീഴിക്കും. നമ്മളെല്ലാം വീഴും. ഒരു സംശയവുമില്ല. അതുകൊണ്ട് നമ്മുടെ രക്ഷയെ കരുതി ഞാൻ പുറകോട്ട് പോന്നതാണ്.

ഇത് ഒരു ചരിത്രസംഭവമാണ്. സംഹാരകൻ എതിരെ വന്നു. പക്ഷേ, അടുക്കാൻ പറ്റിയില്ല. വാളൂരിപ്പിടിച്ചുകൊണ്ട് ഒരാൾ അരികെ നിന്നു. ആരാണത്? കർത്താവായ യേശുക്രിസ്തു! യേശുക്രിസ്തു തന്റെ പ്രിയപ്പെട്ടവർക്ക് വേണ്ടി തക്ക സമയത്ത് ചുറ്റും പരിച തീർക്കും. നമുക്ക് ചുറ്റും സംരക്ഷണ ഭിത്തി തീർക്കും. നമുക്ക് ചുറ്റും തീമതിൽ കെട്ടും. "യഹോവയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു." നമുക്ക് ചുറ്റും പാളയമിറങ്ങി നമ്മെ വിടുവിക്കാൻ ദൈവത്തിന്റെ മാലാഖയുണ്ട്.

1982 – ൽ എനിക്ക് ഒരു വലിയ സ്കൂട്ടർ ആക്സിഡന്റ് ഉണ്ടായി. ഞാൻ അന്ന് ഉച്ചയ്ക്ക് കോളേജിലേക്ക് പോകുകയായിരുന്നു. ഒരു വലിയ ആക്സിഡന്റ് ആയിരുന്നു. ഞാൻ തെറിച്ചുപോയി. എന്റെ കാൽമുട്ടിൽ പരിക്ക് പറ്റി. ഒന്നരമാസം

ഞാൻ ഹോസ്പിറ്റൽ ബെഡ്ഡിൽ കിടക്കേണ്ടിവന്നു. വേറെ ഭയാനകമായ അപകടങ്ങളൊന്നും പറ്റിയില്ല. അന്ന് ദൈവ ത്തിന്റെ പരിശുദ്ധാത്മാവുള്ള ദൈവമക്കൾ വന്ന് പ്രാർത്ഥിച്ച പ്പോൾ പറഞ്ഞു: പിശാച് തള്ളി വീഴിച്ചു പക്ഷേ, മാലാഖമാർ ഓടിവന്ന് താങ്ങി എന്ന്. കണ്ട ദർശനം അതാണ്. പിശാച് കൊല്ലാനാണ് തള്ളി വീഴിച്ചത്. അന്ന് ഈ ലോകത്തിൽനിന്ന് മാറ്റപ്പെട്ടെങ്കിൽ ദൈവരാജ്യത്തിൽ പോകുകയില്ലായിരുന്നു. കാരണം, ആത്മാവ് മരിച്ചിരിക്കുകയായിരുന്നു. മാലാഖമാർ ഓടിവന്ന് താങ്ങിയതുകൊണ്ടാണ് അന്ന് രക്ഷപ്പെട്ടത്.

ആത്മാവ് മരിച്ചിരിക്കുന്നു എന്ന് എനിക്കറിയാമായിരു ന്നു. അന്ന് രാവിലെ ഞാൻ കോളേജിൽ പോയിട്ട് തിരിച്ചു വന്നു. കാരണം, കോളേജിൽ ക്ലാസ്സില്ല. പിന്നെ ഉച്ചക്ക് ഒപ്പി ടാൻ പോയാൽ മതി. രാവിലെ ഞാൻ ഇലക്ട്രിസിറ്റി ബോർഡിൽ പോയി. ത്രീഫേസ് കണക്ഷന് വേണ്ടി നേരത്തെ അപേക്ഷിച്ചിരുന്നു. രണ്ടോ മൂന്നോ വർഷമായി അപേക്ഷിച്ചിട്ട്. അതിനുള്ള പൈസയെല്ലാം അടച്ചു, എല്ലാം ചെയ്തു. പക്ഷേ, അന്ന് ചെന്നപ്പോഴും അവർ ഒന്നും ചെയ്തിട്ടില്ല.

ഇലക്ട്രിസിറ്റി ബോർഡിലെ ഓവർസിയറോട് എനിക്ക് കലശലായ ദേഷ്യം വന്നു. ഒന്നും മിണ്ടിയില്ല പക്ഷേ, ഉള്ളിൽ നല്ല പുകച്ചിൽ, നല്ല അമർഷം. എന്നെ വലിയ ബഹുമാനവും സ്നേഹവുമുള്ളയാളാണ്. എനിക്കും സ്നേഹമുള്ളയാളാണ്. എന്നാലും അദ്ദേഹം ഇങ്ങനെ ചെയ്തല്ലോ എന്ന ഒരു പരാതി ഉള്ളിൽ. ദയവായി ഒന്ന് വേഗം ചെയ്തുതരണേ എന്ന് പറ ഞ്ഞിട്ട് ഞാൻ തിരിച്ചുപോന്നു. പക്ഷേ, ഞാൻ പ്രാർത്ഥിക്കാനി രുന്നപ്പോൾ എനിക്ക് യേശുക്രിസ്തുവുമായി ബന്ധം കിട്ടു ന്നില്ല. കാരണം, എന്റെ ഉള്ളിൽ വിദ്വേഷം പുകയുകയാണ്.

അകത്ത് കലശലായ നീരസം! പുറമേ ഒന്നും കാണിച്ചി ല്ലെങ്കിൽപോലും എന്റെ ഹൃദയത്തിൽ ഉണ്ടായ ആ സ്പർദ്ധ, അമർഷം, എന്റെ ഹൃദയമാകെ ഉലച്ചു കളഞ്ഞു. ഞാൻ വീണ്ടും വീണ്ടും പ്രാർത്ഥിക്കുന്നുണ്ട്: കർത്താവേ, എനിക്ക്

ബന്ധം തരണമേ, എനിക്ക് ദേഷ്യം വന്നുപോയി ക്ഷമിക്കണേ. പക്ഷേ, ബന്ധം കിട്ടുന്നില്ല. സമയം ഉച്ചകഴിഞ്ഞു. എനിക്ക് കോളേജിൽ പോയി ഒപ്പിടണം.

തിരിച്ചുവന്നിട്ട് കർത്താവുമായി നിരപ്പാകാം എന്നോർത്ത് ഞാൻ കോളേജിലേക്ക് പോയി. തിരിച്ചു വന്നിട്ട് കുറെ നേരമിരുന്ന് പ്രാർത്ഥിക്കാം എന്നു വിചാരിച്ചാണ് പോയത്. ഞാൻ ആത്മാവിൽ മരിച്ചിരിക്കുമ്പോൾ പിശാചിന് എന്നെ റാഞ്ചിക്കൊണ്ട് പോകാൻ പറ്റും. എന്നെ നരകത്തിലേക്ക് കൊണ്ടുപോകാൻ പറ്റും. അതുകൊണ്ട് പിശാച് ആ സമയം നോക്കി വന്ന് എന്നെ ലോറിയുമായിട്ട് കൂട്ടിയിടിപ്പിച്ചു. ഭാഗ്യവശാൽ മാലാഖമാർ വന്ന് താങ്ങി.

നമ്മെ നശിപ്പിക്കാൻ സംഹാരകൻ എതിരെ കയറിവരുന്നുണ്ട്. പിശാച് എപ്പോഴും തക്കം നോക്കി നിൽക്കുകയാണ്. ഒരു പഴുത് കിട്ടിയാൽ അവൻ ചാടിക്കടക്കും. ഒരു പഴുതുപോലും ഉണ്ടായിരിക്കരുത്. നല്ലതുപോലെ സൂക്ഷിക്കണം. ഒരിക്കൽപോലും നമ്മുടെ ഹൃദയത്തിൽ ഒരു നീരസമോ കയ്പ്പോ ഒരിഷ്ടക്കുറവോ, മുഷിച്ചിലോ, വൈരാഗ്യമോ, പകയോ, വിദ്വേഷമോ അല്ലെങ്കിൽ പ്രതികാരചിന്തയോ ഒന്നും വന്ന് പോകരുത്. അതിൽക്കൂടിയെല്ലാം പിശാചുക്കൾ, ദുരാത്മാക്കൾ കയറിവരും.

# ഏഴ്

*"സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു."*

*2 കൊരിന്ത്യർ 11 : 3*

സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചു. പിശാച് ഉപായം കൊണ്ടുവരും. അലറുന്ന സിംഹത്തെപ്പോലെ വരും. ഉപായരൂപേണ വരും.

പിശാച് വന്ന് ഹവ്വയോട് എന്തെല്ലാം മധുരവാക്കാണ് പറയുന്നത്? ആദാമിനെയും ഹവ്വയെയും പുകഴ്ത്തുന്നു. മനോഹരമായ തോട്ടം, ഇതിന്റെ മുഴുവന്റെയും ആധിപത്യം നിങ്ങൾക്കു കിട്ടിയല്ലോ എന്ന് പറഞ്ഞ് അവരോട് വളരെ ആദരവോടെ സംസാരിക്കുന്നു. സാത്താൻ വന്ന് ഇതൊക്കെ പറയുമ്പോൾ ഹവ്വാ ഒന്നിനൊന്നങ്ങനെ ഉയരുകയാണ്. അവൾക്കഭിമാനം വർദ്ധിക്കുകയാണ്.

ദൈവം ഞങ്ങൾക്കനുഭവിക്കാൻ തന്ന ഈ തോട്ടത്തിലെ ഫലവൃക്ഷങ്ങളെല്ലാം കണ്ടോ? പിശാച് ഇടയ്ക്ക് തന്ത്രപൂർവ്വം ചോദിച്ചു: "ഇത് മുഴുവൻ നിങ്ങൾക്കാണോ?" "ആണോ എന്നോ, ഞങ്ങളുടെ ദൈവം എന്ത് സ്നേഹമാണെന്നറിയാമോ?" അവൾ വാചാലയായി. "ഞങ്ങൾക്ക് ദൈവം അനുവദിച്ചു തന്നതാണ്. ഞങ്ങൾക്ക് മാത്രമാണ് ഇതിന്റെ അവകാശം." സർപ്പം ചോദിച്ചു: "മുഴുവനുമോ?" "ആണ്, മുഴുവനും ഞങ്ങൾക്കാണ്."

പിന്നെയും സർപ്പം തന്ത്രപൂർവ്വം ചോദിക്കുന്നു. "അല്ല,

ചോദിച്ചുപോയതാണ്. എന്തു മാത്രം പഴങ്ങളാണ് ഇവിടെയുള്ളത്. ഈ പഴങ്ങളൊക്കെ നിങ്ങൾക്ക് തിന്നാമോ?" "തിന്നാം, പിന്നെ ഒരു കാര്യമുണ്ട്. അവിടെ നിൽക്കുന്ന നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലമുണ്ടല്ലോ, അത് തൊടണ്ട എന്ന് പറഞ്ഞിട്ടുണ്ട്." "ഓ തൊടണ്ട എന്നു പറഞ്ഞിട്ടുണ്ടോ?" "ഉവ്വ്, തിന്നരുത് എന്ന് പറഞ്ഞു. തൊടണ്ട എന്നും പറഞ്ഞിട്ടുണ്ട്." ഉല്പത്തി 3 : 1 – 3.

തൊടണ്ട എന്ന് കർത്താവ് പറഞ്ഞിട്ടില്ല, തിന്നരുത് എന്നേ പറഞ്ഞുള്ളൂ. പക്ഷേ, അവൾ ആവേശം കൊണ്ട് തൊടരുത് എന്ന് പറഞ്ഞിട്ടുണ്ടെന്നാണ് പറയുന്നത്. എന്തൊരാവേശം! ആ തെറ്റ് ചെയ്യരുതെന്നുള്ള നല്ല നിർബ്ബന്ധം! തിന്നരുത്, തൊടുകയുമരുത് എന്ന് ദൈവം കൽപ്പിച്ചിട്ടുണ്ട് എന്ന് അവൾ പറഞ്ഞു.

ഈ സ്ത്രീയുടെ അമിതാവേശത്തിൽ ശത്രു തന്ത്രപൂർവ്വം പ്രവർത്തിക്കാൻ തുടങ്ങി. "അതെന്താ അങ്ങനെ തിന്നണ്ട എന്നു പറഞ്ഞത്? ദൈവത്തിനറിയാം അത് തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്ന്." നോക്കൂ, പിശാചിന്റെ തന്ത്രം!

ആ സ്ത്രീക്ക് ഒരു പുതിയ വെളിവ് കിട്ടിയതുപോലെ. "ഓ അതാണല്ലേ, തിന്നണ്ട എന്നു പറഞ്ഞത്? ദൈവത്തെപ്പോലെ ഞങ്ങൾ ആകാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടായിരിക്കും ദൈവം തിന്നണ്ട എന്ന് പറഞ്ഞത്."

സർപ്പം പറഞ്ഞ തന്ത്രപൂർവ്വമായ മറുപടിയിൽ നിന്ന് സ്ത്രീയുടെ ഉള്ളിൽ സംശയം ജനിച്ചു. കണ്ടോ, ഞങ്ങൾ ദൈവത്തെപ്പോലെ ആകാൻ ദൈവത്തിന് ഇഷ്ടമില്ല. എന്നാൽ അതൊന്ന് തിന്നു നോക്കിയാലോ?

ആ തക്കം ഉപയോഗിച്ച് അവൻ കൈനീട്ടി പഴം പറിച്ച് സ്ത്രീക്ക് കൊടുത്തു. അവൾ അത്യാർത്തിയോടെ തിന്നു. വീണ്ടും കൊടുത്തു. അതവൾ സൂക്ഷിച്ചു വെച്ചു, ആദാമിന് കൊടുക്കാൻ.

തിന്നു കഴിഞ്ഞു. പിന്നീടാണ് കാര്യങ്ങളെല്ലാം അവതാള ത്തിലാകുന്നത്. തിന്നപ്പോഴൊന്നും പ്രശ്നമുണ്ട് എന്ന് അവൾ ധരിച്ചില്ല.

ദൈവപൈതലേ, നീ ഓർത്തുകൊള്ളൂ. നിന്റെ ജീവിത ത്തിൽ പാപം അരിച്ചരിച്ചുവരുമ്പോൾ വലിയ സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്ക് അത് നീളുകയാണെന്ന് നീ അറിയുന്നില്ല. ഭയങ്കരമായ അത്യാഹിതങ്ങളിലേക്ക് നീളുകയാണ്. നിനക്ക് മാത്രമല്ല, നീ ചെയ്യുന്ന ഒരു അനർത്ഥം മൂലം നിന്റെ മക്കളും മക്കളുടെ മക്കളും അനുഭവിക്കാൻ പോകുകയാണ്.

| | |
|---|---|
| പുറപ്പാട് | - 20 : 5, 34 : 7 |
| സംഖ്യാപുസ്തകം | - 14 : 17 |
| ആവർത്തനപുസ്തകം | - 5 : 9 |
| യിരമ്യാവ് | - 32 : 18 |

അവിടെയെല്ലാം ഒരു കാര്യമാണ് പറയുന്നത്: “എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമ ത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കും.”

ഇത് നിങ്ങൾ ശ്രദ്ധിക്കുക. മൂന്നാമത്തെയും നാലാമ ത്തെയും തലമുറവരെ മക്കൾക്ക് ശിക്ഷ വരാൻ പോകുകയാണ്. നമുക്ക് തോന്നും, ഒരു നൂറ് രൂപ മോഷ്ടിച്ചു എന്നല്ലേ ഉള്ളൂ, അത് വലിയ കുഴപ്പമൊന്നുമല്ലല്ലോ. അതൊക്കെ ദൈവം ക്ഷമിച്ചുകൊള്ളും. അല്ല “എന്നെ പകയ്ക്കുന്നവരിൽ പിതാക്ക ന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറ വരെ മക്കളുടെമേൽ സന്ദർശിക്കും.” മക്കളിൽ ചിലർക്ക് കെടുതി വരുമ്പോൾ പാവം മക്കൾക്കറിയില്ല എന്തുകൊണ്ടാ ണെന്ന്!

മക്കളിൽ ചിലർക്ക് അംഗഭംഗങ്ങൾ വരുമ്പോൾ, ചില കഷ്ടങ്ങളോ നഷ്ടങ്ങളോ വരുമ്പോൾ മക്കളറിയുകയില്ല

എന്തുകൊണ്ടാണ് ഇത് വന്നതെന്ന്. പിതാക്കന്മാരുടെ കാലത്ത് ഏതോ ചില അനർത്ഥങ്ങൾ നടന്നിട്ടുണ്ട്. ഏതോ ചില ശാപകരമായ കാര്യങ്ങൾ നടന്നിട്ടുണ്ട്. ഏതോ ചില തിന്മകൾ സംഭവിച്ചുപോയിട്ടുണ്ട്. അരുതായ്കകൾ സംഭവിച്ചു പോയിട്ടുണ്ട്. അശുദ്ധജീവിതം ഉണ്ടായിട്ടുണ്ട്. വ്യഭിചാരങ്ങൾ നടന്നിട്ടുണ്ടാകും. വല്ല ഗർഭച്ഛിദ്രമോ കൊലപാതകമോ നടന്നുകാണുമോ? ആരറിയുന്നു?

പണാപഹരണങ്ങൾ നടത്തിക്കാണും. ഇതാ മക്കൾക്കും മക്കളുടെ മക്കൾക്കും തലമുറതലമുറയായി ശിക്ഷ വരികയാണ്.

*"കുറ്റമുള്ളവനെ വെറുതെവിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെമേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ." പുറപ്പാട് 34 : 7*

*"കുറ്റക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ." സംഖ്യാപുസ്തകം 14 : 17*

ആരുമാരും ഇതൊന്നും അറിയുന്നില്ല. എന്തുകൊണ്ടാണ് ഈ കെടുതി വന്നത്? എന്തുകൊണ്ടാണ് ഈ നഷ്ടം വന്നത്? എന്തുകൊണ്ടാണ് ഈ കഷ്ടം വന്നത്? പിറകിലേക്ക് തിരിഞ്ഞു നോക്കിയാൽ ചില തിന്മകൾ സംഭവിച്ചുപോയിട്ടുണ്ട്. എല്ലാം ദൈവം കണ്ടു. ദൈവത്തിന് മുഖപക്ഷമില്ലല്ലോ. ദൈവം വേദനിച്ചു നിൽക്കുകയാണ്. കാരണം, ദൈവത്തിന്റെ ഏറ്റവും പ്രിയപ്പെട്ട സൃഷ്ടിയായ മനുഷ്യന് സംഭവിക്കാൻ പോകുന്ന അത്യാഹിതം ദൈവം കാണുന്നു.

*"എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും."*

*ആവർത്തനപുസ്തകം 5 : 9*

*"പിതാക്കന്മാരുടെ അകൃത്യത്തിന് അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കയും ചെയ്യുന്നു." യിരമ്യാവ് 32 : 18*

പിതാക്കന്മാർ ചെയ്ത പാപത്തിന് അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കുന്നു. കാര്യം ഗൗരവമല്ലേ?

പണാപഹരണങ്ങൾ നടത്തിയിട്ടില്ലേ? ചിലർക്ക് ദോഷം വരുത്തിയിട്ടില്ലേ? ചിലരെ ഉപദ്രവിച്ചിട്ടില്ലേ? കുശുമ്പോടും അസൂയയോടും കൂടെ വല്ലതുമൊക്കെ പ്രവർത്തിച്ചിട്ടില്ലേ? ചെയ്തിട്ടില്ലേ? പറഞ്ഞിട്ടില്ലേ? ഒന്നോർത്തു നോക്കൂ. ആരുടെ യെങ്കിലും പേര് ചീത്തയാക്കിയിട്ടുണ്ടോ? ആരെയെങ്കിലും കുറിച്ച് ഉള്ളതോ ഇല്ലാത്തതോ ആയ കാര്യങ്ങൾ പറഞ്ഞ് പരത്തി ആ ആൾക്ക് ലഭിക്കാവുന്ന ചില ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ടോ?

കുടുംബങ്ങളിലേക്ക് അകൃത്യം വന്ന് കയറുന്നു. കോട്ട കാത്തില്ല. പ്രിയപ്പെട്ടവരേ, കോട്ട കാത്തുകൊൾക. സംഹാര കൻ നിനക്കെതിരെ കയറി വരുന്നു.

പെട്ടെന്നുണ്ടാകുന്ന മരണങ്ങൾ! പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ! പെട്ടെന്നുണ്ടാകുന്ന വിയോഗങ്ങൾ! താങ്ങാൻ വയ്യാത്ത ഭയാനകമായ നഷ്ടങ്ങൾ! എന്താണിതിന് പോംവഴി? കോട്ട പൊളിഞ്ഞുപോയി.

ചിലർ പറയും: തെറ്റുപറ്റിപ്പോയി, ശരിയാണ്. എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ കുടുംബത്തിൻമേൽ ചില ശാപ ങ്ങളുണ്ട്. എന്റെ പിതാക്കന്മാരുടെ കാലത്തോ പിതാമഹന്മാ രുടെ കാലത്തോ ഒന്നും സംഭവിച്ചതായിട്ട് അറിവില്ല. മന്ത്ര വാദം ചെയ്തതായിട്ടോ ആഭിചാരപ്രയോഗം ചെയ്തതായിട്ടോ മഷിയിട്ടു നോക്കിയതായിട്ടോ ക്ഷുദ്രപ്രയോഗം നടത്തിയതാ യിട്ടോ കേട്ടിട്ടില്ല. അങ്ങനെയൊന്നും ഉള്ളവരല്ല ഞങ്ങളുടെ കാരണവന്മാർ. അവർ നമസ്ക്കാരവും പള്ളിയും പ്രാർത്ഥന

യുമൊക്കെ ആയിട്ട് കഴിഞ്ഞവരാണ്. വേറെ വലിയ കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല.

സ്നേഹിതാ, നീ പറയുന്നത് ശരിയാണ്. പക്ഷേ, എവിടെയോ ചില പാകപ്പിഴകൾ വന്നിട്ടുണ്ട്. ചിലപ്പോൾ അതിരുമാറ്റിയതായിരിക്കാം. ചിലപ്പോൾ വരമ്പു കിളച്ചപ്പോൾ അതിര് കുറച്ച് കൂട്ടി കേറ്റി വച്ചതായിരിക്കാം. പാവപ്പെട്ട ദരിദ്രനെ ഉപദ്രവിച്ചതായിരിക്കാം. പാവപ്പെട്ട ദരിദ്രന്റേത് അപഹരിച്ചതായിരിക്കാം. പാവപ്പെട്ട വിധവയെ വിഷമിപ്പിച്ചതായിരിക്കാം. അവളുടെ ചാരിത്ര്യത്തെ ഭംഗം വരുത്തിയതായിരിക്കാം.

നിങ്ങളുടെ ശരീരത്തിന്റെ മേദസ്സുകൊണ്ടും കൊഴുപ്പുകൊണ്ടും ചിലരെ നിങ്ങൾ ഉപദ്രവിച്ചതായിരിക്കാം. നിങ്ങളുടെ കൈയൂക്ക്കൊണ്ട് നിങ്ങൾ ചിലരെ വിഷമിപ്പിച്ചതായിരിക്കാം, കഷ്ടപ്പെടുത്തിയതായിരിക്കാം. അധികാരത്തിന്റെ ബലംകൊണ്ട് നിങ്ങൾ ചില അക്രമങ്ങൾ ചെയ്തതായിരിക്കാം. ഒരുപക്ഷേ നിങ്ങൾ ഒന്നും ചെയ്തില്ലായിരിക്കാം പക്ഷേ, പൂർവ്വികന്മാരുടെ കാലത്ത് എന്തെങ്കിലും നടന്നുകാണും. നമുക്കറിഞ്ഞുകൂടാ. എല്ലാം എഴുതി വച്ചിരിക്കുന്നു. സംഹാരകന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ നാം എന്താണു ചെയ്യേണ്ടത്?

യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കോട്ടകെട്ടണം. ആ തിരുരക്തം വന്ന് വലയം ചെയ്യണം. ആ തിരുരക്തം വന്ന് വലയം ചെയ്യുമ്പോഴാണ് എല്ലാം തടുത്തുമാറ്റുന്നത്. എന്തെല്ലാം സംഭവിച്ചിട്ടുണ്ടെങ്കിലും എല്ലാം ക്ഷമിച്ചു തരും. കഴുകിത്തരും, സംശയിക്കേണ്ട. പൊറുക്കാൻ സാധിക്കില്ല എന്ന് നിങ്ങൾ വിചാരിക്കുന്ന പാപങ്ങൾ പോലും, എത്ര ഹീനമായ പാതകങ്ങൾ പോലും പൊറുത്തു തരും.

> *"വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവച്ചു കേട്ട*

*നുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിരയായ്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു.” യെശയ്യാവ് 1 : 18 – 20*

നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ വെളുക്കും. നിങ്ങൾ ഈ വചനം വായിച്ച് മനസ്സുവച്ച് അനുസരിക്കുന്നുവെങ്കിൽ ദൈവം ദേശത്തിന്മേൽ പൊഴിയ്ക്കുന്ന നന്മ നിങ്ങൾക്കനുഭവിക്കാം. നിങ്ങൾ വചനം വായിച്ചിട്ട് ഇനിയും മത്സരിക്കുകയാണെങ്കിലോ നിങ്ങൾ വാളിന് ഇരയായിത്തീരും. നിങ്ങൾക്ക് നാശം വരും.

വചനം തരികയാണ്. അതിനാണ് കൂട്ടായ്മയോഗങ്ങൾ, വചന ശുശ്രൂഷകൾ. സഹോദരങ്ങളേ, ആകെ ഒരു ലക്ഷ്യം മാത്രം. ഈ ശാപങ്ങളെല്ലാം ഒന്ന് മാറിക്കിട്ടണം. മനുഷ്യന്റെ ആന്തരാത്മാവിലുള്ള ബന്ധനങ്ങൾ എല്ലാം അഴിഞ്ഞുകിട്ടണം. എല്ലാ പൈശാചിക ബാധകളും മാറിക്കിട്ടണം.

സ്നേഹിതരേ, അതിവേഗം കഴുകൽ പ്രാപിക്കണം. ഒരു സെക്കൻഡ്പോലും വൈകരുത്. ഇപ്പോൾ എല്ലാം കഴുകിക്കിട്ടാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? കഴുകാൻ യേശുവിന് സമ്മതമാണ്. ഇത് കൃപയുടെ കാലമാണ്. “അവൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കാൻ കഴിയാത്തവനല്ല. പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക.” എബ്രായർ 4 : 16.

ധൈര്യത്തോടെ ചെല്ലാം. കർത്താവേ, ഞാൻ പാപം ചെയ്തുപോയി. എന്റെ ദൈവമേ, അരുതാത്തതിൽ വീണുപോയി. വേണ്ടാത്ത ബന്ധങ്ങളിൽ കുടുങ്ങിപ്പോയി. കർത്താ

വേ, എനിക്ക് പുറത്തു പറയാൻ ലജ്ജയാണ്. എന്റെ ജീവിതത്തിൽ വന്നുപോയതെല്ലാം കഴുകാൻ നിനക്ക് കഴിയുമല്ലോ. യേശുവേ, ആ തിരുരക്തം ഇപ്പോൾ എന്റെ ഹൃദയത്തിലേക്ക് ഒഴുക്കി എന്റെ പാപങ്ങളെല്ലാം കഴുകണമേ.

നിങ്ങൾ ചെയ്ത തെറ്റുകൾ, നിങ്ങൾ ചെയ്ത വഞ്ചനകൾ, നിങ്ങൾ ചെയ്ത ക്രൂരകൃത്യങ്ങൾ, നിങ്ങൾ ചെയ്ത നീചപ്രവൃത്തികൾ, എല്ലാമെല്ലാം കഴുകൽ പ്രാപിക്കണം. ചിലരെ പുച്ഛിച്ചത്, ചിലരെ പരിഹസിച്ചത്, ദൈവവേലയെ തടുത്തത്, ദൈവവേലക്കാരെ നിന്ദിച്ചത്, ദൈവവേലക്കാരെ പരിഹസിച്ചത്, ദൈവവേലക്കാരെ അവഹേളിച്ചത്, അദ്ധ്യാപകരെ നിന്ദിച്ചത് ഇതിന്റെയെല്ലാം പരിണിതഫലങ്ങൾ പിന്നാലെ വരുന്നുണ്ട് എന്ന് ആരും അറിയുന്നില്ല. നിങ്ങളെ പഠിപ്പിച്ച അദ്ധ്യാപകരെ നിന്ദിച്ചു. നിങ്ങൾക്ക് ജന്മംതന്ന അപ്പനെയും അമ്മയെയും നിന്ദിച്ചു. ഓരോന്നും ഓർത്ത് അനുതപിച്ചുകൊള്ളണം.

എന്റെ കർത്താവേ, തെറ്റുപറ്റിപ്പോയല്ലോ. മനസ്സലിയണമേ, എന്നോട് കരുണ തോന്നണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കണം. ദൈവസന്നിധിയിൽ യാചിച്ച് മോചനം കിട്ടുവോളം നിങ്ങൾ കരയണം.

എല്ലാം കഴുകിത്തരുന്ന ഒരു ദിവ്യസ്നേഹമുണ്ട്.

*"കാണ്മിൻ, നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു."* *1 യോഹന്നാൻ 3 : 1*

*"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന് മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും*

*തന്നേ.”* *1 യോഹന്നാൻ 2 : 1, 2*

സംഹാരകൻ എതിരെ കയറിവരുന്നു. കോട്ട കാത്തുകൊള്ളണം. തിരുരക്തത്താൽ കോട്ട കെട്ടിക്കൊള്ളണം. നിങ്ങൾക്കത് സാധിക്കും. അതിന് വിദ്യാഭ്യാസം വേണ്ട, പാണ്ഡിത്യം വേണ്ട, അറിവുവേണ്ട, തത്വജ്ഞാനം വേണ്ട. അയ്യോ! കർത്താവേ, എനിക്ക് പാപം വന്നുപോയല്ലോ ക്ഷമിക്കണമേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ, എനിക്കും എന്റ മക്കൾക്കും മക്കളുടെ മക്കൾക്കും വരുന്ന ശിക്ഷാവിധിയിൽനിന്ന് മോചനം തരണമേ എന്നു പ്രാർത്ഥിക്കുക.

കോട്ട കാത്തുകൊൾക. സംഹാരകൻ എതിരെ കയറി വരുന്നു. നമ്മുടെ വീടിനുചുറ്റും കോട്ട കെട്ടണം. നമ്മുടെ വീടിനുചുറ്റും തിരുരക്തക്കോട്ട കെട്ടണം. നാം യാത്രപോകുമ്പോൾ നമുക്ക് ചുറ്റും കൊട്ട കെട്ടിയിട്ട് വേണം പോകാൻ. നമ്മുടെ വാഹനത്തിന് ചുറ്റും കോട്ട കെട്ടണം. നിങ്ങൾ ക്ലാസ്സിൽ പഠിപ്പിക്കാൻ പോകുകയാണെങ്കിൽ ക്ലാസ്സിനുചുറ്റും കോട്ട കെട്ടണം. നിങ്ങൾ ലാബിൽ ജോലി ചെയ്യുകയാണെങ്കിൽ ലാബിനുചുറ്റും കോട്ട കെട്ടണം.

സംഹാരകൻ എതിരെ കയറി വരുന്നു. ഏതിലെയാണ് വരുന്നത് എന്ന് അറിയാൻ പാടില്ല. കർത്താവേ, കോട്ട കെട്ടണമേ. കോട്ടയിൽ എവിടെയെങ്കിലും പഴുതുണ്ടോ? കർത്താവേ, അതെല്ലാം കെട്ടി എനിക്ക് കോട്ട ഉറപ്പിച്ചു തരണമേ.

പ്രിയപ്പെട്ടവരേ, ഈ സമയം നിങ്ങൾക്ക് ചുറ്റും തിരുരക്തത്തിന്റെ കോട്ട കെട്ടിക്കിട്ടാൻ ആഗ്രഹമുണ്ടോ? പാപങ്ങൾ കഴുകിക്കിട്ടാൻ ആഗ്രഹമുണ്ടോ? ഇനിമേലിൽ മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല എന്ന് ഹൃദയത്തിൽ ഒരു തീരുമാനം വരുന്നുണ്ടോ? എങ്കിൽ നിങ്ങൾക്ക് പറയാം: കർത്താവേ, കോട്ട കെട്ടിത്തരണമേ. ആത്മഹത്യാപ്രവണത മാറ്റിത്തരണമേ. നിരാശയുടെ പ്രവണത മാറ്റിത്തരണമേ. എന്റെ തളർച്ച മാറ്റിത്തരണമേ. തകർച്ച മാറ്റിത്തരണമേ. കടത്തിന്റെ ഭയാനകമായ ബന്ധനം മാറ്റിത്തരണമേ. മുന്നോട്ടൊരു ഗതി തരണമേ.

കർത്താവേ, ചതിക്കുന്ന മനുഷ്യർ ചുറ്റുമുള്ളപ്പോൾ അവരുടെ ഇടയിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു പഴുത് തരണമേ.

ജയിംസ് സിംസൺ ആണ് ക്ലോറോഫോം കണ്ടുപിടിച്ചത്. അനസ്തേഷ്യ കൊടുക്കുന്നതിന് ക്ലോറോഫോം ഉപയാഗിക്കാറുണ്ട്. അത് വലിയ ഒരു കണ്ടുപിടുത്തമായിരുന്നു. വേദന അറിയാതെ ഓപ്പറേഷൻ നടത്താം. ചികിത്സകൾക്ക് ക്ലോറോഫോം സഹായകമാണ്. ഒരിക്കൽ ജയിംസ് സിംസണോട് അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ചോദിച്ചു: "അങ്ങ് അനേകം കണ്ടുപിടുത്തങ്ങൾ ചെയ്തിട്ടുണ്ടല്ലോ. അതിൽ ക്ലോറോഫോം കണ്ടു പിടിച്ചതാണോ ഏറ്റവും വലിയ കണ്ടുപിടുത്തം?"

അദ്ദേഹം പറഞ്ഞു: "മനുഷ്യനെ മയക്കുന്ന ക്ലോറോഫോം കണ്ടുപിടിച്ചതല്ല എന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം, എന്നെ മയക്കിയ ക്രിസ്തുവിനെ കണ്ടെത്തിയതാണ്!"

മഹാവലിയ ശാസ്ത്രജ്ഞനായ ജയിംസ് സിംസൺ പറയുന്നു: "എന്നെ യേശു മയക്കി" എന്ന്.

എന്റെ സഹോദരങ്ങളേ, ഇപ്പോൾ നിങ്ങളെ യേശു വശീകരിക്കട്ടെ. യേശുവിന്റെ സ്നേഹം നിങ്ങളെ സമീപിക്കട്ടെ. കുരിശിൽ ചൊരിഞ്ഞ രക്തത്തിന്റെ സ്നേഹം നിങ്ങളെ വശീകരിക്കട്ടെ. ആ രക്തത്തിന്റെ സ്നേഹത്താൽ നിങ്ങൾ വലയം ചെയ്യപ്പെടട്ടെ. നിങ്ങളുടെ ജീവിതം ക്രിസ്തു പരിപൂർണ്ണമായും വിശുദ്ധമാക്കിത്തീർക്കട്ടെ. നിങ്ങളെ കഴുകട്ടെ. കഴിഞ്ഞ കാലപാപങ്ങളെല്ലാം കഴുകിത്തരട്ടെ. കഴിഞ്ഞകാല കേടുകളെല്ലാം മാറ്റി ഒരു പുതിയ ജീവിതം നിങ്ങൾക്ക് കർത്താവ് തരട്ടെ. ഒരു സമാധാന ജീവിതം, സന്തോഷ ജീവിതം, സമൃദ്ധിയുള്ള ജീവിതം, ഐശ്വര്യ സമൃദ്ധമായ ജീവിതം ലഭിക്കട്ടെ.

# എട്ട്

നിങ്ങൾ ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന സമയം പരിശുദ്ധാത്മാവ് നിങ്ങളോട് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. പരിശുദ്ധാത്മാവ് ഓളം വെട്ടുന്ന നല്ല സമയത്താണ് നാം ഓരോരുത്തരും നമ്മെത്തന്നെ ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേയ്ക്ക് സമർപ്പിക്കേണ്ടത്. അല്ലാത്തപ്പോൾ ഒരുപക്ഷേ, നാം വിളിച്ചാൽ കിട്ടണമെന്നില്ല. നല്ല കൊയ്ത്തിന്റെ കാലമുണ്ട്. നല്ല വിളവെടുപ്പിന്റെ കാലമുണ്ട്. എന്നാൽ വരൾച്ചയുടെ കാലവുമുണ്ട്. വരൾച്ചയുടെ കാലത്ത് ചിലപ്പോൾ സംഭരിക്കാൻ പറ്റി എന്നു വരില്ല.

നല്ലകാലം നാം ഉപയോഗിക്കുക. നമ്മുടെ ഹൃദയം സമർപ്പിക്കാൻ നാം മറന്നുപോകരുത്. തീരാനഷ്ടം വന്നുപോകരുത്.

ഒരു വീട്ടിൽ പലപ്പോഴും ഒരതിഥി വരാറുണ്ടായിരുന്നു. ഇന്ന സമയത്തേ വരൂ എന്നില്ല. അദ്ദേഹം ഒരു യാത്രക്കാരനാണ്. യാത്ര ചെയ്തു വരുമ്പോൾ ആ വീട്ടിൽ കയറും, കുളിക്കും, ആഹാരം കഴിക്കും, കിടന്നുറങ്ങും, പിറ്റേദിവസം രാവിലെ പോവുകയും ചെയ്യും. യാത്രക്കാരനായ ആ അതിഥി വരുമ്പോഴെല്ലാം ആ വീട്ടിൽ സമൃദ്ധിയാണ്. അദ്ദേഹത്തിനൊരിക്കലും പഞ്ഞമുണ്ടായിട്ടില്ല. വരുമ്പോഴെല്ലാം ഭക്ഷണം കിട്ടും. സമ്പന്നമായൊരു വീടാണ്. എപ്പോൾ ചെന്നാലും ആഹാരം റെഡിയാണ്. കൊടുക്കാൻ തയ്യാറാണ്. കൊടുക്കുന്നത് സന്തോഷവുമാണ്.

ഈ വിരുന്നുകാരൻ ഒരു ദിവസം അർദ്ധരാത്രി വന്ന്

വാതിലിൽമുട്ടി. വാതിൽ അടച്ചുകഴിഞ്ഞിരുന്നു. കുറേ നേരം മുട്ടിയിട്ടേ അകത്തുനിന്നു ശബ്ദം കേട്ടുള്ളൂ. വീട്ടുകാരൻ എഴുന്നേറ്റു, അതിഥിയെ സ്വീകരിച്ചു. പക്ഷേ, വീട്ടുകാരന്റെ മുഖത്തൊരു പരിഭ്രമം. സാധാരണ എന്നും എന്തെങ്കിലും കൊടുക്കാൻ ഉണ്ടാകാറുള്ളതാണ്. ഇപ്രാവശ്യം അപ്പമോ അങ്ങനെയുള്ള സാധനങ്ങളോ ഒന്നുമില്ല. എന്തെങ്കിലും കിട്ടും എന്ന പ്രതീക്ഷ അതിഥിയ്ക്കുണ്ട്

അദ്ദേഹം കുളിക്കാൻ പോയി. വീട്ടുകാരന് വലിയ വിഷമം. എന്തുചെയ്യും? പെട്ടെന്നൊരു ചിന്തവന്നു. അയൽപ ക്കത്തൊരു വീടുണ്ട്. സമ്പന്നനായൊരു മനുഷ്യൻ. ദയാലു വാണ്. അർദ്ധരാത്രിയാണ്, എന്നാലും പോയി ചോദിക്കാം. പോയി വാതിൽക്കൽ മുട്ടി. അവിടെയും വാതിൽ തുറക്കാൻ മടിച്ചു. ആരാ? എന്താവിശേഷം? പറഞ്ഞു: “എന്റെ വീട്ടിൽ ഒരതിഥി വന്നിട്ടുണ്ട്. അദ്ദേഹം കുളിക്കാൻ പോയിരിക്കുകയാ ണ്. കുളിച്ചിട്ടു വരുമ്പോഴേക്കും എന്തെങ്കിലും ആഹാരം കൊടുക്കണം. മിക്കപ്പോഴും വരുന്നതാണ്. എന്നു വന്നാലും എന്തെങ്കിലും കൊടുക്കുന്നതാണ്. ഇന്ന് ഒന്നുമില്ല. എനിക്ക് മൂന്നപ്പം വായ്പ തരാമോ?”

വീട്ടുകാരൻ പറഞ്ഞു: “ഒരു നിർവ്വാഹവുമില്ലല്ലോ. കുഞ്ഞുങ്ങൾ എന്റെ കൂടെ കിടക്കുകയാണ്. കൊച്ചു കുട്ടിക ളാണ്. ഞാൻ എഴുന്നേറ്റു പോയാൽ അവർ കരയും. പറ്റില്ല, നിങ്ങൾ കാത്തുനിൽക്കേണ്ട, പൊയ്ക്കോ.” “അയ്യോ, അങ്ങനെ പറഞ്ഞാൽ പറ്റില്ലല്ലോ. അദ്ദേഹം ഇപ്പോൾ കുളിച്ചിട്ടു വരും.” “ഇല്ല സ്നേഹിതാ ഇല്ല, നിർവ്വാഹമില്ല. കുഞ്ഞുങ്ങൾ എന്റെ കൂടെ കിടക്കുന്നു അവർ കരയും, പ്രശ്നമാകും. ഈ അർദ്ധ രാത്രിക്ക് സാധിക്കില്ല.”

“അയ്യോ, അങ്ങനെ പറയല്ലേ.” ഇദ്ദേഹം വാതിലിൽ തെരുതെരെ മുട്ടിക്കൊണ്ടിരിക്കയാണ്. വാതിൽ തുറക്കുന്നതു മില്ല. ലജ്ജകൂടാതെ നാണംകെട്ടു മുട്ടുകയാണ്.

കുറച്ചുകൂടി കഴിഞ്ഞപ്പോൾ ഗൃഹനാഥൻ എഴുന്നേറ്റു. ധൃതിപിടിച്ച് വേഗം ചെന്ന് വാതിൽ തുറന്നു. അലമാരി ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അതിനകത്ത് അപ്പമിരിപ്പുണ്ട്. വേണ്ടുവോളം എടുത്തുകൊണ്ടുപൊയ്ക്കോ." വാതിൽ തുറന്നിട്ടിട്ട് അദ്ദേഹം കിടക്കാൻ പോയി.

മൂന്നപ്പമേ ചോദിച്ചുള്ളൂ, വാതിൽ തുറന്നിട്ടു. തുറന്നവാതിൽ, തുറന്ന അടുക്കള, തുറന്ന അലമാരി. തുറന്ന അനുഭവം.

പ്രിയപ്പെട്ടവരേ, വേദപുസ്തകത്തിലെ ഒരു കഥയാണിത്. ഇതു നമ്മുടെ ജീവിതത്തിൽ ഇന്നു സാധിക്കണം. ലജ്ജകൂടാതെ മുട്ടിക്കൊണ്ടിരിക്കണം. കർത്താവേ, മൂന്നപ്പം വായ്പ തരണം. അതിഥിക്കു കൊടുക്കാൻ ഒന്നുമില്ല. കർത്താവേ, വിശന്നു പൊരിഞ്ഞു വരുന്ന ഒരു കൂട്ടം ജനമുണ്ട്. അത്താഴപ്പട്ടിണിക്കാർ, ദീർഘയാത്രചെയ്തു ക്ലേശിച്ചു വിഷമിച്ചു വരുന്നവർ, സമാധാനത്തിനുവേണ്ടി കൊതിച്ചു വരുന്നവർ, ഒരിറ്റാശ്വാസത്തിനായി ആഗ്രഹിച്ചു വരുന്നവർ. എന്റെ കൈയിൽ കൊടുക്കാൻ ഒന്നുമില്ലല്ലോ.

കർത്താവേ, സഭയിലെല്ലാം പള്ളികളുണ്ട് പക്ഷേ, ആഹാരമില്ലല്ലോ. സഭയിൽ മദ്ധ്യസ്ഥപ്രാർത്ഥനകളുണ്ട്, പെരുന്നാളുകളുണ്ട്, സുറിയാനിയിലും മലയാളത്തിലുമുള്ള പ്രമിയോനുകളും സെദറാകളുമുണ്ട്, മനോഹരമായ ഗീതങ്ങളുണ്ട് പക്ഷേ, ആത്മാവിന്റെ ഭക്ഷണമില്ലല്ലോ. ഇവയുടെ അർത്ഥവും സന്ദേശവും കൊടുക്കുവാനുള്ള സംവിധാനങ്ങൾ വിരളമാണല്ലോ.

എന്റെ കർത്താവേ, എന്റെ വീട്ടിൽ അതിഥിക്കു കൊടുക്കാൻ ഒന്നുമില്ല എന്നു പറഞ്ഞ് നിങ്ങൾ ലജ്ജകൂടാതെ മുട്ടിയാൽ കരുണയുള്ള കർത്താവ് എഴുന്നേൽക്കും. അവൻ അടുക്കള തുറന്നുതരും, കലവറ തുറന്നു തരും. അനുഗ്രഹത്തിന്റെ ശ്രീഭണ്ഡാരം തുറന്നു തരും. നിങ്ങൾ മൂന്നപ്പമേ വായ്പ ചോദിച്ചുള്ളൂ. ഇഷ്ടം പോലെ എടുത്തു കൊള്ളാൻ പറയും.

എന്റെ കോപമൊന്നു മാറ്റിത്തരണമേ, എന്റെ മദ്യപാനം

ഒന്നു മാറ്റിത്തരണമേ, എന്റെ വീട്ടിൽ രോഗിയായി കിടക്കുന്ന എന്റെ കുഞ്ഞിന് സൗഖ്യം തരണമേ, എന്റെ വീട്ടിലെ കലഹം ഒന്നുമാറ്റിത്തരണമേ, ഇപ്പോഴും ഭാവി എന്തെന്നറിയാതെ ഹോസ്പിറ്റലിൽ കിടക്കുന്ന എന്റെ മകന് സൗഖ്യം തരണേ, ഒരു കുഞ്ഞില്ലാതെ അലഞ്ഞു വിഷമിക്കുന്ന എനിക്ക് ഒരു കുഞ്ഞിനെ തരണമേ, കർത്താവേ, ഈ പെരിയ കടമൊന്നു മാറ്റിത്തരണമേ നിങ്ങൾ മുട്ടിപ്പായി ചോദിച്ചുകൊള്ളൂ.

സ്വർഗ്ഗത്തിലെ ദൈവം കലവറ തുറക്കും. പ്രിയമുള്ളവരേ, നിറവായി നിങ്ങൾക്കു തരാൻ അനുഗ്രഹത്തിന്റെ ശ്രീഭണ്ഡാരം നിങ്ങൾക്കായി തുറന്നു തരും.

മന്നവനേ മശിഹാ!
സതതം തവകരുണാ-
വാതിലിൽ മുട്ടുന്നേൻ
ധനികാ നിൻ നിധി നിലയത്തീ-
ന്നേകണമേ കൃപയും വാഴ്‌വും
നീയെൻ ഗതി, തുണ ചെയ്യുക, നിൻ
സാക്ഷിയെ ലജ്ജിതനാക്കരുതേ
ശരണവുമെ-ന്നാശ്രയവും നീയേ

ധനികാ, സമ്പന്നനായുള്ളോവേ, നിന്റെ നിധിനിലയത്തിൽ നിന്നും നിന്റെ സ്വർഗ്ഗീയനിധിയുടെ ശ്രീഭണ്ഡാരത്തിൽനിന്നും എനിക്ക് കൃപയും വാഴ്‌വും നൽകണമേ. കൃപയും അനുഗ്രഹവും നൽകണമേ.

എനിക്കു ചില ആവശ്യങ്ങളുണ്ട് കർത്താവേ. ഞാൻ പറയാതെ എന്റെ ആവശ്യങ്ങൾ നിനക്കറിയാമല്ലോ. യേശുവേ, ഇന്നു നിന്റെ തൃക്കരം, അനുഗ്രഹത്തിന്റെ കരം നീട്ടണമേ. നാഥാ, ഈ അഗതിയുടെമേൽ, നിസ്സാരനായ എന്റെമേൽ നിന്റെ കരമൊന്നുവയ്ക്കേണമേ.

ഇന്ന് സ്വർഗ്ഗം തുറന്ന് നിങ്ങളുടെ ആഗ്രഹങ്ങൾ സാധിക്കുന്ന ദിവസമാണ്! ആഗ്രഹിക്കുന്ന ശുഭതുറമുഖത്ത്

നിങ്ങളെ എത്തിക്കുന്ന ദിവസം! ഹൃദയത്തിലെ വിഷാദഭാവങ്ങൾ മാറ്റുന്ന ദിവസം! ഭയപ്പാടുകളും ഭീതികളും മാറ്റുന്ന ദിവസം! ശരീരത്തിലെ രോഗങ്ങൾ മാറ്റുന്ന ദിവസം! കടത്തിന്റെ ഭീകരമായ വിപത്തിൽനിന്നും നിങ്ങൾക്ക് മോചനം തരുന്ന ദിവസം!

> *"സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അരമുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക. യഹോവ യാക്കോബിന്റെ മഹിമയെ യിസ്രായേലിന്റെ മഹിമയെപ്പോലെ യഥാസ്ഥാനത്താക്കും."*
>
> *നഹൂം 2 :1, 2*

യഹോവ യാക്കോബിന്റെ മഹിമയെ, യിസ്രായേലിന്റെ മഹിമയെപ്പോലെ യഥാസ്ഥാനത്താക്കും.

സ്ഥാനചലനം സംഭവിച്ചു പോയിട്ടുള്ളത് യഥാസ്ഥാനത്താക്കും. യഹോവ തന്റെ ജനത്തിന്റെ, യിസ്രായേൽ ജനത്തിന്റെ മഹിമയെ യഥാസ്ഥാനത്താക്കും. മഹത്വം നഷ്ടപ്പെട്ടവർക്ക് സ്നേഹം തിരികെ കിട്ടും. സമാധാനം നഷ്ടപ്പെട്ടവർക്ക് സമാധാനം തിരികെ കിട്ടും.

യിസ്രായേലേ, മടങ്ങിവരിക. വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങിവരിക. വിശ്വാസപാതകിയായ യഹൂദയേ, മടങ്ങി വരിക. മടങ്ങി വരിക എന്ന് യഹോവ വിളിക്കുന്നു.

സ്വർഗ്ഗത്തിന്റെ സ്നേഹാർദ്രമായ വിളി. ആ സ്നേഹമോലുന്ന വിളിയുടെ ശബ്ദം മുഴങ്ങുന്നത് ഗോഗുൽത്തായിലെ മരക്കുരിശിൽ നിന്നാണ്. "എനിക്കു ദാഹിക്കുന്നു!"

എന്റെ സ്നേഹിതാ, നിനക്കു വേണ്ടിയാണ് യേശു ദാഹിക്കുന്നത്. യൗവ്വനക്കാരാ, നിനക്കു വേണ്ടിയാണ് യേശു ദാഹിക്കുന്നത്. നീ ഇന്നു വേറെ പല ദാഹങ്ങളുടേയും പിന്നാലെ നടക്കുകയാണ്. ശരീരത്തിന്റെ ദാഹങ്ങൾ! ശരീരത്തിന്റ മോഹ

ങ്ങൾ!

മോളേ, നിന്റെ ജീവിതത്തിൽ പലതരത്തിലുള്ള ദാഹങ്ങളുണ്ട്. എല്ലാം കെട്ടുപോകുന്ന ദാഹങ്ങളാണ്. അതെല്ലാം നരകത്തിന്റെ ഭീകരതയിലേക്ക് നിന്നെ വലിച്ചിഴക്കുന്ന ദാഹങ്ങളാണ്. അതെല്ലാം വിട്ടിട്ട് യഹോവയ്ക്കുവേണ്ടി ദാഹിക്കുക.

കർത്താവു പറയുന്നു: എനിക്ക് ദാഹിക്കുന്നു. ലോകത്തെമ്പാടുമുള്ള അനേകജനകോടികളെ യേശുക്രിസ്തു ദാഹത്തോടെ വിളിക്കുന്നു. യേശുക്രിസ്തു നിങ്ങൾക്കോരോരുത്തർക്കും വേണ്ടി ദാഹിക്കുന്നു. നിങ്ങളുടെ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. നിങ്ങളുടെ ഹൃദയത്തിന്റെ വിശ്വാസത്തിനുവേണ്ടി ദാഹിക്കുന്നു. നിങ്ങളുടെ ജീവിതത്തിന്റെ പ്രത്യാശയ്ക്കുവേണ്ടി ദാഹിക്കുന്നു. നിങ്ങൾ ക്രിസ്തുവിലേക്കു മടങ്ങിവരുവാൻ ദാഹിക്കുന്നു.

ദു:ഖവെള്ളിയാഴ്ച ദിവസം നാം പാടുമല്ലോ. ആ സമയം, യേശുക്രിസ്തു ദാഹിക്കുന്നു എന്നുപറഞ്ഞ് വെള്ളം ചോദിച്ച സമയം ദയനീയമായിരുന്നു. ശപിക്കപ്പെട്ട സമൂഹം, ശപ്തസമൂഹം, അവന് കയ്പുള്ള വീഞ്ഞും കാടിയുമാണ് കൊടുത്തത്. നാമും അതല്ലേ കൊടുത്തുകൊണ്ടിരുന്നത്?

ആ-സമയം ദയനീ-യം!
വിട്ടു-മശിഹാ പുരി യേറൂശലേം
രോഗങ്ങളെയങ്ങാറ്റിയതിൻ -പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ-കൊണ്ടിഹ പോയി-ധൃഷ്ടന്മാർ.

ആ-സമയം ദയനീ-യം!
നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും-കാടിയുമേ-കി
തൻ നാ-ദത്താൽ-ആഴിയുമാഴവുമഞ്ഞി.

ആഴികളെ മെനഞ്ഞവനാണ് എനിക്ക് ദാഹിക്കുന്നു എന്നു പറയുന്നത്. ആഴങ്ങളെ സൃഷ്ടിച്ചവനാണ് എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞത്. എനിക്കു ദാഹിക്കുന്നു എന്നു

പറഞ്ഞവൻ എല്ലാ ജലാശയങ്ങളേയും നിർമ്മിച്ചവനാണ്. ആകാശഗോളങ്ങളെ മെനഞ്ഞവനാണ്. ഈ അന്തരീക്ഷത്തെ സൃഷ്ടിച്ചവനാണ്. സൂര്യചന്ദ്രനക്ഷത്രാദികളെ മെനഞ്ഞവനാണ്. സർവ്വചരാചരങ്ങളേയും സൃഷ്ടിച്ചവനാണ്. ഈ ചരാചരങ്ങളിലുള്ള സകലത്തേയും മെനഞ്ഞവൻ. ആ സ്രഷ്ടാവായ ദൈവം കുരിശിന്മേൽ ബന്ധിതനായി കിടന്നുകൊണ്ട്, ആണികളാൽ കെട്ടപ്പെട്ടവനായി കിടന്നുകൊണ്ട് കരയുകയാണ്: “എനിക്കു ദാഹിക്കുന്നു.”

പ്രിയപ്പെട്ടവരേ, പൂർവ്വകാല പുണ്യപിതാക്കന്മാർക്കെല്ലാം അറിയാമായിരുന്നു. അവർ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു. ഇന്ന് പലതും കൈമോശം വന്നുപോയി. ഇതിന്റെയൊക്കെ അർത്ഥമറിയാവുന്നവർ എത്രപേരുണ്ട്? അയ്യോ അവിടെ ഇരുട്ടാണ് എന്ന് വെറുതെ പറഞ്ഞുകൊണ്ടിരുന്നിട്ടു കാര്യമില്ല. It is better to light a candle than to curse the darkness. എന്നാൽ നമുക്ക് ഒരു ചെറുതിരി കത്തിക്കാം.

നമ്മുടെ കൈയിൽ ഒരു കൊച്ചു മെഴുകുതിരി കത്തിച്ചുതന്നിട്ടുണ്ട്. മിന്നാമിനുങ്ങിന്റെ ഒരു ചെറിയ പ്രകാശം പോലെ. സൂര്യനെപ്പോലെ ജ്വലിച്ചു പ്രകാശിക്കാനുള്ള കഴിവൊന്നും ഈ കൊച്ചു മിന്നാമിനുങ്ങിനില്ല. പക്ഷേ, ഒരിറ്റു വെളിച്ചമതിനുണ്ട്. ജീവനുള്ളിടത്തോളം ആ വെളിച്ചം നിലനിൽക്കും. മിന്നാമിനുങ്ങ് ചത്താൽ വെളിച്ചവും പോകും.

സഹോദരങ്ങളേ, നിങ്ങളുടെ കൈയിൽ വെളിച്ചമുണ്ടോ? യേശുക്രിസ്തുവിന്റെ കൈയിൽനിന്ന് സുബോധത്തിന്റെ വെളിച്ചം നിങ്ങൾ വാങ്ങിയോ?

കുരിശിൽ കിടന്നുകൊണ്ട് കർത്താവു ദാഹിക്കുന്നു എന്നുപറഞ്ഞത്, നമ്മുടെ ഓരോരുത്തരുടേയും ആത്മാക്കൾക്കു വേണ്ടിയാണ്. മനുഷ്യാത്മാക്കൾക്കു വേണ്ടിയുള്ള ദാഹം! ഈ ദാഹം നാം തിരിച്ചറിയുമ്പോഴാണ് വചനത്തിലേക്കു നാം ഓടി അടുക്കുന്നത്. വചനം നമുക്ക് മധുരമായി തീരുമ്പോഴാണ് കർത്താവിന്റെ ദാഹം മാറുന്നത്. അനേകർക്ക്

ഈ വചനം കൊടുക്കണമെന്നുള്ള ദാഹം വരുന്നത്. സുവിശേഷവേല ചെയ്യാനുള്ള ആഗ്രഹം നമുക്കു വരുന്നു. അങ്ങനെ ഈ വചനം അനേകർക്കു നാം വിതരണം ചെയ്യുന്നു.

സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. നീ നിന്നെത്തന്നെ സൂക്ഷിക്കേണ്ടതാവശ്യമാണ്. സംഹാരകൻ കൊല്ലാനാണ് വരുന്നത്.

സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. ആരാണ് നിന്നെ കൊല്ലാൻ കൊണ്ടുപോകുന്നത്? ആരാണ് നിന്നെ നശിപ്പിക്കാൻ കൊണ്ടുപോകുന്നത്? നീ വിചാരിച്ചു ആ ചെറുപ്പക്കാരനു നിന്നെ വലിയ സ്നേഹമാണെന്ന്. എന്തുനല്ല മധുരവാക്കുകളാണ് അവൻ പറയുന്നത്? ധാരാളം സ്വത്തുണ്ട്, നല്ല വിദ്യാഭ്യാസമുണ്ട് എന്നൊക്കെയല്ലേ പറഞ്ഞു ധരിപ്പിക്കുന്നത്.

അവൻ 10-ാം ക്ലാസ്സ് പോലും പാസ്സായിട്ടില്ല. പക്ഷേ, അവൻ പറയുന്നത് Ph.D.ക്ക് റിസർച്ച് ചെയ്യുകയാണെന്നാണ്. പാവം പെൺകൊച്ചതു വിശ്വസിച്ചു. സംഹാരകൻ വന്നു പിടികൂടിക്കൊണ്ട് പോവുകയായിരുന്നു. പാവം പെൺകുട്ടി അനേകരുടെ കളിപ്പന്തായി മാറി. അവന് രൂപ കിട്ടിയാൽ മതി. അവന്റെ ശരീരത്തിന്റെ മോഹം ശമിപ്പിക്കണം, രൂപയും കിട്ടണം. അനേകർക്ക് ഈ പാവം പെൺകൊച്ചിനെ അവൻ കാഴ്ച കൊടുത്തു. അവളുടെ ശരീരം നശിച്ചു; അവളുടെ ഭാവിയും നശിച്ചു.

സംഹാരകൻ കൊല്ലാൻ, നശിപ്പിക്കാൻ കൊണ്ടുപോവുകയാണ്. ഭാവി ഇരുളടഞ്ഞുപോവുകയാണ്. ഇതെല്ലാം ചിന്തിക്കാൻ ആർക്കുനേരം? എല്ലാവർക്കും ബദ്ധപ്പാടല്ലേ? ജോലിത്തിരക്കല്ലേ? മക്കൾ എങ്ങോട്ടുപോകുന്നു? ചിന്തിക്കുന്നുണ്ടോ? മക്കളുടെ ഭാവി എന്താണെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? മക്കൾ കാണുന്ന കാഴ്ച എന്താണെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? മക്കൾ ചീത്ത പടങ്ങൾ കാണുന്നുണ്ടോ? മക്കൾ മ്ലേച്ഛമായ വഴികളിലേക്കു പോകുന്നുണ്ടോ?

പ്രിയപ്പെട്ടവരേ, നമ്മുടെ തലമുറയെക്കുറിച്ച് നമുക്കു വിചാരം വേണം. തലമുറയെ നേർവഴിക്കു നമ്മൾ നടത്തണം. മക്കളെ സ്നേഹിച്ചും ശാസിച്ചും ശിക്ഷിച്ചും വളർത്തണം. സ്നേഹിക്കണം. അവരോട് പരുഷമായി ഇടപെടരുത്. മക്കളോട് സ്നേഹമായി വേണം ഇടപെടാൻ. അവർക്കും വ്യക്തിത്വമുള്ളവരാണ്. അവർക്കും വ്യക്തിസ്വാതന്ത്ര്യം ഉള്ളവരാണ്. അവരോടിടപെടുമ്പോൾ നാം ക്രൂരരായി പോകരുത്. നിങ്ങൾ അവരെ സ്നേഹിക്കുന്നു എന്ന് അവർക്കു മനസ്സിലാകണം. പലപ്പോഴും സ്നേഹമുണ്ടെങ്കിലും നാമതു പ്രകടിപ്പിക്കാറില്ല.

സ്നേഹം പ്രകടിപ്പിക്കണം. സ്നേഹം കൊടുക്കണം. ഭാര്യ ഭർത്താവിന് സ്നേഹം കൊടുക്കണം. ഭാര്യയ്ക്ക് ഉള്ളിൽ സ്നേഹമുണ്ട് ശരിയാണ് പക്ഷേ, ഭർത്താവിന് സ്നേഹം കൊടുക്കുന്നില്ല. സ്നേഹം കൊടുക്കണം. അദ്ദേഹത്തിന്റെ നന്മകൾ പ്രകീർത്തിക്കണം.

ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. നല്ല സ്നേഹം ഉള്ളിലുണ്ട് പക്ഷേ, അവളുടെ നന്മകൾ ഒന്നും എടുത്ത് പറയില്ല. അവളുടെ നന്മകൾ, അവളുടെ പ്ലസ്പോയിന്റുകൾ എടുത്തുപറഞ്ഞ് അവളെ അഭിനന്ദിക്കണം.

കുടുംബം ഐശ്വര്യമായിത്തീരണം. ഒരിക്കലും ആരേയും വേദനപ്പെടുത്തരുത്. മുറിപ്പെടുത്തരുത്. നന്മകാണുന്നതെല്ലാം നാം ആസ്വദിക്കയും അഭിനന്ദിക്കുകയും ചെയ്യണം. നന്മയെ നാം പ്രോത്സാഹിപ്പിക്കണം.

എന്തെല്ലാമാണ് സംഹാരകൻ ചെയ്യാൻ പോകുന്നത്? അന്തിക്രിസ്തുവിന്റെ ആത്മാവ് ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്.

> *"അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടു വരും."*
>
> *2 തെസ്സലൊനിക്യർ 2 : 7, 8*

അപ്പൊസ്തലനായ പൗലൊസ് പറയുന്നു: അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. അന്തിക്രിസ്തുവിന്റെ ആത്മാവ് ഇപ്പോഴേ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഞാൻ ദൈവമാണെന്നു പറയുന്ന സ്ത്രീയോ പുരുഷനോ ഉണ്ട്. ദൈവമാണെന്നാണ് പറയുന്നത്. ആൾ ദൈവങ്ങൾ എഴുന്നേൽക്കുന്നു.

ആളെ തള്ളിവീഴിക്കുന്ന ആത്മീയ ശുശ്രൂഷകൾ! ആളെ മയക്കിയെടുക്കുന്ന ശുശ്രൂഷകൾ. ഇതൊന്നുമല്ല സുവിശേഷം. അതെല്ലാം വെറും ഇന്ദ്രജാലമെന്ന് വേണമെങ്കിൽ പറയാം. വെറും മാജിക്കുകൾ. പാവപ്പെട്ട മനുഷ്യനെ വഞ്ചിക്കുന്ന ചില കൊള്ളരുതായ്മകൾ. സാധുക്കളായ ആളുകളെ കബളിപ്പിക്കുന്ന ചില കാര്യങ്ങൾ.

എന്നാൽ മനുഷ്യനു കൊടുക്കേണ്ടത് യേശുവിനെയാണ്. രക്ഷകനായ യേശുവിനെ ജനത്തിനു കൊടുക്കണം. അതാണ് സുവിശേഷ പ്രസംഗം.

നിങ്ങൾ ഓരോരുത്തരും സുവിശേഷം പറയുന്നവരായിത്തീരണം. നിങ്ങളുടെ നാവിൽ, നിങ്ങളുടെ തലച്ചോറിൽ, നിങ്ങളുടെ ഓരോ കോശത്തിലും സുവിശേഷം ജ്വലിച്ചു നിൽക്കണം. യേശുക്രിസ്തു നിങ്ങളുടെ ഓരോ അവയവത്തിലും ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ തിരുശരീരം നമ്മുടെ ശരീരത്തിന്റെ അംശമായി തീരണം. ഇങ്ങനെ യേശുവിൽ ലയിക്കുന്ന ഒരനുഭവം നമുക്കു വരണം. അപ്പോൾ നമ്മിൽനിന്ന് പാപങ്ങളൊക്കെ മാറിപ്പോകും.

സ്നേഹിതാ, നീ ഇന്നു ജീവിച്ചിരിക്കുന്നത്, നീ ഇത്രയും സമാധാനമനുഭവിക്കുന്നതെന്തുകൊണ്ടാണ്? അന്തിക്രിസ്തുവിന്റെ പ്രവർത്തനം നിന്നിൽ വ്യാപരിക്കാതെ ക്രിസ്തുവിന്റെ കരം തടുത്തുകൊണ്ട് നിൽക്കുകയാണ്. പരിശുദ്ധാത്മാവ് നിനക്ക് തുണയായി നിൽക്കുകയാണ്. അതുകൊണ്ടാണ് നിനക്കു സമാധാനം കിട്ടിയത്. അതൊരു കൃപയാണ്. അതൊരു ഭാഗ്യമാണ്.

യേശുക്രിസ്തുവിന്റെ ആത്മാവ് നമ്മെ കാത്തുകൊണ്ട് നിൽക്കുന്നു. അന്തിക്രിസ്തുവിന്റെ ആത്മാവ് നമ്മെ നശിപ്പിച്ചു കളയാതിരിക്കാൻ, സംഹാരകൻ നമ്മെ നശിപ്പിച്ചു കളയാതിരിപ്പാൻ യേശുക്രിസ്തു നമ്മെ തന്റെ തൃക്കരങ്ങളിൽ വലയം ചെയ്ത് നിർത്തിയിരിക്കുന്നു.

അന്തിക്രിസ്തു വെളിപ്പെടാൻ പോകുന്നു. ഭയങ്കരമായ ഒരു കാലം വരാൻ പോകുന്നു.

ഏകാധിപത്യങ്ങൾ വരുന്നു. തനിക്കു തോന്നിയതുപോലെയുള്ള ഭരണങ്ങൾ. ഓരോ രാഷ്ട്രീയ പാർട്ടിയും അവരുടെ സ്വാർത്ഥതാത്പര്യങ്ങൾ നേടിയെടുക്കാനുള്ള ഭരണങ്ങൾ.

നമുക്കിവിടെ എന്താണ് ചെയ്യാനുള്ളത്? അന്തിക്രിസ്തുവിനെ, സംഹാരകനെ തടുത്തുനിർത്തുന്ന കർത്താവായ യേശുവിനെ നമുക്ക് ചേർത്തണക്കാം. യേശുക്രിസ്തുവിനെ സ്വീകരിച്ച് നമ്മുടെ നാഥനായി അംഗീകരിക്കാം.

യേശുക്രിസ്തുവിനോട് ചേരുക. ക്രിസ്തുവിന്റെ പക്ഷത്തേക്ക് ചേരുക. നാശത്തിന്റെ വഴിയിലൂടെ ഒരു വലിയ കൂട്ടം ജനം നിത്യനാശത്തിലേക്ക് ഒഴുകിയൊഴുകിപ്പോകുന്നു. എന്താണ് സംഭവിക്കാൻ പോകുന്നത്? പാവങ്ങൾ, ഒന്നുമറിയുന്നില്ല.

സുവിശേഷവേല ഒരേ ഒരു കാര്യത്തിനുവേണ്ടിയാണ്. അനേകർ രക്ഷകനെ കണ്ടെത്തണം. അനേകർ യേശുവിനെ കണ്ടെത്തണം. വേറൊരു ലക്ഷ്യവുമില്ല.

ആകെ ഇത്രമാത്രം. യേശുക്രിസ്തുവിന്റെ ചിറകടിയിൽ ചേർന്നു നിന്ന്, ആ കൈക്കീഴിൽ ചേർന്നുനിന്ന് സംഹാരകന്റെ സംഹാരത്തിൽ നിന്ന് മറ തേടുന്നു.

എന്റെ ബഹുമാന്യ സഹോദരങ്ങളേ, നിങ്ങൾക്കും ആ കുരിശിൻ ചുവട്ടിലേക്ക് അണഞ്ഞു വരാം. യേശു നിങ്ങളെ സ്നേഹിക്കുന്നു. യേശു നിങ്ങളെ വിളിക്കുന്നു.

വർഷങ്ങൾക്കുമുമ്പ് യേശു എന്നെ വിളിച്ചു. ഞാൻ നിരാശനായിരുന്ന കാലത്ത്, അപകർഷതാബോധംകൊണ്ട് വലഞ്ഞകാലത്ത്, ഞാൻ അനാഥനായി പോയല്ലോ എന്നു പറഞ്ഞ് കരഞ്ഞകാലത്ത് യേശു എന്നെ വിളിച്ചു. എന്റെ അപ്പന്റെ ജ്യേഷ്ഠന്മാരും എന്റെ കൊച്ചപ്പൻമാരും എല്ലാം എന്നെ വളരെ സഹായിച്ചു. എന്നാലും അപ്പനില്ല എന്നത് നിസ്സാരമല്ല.

ഒരു വയസ്സിൽ അപ്പൻ നഷ്ടപ്പെട്ട സാധുമനുഷ്യൻ! കരഞ്ഞു തളർന്ന മനുഷ്യൻ! എനിക്കാശ്വാസം ഗോഗുൽത്തായിലെ ക്രൂശിൻ ചുവട്ടിൽ കിട്ടി. ആ അത്ഭുതസ്നേഹം എന്നെ ആകർഷിച്ചു. കർത്താവ് ഒരു ബദ്ധപ്പാടും കാണിക്കാതെ എന്നെ ചേർത്തണച്ചു. ഞാൻ വരാനായി വഴിയോരത്തവൻ ഒരു പഥികനെപ്പോലെ കാത്തുനിന്നു!

ഞാൻ മനസ്സുനൊന്ത് വിങ്ങി നടന്നു വരുമ്പോൾ, അനാഥനായിപ്പോയല്ലോ എന്നു പറഞ്ഞ് കരഞ്ഞുകൊണ്ടുവരുമ്പോൾ അവൻ എന്നെ ചാടിപ്പിടിച്ചു. അവൻ എന്നെ ഒക്കത്തെടുത്തു. പിന്നെ എന്നെ നിലം തൊടീച്ചില്ല. അവൻ എന്നെ എടുത്തുകൊണ്ട് നടന്നു.

തള്ളയാടുകളെ നടത്തിയും കുഞ്ഞാടുകളെ ഒക്കത്തെടുത്തും കൊണ്ടുവരുന്നതുപോലെ എന്നെ അവൻ കൂടെ കൊണ്ടുനടന്നു. ഇന്നു ഞാൻ സമാധാനമനുഭവിക്കുന്നു. പതിനേഴാമത്തെ വയസ്സിൽ കിട്ടിയ സമാധാനം ഒട്ടും പോകാതെ ഇന്നും ആ സമാധാനം നിറഞ്ഞ് കിട്ടുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരെല്ലാം എന്റെ സഹോദരങ്ങളാണ്. നിങ്ങൾ ഇന്ന് എന്തു തീരുമാനിക്കുന്നു? നിങ്ങൾ പ്രാർത്ഥിക്കുമോ? കർത്താവേ, ആ തൃക്കരത്തിന്റെ കീഴെ, എന്റെ പാപങ്ങളോട് യാത്രപറഞ്ഞ് ഇതാ ഞാൻ വരുന്നു. എന്നെ കെട്ടിയിട്ടിരിക്കുന്ന പാപങ്ങളോട് യാത്രപറയുന്നു. എന്റെ പാപത്തിന്റെ ബന്ധനങ്ങളെ അഴിക്കുവാൻ യേശുവേ, നിനക്കുമാത്രമേ കഴിയൂ.

എന്റെ മദ്യപാനം മാറ്റണമേ. ദുശ്ശീലങ്ങൾ മാറ്റേണമേ. അശുദ്ധ സ്വഭാവം മാറ്റണമേ. അരുതാത്ത ബന്ധങ്ങൾ മാറ്റണമേ. എന്റെ ഹൃദയത്തെ നശിപ്പിക്കുന്ന പാപത്തിന്റെ വേരുകൾ പറിച്ചു കളയണമേ. പാപത്തിന്റെ അന്ധകാരശക്തി എന്നിൽ നിന്നും മാറ്റിത്തരണമേ. യേശുവേ, തൃക്കരം എന്റെ മേൽ വയ്ക്കണമേ.

ദുഷ്ടപ്പിശാചുക്കളുടെ കെണിയിൽനിന്നും എനിക്കു വിടുതൽ തരണമേ. സമാധാനമുള്ള, ഐക്യമുള്ള, സ്നേഹമുള്ള ഒരു കുടുംബജീവിതം നീ എനിക്കു നൽകണമേ. എനിക്ക് ശോഭനമായൊരു ഭാവി തരണമേ. എന്റെ കുഞ്ഞുങ്ങളെ നീ അനുഗ്രഹിക്കണമേ. അവരുടെ മേൽ നിന്റെ തൃക്കരം വയ്ക്കണമേ. അവരെയും നിന്റെ വേലക്കാരാക്കി, നിനക്കു പ്രയോജനമുള്ളവരാക്കിത്തീർക്കണമേ.

സ്വർഗ്ഗം തുറക്കട്ടെ. മാലാഖമാർ എഴുന്നള്ളി വരട്ടെ. സ്വർഗ്ഗീയസേനകൾ ഗണംഗണമായി ഇറങ്ങിവരട്ടെ. രാജാധിരാജൻ ഇപ്പോൾ നമ്മുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിവരട്ടെ. പരിശുദ്ധാത്മാവ് നമ്മുടെ ഇടയിൽക്കൂടി സഞ്ചരിക്കട്ടെ. പരിശുദ്ധാത്മാവ് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരട്ടെ. പരിശുദ്ധാത്മാവ് തന്റെ തൃക്കരം നീട്ടി നിങ്ങളെ അനുഗ്രഹിക്കട്ടെ. പരിശുദ്ധാത്മാവിന്റെ കാറ്റ് നിങ്ങളുടെമേൽ ഊതട്ടെ. ആത്മാവിന്റെ കാറ്റൂതി നിങ്ങളുടെ ഹൃദയത്തിലുള്ള വിഷാദഭാവങ്ങളെല്ലാം ദൂരീകരിക്കട്ടെ. ഹൃദയത്തിൽ ഐശ്വര്യം പുലരട്ടെ. ഹൃദയത്തിൽ സമാധാനം പകരട്ടെ.

## ഒൻപത്

നാം സംഹാരകനിൽ നിന്നും രക്ഷപ്പെടണമെങ്കിൽ എപ്പോഴും വിനയാന്വിതരായിരിക്കണം. ഞാൻ എന്തുള്ളൂ എന്ന എളിമ വേണം. ഞാൻ എത്ര നിസ്സാരനാണെന്നുള്ള സുബോധം വേണം. ഒരു പ്രതിസന്ധി വന്നാൽ പതറിപ്പോകാനേയുള്ളു ഞാൻ എന്നു മനസ്സിലാക്കിയിരിക്കണം. പ്രശ്നത്തിന്റെ മുഖത്ത് എത്തിക്കഴിഞ്ഞാൽ ഞാൻ അമ്പരപ്പിലാകുന്ന മനുഷ്യനാണ്. എനിക്ക് സ്വന്തം ശക്തി ഒന്നുമില്ല. ദൈവത്തിന്റെ കൃപയുണ്ടെങ്കിലേ എനിക്ക് നിൽക്കാൻ പറ്റൂ എന്നുള്ള ഒരു ബോദ്ധ്യം വേണം.

"ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു, നിശ്ചയം" സങ്കീർത്തനം 39 : 4 – 8.

നമുക്കാർക്കും അഹങ്കരിക്കാൻ ഒന്നുമില്ല. പ്രശംസിക്കാനും അഭിമാനിക്കാനും ഒന്നുമില്ല.

ആകെ അഭിമാനിക്കാം, യേശുവിനെന്നെ സ്നേഹമാണ് എന്നതിൽ. ഞാൻ എത്ര പാപിയായിട്ടും യേശുവിനെന്നെ സ്നേഹമാണ്. ഞാൻ എത്ര കഴിവില്ലാത്തവനായിട്ടും യേശുവിനെന്നെ സ്നേഹമാണ്. യേശു എന്നെ സ്നേഹിക്കുന്നു. യേശു എന്നെ അറിയുന്നു.

പലപ്പോഴും നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികൾ വരുന്നില്ലേ? വലിയ വലിയ കെടുതികൾ, അത്യാഹിതങ്ങൾ, അത്യാപത്തുകൾ! ഏറ്റവും പ്രിയപ്പെട്ടവർ പെട്ടെന്നു കടന്നു പോകുന്നു. നിങ്ങൾ നിലയില്ലാക്കയത്തിൽ വീണതുപോലെ, താണുതാണു

പോകുന്നതുപോലെ ഒരനുഭവം ആയിരിക്കും.

ഇതുപോലുള്ള പ്രശ്നങ്ങൾ വരുമ്പോൾ നാം ഓർത്തുകൊള്ളണം, നിരാശപ്പെടേണ്ട. എന്നെത്താങ്ങാൻ യേശുവുണ്ട്.

ഇംഗ്ലണ്ടിൽ ഒരു പ്രസിദ്ധനായ നാടകകൃത്തുണ്ടായിരുന്നു; ബർണാഡ് ഷാ. അദ്ദേഹമെഴുതിയ ഒരു പുസ്തകമുണ്ട്. 'ബാക്ക് ടു മെഥൂശലാഹ്.' ഇംഗ്ലീഷ് സാഹിത്യം പഠിച്ചിട്ടുള്ളവർക്ക് മനസ്സിലാകും. മെഥൂശലാഹ് വേദപുസ്തകത്തിൽ ഏറ്റവും കൂടുതൽ വയസ്സ് ജീവിച്ചിരുന്ന ആളാണ്. 969 വർഷം ജീവിച്ചിരുന്നു. 'മെഥൂശലാഹിന്റെ കാലംവരെ പുറകോട്ടു പോവുക' എന്നാണ് ആ പുസ്തകത്തിന്റെ പേരുതന്നെ.

അതിൽ അദ്ദേഹം എഴുതിയിരിക്കുന്നു, ഒരാളെ മരിച്ച് അടക്കിയിരിക്കുകയാണ്. ശിലാഫലകത്തിൽ എഴുതി വച്ചിരിക്കുന്നു, "ഡൈഡ് അറ്റ് തേർട്ടി" (Died at thirty), 'ബറീഡ് അറ്റ് സിക്സ്റ്റി' (Buried at sixty). 'മുപ്പതാമത്തെ വയസ്സിൽ മരിച്ചു.' 'അറുപതാമത്തെ വയസ്സിൽ അടക്കി'. എന്താണിതിന്റെ അർത്ഥം? മുപ്പതാമത്തെ വയസ്സിൽ ആൾ കടന്നുപോയി എന്നു വച്ചാൽ ജീവനുണ്ട് പക്ഷേ, വളർച്ചയില്ല. മുന്നോട്ടൊരു ഗതിയില്ല. നിരുത്സാഹിതനായിപ്പോയി, ഉത്സാഹം കെട്ടുപോയി. ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും.

മുപ്പതാമത്തെ വയസ്സിൽ ആളുടെ മുന്നോട്ടുള്ള ഗതി പോയി. പിന്നെയും ജീവിക്കയാണ്. രാവിലെ എഴുന്നേൽക്കും. പ്രഭാതകൃത്യങ്ങൾ ചെയ്യും. ഭക്ഷണം കഴിക്കും, മറ്റു കാര്യങ്ങളൊക്കെയുണ്ടെങ്കിൽ ചെയ്തു എന്നു വരുത്തും. പിന്നെ വൈകുന്നേരമായി ഭക്ഷണം കഴിച്ചു, ഉറക്കം.

'Dead at thirty and Buried at sixty.'

പലപ്പോഴും ജീവിതത്തിന്റെ ചില പരുക്കൻ വശങ്ങളിൽപ്പെട്ട് മനസ്സുലഞ്ഞ്, മനസ്സ് ചഞ്ചലപ്പെട്ട്, നിരാശപ്പെട്ട് നെടുവീർപ്പോടെ കഴിയുന്നവരാണ് അധികം പേരും.

ഓരോ തരത്തിലുള്ള ദുരിതങ്ങൾ, തടുക്കാൻ പറ്റാത്ത

പ്രശ്നങ്ങൾ, വിഷമതയേറിയ ചില സങ്കീർണ്ണതകൾ! ഇതെല്ലാം വരുമ്പോൾ നമ്മിൽ പലരും അമ്പരപ്പിലായി പോകുന്നുണ്ട്. ഏതാണ്ട് മരിച്ചതുപോലെ ആയിക്കഴിഞ്ഞു. ക്ഷീണിതരായിക്കഴിഞ്ഞു. നാം നമ്മുടെ യത്നങ്ങളെല്ലാം നിർത്തിക്കഴിഞ്ഞു.

ഓരോ ചുവടുവയ്പിലും നാം ക്രിസ്തുവിനെ നോക്കിക്കൊണ്ടുപോയാൽ നമുക്ക് ക്ഷീണം പറ്റുകയില്ല. നമുക്ക് തളർച്ച വരികയില്ല.

സംഹാരകൻ നിനക്കെതിരെ കയറി വരുന്നു. ഇന്നു കുഴപ്പമില്ല. ഇപ്പോൾ പാപമൊന്നും വന്നിട്ടില്ല. പക്ഷേ, കർത്താവ് പറയുന്നു: മകനേ, നീ സൂക്ഷിച്ചുകൊള്ളണം. സംഹാരകൻ നിനക്കെതിരെ കയറി വരുന്നുണ്ട്. നിന്റെ വിശ്വാസത്തെ തകർക്കാൻ പിശാച് വരുന്നുണ്ട്. നിന്റെ വിശുദ്ധിയെ തകർക്കാൻ, നിന്റെ സമർപ്പണത്തിൽ വിള്ളൽ വരുത്താൻ, നിന്റെ സ്നേഹബന്ധങ്ങളിൽ കേടു വരുത്താൻ പിശാച് വരുന്നുണ്ട്. നിന്റെ കുടുംബത്തിൽ അസ്വസ്ഥത വരുത്തി തകർത്തുകളയാൻ, തടുക്കാനാവാത്ത ചില പ്രതിസന്ധികളിൽ കൂടെ നിന്നെ കടത്തിക്കൊണ്ടു പോകാൻ പിശാച് വരുന്നുണ്ട്. സംഹാരകൻ നിനക്കെതിരെ കയറിവരുന്നു.

Hard times ahead! വലിയ പ്രതിസന്ധികളിതാ മുമ്പിൽ! മറക്കരുത്. ദൈവത്തിന്റെ ഭയനിർദ്ദേശമാണ്. ദൈവം തരുന്ന മുന്നറിയിപ്പാണ്.

“സംഹാരകൻ നിനക്കെതിരെ കയറി വരുന്നു. കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക. നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക.”

സംഹാരകൻ വരുമ്പോൾ വെറുതെ നിനക്ക് സംഹാരകനെ എതിർക്കാൻ പറ്റുകയില്ല. നിന്റെ അഹങ്കാരംകൊണ്ടൊന്നും ശത്രുവിനെ തകർക്കാൻ പറ്റുകയില്ല. ശരീരത്തിന്റെ ശക്തികൊണ്ടോ, ബുദ്ധിയുടെ ശേഷികൊണ്ടോ നിനക്ക് പിശാചിനെ

തടുക്കാൻ പറ്റുകയില്ല. സ്വന്തമായ നിന്റെ കഴിവുകൾ കൊണ്ടോ, നിന്റെ ഡിഗ്രികൊണ്ടോ നിന്റെ വിജ്ഞാനംകൊണ്ടോ, നീ നേടിയ ധനസമൃദ്ധികൊണ്ടോ പിശാചിനെ തടുക്കാൻ പറ്റുക യില്ല.

ക്രിസ്തു നമുക്കു ചുറ്റും വച്ചിരിക്കുന്ന ആ കോട്ടയെ ഭേദിച്ച്, അകത്തു കടക്കാൻ പിശാചിനു പറ്റുകയില്ല. നാം ക്രിസ്തുവിന്റെ കൈയിലാണ്. നാം ക്രിസ്തുവിന്റെ മടിത്തട്ടി ലാണ്. എന്നാൽ എനിക്കു വേണമെങ്കിൽ സ്വമേധയാ ഇറങ്ങി പ്പോകാം. കർത്താവ് പിടിച്ചിരുത്തുകയില്ല. വിശേഷബുദ്ധി യുള്ള മനുഷ്യനായിട്ടാണ് ദൈവം എന്നെ സൃഷ്ടിച്ചത്. എനിക്ക് ദൈവം പൂർണ്ണ സ്വാതന്ത്ര്യം തന്നിട്ടുണ്ട്.

എനിക്കു വേണമെങ്കിൽ നന്മയെ സ്വീകരിക്കാം, തിന്മ യേയും സ്വീകരിക്കാം. അത് എന്റെ ഇഷ്ടമാണ്. ദൈവത്തിന്റെ മടിയിൽ നിന്നു വേണമെങ്കിൽ ഇറങ്ങിപ്പോകാം. കർത്താവ് പിടിച്ചുവയ്ക്കില്ല. എന്നാൽ ഒരു കാര്യമുണ്ട്. ആരും എന്നെ കർത്താവിന്റെ മടിയിൽ നിന്ന് പിടിച്ചു പറിക്കുകയില്ല. പിടിച്ചു പറിക്കാൻ സാധിക്കയുമില്ല. ഞാൻ അവിടെ പറ്റിപ്പിടിച്ചി രിക്കണം. കർത്താവു തള്ളിക്കളയുകയുമില്ല.

യേശുക്രിസ്തു കൃപയാലെന്നെ തന്റെ തിരുവിലാവോട് ചേർത്തണച്ചു വച്ചിരിക്കുന്നു. എന്റെ ചുറ്റും കർത്താവ് ഒരു കോട്ട കെട്ടിയിരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ദൈവദാസനു ചുറ്റും, ദൈവദാസിക്കു ചുറ്റും കർത്താവ് ഒരു തീ മതിൽ സൃഷ്ടിച്ചിരിക്കുന്നു!

നമുക്കൊരു സംരക്ഷണം തന്നിരിക്കയാണ്. ആ സംര ക്ഷണം ഉള്ളതുകൊണ്ടല്ലേ നാമിന്ന് സമാധാനത്തോടെ ജീവി ക്കുന്നത്! ആ ഒരു തീമതിൽ നമുക്കു ചുറ്റുമുള്ളതുകൊണ്ടല്ലേ നാമിന്ന് ശ്വാസോച്ഛ്വാസം ചെയ്യുന്നത്!

കോട്ട കാത്തുകൊള്ളണം. കോട്ട സൂക്ഷിച്ചുകൊള്ളണം. നിനക്കുവേണ്ടി കർത്താവ് പണിതിരിക്കുന്ന ഈ കോട്ട, ഈ

കൊത്തളം അത് തകർത്ത് കളവാൻ ആർക്കും കഴികയില്ല, നിനക്കു മാത്രമേ സാധിക്കയുള്ളൂ. പിശാച് ബലം പ്രയോഗിച്ച് തുറക്കുകയില്ല. അവൻ ബലം പ്രയോഗിച്ച് തകർക്കുകയുമില്ല. കാരണം, നീ ക്രിസ്തുവിന്റെ സംരക്ഷണത്തിൻകീഴിലാണ്.

എന്നാൽ അഹങ്കാരം വന്നാൽ നാം കോട്ട തകർത്ത് പുറത്തു കടക്കും. നിഗളം വന്നാൽ നമ്മുടെ ജീവിതം തകർന്നുപോകും. ഒന്നിലും നിഗളിക്കരുത്. ഒന്നിലും പ്രശംസിക്കരുത്. വിദ്യാഭ്യാസത്തിൽ പ്രശംസിക്കരുത്. ധനസമ്പത്തിൽ പ്രശംസിക്കരുത്. ആരോഗ്യത്തിൽ പ്രശംസിക്കരുത്. ബന്ധുബലത്തിൽ പ്രശംസിക്കരുത്. ഇന്നുള്ള തന്റേടത്തിൽ പ്രശംസിക്കരുത്. സഹായിക്കുന്ന ആളുകളിൽ പ്രശംസിക്കരുത്. ഒന്നിലും പ്രശംസിക്കരുത്.

പ്രശംസിക്കാൻ ഒന്നുമാത്രം: "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു." ഗലാത്യർ 6 : 14.

ആകെ പ്രശംസിക്കാം, യേശുക്രിസ്തുവിന്റെ കുരിശ്, ആ കുരിശിൽ വെളിപ്പെടുത്തിയ സ്നേഹം.

നിങ്ങളുടെ മ്ലാനതകൾ മാറ്റാൻ, നിരാശകൾ മാറ്റാൻ, ഇന്നു നിങ്ങൾ തീരുമാനമെടുക്കുമെങ്കിൽ വീണ്ടും കോട്ട കെട്ടിത്തരാൻ, അതിനാണ് കർത്താവ് നിങ്ങളെ വിളിച്ചിരിക്കുന്നത്. കോട്ട ഉടഞ്ഞുപോയി. വേലി പൊളിഞ്ഞുപോയി. ദുഷ്ടൻ വന്ന് പച്ചയായിട്ടുള്ളതെല്ലാം തിന്നുകളഞ്ഞു. എന്നാൽ ഇനിയും തിരുരക്തത്തിന്റെ പുതിയ വാതിൽ തീർത്ത് നിങ്ങളെ സുരക്ഷിതരാക്കാൻ കർത്താവ് കടന്നുവന്നിരിക്കയാണ്.

നിങ്ങളുടെ ആരോഗ്യം കർത്താവ് സൂക്ഷിക്കും. നിങ്ങളുടെ വിദ്യാഭ്യാസം കർത്താവ് സൂക്ഷിക്കും. നിങ്ങളുടെ കുടുംബത്തെ കർത്താവ് സൂക്ഷിക്കും. നിങ്ങളുടെ ഭർത്താവിനെ, നിങ്ങളുടെ ഭാര്യയെ കർത്താവ് സൂക്ഷിക്കും. നിങ്ങളുടെ മക്ക

ളുടെകാര്യം കർത്താവ് നോക്കും.

നിങ്ങൾ ചിന്തിക്കും: ഇന്നും എന്റെ വീട്ടിൽ സ്വസ്ഥതയില്ലല്ലോ, സമാധാനമില്ലല്ലോ. ഇന്നും എന്റെ കുടുംബം സങ്കടവും ദു:ഖവും നിരാശയും നെടുവീർപ്പുമായി കഴിയുകയാണല്ലോ.

യേശുവേ, ഞാൻ തീരുമാനമെടുത്തത് ചിലത് ലംഘിച്ചുപോയി, എന്റെ ചിന്തകൾ പാളിപ്പോയി, എന്റെ വാക്കുകളിൽ തെറ്റുകൾ പറ്റി, ചിലരെ തരം താഴ്ത്തി കണ്ടുപോയി, എനിക്ക് എന്റെ ഭാര്യയെ ബഹുമാനിക്കാൻ കഴിഞ്ഞില്ല. അവളെ ഞാൻ നിഷ്ഠൂരമായി, നിർദ്ദാക്ഷിണ്യം ഉപദ്രവിച്ചു. എന്നോട് ക്ഷമിക്കണമേ.

കൊടുക്കാനുള്ള പൈസ ഞാൻ കൊടുക്കാതെ തടുത്തുവച്ചു. എന്റെ കൈയിൽ പൈസ ഉണ്ടായിട്ടും കൊടുക്കാതെ ഞാൻ താമസിപ്പിച്ചു. എന്റെ ജീവിതത്തിൽ അവിശ്വസ്തത വന്നുപോയി, എന്നോട് ക്ഷമിക്കണമേ.

അനുതപിക്കുക, വിളിച്ചപേക്ഷിക്കുക, കരുണയ്ക്കുവേണ്ടി യാചിക്കുക.

നമ്മുടെ ഏങ്ങലടികൾ, അനുതാപത്തിന്റെ കരച്ചിൽ സ്വർഗ്ഗത്തിലെത്തണം. കർത്താവേ, പാഴായിപ്പോയല്ലോ. നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ. എനിക്ക് ന്യായമൊന്നും പറയാനില്ല. നീ എനിക്ക് എന്തെല്ലാം തന്നു?

എന്റെ പ്രാർത്ഥനയ്ക്ക് നീ മറുപടി തന്നല്ലോ. എത്രയെത്ര അവസരങ്ങളിൽ, വിഷമസന്ധികളിൽ നീ എന്നെ വിടുവിച്ചു. മരണത്തെപ്പോലും തടുത്തു മാറ്റിത്തന്നു. അത്യാഹിതങ്ങൾ വന്നപ്പോൾ നീ എനിക്ക് രക്ഷ തന്നു. രോഗങ്ങൾ വന്നപ്പോൾ സൗഖ്യം തന്നു. എന്റെ കർത്താവേ, നീ എത്രമാത്രം എന്നെ സ്നേഹിച്ചു? എത്രമാത്രം നീ എനിക്കുവേണ്ടി എല്ലാം ചെയ്തു? ഞാൻ എല്ലാം മറന്നവനെപ്പോലെ ജീവിച്ചുപോയല്ലോ.

എന്റെ ഭർത്താവിനെ വേണ്ടപോലെ അനുസരിക്കാതെ എന്റെ സമയം പാഴാക്കിക്കളഞ്ഞു. എന്റെ ശരീരം ഞാൻ

തിന്മയ്ക്കു വിട്ടുകൊടുത്തുപോയി. ഈ ശരീരത്തിൽ അശുദ്ധി പറ്റാൻ ഞാൻ സമ്മതിച്ചുപോയി. ഇന്നു ഞാൻ ലജ്ജിക്കുന്നു. ഭാരപ്പെടുന്നു. പരിഭ്രമിക്കുന്നു. കർത്താവേ, നീ എന്നെ വിടുവിക്കണമേ. ഈ പാപത്തിന്റെ ചിന്തകളിൽ നിന്നും എനിക്കൊരു മോചനം തരണമേ.

വിശുദ്ധിയോടെ ജീവിയ്ക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? കർത്താവ് നിങ്ങളെ വിശുദ്ധരാക്കും. നമ്മുടെയാരുടേയും കഴിവുകൊണ്ടല്ല വിശുദ്ധി കിട്ടുന്നത്. നമ്മുടെ തീരുമാനത്തിന്റെ മേന്മകൊണ്ടല്ല, നമ്മുടെ പ്രാർത്ഥനയുടെ മേന്മകൊണ്ടുമല്ല. കർത്താവേ, നിന്റെ കൃപ എനിക്കു തരണമേ എന്നുള്ള യാചന കൊണ്ടു മാത്രം.

"സംഹാരകൻ നിനക്കെതിരെ കയറി വരുന്നു. കോട്ട കാത്തുകൊൾക. വഴി സൂക്ഷിച്ചു നോക്കുക."ഏതാണീ വഴി? വഴി സൂക്ഷിച്ചു നോക്കണം. മുമ്പോട്ടു പോകാനുള്ള വഴി സൂക്ഷിച്ചു നോക്കണം. പിന്നിട്ട വഴികളും സൂക്ഷിച്ചു നോക്കണം.

പിന്നിട്ട വഴികൾ സൂക്ഷിച്ചു നോക്കുമ്പോഴാണ് നമുക്കു ലജ്ജ തോന്നുന്നത്. എന്തെല്ലാമാണ് ചെയ്തുകൂട്ടിയത്? എവിടെയെല്ലാമാണ് പോയി നിന്നത്? ആരുടെയെല്ലാം കൂടെയാണ് നടന്നത്? ഏതെല്ലാം കള്ളത്തരങ്ങളിലാണ് കൂട്ടുകൂടിയത്? വ്യാജഭാവം ഉള്ളിൽ ഒതുക്കി വച്ചുകൊണ്ട്, ഉള്ളിൽ കാപട്യം വച്ചുകൊണ്ട് പുറമെ അഭിനയിച്ച് നടന്നല്ലോ.

പുറമെ എന്റെ ഭാര്യയുടെ മുമ്പിൽ ഞാൻ നല്ല പിള്ളയായിട്ടു നടന്നു പക്ഷേ, എന്റെ ഉള്ളിലെ രഹസ്യഭാവം എല്ലാം നീ കണ്ടല്ലോ; പിന്നിട്ട വഴികളിലേക്കു തിരിഞ്ഞുനോക്കണം. സ്വന്തം ഭാര്യയറിയാതെ, സ്വന്തം മാതാപിതാക്കളറിയാതെ, ആരോരും അറിയാതെ ചീത്ത ചിത്രങ്ങൾ കണ്ടത്, ചീത്ത ചിത്രങ്ങളിൽ രസിച്ചത്, അഴുക്കുബന്ധങ്ങളിൽ മുഴുകിയത്, വേണ്ടാത്ത ബന്ധങ്ങളുടെ പിറകെ പോയത്. പുറത്തുപറയാൻ ലജ്ജിക്കുന്ന ചില പാപങ്ങളിൽ കുടുങ്ങിയത്!

ഓർത്തു നോക്കൂ, ലജ്ജിക്കുന്നില്ലേ? നമ്മെ തെറ്റിലേക്ക് വശീകരിച്ചവരോട് ഒരു പക തോന്നുന്നില്ലേ? ആ ദുഷ്ടൻ, ഒന്നും അറിയാത്ത പ്രായത്തിൽ എന്നെ നശിപ്പിച്ചല്ലോ.

ചിലർ, കൊച്ചുപെൺകുട്ടികളെ അവർ ഒന്നുമറിയാത്ത പ്രായത്തിൽ വഞ്ചിച്ചുകളഞ്ഞു. ഒരുപക്ഷേ അവൻ പ്രായമുള്ളവനായിരിക്കും. അവൻ ട്യൂഷൻമാസ്റ്ററായിരിക്കും. അവൻ ട്യൂഷൻ തരാനായി നിന്നെ ചേർത്തിരുത്തിയതായിരിക്കും. ട്യൂഷൻ പഠിപ്പിക്കുകയായിരിക്കും. പക്ഷേ, ട്യൂഷന്റെ കൂടെ വേണ്ടാതീനങ്ങൾ പഠിപ്പിച്ചു. ഇപ്പോൾ അശുദ്ധചിന്തകളേ പാവം കുട്ടിയ്ക്കുള്ളൂ!

കൊള്ളരുതാത്ത ബന്ധങ്ങൾ! അഴുക്കായ കാര്യങ്ങൾ! ഇപ്പോൾ ആ മനുഷ്യനോട് ദേഷ്യം. അയാൾ അദ്ധ്യാപകനാണ്. എന്നെ നശിപ്പിച്ച, എന്റെ ജീവിതം തകർത്തുകളഞ്ഞ മനുഷ്യൻ! അന്യൻ തൊടരുതെന്ന് നിർബ്ബന്ധമുള്ളവളായിരുന്നു ഞാൻ. പക്ഷേ, എല്ലാം നഷ്ടപ്പെടുത്തിക്കളഞ്ഞു.

പ്രായശ്ചിത്തം ചെയ്യാൻ ഒരു മാർഗ്ഗവുമില്ല. എന്തു ചെയ്യും? ആ കൂട്ടുകെട്ടിൽ പോകേണ്ടായിരുന്നു. ആ ചീട്ടുകളി സംഘത്തിലോ മദ്യപാനികളുടെ കൂടെയോ പോകേണ്ടായിരുന്നു. അവരോട് സംസാരിച്ചു നിൽക്കേണ്ടായിരുന്നു. ആ രംഗത്തു പോയി നിന്നതുകൊണ്ടല്ലേ എനിക്കീ അപമാനമൊക്കെ സംഭവിച്ചത്? വേണ്ടായിരുന്നു.

ആ സ്റ്റഡിടൂറിനു പോകേണ്ടായിരുന്നു. സ്റ്റഡിടൂറിന് പോകണമെന്നാണ് നിർബ്ബന്ധം. പക്ഷേ, ആ ടൂറിനു പോയപ്പോൾ എന്റെ പരിപാവനത്വം ഞാൻ നഷ്ടപ്പെടുത്തിയല്ലോ.

പ്രിയപ്പെട്ടവരേ, വഴി സൂക്ഷിച്ചു നോക്കുക. പിന്നിട്ട വഴികൾ, ആ വഴികളിൽ വന്ന തെറ്റുകൾ, ഓരോന്നോരോന്നു കണ്ടുപിടിക്കണം. ഓരോന്നും കണ്ടുപിടിക്കുമ്പോൾ നെടുവീർപ്പിടണം.

പിന്നിട്ട വഴിയിൽ വന്ന കേടുകൾ, കെടുതികൾ, നഷ്ടങ്ങൾ,

കഷ്ടങ്ങൾ, അശുദ്ധികൾ, അസത്യങ്ങൾ, അവിവേകങ്ങൾ, അബദ്ധങ്ങൾ, അലസതകൾ! ഇപ്പോൾ തോന്നുന്നുണ്ട്, കഷ്ടം! അന്നു പഠിച്ചുകൊള്ളാമായിരുന്നു. അപ്പനും അമ്മയും ചേട്ടനും എല്ലാവരും പറഞ്ഞു: മകനേ, പഠിക്ക്, പഠിക്ക്. പക്ഷേ അപ്പോൾ പഠിക്കണമെന്നു തോന്നിയില്ല. ഇപ്പോൾ തോന്നുന്നു, മണ്ടത്തരമായിപ്പോയി, ജീവിതം ഒഴപ്പിക്കളഞ്ഞു. പിന്നിട്ട വഴികളിലേയ്ക്കു നോക്കുമ്പോൾ നെടുവീർപ്പു വരുന്നു.

വഴി സൂക്ഷിച്ചു നോക്കുക. പിന്നിട്ടവഴികളിൽ വന്നുപോയ പാപങ്ങൾ കണ്ടെത്തുക. എല്ലാം ഏറ്റുപറയുക.

> *"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും."*
>
> *സദൃശവാക്യങ്ങൾ 28 : 13*

ഏറ്റുപറയുക. ഉപേക്ഷിക്കുക. മേലിൽ ആവർത്തിക്കരുത്. ലംഘനങ്ങൾ മറച്ചുവയ്ക്കുന്നവന് ശുഭം വരികയില്ല.

> *"മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വംകൊടുത്ത് അവനോട് ഏറ്റുപറക; നീ എന്തു ചെയ്തു എന്നു പറക; എന്നോടു മറച്ചുവയ്ക്കരുത്."* *യോശുവ 7 : 19*

ഞാൻ പാപം ചെയ്തു എന്നുപറഞ്ഞാൽ മോചനം കിട്ടുകയില്ല. ഞാൻ മോഷണം നടത്തി എന്നുപറഞ്ഞാലും പാപമോചനം കിട്ടുകയില്ല. ഞാൻ ഇന്നത് ഇന്ന സ്ഥലത്തു നിന്ന് ഇന്ന സമയത്ത് ഇന്നവിധത്തിൽ എടുത്തു എന്ന് തുറന്നു പറയണം.

മകനേ, യഹോവയോട് ഏറ്റുപറയുക, എന്നോട് നീ മറച്ചുവയ്ക്കരുത്. ദൈവത്തോട് ഏറ്റുപറയണം. ദൈവം പ്രതിപുരുഷനാക്കി നിർത്തിയിരിക്കുന്ന അഭിഷിക്തനോട് മറച്ചു വയ്ക്കരുത്. മറച്ചുവച്ചാൽ അപകടമാണ്. അപ്പൊസ്തലപ്രവൃത്തി 5-ാം അദ്ധ്യായത്തിൽ നാം കാണുന്നു, എല്ലാവരും സ്ഥലം വിറ്റ്

രൂപ കൊണ്ടുവന്ന് അപ്പൊസ്തലന്മാർക്ക് കൊടുക്കുകയാണ്. അനന്യാസ് എന്നയാൾ വന്നുപറഞ്ഞു: ഞങ്ങൾ സ്ഥലം വിറ്റു, ഇത്രയും രൂപയുണ്ട്.

പത്രോസ് ചോദിച്ചു: അനന്യാസേ, നീ ഇത്രയ്ക്കു തന്നെയോ സ്ഥലം വിറ്റത്? “അതെ, ഇത്രയ്ക്കു തന്നെ.” അനന്യാസ് ഓർത്തില്ല പത്രോസിൽ ദൈവാത്മാവുണ്ടെന്ന്.

പത്രോസ് ഉടനെ പറഞ്ഞു: “നിന്റെ സ്ഥലം നിന്റെ കൂടെ നശിച്ചുപോകട്ടെ. നീ വിൽക്കുന്നതിനു മുമ്പ് അത് നിന്റേതായിരുന്നു. വിറ്റശേഷവും നിന്റേതുതന്നെ. നീ പരിശുദ്ധാത്മാവിനോട് വ്യാജം കാണിക്കുന്നുവോ?” ഗൗരവമാണ്. അനന്യാസ് അവിടെ വീണു, മരിച്ചു.

അനന്യാസിന്റെ ഭാര്യ വന്നു. അവളോടും പത്രോസ് ചോദിച്ചു: ഇത്രയ്ക്കോ നിങ്ങൾ സ്ഥലം വിറ്റത്? “അതെ, ഇത്രയ്ക്കുതന്നെ.” പത്രോസ് പറഞ്ഞു: “ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതിൽക്കലുണ്ട്, അവർ നിന്നേയും കൊണ്ടുപോകും.” അവളും വീണു മരിച്ചു.

“പാപത്തിന്റെ ശമ്പളം മരണമത്രേ.”

സഭയ്ക്കൊക്കെ പരിഭ്രമമുണ്ടായി. ഒരു വ്യാജം പറഞ്ഞതേയുള്ളൂ, അപ്പോഴേക്കും ആളു മരിക്കുന്നു. കാര്യം ഗൗരവമാണ്. പ്രിയപ്പെട്ടവരേ, ആത്മാവിന്റെ വഴികൾ ആർക്കുമറിഞ്ഞുകൂടാ. പരിശുദ്ധാത്മാവിനെതിരായ പാപം വന്നു. ആത്മാവ് മരിച്ചു.

പിന്നിട്ട വഴികളിലേക്ക് നോക്കണം. നാം നമ്മുടെ വീട്ടിലുള്ളവരെ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടോ? ഭർത്താവിനെ വേദനിപ്പിച്ചിട്ടുണ്ടോ? ഭാര്യയെ വേദനിപ്പിച്ചിട്ടുണ്ടോ? മക്കളെ വേദനിപ്പിച്ചിട്ടുണ്ടോ? പ്രായമായ അമ്മയെയോ അപ്പനെയോ വേദനിപ്പിച്ചിട്ടുണ്ടോ?

*“യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ വഴികളിൽ ചെന്നു നല്ല വഴി ഏതെന്ന് പഴയ പാത*

*കളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന്നു വിശ്രാമം ലഭിക്കും. അവരോ: ഞങ്ങൾ അതിൽ നടക്കയില്ല എന്നു പറഞ്ഞു." യിരെമ്യാവ് 6 : 16*

പഴയ പാതകളെ നോക്കി നടപ്പിൻ! പണ്ട് ദാരിദ്ര്യമായിരുന്നു. പണ്ട് പൈസയ്ക്കു ഞെരുക്കമായിരുന്നു. ഒരിടത്ത് പോകണമെങ്കിൽ പത്തുരൂപയെടുക്കാൻ ഇല്ലായിരുന്നു. ബസ്സിനു കൊടുക്കാൻ പണമില്ലായിരുന്നു. ഇന്ന് ഇഷ്ടംപോലെ പണമുണ്ട്. പഴയകാലങ്ങൾ മറക്കരുത്.

ഇപ്പോൾ നിങ്ങൾ കർത്താവിനോടു പറയണം: യേശുവേ, പിന്നിട്ട പാതകളിലേക്കു നോക്കുമ്പോൾ കരച്ചിൽ വരുന്നു. എനിക്ക് ദു:ഖം വരുന്നു. എല്ലാം തിരുരക്തത്താൽ കഴുകിത്തരണമേ. തിരുരക്തത്താൽ പൊതിഞ്ഞുതരണമേ. അഭിമാനിക്കാൻ ഒന്നുമില്ലാത്ത ഈ സാധുമനുഷ്യനോട് കരുണ തോന്നേണമേ. നാഥാ! നീയില്ലാതെ, നീ തരാതെ എനിക്കൊന്നുമില്ല. നീ തന്ന ആരോഗ്യം, നീ തന്ന ആയുസ്സ്, നീ തന്ന ബലം, നീ തന്ന വിദ്യാഭ്യാസം, നീ തന്ന വരുമാനം, നീ തന്ന മക്കൾ, നീ തന്ന ഭാര്യ, നീ തന്ന ഭർത്താവ്, നീ തന്ന വീട്, നീ തന്ന കുടുംബം! നീ തരാത്തതെനിക്കൊന്നുമില്ല. എല്ലാം നിന്റേത്.

പിന്നിട്ട പാതകളിലേക്കു നോക്കുമ്പോൾ നന്ദി നിറയുന്നു. പിന്നിട്ട പാതകളിലേക്ക് നോക്കുമ്പോൾ അനുതാപം വരുന്നു, ലജ്ജ വരുന്നു. നാഥാ! കഴിഞ്ഞുപോയ കാലങ്ങളിൽ വന്നുപോയ പാപങ്ങൾ എന്റെമേൽ കണക്കിടരുതേ. വന്നതെല്ലാം ക്ഷമിക്കണമേ. തിരുരക്തത്താൽ എന്നെ കഴുകണമേ. ഞാൻ താഴുന്നു. ഞാൻ വിനയപ്പെടുന്നു. എന്നെ തൊടണമേ പാപം ക്ഷമിക്കണമേ. ഇപ്പോൾ നാഥാ, നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ.

## പത്ത്

*“സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക.” നഹൂം 2 : 1*

നമ്മുടെ ജീവിതത്തിൽ രണ്ട് കാര്യങ്ങൾ ശ്രദ്ധിച്ച് നോക്കണം. പഴയ വഴികളിലേക്ക് നോക്കണം, ഇനി വരാനിരിക്കുന്ന വഴികളിലേക്ക് നോക്കണം. എന്റെ പഴയകാലം എന്തായിരുന്നു? എന്റെ ജീവിതം അസ്വസ്ഥമല്ലായിരുന്നുവോ? ഒരു സ്വസ്ഥതയുമില്ലാതെ ഞാൻ അലഞ്ഞ് നടന്നവനല്ലേ? മനസ്സമാധാനമില്ലാതെ നിരാശയിൽ കഴിഞ്ഞവനല്ലേ? എത്രയോ പ്രാവശ്യം ഞാൻ കോപിച്ച് ഗർജ്ജിച്ചു? എത്ര പ്രാവശ്യം കുടുംബം കലക്കി ഭർത്താവിനെ വിട്ട് ഇറങ്ങിപ്പോയവളാണ്? ഞാൻ എന്റെ ഭാര്യയെ ഉപേക്ഷിച്ചവനല്ലേ? നിന്നെ എനിക്ക് വേണ്ട എന്നുപോലും പറയാൻ ധൈര്യപ്പെട്ടവനല്ലേ? എന്റെ കർത്താവേ, പഴയ വഴികൾ എന്തായിരുന്നു? ഞാനാരെയെല്ലാം ഉപദ്രവിച്ചിട്ടുണ്ട്? ആരെയെല്ലാം നൊമ്പരപ്പെടുത്തിയിട്ടുണ്ട്?

ഭർത്താവിനെ വഞ്ചിച്ച് ഗർഭഛിദ്രം നടത്തിയ കാലം! ഭാര്യയും ഭർത്താവും യോജിച്ചാലോചിച്ച് ഗർഭഛിദ്രം നടത്തിയത്! ഉത്പാദിപ്പിക്കപ്പെട്ട ജീവൻ നഷ്ടപ്പെടുത്തിയത്! കൊലപാതകമാണ് നടന്നത്. ഇങ്ങനെ കൊടിയ പാതകങ്ങൾ വന്നെങ്കിലും പരിഹാരമുണ്ട്. വഴി സൂക്ഷിച്ച് നോക്കുക. തിരിഞ്ഞുനോക്കി ഏങ്ങലടിച്ച് കരയുക. ഓർത്തോർത്ത് കര

യുക.

B.A. ഡിഗ്രി ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ക്ലാസ്സിൽ വച്ച് ഒരു കുട്ടിയോട് ഞാൻ ദേഷ്യപ്പെട്ടു. പഠിക്കാത്തതുകൊണ്ടാണ്. ഞാൻ അവനെ ക്ലാസിൽനിന്ന് പുറത്തിറക്കിവിട്ടു. എന്റെ ഉള്ളിൽ അവനോട് സ്നേഹമായിരുന്നു. വൈരാഗ്യമുണ്ടായിരുന്നില്ല. പിള്ളേരൊക്കെ നന്നായി പഠിക്കണം എന്ന ചിന്തമാത്രം. പക്ഷേ, കാര്യങ്ങൾ മനസ്സിലാക്കിയപ്പോഴാണ് ഞാനമ്പരപ്പിലായത്.

പാവം! പഠിക്കാൻ പറ്റാത്തതിനു കാരണമുണ്ടായിരുന്നു. തലേദിവസം അവന്റെ വീട്ടിൽ വലിയ ബഹളമായിരുന്നു. അവന്റെ അച്ഛൻ മദ്യപിച്ച് വന്ന് അമ്മയെ ഉപദ്രവിച്ചു. അമ്മ രോഗിയായി കിടക്കുന്ന ഒരു സ്ത്രീ. നിങ്ങളിന്നും അരിയൊന്നും കൊണ്ടുവന്നില്ലേ? ഒന്നും വാങ്ങിച്ചില്ലേ എന്ന് ചോദിച്ചതേയുള്ളൂ, അയാൾ ദേഷ്യപ്പെട്ടു. പിന്നെ അടിയും ബഹളവും. ആ ചെറുപ്പക്കാരന് വായിക്കാൻ പറ്റിയില്ല. അവൻ റോഡിലിറങ്ങി സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചത്തിലിരുന്ന് ബീഡി തെറുത്തു. അത് വിറ്റ് അരി വാങ്ങിച്ച് അമ്മയുടെ കൈയിൽ കൊടുത്തിട്ടാണ് അവൻ പിറ്റേദിവസം കോളേജിൽ വന്നത്. അന്നേരമാണ് ഞാൻ ചോദ്യം ചോദിക്കുന്നത്.

പിന്നീടവൻ എന്റെ അടുക്കൽ വന്ന് പറഞ്ഞു, ഇതാണ് കാര്യം. ഞാൻ ശരിക്കും കരഞ്ഞു. അവനും കരഞ്ഞു. ഞാൻ പറഞ്ഞു: “മോനേ നീ എന്നോട് ക്ഷമിക്കണം.” പിറ്റേദിവസം ക്ലാസ്സിൽ ചെന്ന് പരസ്യമായിട്ട് ഞാൻ ശ്രീധരനോട് മാപ്പു ചോദിച്ചു. “ഞാൻ കോപിച്ച് സംസാരിച്ചു. ഞാനവനെ ക്ലാസ്സിൽ നിന്നിറക്കി വിട്ടത് തെറ്റായിപ്പോയി, എന്നോട് ക്ഷമിക്കണം. ക്ലാസ്സിലുള്ള എല്ലാ കുട്ടികളോടും ഞാൻ മാപ്പ് ചോദിക്കുകയാണ്” എന്ന് പറഞ്ഞ് എല്ലാവരോടും മാപ്പ് ചോദിച്ചു.

നമുക്ക് നമ്മുടെ ജീവിതത്തിലേക്ക് നോക്കി തിരുത്താൻ പലതും കാണും. ഭാര്യയോട് മാപ്പ് ചോദിക്കേണ്ടിവരും. ചില

പ്പോൾ ഭർത്താവിനോട് മാപ്പ് ചോദിക്കേണ്ടിവരും. ചിലപ്പോൾ അപ്പനോട് മാപ്പ് ചോദിക്കേണ്ടിവരും, അമ്മയോട് മാപ്പ് ചോദിക്കേണ്ടിവരും. അതിനുള്ള എളിമ നിങ്ങൾക്കുണ്ടാകുമെങ്കിൽ ജയിക്കാം. ധൈര്യമായി മുന്നോട്ട് പോകാം. പാപബോധം കിട്ടണം. വഴി സൂക്ഷിച്ച് നോക്കുക. തിരിഞ്ഞ് നോക്കുക. എന്റെ ജീവിതം എന്തായിരുന്നു? ഞാനെങ്ങനെയെല്ലാം ജീവിച്ചവനാണ്? എന്റെ ജീവിതത്തിൽ വന്നുപോയ പാതകങ്ങൾ എന്തൊക്കെയാണ്?

ഒരിക്കലും തിരുത്താനാവാത്ത പാതകങ്ങൾ! പ്രായശ്ചിത്തം ചെയ്യാനില്ലാത്ത പാതകങ്ങൾ! എന്തെല്ലാം എന്റെ ജീവിതത്തിൽ സംഭവിച്ചുപോയി! അയ്യോ കഷ്ടം! എന്റെ ജീവിതം ഞാൻ നശിപ്പിച്ചുപോയല്ലോ? ഈ വേദനയോടെ ദൈവസന്നിധിയിലിരുന്ന് അനുതാപത്തോടെ കരയുമ്പോൾ ദൈവത്തിന്റെ ആത്മാവ് നമ്മെ സ്വീകരിക്കും. നമ്മുടെ പാപം ക്ഷമിച്ച് തരും. അപ്പോൾ നമുക്ക് സ്വതന്ത്രരായിത്തീരാം. ദൈവത്തെ സ്തുതിക്കാം.

നിങ്ങൾക്ക് പലതിനും പഞ്ഞമുണ്ടായിരുന്ന ഒരു കാലമില്ലേ? എന്നാലിന്നോ? ഇന്നു സമൃദ്ധിയുണ്ടായി. കർത്താവെല്ലാം നിങ്ങൾക്ക് തന്നു. ഒന്നിനും പഞ്ഞമില്ല. എത്ര ഡ്രസ്സാണിന്നുള്ളത്? നിങ്ങളുടെ മേശയിൽ, അല്ലെങ്കിൽ അലമാരിയിൽ രൂപ ഇരിപ്പില്ലേ? ഇപ്പോൾ കൈയിലില്ലെങ്കിലും അത് വാങ്ങാൻ പറ്റിയ സാഹചര്യമില്ലേ? ആരോടെങ്കിലും ചോദിച്ചാൽ കിട്ടുമല്ലോ? ഇന്നതിനുള്ള സാഹചര്യമുണ്ടല്ലോ?

ഒന്നിനും പഞ്ഞമില്ല. അതുകൊണ്ട് പിള്ളേരിന്ന് അവകാശികളായി മാറുന്നു. ധിക്കാരികളായി മാറുന്നു. അവർ ലോകമോദങ്ങളിലേക്ക് പോകുന്നു. കഞ്ചാവിന്റെ അടിമകളായിത്തീരുന്നു. അവർ മദ്യത്തിന്റെ വിപത്തിൽ കുടുങ്ങുന്നു. അവർ ചീത്ത കൂട്ടുകെട്ടുകളിൽ പോകുന്നു. അവരിന്ന് അനുസരണമില്ലാത്തവരായി നശിക്കുന്നു. ഫലമോ, ചെറുപ്പത്തിൽത്തന്നെ ചില മാരകരോഗങ്ങൾക്കടിമയായിത്തീരുന്നു.

ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾകൊണ്ട് രോഗങ്ങൾ ക്ഷണിച്ച് വരുത്തുന്നു. നാശത്തിലേക്ക് നീങ്ങുകയാണ്. പിറകിലേയ്ക്കുള്ള വഴി സൂക്ഷിച്ച് നോക്കുക.

ഞാനെവിടെയായിരുന്നുവെന്നോർത്താൽ, കിടപ്പാടമില്ലാതിരുന്ന കാലമോർത്താൽ, വാടകയ്ക്ക് താമസിച്ചിരുന്ന കാലമോർത്താൽ – ഇന്നു നല്ല വീടുണ്ട്. അല്പം സ്ഥലം കിട്ടിയിട്ടുണ്ട്, നല്ലത്. അതൊന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞ കാലമോർത്താൽ, എവിടെയൊന്നു തല ചായ്ക്കണമെന്നറിയാതെ വിഷമിച്ച കാലമോർത്താൽ, കുഞ്ഞുങ്ങൾക്കെങ്ങനെ ആഹാരം കൊടുക്കേണ്ടൂ എന്നുകരഞ്ഞ കാലമോർത്താൽ, ഭർത്താവ് മരിച്ചശേഷം കുഞ്ഞുങ്ങളെ പോറ്റുവാൻ വിഷമിച്ച കാലമോർത്താൽ ഇന്നെങ്ങനെ നമുക്ക് തല പൊക്കാനാവും?

ഭർത്താവ് അല്ലെങ്കിൽ ഭാര്യ മരിച്ചുപോയി. പാവം! മൂന്ന്നാലു കുഞ്ഞുങ്ങളുണ്ട്, അവരെ വളർത്തിയെടുക്കണം! എന്തുചെയ്യും? കുഞ്ഞുങ്ങളെ വളർത്താൻ വിഷമിച്ചകാലങ്ങൾ! ഇന്ന് കുഞ്ഞുങ്ങൾക്കിഷ്ടംപോലെ ജീവിക്കാൻ മാർഗ്ഗമായി. അപ്പോൾ അപ്പനാകട്ടെ, അമ്മയാകട്ടെ ഇന്നു ജീവിച്ചിരിക്കുന്നവർ അഹങ്കാരികളായി മാറി. അവർ പഴയ വഴികൾ മറന്നുപോയി.

പഴയ പാപങ്ങളിലേക്ക്, പഴയ താഴ്ചയിലേക്ക് നോക്കുക. പഴയ അധ:പതിച്ച അവസ്ഥയിലേക്ക് നോക്കുക. വഴി സൂക്ഷിച്ച് നോക്കുക. ദാവീദ്, വഴി സൂക്ഷിച്ച് നോക്കിയ ആളാണ്. ദാവീദിനറിയാം താനാരാണെന്ന്. ദാവീദ്, ഇന്ന് കൊട്ടാരത്തിലാണ്. രാജകിരീടം ചൂടിയിരിക്കുകയാണ്. കൈയിൽ പൊൻചെങ്കോലേന്തിയിരിക്കുകയാണ്. ഉന്നതമായ സിംഹാസനത്തിൽ വാണരുളുകയാണ്. ധാരാളം സൈന്യാധിപന്മാരുണ്ട്. പറഞ്ഞാൽ അതേപടി ചെയ്തുതരുവാൻ അനുചരവൃന്ദങ്ങളുണ്ട്. കൊട്ടാരക്കെട്ടുകളുണ്ട്. അന്ത:പുരങ്ങളുണ്ട്. അരമനകളുണ്ട്. ദാവീദിന്ന് സമ്പന്നനാണ്.

ഇന്ന് മക്കളുണ്ട്. സുന്ദരന്മാരായ, വീരശൂരപരാക്രമികളായ മക്കൾ! ദാവീദിന്റെ മകൻ അബ്ശാലോമാണെങ്കിലോ അതിസുന്ദരൻ! പക്ഷേ, ദാവീദിന്റെ പഴയവഴിയോ, അങ്ങ് ബേത്‌ലഹേം എന്ന ഗ്രാമത്തിൽ താമസിച്ചകാലം. അപ്പനായ യിശ്ശായിക്ക് എട്ടുമക്കളുള്ളതിൽ ഏറ്റവും ഇളയവനായ ദാവീദ്. ദാവീദിനോർമ്മയുണ്ട് ആ പഴയകാലം. ആ പഴയകാലം ഓർത്തിട്ട് 136-ാം സങ്കീർത്തനത്തിൽ ദാവീദ് കരഞ്ഞു.

"നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന് സ്തോത്രം ചെയ്‌വിൻ, അവന്റെ ദയ എന്നേയ്ക്കുമുള്ളത്." താഴ്ചയുടെ കാലം! അന്ന് കഞ്ഞികുടിക്കാൻ മാർഗ്ഗമില്ല. ആടുകളെ നോക്കിയാണ് ഉപജീവിക്കുന്നത്.

നിങ്ങളുടെ ജീവിതത്തിൽ പഴയകാലങ്ങൾ ഓർക്കാനുണ്ടോ? ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഇന്ന് നിങ്ങൾക്ക് താഴ്ചയൊന്നുമില്ല. ഇന്ന് രോഗം വന്നാൽ ചികിത്സിക്കാൻ അടുത്തുതന്നെ ഹോസ്പിറ്റലുണ്ട്. നല്ല ഡ്രസ്സുണ്ട്. സഹോദരന്മാരുണ്ട്. സ്നേഹിതന്മാരുണ്ട്. അടുത്തുതന്നെ കോളേജുണ്ട്. പഠിക്കാനുള്ള സാഹചര്യങ്ങളുമുണ്ട്. മകനേ, നീ നിഗളിച്ചുപോകരുത്. നീ എന്തായിരിക്കുന്നുവെന്നതിൽ നിഗളിച്ച് പോകരുത്.

ലഭിച്ചതല്ലാതെ നിനക്കെന്തുള്ളൂ? പഴയകാലം മറക്കരുത്. തന്നതല്ലാതെ നിനക്കൊന്നുമില്ല. ഏതെങ്കിലും കാര്യത്തിൽ മനസ്സല്പം ക്ഷീണിക്കുമ്പോൾ, മനസ്സല്പം വാടുമ്പോൾ ഞാൻ പ്രാർത്ഥനാമുറിയിൽ വരും. അവിടെ ഇരുന്നുകൊണ്ട് ഞാൻ പറയും: കർത്താവേ, ഇന്നത്തെ ഈ സാഹചര്യത്തിലേക്ക് എന്നെ കൊണ്ടുവന്നത് നീയല്ലേ? ഇത്രയും സൗകര്യങ്ങൾ തന്നത് നീയല്ലേ? ഇത്രയും നല്ലൊരു വീട് തന്നത് നീയല്ലേ? ഇത്രയും നല്ല സാഹചര്യങ്ങൾ, ഇത്രയും നല്ല കൂട്ടായ്മ തന്നതു നീയല്ലേ? അനേകം സഹോദരീ സഹോദരന്മാരെ തന്നത് നീയല്ലേ?

കർത്താവേ, എന്റെ ജീവിതത്തിൽ ഒരു വിധത്തിലും ഒരു നിഗളം വരാതെ എന്നെ കാക്കണമേ. എന്റെ തല പൊങ്ങാനിട വരാതെ എന്നെ കാക്കണമേ. കർത്താവേ, വന്നുപോയതെന്താണെന്നെനിക്കറിയാൻ പാടില്ല. എനിക്ക് ക്ഷീണം വന്നതെനിക്കറിയാൻ പാടില്ല. ആത്മാവ് തളർന്നുപോയിരിക്കുകയാണ്. ആത്മാവ് ക്ഷീണിച്ചിരിക്കുകയാണ്. കർത്താവേ, നീ എന്നിൽനിന്ന് നീങ്ങിപ്പോകരുത്. കൃപയുടെ കരം എന്നിൽനിന്ന് മാറിപ്പോകരുത്.

പഴയകാലങ്ങൾ ഓർത്തുകൊണ്ട് ഞാൻ യേശുവിനെ വിളിക്കും. നാഥാ! ഈ ഭീരുവായ മനുഷ്യനെ നീ സ്നേഹിച്ചില്ലേ? എന്നെ സ്നേഹിപ്പാൻ എന്റെമേൽ ഒന്നും ഉണ്ടായിട്ടല്ലല്ലോ. എന്റെ പക്കൽ ഒരു നന്മയും ഇല്ലായിരുന്നല്ലോ. ഞാൻ അഗതിയായിരുന്നല്ലോ. ഞാൻ അനാഥനായിരുന്നല്ലോ. എങ്കിലും നീയെന്നെ സ്നേഹിച്ചല്ലോ. കർത്താവേ, ഇപ്പോൾ നീയൊന്ന് ഓടിവരണമേ. എന്റെ രക്ഷയ്ക്കായി വീര്യമുള്ള ഭുജബലം ഉണർത്തി നീ വരണമേ. ദാവീദ് പ്രാർത്ഥിച്ചതുപോലെ ഞാനും പ്രാർത്ഥിക്കും. പ്രിയപ്പെട്ടവരേ, പഴയ കാലങ്ങൾ ഓർക്കുക. വിഷമിച്ചകാലങ്ങൾ ഓർക്കുക.

എന്നിട്ട് നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങണം. വെട്ടിയെടുത്ത പാറയിലേക്കും കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും തിരിഞ്ഞുനോക്കി സ്തുതിക്കണം.

എന്റെ അപ്പാ, എന്നു വിളിക്കുമ്പോൾ ഓടിവന്നെന്നെ തഴുകുന്ന, എന്റെ കണ്ണുനീരു തുടയ്ക്കുന്ന ഒരപ്പനെ എനിക്ക് പരിചയം തന്നല്ലോ. ഞാനോ, അയോഗ്യനായ മനുഷ്യൻ. ഞാനോ, പാപിയായ മനുഷ്യൻ. ഞാനോ, അധമനായ മനുഷ്യൻ. ഏറ്റവും താണവനായ മനുഷ്യൻ. കർത്താവേ, നീയെന്നെ നോക്കുമ്പോൾ ഒരു നന്മയും ഇല്ലാത്ത മനുഷ്യൻ. എന്നേക്കാൾ എത്രയോ നല്ലവർ നാട്ടിലുണ്ട്! അവരെ വിളിക്കാതെ നീ എന്നെ വിളിച്ചല്ലോ. കർത്താവേ, നിനക്ക് സ്തുതി.

ഇത്രയും ആകുമ്പോൾ സ്തുതി നാവിൽ നിന്നല്ല ഹൃദയത്തിൽ നിന്നുയർന്നു തുടങ്ങും. പിന്നെ സ്തുതിക്കാൻ തുടങ്ങും. അതാണ് ആരാധന. അപ്പോഴാണ് സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റാൻ യോഗ്യരായിത്തീരുന്നത്. പാപത്തിൽ നിന്ന് കോരിയെടുത്തല്ലോയെന്നോർക്കുമ്പോൾ, എല്ലാ വഴികളിലും ക്ഷീണിച്ചധ:പതിച്ച് കിടന്ന എന്നെ നീ പൊക്കിയെടുത്തല്ലോയെന്നോർക്കുമ്പോൾ, എനിക്ക് നീ അഡ്രസ്സ് തന്നല്ലോയെന്നോർക്കുമ്പോൾ, ഒരു കാലത്തും വിലയില്ലാതിരുന്ന എന്നെ നീ വിലയുള്ളവനാക്കി തീർത്തല്ലോ എന്നോർക്കുമ്പോൾ, അപ്പോഴാണ് സ്തുതി മുഴങ്ങുന്നത്.

"നിൻ സ്തുതിയും-ഹാലേലുയ്യായും
കർത്താവേ! ഞാൻ നിർത്തരുതേ;
വിധിനീതി-ക്കയ്യോ! ചെയ്യരുതേ;
ഞാൻ പാതകിയെന്നറിയുന്നേൻ,
സർവ്വകടങ്ങളുമാരാഞ്ഞാൽ
നരകം താനെന്നവകാശം
നിന്നെ വിളിപ്പാൻ കഴിവെന്യേ
മൗനം മൃതിയാൽ ഞാൻ പൂകും
നീക്കുക കൃപയാലെൻ പാപം."

ദൈവത്തെ മറക്കരുത്, ദൈവജനത്തെയും മറക്കരുത്. ദൈവജനത്തെ നിഷേധിച്ചിട്ട്, ദൈവമക്കളെ തള്ളിപ്പറഞ്ഞിട്ട് നിങ്ങൾക്ക് ദൈവരാജ്യത്തിൽ പോകാനൊക്കുകയില്ല. ദൈവമക്കളെ നിങ്ങൾ ആദരിക്കണം. ആരാധിക്കരുത്. അവരുടെ നാവിൽനിന്ന് വരുന്ന വചനത്തെ നിങ്ങൾ സ്വീകരിക്കണം. വചനം സ്വീകരിച്ചതുകൊണ്ട് നിങ്ങൾക്ക് നഷ്ടം വരില്ല. ലാഭമേയുള്ളൂ.

വചനത്തെ മാനിച്ചുകൊള്ളണം. വചനം പറയുന്നവരെ ആദരിച്ചുകൊള്ളണം. നിങ്ങൾക്കേതെങ്കിലും തരത്തിൽ, ആത്മീയമായോ ഭൗതികമായോ ഉപകാരം ചെയ്തവരുണ്ടെ

ങ്കിൽ അവരെ മാനിച്ചുകൊള്ളണം. അവരോട് നന്ദിയുള്ളവരായിരിക്കണം. നന്ദിയില്ലെങ്കിൽ ദൈവം ദു:ഖിക്കും. ദൈവം എല്ലാം കണക്കുകൂട്ടി വയ്ക്കുന്നു. കണക്കുതീർക്കുന്ന ഒരു ദിവസമുണ്ട്.

നമ്മുടെ പേരിലുള്ള അക്കൗണ്ട് എല്ലാം ചുമന്നൊഴിച്ച സ്ഥലമാണ് ഗോഗുൽത്ത. നമ്മുടെ പാപത്തിന്റെ എല്ലാ ശിക്ഷകളും കർത്താവ് ഏറ്റെടുത്തു. പാപി ശിക്ഷിക്കപ്പെടണം. പാപി നരകത്തിൽ പോകണം. പാപി നരകവേദനയനുഭവിക്കണം. ഒരു പാപവും ചെയ്യാത്ത യേശുക്രിസ്തു നമ്മെ രക്ഷിക്കാൻവേണ്ടി തന്നത്താൻ നമ്മുടെ പാപങ്ങൾ ഏറ്റുവാങ്ങി. അതുകൊണ്ട് ശിക്ഷയേറ്റ് കുരിശിന്മേൽ കിടന്നു. നരകവേദന രുചി നോക്കി.

യേശുവേ, എനിക്കുവേണ്ടി നീ ഇതെല്ലാം സഹിച്ചല്ലോ. കർത്താവേ. എനിക്കുവേണ്ടി ഈ ശിക്ഷയെല്ലാം നീയേറ്റല്ലോ. ഇനിമേൽ എനിക്ക് നിന്നെ ദു:ഖിപ്പിക്കാൻ സാധിക്കുകയില്ല. ഇനി ഞാൻ നിന്നെ വേദനിപ്പിക്കുകയില്ല. ഇനി ഞാൻ നിന്നെ ക്രൂശിക്കയില്ല. കർത്താവേ, ഇത്രയുംകാലം ഞാനിതെല്ലാം അറിഞ്ഞിട്ടും പാപം ചെയ്തുപോയി. എന്നോട് ക്ഷമിക്കണം. എനിക്ക് നീ മാപ്പ് തരണം. കർത്താവേ, നിന്റെ തിരുരക്തം എന്നെയൊന്ന് കഴുകണം. നിന്റെ തിരുവിലാവിൽ നിന്നൊഴുകുന്ന ചുടുരക്തം ഇപ്പോൾ എന്റെ മേലൊന്ന് തളിക്കണം. എന്റെ കറകളെല്ലാം മായട്ടെ. എന്റെ ബന്ധനങ്ങളെല്ലാം അഴിയട്ടെ. പൈശാചികനവകാശമുള്ളതെല്ലാം മാറിപ്പോകട്ടെ. ഭൂതാത്മാക്കൾ എല്ലാം വിട്ടുപോകട്ടെ. കുടുംബത്തിൽനിന്ന് ശാപോപദ്രവങ്ങൾ മാറിപ്പോകട്ടെ. എല്ലാ ബന്ധനങ്ങളും അഴിഞ്ഞുപോകട്ടെ.

സകല ശാപങ്ങളും സകല ബാധകളും മാറി പൂർണ്ണസ്വതന്ത്രരായി നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. കുടുംബം കുടുംബമായി നിന്നെ സ്നേഹിക്കുന്നവരും സേവിക്കുന്നവരുമാകാൻ ഭാഗ്യം തരണമേ. “ഞാനും എന്റെ

കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." ഞങ്ങൾ യഹോവയെ സ്തുതിക്കും.

യേശുക്രിസ്തു സർവ്വസമ്പന്നനാണെന്ന് നിങ്ങൾ വിശ്വസിക്കൂ. കടവുംപേറി നിങ്ങൾ വരൂ കുരിശിൻ ചുവട്ടിലേക്ക്. ആ തിരുനിണമൊഴുകുന്ന കുരിശിൻചുവട്ടിലേക്ക് വന്ന് നിങ്ങളെത്തന്നെ സമർപ്പിക്കൂ. കർത്താവേ, ഞാനും എനിക്കുള്ളതൊക്കെയും ഇനി നിന്റെ വക. ഇത്രയും കാലം ഇത് പിശാചിന്റെ വകയായിരുന്നു. സാത്താനിട്ട് പന്താടിയിരുന്നു. പിശാച് എന്നെ തൊഴിച്ചിട്ട് കളഞ്ഞു. പിശാചെന്നെ വലിച്ചുകൊണ്ട് നടന്നു. കർത്താവേ, പിശാചിന്റെ ഇഷ്ടത്തിനൊത്തവണ്ണം എന്നെ താളം തുള്ളിച്ചുകൊണ്ട് നടന്നു. ഇനിമുതൽ ഞാനും എനിക്കുള്ളതെല്ലാം യേശുവിന്.

നിങ്ങൾക്കിന്ന് പറയാൻ പറ്റുമോ? യേശു നിങ്ങളുടെ അരികത്ത് ആശയോടെ നിൽക്കുകയാണ്. നിന്റെ ജീവിതം അനുഗ്രഹമാക്കിത്തീർക്കാൻ അവൻ ആശയോടെ കരമുയർത്തി നിൽക്കുകയാണ്. കൊടുക്കൂ, നിന്റെ ജീവിതം യേശുവിന്റെ കരങ്ങളിലേക്ക്. ആണിപ്പാടുള്ള കരങ്ങളിലേയ്ക്ക് നിന്റെ ഭാവി നീ ഏൽപ്പിച്ച് കൊടുക്കൂ. യേശുവേ, ഇത്രയുംകാലം പാപത്തിനടിമയായി ജീവിച്ചു. ഞാനിന്ന് എന്നെത്തന്നെ നിനക്ക് തരുന്നു. എന്റെ യേശുവേ, ഇനിയുള്ള ജീവിതം യേശുവിനെ പ്രസാദിപ്പിച്ചും സന്തോഷിപ്പിച്ചുമുള്ള ജീവിതമായിരിക്കും. ഇനിയുള്ള ജീവിതം യേശുവിനെ ആരാധിക്കുന്ന ജീവിതമായിരിക്കും. ഇനിയുള്ള ജീവിതം നന്ദിയുള്ള ജീവിതമായിരിക്കും.

# പതിനൊന്ന്

*“സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക.” നഹൂം 2 : 1*

1. കോട്ട കാത്തുകൊൾക.

2. വഴി സൂക്ഷിച്ചു നോക്കുക.

പിന്നിട്ട വഴികൾ, നടന്നുപോന്ന വഴികൾ നോക്കണം. കഴിഞ്ഞകാലത്തിൽ ജീവിച്ചുപോന്ന വഴികൾ സൂക്ഷിച്ചുനോക്കണം.

ഇനി മുന്നോട്ടുള്ള വഴി സൂക്ഷിച്ചു നോക്കണം. മുന്നോട്ട് എങ്ങനെ പോകണം? നാം ചിന്തിക്ക. ഓരോ ചുവടും മുന്നോട്ടു വയ്ക്കുമ്പോൾ നാം സൂക്ഷ്മതയുള്ളവരായിരിക്കണം. ഒരു ചുവടിൽ പോലും തെറ്റുപറ്റരുത്. ഒരിക്കൽപോലും പാപം വരാതെയിരിക്കത്തക്കവണ്ണം നാം സൂക്ഷ്മതയുള്ളവരായിരിക്കണം.

വഴിയിൽ പട്ടുപോയവരെ നാം കാണണം. അതായത്, വഴിയിൽ നശിച്ചു പോയവർ. അവർ ലക്ഷ്യം വച്ചു യാത്ര ചെയ്തവരാണ്. പക്ഷേ, ലക്ഷ്യത്തിലെത്തിയില്ല. അതിനുമുമ്പ് നശിച്ചുപോയി. “വഴിയോരത്ത് അവരുടെ അസ്ഥികൾ കിടക്കുന്നത് നാം കാണുക” എന്ന് പാട്ടുകാരൻ പാടി. വീരന്മാരായി ഓടി, എന്നാൽ വീണുപോയവർ! അത് നമുക്കൊരു പാഠമായിരിക്കണം. നാം മുന്നോട്ടു തന്നെ പോകണം.

One step forward and two steps backward! ഒരു ചുവട് മുന്നോട്ടു വയ്ക്കുമ്പോൾ രണ്ടു ചുവട് പിന്നിലേയ്ക്ക് വയ്ക്കുന്നു. അങ്ങനെയാകരുത് നാം.

1. പിന്നിട്ട വഴികൾ സൂക്ഷിച്ചു നോക്കണം.
2. മുന്നോട്ട് ഇനിയുള്ള വഴികൾ നാം സൂക്ഷ്മതയോടെ പോകണം.
3. വീരന്മാരായി ഓടി പട്ടുപോയവരെ നോക്കണം. അതുപോലെയാകരുത് നാം.

മുന്നോട്ടു പോകുമ്പോൾ ശത്രു ഏതിലെയാണ് വരുന്നത് എന്നു നാം സൂക്ഷിച്ചു നോക്കണം. നാം ഒരിക്കലും പ്രതീക്ഷിക്കാത്തതുപോലെയാണ് പിശാചു വരുന്നത്. എനിക്കവിടെ ജയിക്കാം, അങ്ങനെയൊരു പരീക്ഷ വന്നാൽ, ഒരു പ്രലോഭനം വന്നാൽ ഞാൻ ജയിക്കും എന്ന ധൈര്യമുണ്ട് നമുക്ക്. പാപം വരികയില്ല, ജയിക്കാം എന്നൊരു സമർപ്പണമുണ്ട്.

സമർപ്പണം എടുക്കുമ്പോൾത്തന്നെ സൂക്ഷിക്കുക. ഒരു പക്ഷേ, വീട്ടിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അറിയാതെ, സൂക്ഷ്മതയില്ലാതെ ഒരു വാക്കുപറഞ്ഞു. അതു വാശിക്കു കാരണമായിത്തീരാം. ഭാര്യാഭർത്താക്കന്മാർ തമ്മിൽ വഴക്കായിത്തീരാം.

ഏതു വഴിയിൽക്കൂടി വേണമെങ്കിലും ശത്രുവിന് കടന്നു വരാം. നമുക്കു പ്രതീക്ഷയുള്ള സ്ഥലങ്ങളിൽ അവൻ നിൽക്കുകയില്ല. നാം ജാഗ്രതയോടെ കാത്തു നിൽക്കാത്ത വഴിയിൽക്കൂടിയാണ് പിശാച് വരുന്നത്. ദൈവവചനം കേൾക്കുകയും വിശ്വസിക്കയും ചെയ്യുന്ന ചിലർക്കെങ്കിലും ഇത് അനുഭവമായിരിക്കും. അതിനാൽ വളരെ സൂക്ഷ്മതയോടെ ഓരോ ചുവടും നാം നീങ്ങണം.

**3.** അര മുറുക്കുക! Strengthen your loins!

കരുത്തുള്ളവരായി നിൽക്കുക. അരക്കെട്ട് അയഞ്ഞിരു

ന്നാൽ ഓട്ടം നടക്കുകയില്ല. ഒരിക്കലും അയവുവരാതെ നല്ല കരുത്തോടെ നിൽക്കുക. അര മുറുക്കി നിന്നാൽ നമുക്കു യുദ്ധം ചെയ്യാം. എഫെസ്യർക്കെഴുതിയ ലേഖനത്തിൽ പറയുന്നു:

*"നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ."* *എഫെസ്യർ 6 : 14 – 17*

ശത്രുവിനെ അങ്ങോട്ടു ചെന്ന് ആക്രമിക്കാൻ ഒരായുധമേ ഉള്ളൂ, വാൾ! മറ്റുള്ളതെല്ലാം അവന്റെ ആക്രമണം തടുക്കാനുള്ളതാണ്. സത്യം എന്ന അരക്കെട്ട്, ശത്രുവിന്റെ മുമ്പിൽ കരുത്തോടെ നിൽക്കാൻ വേണ്ടതാണ്. ദൈവത്തിന്റെ നീതിയാണ് നമ്മുടെ യുദ്ധത്തിനുള്ള കവചം. യേശുവിന്റെ തിരുരക്തത്താലുള്ള നീതിയിൻവസ്ത്രം.

എന്നാൽ, ഈ കവചം നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ? യേശുക്രിസ്തുവിന്റെ നീതീകരണം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ?

ഇവൻ നീതികെട്ടവൻ, ഇവൻ പാപി എന്നതാണ് നമുക്കെല്ലാവർക്കുമുള്ള മേലെഴുത്ത്. എന്നാൽ ഇതു മാറി നമുക്കു പുതിയ മേലെഴുത്ത്, ഒരു പുതിയ വസ്ത്രം കിട്ടുന്നു. വാസ്തവത്തിൽ നാമെല്ലാവരും നീതികെട്ടവരാണ്.

*"നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല. ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മചെയ്യുന്നവനില്ല, ഒരു*

*ത്തൻപോലും ഇല്ല.”* *റോമർ 3 : 10 – 12*

നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും തരത്തിലുള്ള പാപത്തിന്റെ പ്രേരണകൾ വരുമ്പോൾ നിങ്ങൾ ഭയപ്പെടരുത്, തോൽക്കരുത്; നിരാശപ്പെടരുത്. വേദപുസ്തകം പറയുന്നു: പകൽ പറക്കുന്ന അസ്ത്രത്തെ നീ പേടിക്കണ്ട. ഉച്ചയിൽ ഊതുന്ന കാറ്റിനെ നീ പേടിക്കണ്ട. രാത്രിയിൽ സഞ്ചരിക്കുന്ന വചനത്തെയും നീ പേടിക്കണ്ട.

തീയമ്പുപോലെ ചില ചിന്തകൾ പാഞ്ഞുവരും. എവിടെനിന്നു വന്നു നിങ്ങൾക്കില്ലാത്ത ഈ ചിന്ത എന്നു നിങ്ങൾക്കു തോന്നും. പേടിക്കണ്ട. ഈ ചിന്തകൾ വരുമ്പോൾ നിങ്ങൾ ഓർക്കണം, പിശാചിന്റെ ഒളിയമ്പുകളാണ് അതെന്ന്. സാത്താൻ ഒളിയമ്പ് എയ്തു. എന്നാൽ അതു നിങ്ങളുടെ ഹൃദയത്തെ തൊടുകയില്ല. വചനം നിങ്ങൾക്കു ബലം തരും.

നിങ്ങൾക്കു ചുറ്റും ഒരു കവചമുണ്ട്. അതു കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ കവചമാണ്.

> *“രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല.”*
> *സങ്കീർത്തനങ്ങൾ 91 : 5, 6*

നീ ഭയപ്പെടേണ്ട എന്നാണ് കർത്താവു പറയുന്നത്. കാരണം, നീ അത്യുന്നതന്റെ മറവിലാണ് വസിക്കുന്നത്. സർവ്വശക്തന്റെ നിഴലിൻ കീഴിലാണ് നീ പാർക്കുന്നത്.

‘അത്യുന്നതന്റെ മറവിൽ’ എന്ന ഒരു പുസ്തകം ഞാനെഴുതിയിട്ടുണ്ട്. 91-ാം സങ്കീർത്തനത്തിന്റെ ധ്യാനമാണ് അത്. നിങ്ങളുടെ ധൈര്യം ക്ഷയിക്കുമ്പോൾ ആ പുസ്തകം എടുത്തൊന്നു വായിക്കണം. ഏതെങ്കിലും ഭീതി വരുമ്പോൾ, പരീക്ഷയ്ക്കു പോകുന്നതിനുമുമ്പ്, ഏതെങ്കിലും ഭാരം വരുമ്പോൾ ആ പുസ്തകം വായിക്കുക.

*"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച്: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു." സങ്കീർത്തനങ്ങൾ 91 : 1, 2*

എനിക്കു സ്വന്തമായി ശക്തിയില്ല. സ്വന്തമായി ഒരു പാപത്തിന്മേലും ജയം കിട്ടുകയില്ല. ഞാനോ പാപിയായ മനുഷ്യൻ! ബലഹീനനായ മനുഷ്യൻ! മൺമയനായ മനുഷ്യൻ! ഈ ജഡത്തിൽ ഒരു നന്മയുമില്ല. ഈ ശരീരത്തിൽ ഉള്ളതെല്ലാം തിന്മയാണ്. പക്ഷേ, യേശുക്രിസ്തുവിന്റെ പരിശുദ്ധരക്തം വന്ന് എന്നെ പൊതിയുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. മരണത്തോടടുക്കുമ്പോൾ, ബോധം മങ്ങി മങ്ങി പോകുമ്പോൾ, മരിക്കാൻ തുടങ്ങുമ്പോൾ കർത്താവേ, നിന്റെ തിരുരക്തം വന്ന് എന്നെ പൊതിയണമേ എന്നു പറയണം. രോഗം വർദ്ധിച്ചു വരുമ്പോൾ പറയണം: കർത്താവേ, നിന്റെ തിരുരക്തം എന്നെ ആവരണം ചെയ്യണമേ.

യേശുക്രിസ്തുവിന്റെ തിരുരക്തം ആവശ്യക്കാരെ ആവരണം ചെയ്യുന്നതാണ്. മനുഷ്യന്റെ യോഗ്യത നോക്കാതെ പാപം മറച്ചുതരുന്ന അത്ഭുതസ്നേഹം!

കൊള്ളരുതായ്മയിൽ ജീവിച്ച്, എന്നും വഴക്കും പിണക്കവുമായി ജീവിച്ച പാപിയായ മനുഷ്യനെ നരകത്തിലേക്കു കൂട്ടിക്കൊണ്ടുപോകാൻ പിശാചും അവന്റെ സൈന്യവും നോക്കി നടക്കുന്നു. മാതാപിതാക്കളെ അനുസരിക്കാത്ത മനുഷ്യൻ, കോളേജിൽ പ്രശ്നമുണ്ടാക്കിയ മനുഷ്യൻ, എന്നും ജോലി ഉഴപ്പിക്കളഞ്ഞ മനുഷ്യൻ, ജോലി ചെയ്യാതെ ശമ്പളം വാങ്ങിയ മനുഷ്യൻ; അവനെ പിശാചു നോക്കി നടക്കുകയാണ്. പിശാചിനറിയാം ഇങ്ങനെയുള്ള ഒരാൾ ഉണ്ടെന്ന്. പക്ഷേ, ഇപ്പോൾ നോക്കിയിട്ടു കാണുന്നില്ല. കാരണം, അവിടെ യേശുവിന്റെ രക്തമേ കാണുന്നുള്ളൂ.

യേശുക്രിസ്തുവിന്റെ പുണ്യരക്തം കാണുന്നതുകൊണ്ട് അവൻ ലജ്ജിതനായിത്തീരുകയാണ്. പിശാചിന്റെ കൈയിലെ കളിപ്പാട്ടമായിരുന്ന നമ്മെ യേശുക്രിസ്തുവിന്റെ നീതിയുടെ രക്തം പൊതിഞ്ഞിരിക്കുന്നു.

ഇതു നിങ്ങളുടെ അനുഭവമാക്കിയെടുക്കുമ്പോൾ ഒരു പേടിയും വരികയില്ല. ഈ ധൈര്യം നിങ്ങൾക്കുണ്ടെങ്കിൽ പിന്നെ നിങ്ങൾ തോറ്റുപോകേണ്ടി വരികയില്ല. എന്റെ യേശുവേ, എന്റെ ശക്തിയാലല്ല എന്റെ കഴിവിനാലല്ല. നിന്റെ കൃപയാൽ എന്നെ രക്ഷിച്ചു. അതാണ് നീതീകരണം.

അരമുറുക്കുക. സത്യം എന്ന അരക്കെട്ട്. എല്ലാ കാര്യങ്ങളും സത്യസന്ധമായിരിക്കണം. അവിടെ വ്യാജം പാടില്ല. കാപട്യമോ അഭിനയമോ കൗശലമോ പാടില്ല. നിർമ്മല സത്യം മാത്രം.

*"നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽനിന്നു വരുന്നു." മത്തായി 5 : 37*

അർദ്ധസത്യം പറഞ്ഞാൽ അതു പിശാചിങ്കൽനിന്നു വരുന്നു.

"Strengthen thy loins" സത്യംകൊണ്ട് അരമുറുക്കുക. Straight forwardness വേണം. നമ്മുടെ ജീവിതം ആർജ്ജവമുള്ളതായിരിക്കണം. ഒന്നും ഏറ്റക്കുറച്ചിൽ കൂടാതെ പറയാൻ പറ്റണം. പറയുക മാത്രമല്ല, പ്രവർത്തിക്കാനും സാധിക്കണം.

അതൊരു വലിയ ഭാഗ്യമാണ്. വലിയ പദവിയാണ്. കൃപയാണ്. മുഖപക്ഷമില്ലാതെ, സുഖിപ്പിക്കുന്ന വാക്കുകളില്ലാതെ ഉള്ളത് സത്യസന്ധമായി പറയണം. കേൾക്കുന്നവർക്ക് ചിലപ്പോൾ പ്രയാസം തോന്നും. എന്നാൽ നിഷ്ക്കളങ്കത ഉണ്ടാവണം. ഉള്ളത് ഉള്ളതുപോലെ തുറന്നു പറയുക.

ചിലർ സംസാരിക്കുമ്പോൾ മുനവച്ച് സംസാരിക്കും. ഒന്നും തെളിച്ചു പറയുകയില്ല. എന്തെങ്കിലുമൊക്കെ സൂത്രം

പറഞ്ഞ് കാര്യങ്ങൾ പറഞ്ഞു എന്നു വരുത്തും. അങ്ങനെ ആവരുത്. തുറന്നു പറയുക. അല്ല, പറയാൻ ആഗ്രഹിക്കുന്നില്ലേ, മിണ്ടണ്ട. കൗശലം പറയരുത്.

സത്യം എന്ന അരക്കെട്ട് ശത്രുവിന്റെ വെട്ടേൽക്കാതെയിരിക്കാനുള്ള ഒന്നാണ്. ശത്രുവിനെ ആക്രമിക്കാനുള്ളതല്ല. രക്ഷ എന്ന കവചവും നമ്മെ സംരക്ഷിക്കാനുള്ളതാണ്. സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പാണ്. അത് ശത്രുവിൽനിന്ന് ഓടി മാറാനുള്ളതാണ്.

വിശ്വാസം എന്നത് പരിചയാണ്. വെട്ടു വരുമ്പോൾ തടുക്കുവാനാണ് പരിച; പിശാചിന്റെ ആക്രമണം വരുമ്പോൾ വിശ്വാസം എന്ന പരിചകൊണ്ട് തടുത്തു നിൽക്കാം. ജീവനുള്ള ക്രിസ്തുവിലുള്ള വിശ്വാസം വേണം.

*“ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.”*

*റോമർ 10 : 17*

മോനേ, നീ മുടങ്ങാതെ ജീവന്റെ വചനം കേൾക്കൂ. വെറുതെ പ്രസംഗം കേൾക്കാനല്ല, ജീവന്റെ വചനം കേൾക്കൂ. എല്ലാ പ്രസംഗത്തിലും വചനമുണ്ടെന്നു ധരിക്കരുത്. ആത്മാവിന്റെ വചനം കേൾക്കണം.

ജീവന്റെ വചനം എന്നൊന്നുണ്ട്. അവിടെ പിശാചുക്കൾ വിറയ്ക്കുന്നു. അനേകരിൽനിന്ന് സാത്താൻ ഇറങ്ങിപ്പോകുന്നു.

നിങ്ങൾ ഈ വചനം വായിക്കുമ്പോൾ തന്നെ നിങ്ങളിലുള്ള പിശാചുക്കൾ ഇളകുകയാണ്. ദുരാത്മാക്കൾ വിട്ടുപോവുകയാണ്. അനേകം കലഹസ്വഭാവങ്ങൾ മാറുകയാണ്. തിന്മയുടെകൂടെ ജീവിച്ചവന്റെ ഹൃദയത്തിൽ നിന്ന് പിശാചുക്കൾ ഇറങ്ങിപ്പോവുകയാണ്. കോപത്തിന്റെ ആത്മാവ് മാറിപ്പോവുകയാണ്.

പരിശുദ്ധാത്മാവിന്റെ വചനം തീയാണ്. ആ തീ വന്ന്

ദുഷ്ടാത്മാക്കളെ കത്തിച്ചുകളയുന്നു. ദുഷ്ടാത്മാക്കളെ ആട്ടിയകറ്റുന്ന ആത്മാവിന്റെ കാറ്റ് നമ്മുടെ ജീവിതത്തിൽ നിന്ന് ദുഷ്ടാത്മാക്കളെ മാറ്റിത്തരുന്നു. നിങ്ങളുടെ കുടുംബത്തിൽ സ്വസ്ഥത വേണമോ? വചനം കേൾക്കൂ. കുടുംബത്തിൽ ഐക്യം വേണമോ? വചനം കേൾക്കൂ. പരസ്പരഭിന്നതമാറും. വിശ്വാസം വരും.

ഈ വചനം വായിക്കുന്ന നിമിഷം തന്നെ വിവാഹമോചനത്തിന് ആഗ്രഹിച്ചിരുന്നവരുടെ ഹൃദയത്തിൽ മാറ്റം വരുന്നു. വിട്ടുവീഴ്ച ചെയ്യാനും ക്ഷമിക്കാനും ഒരുമിച്ചു ജീവിക്കാനും തോന്നുന്നു. എല്ലാം സഹിക്കാനും വഹിക്കാനും തോന്നുന്നു. എങ്ങനെ? അതു പരിശുദ്ധാത്മാവിന്റെ കൃപയാണ്. പരിശുദ്ധാത്മാവ് വചനം വഴി നിങ്ങളുടെമേൽ വരുന്നു.

നിങ്ങളിൽനിന്ന് ദുരാത്മാവ് ഇറങ്ങിപ്പോകുന്നത് നിങ്ങൾക്കുതന്നെ അനുഭവമാകും. ഇപ്പോൾ എപ്പോഴും മ്ലാനത, ഭീതി, ഭയപ്പാട്, സ്വസ്ഥതയില്ലായ്മ, ഹൃദയത്തിൽ ഏതോ ഒരു ശൂന്യത ഒക്കെയായി വലഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് വന്നു നിറഞ്ഞു കഴിയുമ്പോൾ ശൂന്യത വിട്ടുപോകുന്നു. ഹൃദയത്തിൽ വലിയ ശാന്തി ലഭിക്കുന്നു. ദൈവം ചെയ്ത നന്മകളെക്കുറിച്ചുള്ള ബോദ്ധ്യം നിങ്ങൾക്കു ലഭിക്കുന്നു. ദൈവത്തെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ഉള്ള ആഗ്രഹം നിങ്ങൾക്കു ലഭിക്കുന്നു.

ദൈവത്തിന്റെ ആത്മാവാണ് സത്യവചനം! ദൈവത്തിന്റെ ആത്മാവു വരുമ്പോൾ പിശാചിന്റെ ആത്മാവു മാറിപ്പോകുന്നു. കാറ്റടിക്കുമ്പോൾ പൊടിപടലങ്ങൾ മാറിപ്പോകുന്നതുപോലെ ദുരാത്മാക്കൾ മാറിപ്പോകുന്നു. കാറ്റടിക്കുമ്പോൾ മരച്ചില്ലകളിൽനിന്ന് ചില ഇലകൾ വീഴുന്നതുപോലെ നമ്മിൽ നിന്ന് ആവശ്യമില്ലാത്തതെല്ലാം മാറിപ്പോകുന്നു.

ദൈവം ഇറങ്ങി വരുന്ന സീനായ് പർവ്വതത്തിന്റെ മുകളിലേയ്ക്ക് മോശയെ ദൈവം വിളിച്ചു. മോശ സീനായ്മല

യിൽ കയറിച്ചെന്ന് ദൈവത്തോടു സംഭാഷണം ചെയ്തു. നാല്പതു രാവും നാല്പതു പകലും ഇരുന്നു. ദൈവം തന്റെ കല്പനകൾ കൽപ്പലകയിൽ എഴുതിക്കൊടുത്തു. ജനം ആരും ഈ പർവ്വതത്തെ തൊടരുത്, ആരും കയറരുത്, മേഞ്ഞു നടക്കുന്ന മൃഗങ്ങൾ പോലും നിത്യനായ ദൈവം ഇറങ്ങിവരുന്ന ഈ പർവ്വതത്തിൽ തൊട്ടുപോകരുത് എന്നു ദൈവം മോശയോടു പറഞ്ഞു.

അതിനർത്ഥം, നിത്യനായ ദൈവം ഇറങ്ങി വരുന്നിടത്ത് മൃഗീയവികാരങ്ങൾ കയറരുത്. ദൈവംതമ്പുരാൻ ഇറങ്ങി വരുന്നിടത്ത് വൈരാഗ്യചിന്തകൾ വരരുത്. നിത്യനായ ദൈവം ഇറങ്ങി വസിക്കുന്നിടത്ത് കടിച്ചുകീറുന്ന സ്വഭാവം വരരുത്.

തുറന്ന മനസ്സോടെ വചനത്തിന് മുമ്പിൽ ഇരിക്കണം. നിങ്ങളുടെ ലക്ഷ്യം മറ്റൊന്നുമായിരിക്കരുത്. നമ്മുടെ ലക്ഷ്യം ഹൃദയം ശുദ്ധമാവുക എന്നുള്ളതാണ്. സൂക്ഷ്മതയോടെ ഇരിക്കുക. അന്യചിന്തകൾക്ക് ഇടം കൊടുക്കരുത്.

രക്ഷ എന്ന ശിരസ്ത്രം. പിശാചിന്റെ വെട്ടുകൊള്ളാതിരിക്കാൻ തലയിൽ ശിരസ്ത്രം വയ്ക്കണം. Helmet. ഞാൻ രക്ഷിക്കപ്പെട്ടു എന്ന ഉറപ്പുണ്ടായിരിക്കണം.

രോഗം മാറുന്നത് അത്ഭുതമാണ്. അതിനേക്കാൾ എത്രയോ വലുതാണ് സ്വഭാവം മാറുക എന്നുള്ളത്. കാട്ടാളസ്വഭാവം ഉള്ളവർ കുഞ്ഞാടുപോലെ ശാന്തരായിത്തീരുന്നു.

നിങ്ങളുടെ സ്വഭാവം മാറിയോ? നിങ്ങളുടെ പെരുമാറ്റം മാറിയോ? ഭർത്താവിനോടുള്ള പെരുമാറ്റത്തിൽ സ്നേഹം വന്നോ? ഭർത്താവിനെ മറ്റുള്ളവരുടെ മുമ്പിൽ തരംതാഴ്ത്താതെ ആദരിക്കാൻ സാധിക്കുന്നുണ്ടോ? മറ്റുള്ളവരുടെ മുമ്പിൽ എന്റെ ഭാര്യയെ ഞാൻ വേദനിപ്പിക്കാറുണ്ടോ? ഭാര്യയ്ക്ക് വിദ്യാഭ്യാസമില്ല, ജോലിയില്ല എന്നൊക്കെയുള്ള പുച്ഛമനോഭാവം പുലർത്തുന്നുണ്ടോ?

ഇങ്ങനെയുള്ള അനേകർ ഇതു വായിക്കുന്നുണ്ട്. എല്ലാം

മാറും. മാറണം. അതിന് രക്ഷിക്കപ്പെട്ടു എന്ന ഉറപ്പു പ്രാപിക്കണം.

> *"അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിന്നും അനുസരണക്കേടിന്നും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ കർത്താവു താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധവീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"*
>
> *എബ്രായർ 2 : 1 – 4*

ഈ നിമിഷം നിങ്ങൾ രക്ഷ അനുഭവിക്കണം. ഇന്നു ഞാൻ കടന്നുപോയാൽ എനിക്ക് ദൈവരാജ്യത്തിൽ എത്തണം. തിരുരക്തം നിങ്ങളെ cover ചെയ്തു എന്നുള്ള ഉറപ്പ് നിങ്ങൾ പ്രാപിക്കണം.

ഒരു പെൺകുട്ടി എന്നോടു പറഞ്ഞു: സാറേ, ഞാൻ ഒറ്റയ്ക്ക് ഒരു മുറിയിൽ കടന്ന് ഒരു കസേര വലിച്ചിട്ടിട്ട് അതിനു മുമ്പിൽ മുട്ടിന്മേലിരിക്കും. ആ കസേരയിൽ യേശുതമ്പുരാൻ ഇരിപ്പുണ്ടെന്നു വിചാരിച്ച് യേശുവിനോട് വർത്തമാനം പറയും. ഞാൻ എന്റെ യേശുവിന്റെ മുമ്പിൽ ഇരിക്കും. എന്റെ പാപങ്ങളും വേദനാവിഷയങ്ങളുമെല്ലാം തുറന്നുപറയും. എല്ലാം കർത്താവ് കേൾക്കും.

പ്രിയപ്പെട്ടവരേ, ഇതൊരു സജീവമായ അനുഭവമായിത്തീരണം. ഒരു രോഗം വരുമ്പോൾ നിങ്ങൾ പറയണം:

കർത്താവേ, ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങളെല്ലാം തുറന്ന് ഏറ്റുപറയുന്നു. മേലിൽ പാപം വരികയില്ല എന്നു ഞാൻ തീരുമാനിക്കുന്നു. വന്നുപോയ പാപങ്ങൾ കർത്താവേ, എനിക്കു കഴുകിത്തരണം. നിന്റെ ചങ്കിൽനിന്ന് ഒഴുകിയ തിരുരക്തം വന്ന് എന്നെ ഇപ്പോൾ ആവരണം ചെയ്യണം.

നിങ്ങൾക്ക് അസഹ്യമായ എന്തു വേദന വന്നാലും, ഹാർട്ട് അറ്റാക്ക് വന്നാലും, തല പൊട്ടിപ്പൊളിഞ്ഞു പോകുന്ന തലവേദന വന്നാലും, എണീറ്റു നിൽക്കാനാവാത്ത വയറുവേദന വന്നാലും നിങ്ങൾ പറയുക: കർത്താവേ, മനസ്സറിഞ്ഞ് ഒരു പാപവും ഇനി വരികയില്ല. വന്നുപോയത് നിന്റെ തിരുരക്തത്താൽ കഴുകിത്തരണേ. വിശ്വാസത്താൽ ആ തിരുരക്തത്തിൽ ആശ്രയിച്ചുകൊണ്ട് നിങ്ങൾ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്താൽ എല്ലാം ക്ഷമിച്ചു തരും; തിരുരക്തം നിങ്ങളെ ആവരണം ചെയ്യും.

അങ്ങനെ, ഇപ്പോൾത്തന്നെ രക്ഷയുടെ അനുഭവത്തിലേക്കു നിങ്ങൾക്കു വരാം. ഇന്നു കടന്നുപോയാൽ ദൈവരാജ്യത്തിൽ എത്തണം. യേശുവിന്റെ രക്തത്തിൽ ആശ്രയിക്കുക. രക്ഷ എന്ന ശിരസ്ത്രം നിങ്ങൾക്കു ലഭിക്കും.

നിങ്ങൾ പ്രാർത്ഥിക്കൂ. കർത്താവേ, ഇപ്പോൾത്തന്നെ എനിക്കു നീ അനുഭവം തരണമേ. രക്ഷാവസ്ത്രം എന്നെ ധരിപ്പിക്കണമേ; നീതി എന്ന കവചം എനിക്കു തരണമേ. പൈശാചിക ശക്തിയോട് എതിർത്തു നിൽക്കാനുള്ള കൃപ എനിക്കു തരണമേ.

മിശിഹാതമ്പുരാനേ, നിന്നെ ഞാൻ സ്വീകരിക്കുന്നു. കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റ യേശുവേ, നീ ഇപ്പോൾത്തന്നെ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. നാഥാ, എന്റെ മേൽ നിന്റെ തൃക്കരം വച്ച് എന്നെ അനുഗ്രഹിക്കണമേ.

# പന്ത്രണ്ട്

*“സംഹാരകൻ നിനക്കെതിരേ കയറിവരുന്നു; കോട്ട കാത്തുകൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക.”*

*നഹൂം 2 : 1*

അര മുറുക്കുക! യുദ്ധത്തിനൊരുങ്ങി സംഹാരകൻ നിന്റെ കുടുംബത്തെ നശിപ്പിക്കാൻ കയറി വരികയാണ്. നിന്റെ മക്കളെ നശിപ്പിക്കാൻ, നിന്റെ ഭർത്താവിനെ നശിപ്പിക്കാൻ, നിന്റെ ഭാര്യയെ നശിപ്പിക്കാൻ വാശിയോടെയാണ് അവൻ വരുന്നത്.

ദൈവപക്ഷത്തേക്ക് ഒരാൾ വരുമ്പോൾ, അവന്റെ കൈയിൽനിന്ന് രക്ഷപ്പെട്ട് ഒരാൾ സ്വർഗ്ഗത്തിന്റെ അവകാശിയായിത്തീരുമ്പോൾ പിശാചിന് വൈരാഗ്യമാണ്.

ദുഷ്ടൻ വരുന്നത് അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമാണ്. വലിയൊരു ശത്രുനിരയാണ് നിന്റെ നേരെ വരുന്നത്. നീ വിചാരമില്ലാത്തവനായും ജാഗ്രതയില്ലാത്തവനും ആയിരിക്കരുത്.

അതുകൊണ്ട്, അവൻ കയറി വരാതവണ്ണം നീ നിന്റെ ചുറ്റുമുള്ള കോട്ട ഉറപ്പിച്ചുകൊള്ളണം. മതിലിന് എവിടെയെങ്കിലും ബലക്ഷയമുണ്ടെങ്കിൽ അവിടെ ബലവത്താക്കിക്കൊള്ളണം. പഴുതുകൾ അടച്ചുകൊള്ളണം. നിന്റെ ജീവിതത്തിലെ ഏതു കാര്യത്തിലായാലും അതു പരിഹരിച്ചുകൊള്ളണം.

നിന്റെ കോപാക്രാന്തമായ പെരുമാറ്റം പിശാചിനു

കടന്നുവരാനുള്ള പഴുതാണ്. ആരോടെങ്കിലും നീരസമുണ്ടെങ്കിൽ, എന്തെങ്കിലും കടുംപിടുത്തമുണ്ടെങ്കിൽ, നിർബ്ബന്ധബുദ്ധിയുണ്ടെങ്കിൽ, എവിടെയെങ്കിലും പക്ഷഭേദമുണ്ടെങ്കിൽ, ദ്രവ്യാഗ്രഹമുണ്ടെങ്കിൽ ആ പഴുതിൽക്കൂടി പിശാച് കടന്നുവരും.

ഭർത്താവിനോടുള്ള നീരസം, ഭാര്യയോട് അമർഷം, ഇതെല്ലാം പിശാചിന് കയറിവരാനുള്ള വിടവാണ്. നിന്നെയും നിന്റെ മക്കളെയും നിന്റെ തലമുറകളെയും പിശാച് മുടിച്ചുകളയും. അതുകൊണ്ട് കോട്ട കാത്തുകൊൾക!

അനേകംപേരും കോട്ട കാക്കാത്തതുകൊണ്ട് വലിയ നാശനഷ്ടം വരുന്നു. ചിലർക്ക് കടം വന്നുകൂടുന്നു. പിശാചു കയറി മുഴുവൻ നശിപ്പിക്കുന്നതാണത്. കനത്ത നഷ്ടം സംഭവിക്കുന്നു. വലിയ കഷ്ടങ്ങളും അത്യാഹിതങ്ങളും വരുന്നു. ചിലപ്പോൾ ഏറ്റവും പ്രിയപ്പെട്ടവർ കടന്നു പോകുന്നു. മരണം സംഭവിക്കുന്നു. ചിലപ്പോൾ നമ്മുടെ ആഗ്രഹങ്ങൾക്കൊത്ത വണ്ണം കാര്യം നടക്കാതെ വരുന്നു. ജീവിതത്തിൽ പല കാര്യങ്ങളിൽ മുന്നേറ്റം കിട്ടാതെ വഴിമുട്ടിപ്പോകുന്നു. അതുകൊണ്ട്, പിശാചിനിടം കിട്ടാതെ കോട്ട കാത്തുകൊള്ളണം.

വഴി സൂക്ഷിച്ചുനോക്കുക. പ്രലോഭനങ്ങളും പ്രേരണകളും പരീക്ഷകളും നാം പ്രതീക്ഷിക്കാത്ത വഴിയിൽക്കൂടി വരും. ചില പാപങ്ങളിൽ, വീണുകഴിഞ്ഞേ നാം അറിയുകയുള്ളൂ. ജയമുണ്ടെന്നു നാം വിചാരിക്കുന്ന ചില കാര്യങ്ങളിൽത്തന്നെ പിശാചു കടന്നുവരും. അനുഗൃഹീത സുവിശേഷകനായ ഡോ. പി.ജി. വറുഗീസ് 'ഇൻഡ്യൻ മെസഞ്ചറിൽ' എഴുതിയത് ഞാൻ വായിച്ചു: 1945-ൽ ബില്ലിഗ്രഹാം സുവിശേഷവേലയിൽ തിളങ്ങിനിന്ന കാലത്ത് ശ്രേഷ്ഠമായ സുവിശേഷപ്രസംഗകരായിരുന്നു ചക്ക് ടെമ്പിൾടണും (Chuck Templeton), ബ്രോൺ ക്ലിഫോർഡും. അന്ന് അവർ ശക്തമായി സുവിശേഷം പ്രസംഗിച്ചിരുന്നു. അമേരിക്കയ്ക്ക് അഭിമാനവും അനിതരസാധാരണമായ കഴിവുകളുമുള്ള ചെറുപ്പക്കാരനായ സുവിശേഷകനാ

യിരുന്നു ടെമ്പിൾടൺ. Youth for Christ എന്ന സംഘടനയിലൂടെയാണ് ബില്ലിഗ്രഹാമും ടെമ്പിൾടണും സുവിശേഷരംഗത്തേക്ക് കടന്നു വന്നത്. വേദവിദ്യാർത്ഥികൾ ടെമ്പിൾടണിന്റെ ബൈബിൾ ക്ലാസ്സുകൾ ഇമവെട്ടാതിരുന്ന് കേൾക്കുമായിരുന്നു.

സുവിശേഷഗോളത്തിൽ തീപ്പൊരിയായി ചിതറിയിരുന്ന മറ്റൊരു വ്യക്തിയായിരുന്ന ബ്രോൺ ക്ലിഫോർഡ്. അതുല്യ പ്രതിഭാശാലിയായിരുന്നു ക്ലിഫോർഡ്. ജനഹൃദയങ്ങളെ ചൂടുപിടിപ്പിച്ച ഒരു സുവിശേഷകനായിരുന്നു അദ്ദേഹം.

എന്നാൽ അവർ രണ്ടുപേരും വീര്യംകെട്ടവരായിപ്പോയി. ബ്രോൺ ക്ലിഫോർഡ് മദ്യാസക്തിക്കടിമപ്പെട്ട് ആത്മീയരംഗത്തുനിന്ന് മാറി. ടെമ്പിൾടൺ ഒരു റേഡിയോ നിലയത്തിലെ ജോലിക്കാരനായി. ദൈവപുത്രനായ യേശുവിനെ ഞാൻ വിശ്വസിക്കുന്നില്ല എന്നുപോലും അദ്ദേഹം പറഞ്ഞു. ഒടുവിൽ ഒരു നിരീശ്വരനായിത്തീർന്നു. ദുഷ്ടപ്പിശാചിന്റെ കെണിയിൽ അദ്ദേഹം വീണുപോയി.

ക്ലിഫോർഡിന് അദ്ദേഹത്തിന്റെ കുടുംബവും ശുശ്രൂഷയും ആരോഗ്യവും നഷ്ടമായി. ഭാര്യയും ഡൗൺ സിൻഡ്രോം ബാധിച്ച രണ്ടു കുഞ്ഞുങ്ങളുമായി ഞെരുക്കത്തിലൂടെ ജീവിതം തള്ളിനീക്കേണ്ടിവന്നു. അനുഗൃഹീത സുവിശേഷകനാകേണ്ടിയിരുന്ന അദ്ദേഹം മുപ്പത്തഞ്ചാമത്തെ വയസ്സിൽ കരൾ രോഗത്തിനടിമയായി ടെക്സാസിലെ ഒരു ചെറിയ ലോഡ്ജിൽ കിടന്ന് അന്ത്യശ്വാസം വലിച്ചു.

ദുഷ്ടശത്രുവായ സാത്താൻ വ്രതന്മാരെയും തെറ്റിപ്പാനായി പലകെണികളും ഒരുക്കും. എപ്പോഴും ജാഗ്രതയോടിരിക്കുക.

വിശുദ്ധന്മാർ പോയ വഴി വിശുദ്ധിയുടെ വഴിയാണ്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വഴിയാണ്. പിശാച് കയറി വരുന്ന വഴി അടയ്ക്കണം.

അര മുറുക്കുക. അയഞ്ഞ വസ്ത്രം ധരിച്ചാവരുത് യുദ്ധ

ത്തിന് പോകുന്നത്. യുദ്ധത്തിന് പുറപ്പെടുന്നയാൾ നല്ല കെട്ടുറപ്പോടെ, ഒരു പടയാളിയെപ്പോലെ അരമുറുക്കിയാണ് പോകേണ്ടത്. നമ്മുടെ അരക്കെട്ട് സത്യസന്ധതയാണ്. Honesty is the best policy! സത്യസന്ധതയാണ് ഏറ്റവും നല്ല മാർഗ്ഗം. സത്യത്തിൽനിന്ന് ഒരു ചെറിയ വ്യതിചലനം പോലും വരരുത്.

"നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. അതിൽ അധികമായത് ദുഷ്ടനിൽനിന്നു വരുന്നു." മത്തായി 5 : 37. ഒരിക്കലും വ്യാജഭാവം വരരുത്. നിങ്ങൾ ക്രിസ്തുവിനോട് പറ്റിച്ചേർന്ന് നിന്നാൽ ഇതൊക്കെ സാധിക്കും.

ഭാര്യയുടെ അടുത്ത്, ഭർത്താവിന്റെ അടുത്ത്, മക്കൾ, മാതാപിതാക്കൾ, അദ്ധ്യാപകർ ആരുടെയടുത്തും സത്യം മാത്രമേ വരാവൂ. കാപട്യം പാടില്ല. ഉള്ളിൽ ഒന്നു മറച്ചു വെച്ചുകൊണ്ട് പുറമെ മറ്റൊന്ന് പറയരുത്. ദൈവം ഏറ്റവും വെറുക്കുന്ന ഒന്നാണ് കാപട്യം; കപടഭക്തി. കപടഭക്തിക്കാരായ ശാസ്ത്രികളും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം! എന്നാണ് കപടഭക്തിക്കാരെക്കുറിച്ച് കർത്താവു പറയുന്നത്.

പുറമെ നമ്മൾ ഭക്തി ഭാവിക്കുന്നു. പുറമെ വിശുദ്ധൻ എന്നു ഭാവിക്കുന്നു. ഞാൻ നല്ലവനാണ്, നല്ലവളാണ് എന്നു ഭാവിക്കുന്നു. അത് അപകടമാണ്. ഉള്ളത് ഉള്ളതുപോലെ ആയിരിക്കണം. യാതൊരു ഭാവാഭിനയവും വേണ്ട. എല്ലാം കൃത്യമായിരിക്കണം. ഏറ്റവും സത്യസന്ധമായിട്ടു വേണം ജീവിക്കാൻ. വിശ്വസിക്കാൻ കൊള്ളാവുന്നവയായിരിക്കണം നമ്മുടെ വാക്കുകൾ.

നമ്മെക്കുറിച്ചു മറ്റുള്ളവർ പറയണം: അവൻ പറഞ്ഞെങ്കിൽ അതു സത്യമാണ് എന്ന്. നാളുകളായി കാണുന്നവർ പറയണം: അവൻ അസത്യം പറയുകയില്ല, തെറ്റായ ഒരു കാര്യത്തിന് അവനെ കിട്ടുകയില്ല എന്ന്. നമ്മെ കുറ്റംപറയുന്നവർക്കുപോലും നമ്മെക്കുറിച്ച് ഒരു മതിപ്പുണ്ടായിരിക്കണം.

അങ്ങനെ നമ്മുടെ ജീവിതം സത്യസന്ധമായിരിക്കണം.

കറ തീർന്നതായിരിക്കണം. സത്യംകൊണ്ട് അര മുറുക്കുക.

ഒരു പാവപ്പെട്ട തൊഴിലാളി സ്ത്രീ ഉണ്ടായിരുന്നു. അവൾ കൂലിപ്പണിയെടുത്ത വീട്ടിൽനിന്ന് ഒരു അരിവാൾ എടുത്തുകൊണ്ടു പോയിരുന്നു. വചനം കേട്ടപ്പോൾ തുരുമ്പിച്ചു തുടങ്ങിയ ആ അരിവാളുമായി വീട്ടുടമസ്ഥയുടെ അടുക്കൽ ചെന്ന് മടക്കിക്കൊടുത്തു. ദൈവരാജ്യത്തിൽ പോകണമെങ്കിൽ ഇതു തിരികെ തരണം, എന്നോടു ക്ഷമിക്കണം എന്ന് ഏറ്റുപറഞ്ഞു. ആ യജമാനത്തിയും പിന്നെ കൂട്ടായ്മക്ക് വന്നു തുടങ്ങി.

അസത്യം ചെയ്തത്, അസത്യം പറഞ്ഞത്, കപടമായി അഭിനയിച്ചത്, എല്ലാമെല്ലാം നിങ്ങൾ ഏറ്റുപറയണം. മരിക്കാറായി കിടക്കുന്ന സമയത്ത് ഏറ്റുപറയാത്ത പാപം നമ്മുടെ മനസ്സിലേക്ക് വരും.

പരസ്യമായി വന്ന പാപങ്ങളാണ് പരസ്യമായി ഏറ്റുപറയേണ്ടത്. ഒരു വ്യക്തിയോടുചെയ്ത പാപങ്ങൾ ആ വ്യക്തിയോട് ഏറ്റുപറയുക. ഹൃദയത്തിൽകൂടിപോയ പാപങ്ങളാണെങ്കിൽ ആരോടും ഏറ്റു പറയണ്ട, ദൈവത്തോടുമാത്രം പറയുക.

വിവാഹം കഴിഞ്ഞ് ആദ്യനാളിൽ ഭർത്താവ് ഭാര്യയോട് സ്നേഹത്തോടെ പൂർവ്വജീവിതത്തെക്കുറിച്ചും എന്തെങ്കിലും ബന്ധങ്ങൾ ഉണ്ടായിരുന്നോ എന്നും ചോദിച്ചു. നിഷ്ക്കളങ്കമായി ആ പെൺകുട്ടി ചിലതൊക്കെ തുറന്നു പറഞ്ഞു. ഭർത്താവ് അപ്പോൾ ഒന്നും പറഞ്ഞില്ല. എന്നാൽ അവന്റെ മനസ്സിൽ അതു കിടന്നു. കുറെ നാളുകൾക്കുശേഷം അവന് അവളോട് ഒരു മതിപ്പ് കുറവ്. സ്നേഹം കുറയുന്നു. അതുകൊണ്ട് ശ്രദ്ധിക്കുക: ഭാര്യയ്ക്കു വന്ന അബദ്ധങ്ങൾ ഭർത്താവിനോടു പറയരുത്. ഭർത്താവിനു വന്ന അബദ്ധങ്ങൾ ഭാര്യയോടും പറയരുത്.

എന്നാൽ, നിങ്ങൾക്കു വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു അഭിഷിക്തന്റെ മുമ്പിൽ ഏറ്റു പറയണം. അങ്ങനെ മോചനം പ്രാപിക്കണം. ആത്മാവിന്റെ അഭിഷേകമുള്ള ഒരാളുടെ അടു

ത്താണ് ഏറ്റുപറയേണ്ടത്.

സഹോദരങ്ങളേ, ജീവിതത്തിൽ ചില തിരുത്തലുകൾ ആവശ്യമാണ്. ആർക്കെങ്കിലും കൊടുത്തു തീർക്കാനുണ്ടോ? കൊടുത്തു തീർത്തുകൊള്ളണം. ഒരു മടിയും കൂടാതെ തെറ്റായത് ഉപേക്ഷിക്കുക. നിങ്ങളുടെ കൈ ശുദ്ധമാക്കിക്കൊള്ളുക.

ഒരു യുവാവ് ഹോസ്റ്റലിൽനിന്നു ചില സാധനങ്ങൾ മോഷ്ടിച്ചിരുന്നു. വചനം കേട്ടപ്പോൾ തിരിച്ചു കൊടുക്കണമെന്ന് ചിന്തയായി. എന്നാൽ വർഷങ്ങൾ കഴിഞ്ഞിരുന്നു. ഹോസ്റ്റൽ വാർഡൻ മാറിയിരുന്നു. പ്രിൻസിപ്പലും പോയി. ഇനി എങ്ങനെ തിരിച്ചു കൊടുക്കും എന്ന് വെപ്രാളത്തിലായി. പ്രശ്നമാകുമോ എന്നു ഭയന്നു. ഞാൻ പറഞ്ഞുകൊടുത്തു: സാരമില്ല, തൽക്കാലം കൊടുക്കണ്ട, പ്രാർത്ഥിച്ചിരിക്ക്. കർത്താവു കാണിച്ചു തരും. ദൈവം അത്ഭുതം ചെയ്തു. അവിടെത്തന്നെ കൊണ്ടുകൊടുത്ത് മാപ്പുചോദിക്കാൻ കർത്താവ് ഭാഗ്യം ചെയ്തു. അങ്ങനെ ആ കെട്ടഴിഞ്ഞു.

നിങ്ങളുടെ ജീവിതത്തിൽ ബന്ധനം വച്ചുകൊണ്ടു മുന്നോട്ടു പോകരുത്. കെട്ടുകൾ അഴിഞ്ഞു കിട്ടണം. ബന്ധനം അഴിഞ്ഞു കിട്ടണം.

കള്ളക്കണക്കെഴുതിയത്, നിങ്ങൾക്ക് അർഹതയില്ലാത്തത് വാങ്ങിയത്, നിങ്ങളുടെ ശരീരം അന്യനു കൊടുത്തത്, അന്യസ്ത്രീയെ മോഹിച്ചത്, എല്ലാമെല്ലാം ഹൃദയത്തിൽനിന്ന് മുറിച്ചു കളയുക.

> *"നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."*
>
> *1 യോഹന്നാൻ 1 : 9*

സത്യസന്ധതയുള്ള ഒരു പ്രത്യേക വിഭാഗമായി നമുക്കു മുന്നോട്ടു പോകാം. വ്യത്യസ്തരായി നമുക്കു നിൽക്കാം.

സഹോദരങ്ങളേ, ബന്ധനം വച്ചുകൊണ്ട് കടന്നു പോകാൻ ഇടവരരുത്. ഒരു ബന്ധനവും ബാക്കി നിൽക്കരുത്.

വാക്കിൽ വന്നത് ഏറ്റുപറയണം. നേരിട്ടു ചെയ്ത തെറ്റ് നേരിട്ട് ഏറ്റുപറയണം. എല്ലാറ്റിലും പരിജ്ഞാനം വേണം. ശ്രദ്ധയോടുകൂടി വേണം ചെയ്യാൻ. പരിജ്ഞാനമില്ലാതെ ഏറ്റുപറഞ്ഞ് കുടുംബം തകരാൻ ഇടവരരുത്. കുമ്പസാരരഹസ്യങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നവരോടു മാത്രം പറയണം. തുറന്നു പറയുന്നത് കേൾക്കുന്നയാളിൽനിന്ന് വേറൊരാളുടെ കൈയിലേക്ക് പോകരുത്.

“നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക!” ഇന്നത്തെ ശക്തികൊണ്ട് മറ്റുള്ളവരെ എടുത്തു പൊക്കാൻ കഴിവില്ല. അപ്പൊസ്തലനായ പൗലൊസ് പറയുകയാണ്: “ശക്തരായ നിങ്ങൾ അശക്തരുടെ ബലഹീനതകളെ ചുമക്കണം.” റോമർ 15 : 1. നാം അനേകരുടെ ബലഹീനതകളെ ചുമക്കേണ്ടവരാണ്. അതുകൊണ്ടു നാം ശക്തരാവണം. വേറൊരാൾ ചുമന്നു വിഷമിക്കുന്ന കാര്യത്തിൽ ശിശുക്കൾ ചുമക്കാൻ പോകരുത്. എന്നു പറഞ്ഞാൽ, പുതിയ ശിഷ്യൻ കയറി വലിയ വചനം പറയാൻ ഇടവരരുത്. പുതിയ ശിഷ്യൻ കയറി മറ്റുള്ളവരുടെ ഭാരം share ചെയ്യാൻ ഇടവരരുത്.

ഒരാൾ നല്ല സാക്ഷ്യം പറഞ്ഞാൽ ആ വ്യക്തി നല്ല കൃപയിലാണെന്നു ധരിച്ച് നമ്മുടെ പ്രയാസങ്ങൾ ചെന്നുപറഞ്ഞാൽ ആ ആളെ കൊല്ലുന്നതിനു തുല്യമാണ്. ആത്മീയമായിട്ട്, പുതിയ ശിഷ്യൻ ദൈവത്തിന്റെ മഹത്വമേറിയ ശുശ്രൂഷയിലേക്ക് ചാടിക്കടക്കരുത്.

> *“നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിപ്പാൻ പുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കേണം. അവ്വണ്ണം ശുശ്രൂ*

*ഷകന്മാർ ഘനശാലികളായിരിക്കേണം.”*

*1 തിമൊഥെയൊസ് 3 : 6, 7*

മറ്റുള്ളവരുടെ പാപം കേൾക്കാൻ ആരും തുനിയരുത്. കുമ്പസാരം കേൾക്കുന്ന അനേകരും ആ പാപത്തിൽ വീഴുന്നതു കാണാം. ഒരാളുടെ പാപം കേൾക്കുന്നതു സൂക്ഷിച്ചു വേണം. പാപം കേൾക്കുമ്പോൾ ആ ആളുടെ ചുമടു ചുമക്കുകയാണ്. ചുമടു ചുമക്കാൻ കഴിവില്ലാതെ വെറുതേ പാപം കേട്ടിരുന്നു പോകരുത്. കേൾക്കാൻ അധികാരമുള്ളവർ, ആത്മനിറവുള്ളവരാണ് പാപം കേൾക്കേണ്ടത്.

പുതിയ ശിഷ്യൻ ശിശുവാണ്. അവൻ വലിയ വേല ചെയ്താൽ നിഗളിച്ചുപോകും. പറഞ്ഞ സാക്ഷ്യവും പ്രസംഗവും നല്ലതാണെന്ന് മറ്റുള്ളവർ പറഞ്ഞുകേൾക്കുമ്പോൾ നിഗളിച്ച് അവൻ വീണുകഴിയും. ആരെങ്കിലും നിങ്ങളെ പ്രശംസിച്ചു പറയുമ്പോഴേക്കും നിങ്ങളുടെ കണ്ണ് കുരുടായിക്കഴിഞ്ഞു. നിങ്ങളുടെ പ്രസംഗം കേട്ട് ചിലർക്ക് ഗുണം കിട്ടിയെങ്കിലും പ്രശംസയിൽ നിങ്ങൾ വീണുപോകും.

1976 – ൽ ഞാൻ ആത്മാവിന്റെ സന്തോഷത്തിൽ ഇരിക്കുന്ന സമയത്ത് ഒരു അനുഗൃഹീതനായ ദൈവദാസൻ, കന്യാകുമാരി അടുത്ത് ഒരു സ്ഥലത്ത് ഞങ്ങളെ ശുശ്രൂഷയ്ക്കു വിട്ടു. അനുഗ്രഹിക്കപ്പെട്ട വചനം പറയാൻ കർത്താവു കൃപ ചെയ്തു. തിരികെ വന്നപ്പോൾ എന്റെ വിളക്കു കെട്ടുപോയല്ലോ എന്ന് ദൈവാത്മാവിന്റെ വിവേചനവരമുള്ള ആ ദൈവദാസൻ പറഞ്ഞു. ഞാൻ ഞെട്ടിപ്പോയി.

ഒരു പാപം വന്നതായിട്ട് എനിക്കോർമ്മയില്ല. എവിടെയാണ് തെറ്റുപറ്റിയതെന്ന് ഓരോന്നും ചികഞ്ഞു നോക്കി. ശുശ്രൂഷ കഴിഞ്ഞ് തിരികെ വന്നപ്പോൾ അനുഗൃഹീതമായ ശുശ്രൂഷയെപ്രതി എനിക്കൊരു സംതൃപ്തി തോന്നി. ‘കൊള്ളാം’ എന്ന് എന്നെക്കുറിച്ചു തന്നെ എനിക്ക് മതിപ്പു തോന്നി. Self-pride. എന്നാൽ, നിഗളം വന്നത് ഞാനറിഞ്ഞില്ല. പിശാച് അതു

മറച്ചു പിടിച്ചു.

ആത്മാവ് തൊട്ടപ്പോൾ എല്ലാം തെളിഞ്ഞു. പാപബോധം കിട്ടി. കർത്താവിന്റെ സന്നിധിയിൽ ഞാൻ ഏറ്റുപറഞ്ഞു. വചനം എന്റേതല്ല. ജനം എന്റേതല്ല. തന്ന വചനം നിന്റേതാണ്, ജനം നിന്റേതാണ്, ശുശ്രൂഷ നിന്റേതാണ്. ഞാനോ എളിയ വനും പാപിയുമായ മനുഷ്യൻ. കർത്താവിന്റെ പാദത്തിൽ വീണു കിടന്ന് ഞാൻ കരഞ്ഞു. ബന്ധനം അഴിഞ്ഞു കിട്ടി.

പുതുതായി സാക്ഷ്യം പറയുന്നവരും വചനം പറയുന്ന വരും ദൈവത്തിന്റ വേലചെയ്യുന്നവരും ഓർക്കണം. നിഗളിക്ക രുത്, നിങ്ങൾ വീണുപോകും. ജീവിതത്തിൽ എന്നും എളിമ വേണം. ഞാൻ ആരുമല്ല കർത്താവേ, നിന്റെ തീയ്ക്കടുത്ത വചനം എടുക്കാൻ എനിക്ക് യോഗ്യതയില്ല കർത്താവേ. ഞാൻ നിസ്സാരനായ മനുഷ്യൻ. നിന്റെ വചനം തൊടാൻ എനിക്ക് അർഹതയില്ല. പരിശുദ്ധാത്മാവിന്റെ വചനം നീ തന്നാൽ മാത്ര മേയുള്ളൂ. എന്റെ കർത്താവേ, നിന്റെ തീക്കട്ട എന്റെ നാവി ന്മേൽ തൊടുവിക്കണം. ആത്മാവിൽ നിറവു പ്രാപിക്കണം. അല്പത്തിന്മേൽ പ്രസാദിക്കരുത്. അല്പത്തിന്മേൽ വാടിപ്പോ കരുത്. എന്നിട്ടു മാത്രമേ എന്നെ വചനമെടുക്കാൻ വിടാവൂ എന്നു പ്രാർത്ഥിക്കണം.

വചനം പറയാൻ തുടങ്ങുമ്പോൾ ചില പുതിയ ദൂതുകൾ നിനക്കു കിട്ടിയെന്നു വരും. അതിലും പ്രശംസിക്കരുത്. ഞാൻ ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത ദൂതുകൾ വചനം പറയുമ്പോൾ എനിക്കു കിട്ടാറുണ്ട്. അത് എന്റേതല്ല എന്നെനിക്കറിയാം. ആത്മാവു തരുന്ന ആ ദൂതുകൾ എന്റേതാണെന്ന് എനിക്കു തോന്നിപ്പോയാൽ ഞാൻ വീഴുക തന്നെ ചെയ്യും.

ദൈവത്തിന്റെ ശുശ്രൂഷയിൽ ദൈവം അനേകം ദൂതു കൾ ആത്മാക്കൾക്കുവേണ്ടി ഏല്പിച്ചുതന്നു എന്നു വരും. പരിശുദ്ധാത്മാവിന്റേതാണ് ശുശ്രൂഷ. ദൈവം ഏല്പിക്കു മ്പോൾ നാം ശക്തരായി, ഇനി എനിക്ക് എല്ലാം ചുമക്കാം

എന്നു ചിന്തിച്ചു പോകരുത്.

> *“എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽതന്നെ പ്രസാദിക്കാതിരിക്കയും വേണം.”* *റോമർ 15 : 1*

ശക്തരാണെങ്കിലും നാം അശക്തരുടെ ബലഹീനതകളെ ചുമക്കുമ്പോൾ നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കണം. ഒരാൾ നിങ്ങളോട് പാപം ഏറ്റുപറഞ്ഞ് പ്രാർത്ഥന യാചിച്ചാൽ ആ ആളെക്കുറിച്ച് ഇന്ന പാപം ചെയ്ത ആളല്ലേ എന്ന മുൻവിധി ഒരിക്കലും ഉണ്ടാവരുത്. ഏറ്റുപറഞ്ഞകാര്യം കർത്താവ് മായിച്ചു തന്നതാണ്. അത് നിങ്ങളുടെ മനസ്സിൽ ഇരിക്കാൻ പാടില്ല.

നമ്മിൽ തന്നെ നാം പ്രസാദിക്കരുത്, സന്തോഷിക്കരുത്. ഞാൻ നല്ല കാര്യം ചെയ്തു എന്നു നിങ്ങൾക്കു തോന്നിപ്പോകരുത്. ഞാൻ യേശുക്രിസ്തു വിലയ്ക്കു വാങ്ങിയ ഒരു അടിമ. അടിമയ്ക്ക് ശമ്പളം നോട്ടമില്ല. അടിമ യജമാനൻ പറയുന്നത് അനുസരിക്കുക മാത്രം. അടിമ കൂലിക്കാരനല്ല.

യേശുക്രിസ്തുവിന്റെ അടിമയാകാൻ നിങ്ങൾക്ക് സമർപ്പണമുണ്ടോ? യേശുക്രിസ്തു രക്തം കൊടുത്ത് എന്നെ വിലയ്ക്കു വാങ്ങി. ഇനി ഞാൻ എന്റെയല്ല, യേശുവിന്റേതാണ്. എനിക്കു സ്വന്തം പ്ലാൻ ഇല്ല. സ്വന്തം പ്രോഗ്രാം ഇല്ല. സ്വന്തം ശുശ്രൂഷയില്ല. എന്റേതൊന്നുമില്ല കർത്താവേ, ഞാനിതാ നിന്റെ മുമ്പിലേക്ക് എന്നെ താഴ്ത്തുന്നു. ഞാനിതാ നിന്റെ കാലിലെ കളിപ്പന്ത്. നിനക്കു തട്ടിക്കളിക്കാം. ഈ പന്ത് ഒരു മൂലയ്ക്ക് ഇടാനാണ് നിന്റെ ആഗ്രഹമെങ്കിൽ എനിക്കു സമ്മതമാണ്.

ഇങ്ങനെ ശക്തിപ്പെടണം. ഈ വചനം വായിക്കുന്ന എല്ലാവരെയും കർത്താവു കാണുകയാണ്. കർത്താവേ, നിന്റെ മക്കളുടെ ജീവിതത്തിലെ പാപക്കറകൾ മായിച്ചുകളയണമേ. ആത്മാവിന്റെ കാറ്റു വീശി ഓരോരുത്തരേയും ശുദ്ധീകരിക്കണമേ. നിറഞ്ഞശക്തി ഈ മക്കളുടെമേൽ പകരണമേ.

മനുഷ്യർ ശക്തിമാന്മാരുടെ അപ്പം തിന്നുമാറാകട്ടെ. മരുഭൂമിയിൽകൂടി പോകുന്ന ജനം മന്നാ ഭക്ഷിച്ചതുപോലെ ഈ മക്കൾ ശക്തിമാന്മാരുടെ അപ്പം തിന്നുവാൻ ഇടയാകട്ടെ. ആദാം രുചിനോക്കാത്ത ജീവതരുവിന്റെ ഫലം ഇവർ തിന്നുവാൻ ഇടയാകട്ടെ. മുറിക്കപ്പെട്ട തിരുശരീരവും തിരുവിലാവിൽനിന്നൊഴുകിയ തിരുരക്തവും ഇവർക്കു ഭക്ഷിക്കുവാൻ ഇടയാകട്ടെ.

ആത്മാവിന്റെ ബലഹീനതകൾ മാറിപ്പോകട്ടെ. എല്ലാ ക്ഷീണവും മാറിപ്പോകട്ടെ. പാപത്തിന്റെ ബലഹീനതകൾ മാറിപ്പോകട്ടെ. എല്ലാതകർച്ചകളും കഷ്ടങ്ങളും നഷ്ടങ്ങളും മാറിപ്പോകട്ടെ. എല്ലാ ശാപങ്ങളും ദോഷങ്ങളും മാറിപ്പോകട്ടെ. എല്ലാ ബാധകളും ബന്ധനങ്ങളും മാറിപ്പോകട്ടെ. പൈശാചിക സേനകൾ വിഭ്രമിച്ചകലട്ടെ. യേശുവിന്റെ ജയമുള്ള നാമത്തിൽ സാത്താൻ ലജ്ജിച്ചു മാറട്ടെ.

# പതിമൂന്ന്

*"നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞ് തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ." കൊലൊസ്സ്യർ 3 : 9, 10*

നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിയ്ക്ക. ശക്തി ധരിക്കണമെങ്കിൽ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കണം.

ഭാവം മാറിയില്ല. വേഷം മാറിയില്ല. ഛായ മാറിയില്ല. പക്ഷേ, ക്രിസ്തുവിന്റെ ഛായയുള്ള പുതിയ മനുഷ്യനായി നിങ്ങൾ തീർന്നിരിക്കുന്നു! കൊലൊസ്സ്യയിലെ ദൈവമക്കളോട് അപ്പൊസ്തലൻ പറയുകയാണ്: "നിങ്ങളുടെ പഴയമനുഷ്യൻ മാറിപ്പോയല്ലോ; പുതിയമനുഷ്യനെ നിങ്ങൾ ധരിച്ചിരിക്കുന്നുവല്ലോ."

എഫേസ്യ ലേഖനത്തിൽ ഇതുതന്നെ പറയുന്നുണ്ട്:

*"മുമ്പിലത്തെ നടപ്പു സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ." എഫെസ്യർ 4 : 22 – 24*

പുറമെ ഛായയൊന്നും മാറിയില്ല. കൈയോ കാലോ മൂക്കോ തലമുടിയോ ഒന്നും മാറിയില്ല. പുതിയ മനുഷ്യൻ! പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുമ്പോൾ അവിടെ വാഴണമെങ്കിൽ നാം പുതിയ മനുഷ്യനെ ധരിക്കണം. ഒരു പുതിയ നഗരമുണ്ട്. നവയെരൂശലേം പാർപ്പിടം!

ഇപ്പോഴത്തെ ഈ ആകാശവും ഭൂമിയും പോയ്പ്പോകും. ഇന്നുകാണുന്നതൊന്നും ബാക്കി കാണുകയില്ല. എല്ലാം തകർന്നുടഞ്ഞ് ധൂളിയായി പോകും. ചൂളപോലെ കത്തുന്ന ആ ദിവസത്തിൽ എല്ലാം കത്തി വെണ്ണീറാകും! ഈ ഭൂമിയെല്ലാം ഒരുപിടി ചാരം!

> *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി."* *വെളിപ്പാട് 21 : 1*

ഇപ്പോഴുള്ള ഈ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്നാണെന്നറിഞ്ഞുകൂടാ. ഈ അന്തരീക്ഷം തന്നെ മാറി ഒരു പുതിയ അന്തരീക്ഷം ഉണ്ടാകും. ഇന്ന് ആയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മസേനയുണ്ട്. അന്ന് ദുഷ്ടാത്മസേന അവിടെ കാണുകയില്ല.

ഇന്ന് ഈ അന്തരീക്ഷത്തിൽ ഭൂതപ്രേത പിശാചുക്കൾ എല്ലാം ഉണ്ട്. അവർ സന്തോഷിച്ച് ആർത്തുല്ലസിച്ച് എത്രയോ പേരെ വീഴ്ത്തി നശിപ്പിച്ചുകൊണ്ടിരിക്കുന്നു? എത്രയോ കുടുംബങ്ങളെ കലക്കിക്കൊണ്ടിരിക്കുന്നു? എത്രയോ കുടുംബങ്ങളിൽ അസ്വസ്ഥതയുണ്ടാക്കുന്നു? വഴക്കുണ്ടാക്കുന്നു. പരസ്പരവൈരാഗ്യം ഉണ്ടാക്കുന്നു? എത്രയോ കുടുംബങ്ങളിൽ നാശനഷ്ടങ്ങളും ദാരിദ്ര്യവും കടബാധ്യതയും ഉണ്ടാക്കുന്നു.

മാനസികമായ അസ്വാസ്ഥ്യങ്ങൾ, ശാരീരികമായ രോഗങ്ങൾ, ആത്മാവിലുള്ള അശുദ്ധി, പിശാച് മനുഷ്യനെ വശീകരിച്ച് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്.

എന്നാൽ ഇതൊന്നുമില്ലാത്ത പുതിയ ആകാശവും

പുതിയ ഭൂമിയും ഉണ്ടാകും. പാപത്തിന്റെ പ്രലോഭനമില്ലാത്ത, പാപമെന്തെന്ന് മനുഷ്യനറിയാത്ത പുതിയ ലോകം!

ഇന്നുള്ളതെല്ലാം കത്തിയഴിഞ്ഞുപോകും. പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് അവകാശമാകണമെങ്കിൽ നാം ഒരു പുതിയ മനുഷ്യനായിത്തീരണം. അത് ഈ ഭൂമിയിൽ വെച്ച് വേണം.

പുതിയ മനുഷ്യനായിത്തീരാൻ നാം എന്താണ് ചെയ്യേണ്ടത്? നമുക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ!

> *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ."*
>
> *2 കൊരിന്ത്യർ 5 : 17, 18*

ഇന്ന് ഈ വചനം നമുക്കു തരുന്ന നിത്യനായ ദൈവം തന്നെ, യേശുക്രിസ്തുവിന്റെ ആത്മാവുതന്നെ ഇതെല്ലാം നിർവ്വഹിക്കും. ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കും. റോമർ 8 : 13

ഇന്നു നമ്മുടെ ശരീരത്തിന്റെ വിശപ്പിന് ആഹാരം കഴിക്കാം. ഇന്നു നമുക്ക് കുഞ്ഞുങ്ങളെ ജനിപ്പിക്കാം. കുഞ്ഞുങ്ങളെ വളർത്താം. അവരെ ലാളിക്കാം. ഇന്നു ജോലി ചെയ്ത് അദ്ധ്വാനിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്താം. ഒന്നും തെറ്റല്ല.

പഴയ മനുഷ്യൻ മരിച്ചുകിട്ടണം. അത് പരിശുദ്ധാത്മാവ് ചെയ്യുന്ന അത്ഭുതപ്രവൃത്തിയാണ്. നിങ്ങൾ അതിന് വിധേയപ്പെട്ടുകൊടുക്കുമോ? കർത്താവേ, അത് എന്നിൽ ആരംഭിക്കണമേ. നാഥാ! ഞാനിതാ എന്നെത്തന്നെ നിനക്കു തരുന്നു. അങ്ങനെ നാം ദൈവകരങ്ങളിൽ നമ്മെ ഏല്പിക്കണം.

ഈ ഭൂമിയിൽ വെച്ച് പഴയ മനുഷ്യൻ മരിച്ച് പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കണം. ഏറ്റവും വലിയ സമ്പാദ്യം

അതാണ്. വീണ്ടുംജനനം! പുതുജനനം! Regeneration! Born-again experience! വീണ്ടെടുപ്പ്! മാനസാന്തരം! ഈ ഒരു അത്ഭുതം നമ്മിൽ സംഭവിക്കണം.

ഇത് ആദ്യപാഠമാണ്. ഒരു പുതിയ മനുഷ്യനായി ദൈവ രാജ്യത്തിൽ നാം ജനിക്കണം. അപ്പോഴാണ് അവിടുത്തെ പൗര ത്വം – Citizenship ലഭിക്കുന്നത്.

അമേരിക്കയിൽ ജനിച്ച ശിശുവിന് അമേരിക്കൻ പൗരത്വം കിട്ടും. ആ ശിശു ഇന്ത്യാക്കാരുടെ ശിശു ആണെങ്കിലും അമേരി ക്കയിൽ ജനിച്ചാൽ അമേരിക്കൻ പൗരത്വം കിട്ടും. ഭൂമിയിൽ ജനിച്ച നാം ദൈവരാജ്യത്തിൽ ജനിക്കുന്നു. ഈ ഭൂമിയിൽ ജനിച്ചത് അപ്പന്റെയും അമ്മയുടെയും മകനോ മകളോ ആയി ട്ടാണ്. എന്നാൽ നാം സ്വർഗ്ഗത്തിലെ അപ്പന്റെ മകനായി ജനി ക്കണം. പഴയസ്വഭാവം മരിക്കണം.

പഴയ സ്വഭാവത്തിൽ ദ്രവ്യാഗ്രഹം, കോപം, വാശി, വഴക്ക്, വൈരാഗ്യം, സ്വാർത്ഥത, അശുദ്ധി ഇങ്ങനെ എല്ലാ തിന്മക ളുമുണ്ട്. അഹങ്കാരമുണ്ട്. അവിവേകമുണ്ട്. അബദ്ധങ്ങൾ, അലസത, അനുസരണക്കേട്, അശുദ്ധി ഇതെല്ലാമുള്ള പഴയ സ്വഭാവം മരിക്കണം.

നിങ്ങളുടെ കൺമുമ്പിലേക്ക് കർത്താവായ യേശുവിന്റെ കുരിശ് ഇറങ്ങിവരും. ഇന്ന് ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ വിശ്വാസത്തോടെ, ഇത് എനിക്ക് അനുഭവമാക്കിത്ത രണേ എന്ന് പ്രാർത്ഥിക്കുമെങ്കിൽ നിങ്ങളുടെ അരികിലേക്ക് ജയിക്കപ്പെട്ട സ്ലീബാ കടന്നുവരും. ജയമുള്ള സ്ലീബാ!

നിങ്ങൾക്ക് യേശുവിന്റെ പാദം ചുംബിച്ചുകൊണ്ട് പ്രാർത്ഥിക്കാം: തന്റെ ബലിയാൽ പാപികളെ രക്ഷിച്ച ദൈവ സുതാ, നിന്റെ ബലിയാൽ എന്റെ കഷ്ടതകൾ മായ്ക്കണമേ. എന്റെ നോവ് ഒഴിവാക്കിത്തരണമേ. ഗോഗുൽത്തായിൽ തിരു മാർവ്വുതുറന്ന ഉത്തമനായ മിശിഹാതമ്പുരാനേ, നിന്റെ തിരുവി ലാവിൽനിന്നൊഴുകിയ ചോരയാലും നീരിനാലും എന്റെ ആന്ത

രികദാഹം ശമിപ്പിക്കണേ.

തൻബലിയാൽ പാപികളെ രക്ഷിച്ചൊരു ദൈവസുതാ
നിൻബലിയാലെൻ കഷ്ടത മായ്ച്ചെൻ നോവൊഴിക്കണമേ
ഗോഗുൽത്തായിൽ തൻമാർവ്വു തുറന്നോരുത്തമനേ
ദാഹം നീക്കീട്ടൊഴുകിയ നീരാൽ ചോരയതാലും.

എന്റെ അന്തർദ്ദാഹം മാറ്റണമേ. ആന്തരികമായി ഇന്നും വറുതിയാണ്. അകത്ത് ഇന്നും ഏതോ ഒരു ശൂന്യതയാണ്; എന്തോ പോരായ്മയാണ്.

എന്താണെന്നറിഞ്ഞുകൂടാ, എനിക്കു പൂർണ്ണസന്തോഷം വരുന്നില്ല. സംതൃപ്തി വരുന്നില്ല. ഞാൻ ആഗ്രഹിച്ചതു പലതും കിട്ടി. എനിക്കൊരു ജോലിയുണ്ട്. എനിക്ക് മക്കളുണ്ട്, എനിക്കു ഭാര്യയുണ്ട്, ഭർത്താവുണ്ട്, സ്നേഹമുള്ള മാതാപിതാക്കളുണ്ട്, വരുമാനമാർഗ്ഗമുണ്ട്, എനിക്കു കിടപ്പാടമുണ്ട്.

നിങ്ങളുടെ മരുമകളുടെ പെരുമാറ്റം മൂലം സന്തോഷം നഷ്ടപ്പെട്ടിരിക്കയാണോ? ഒരു കോപിഷ്ഠയായ സ്ത്രീ. കല്യാണം കഴിച്ചുകൊണ്ടുവന്ന അന്നുമുതൽ അമ്മയോട് വൈരാഗ്യം. അമ്മയെ ഒരു ശത്രുവിനെപ്പോലെ കാണുന്നു. മറിച്ചും വരാം. മോൾ വീട്ടിൽ കടന്നുവന്നനാൾമുതൽ എന്നും അമ്മയുടെ പീഡ സഹിച്ചു വലയുന്നു. ഉപദ്രവിക്കുന്നില്ല എങ്കിലും മനസ്സിൽ ആഘാതങ്ങളേൽക്കുന്നു. എന്നും ആന്തരികമായ മുറിവുകൾ!

മക്കൾ മാതാപിതാക്കൾക്ക് ഒരു മുറിവായിത്തീരുന്നു. അപ്പൻ പറയുന്നത് മക്കൾക്ക് മനസ്സിലാകുന്നില്ല. മക്കളുടെ ഹൃദയം മാതാപിതാക്കളിൽനിന്ന് അകന്നുകഴിഞ്ഞിരിക്കുന്നു. മക്കൾ ചിലർ കഞ്ചാവ് ഉപയോഗിക്കുന്നു. മദ്യത്തിന്റെ അടിമകളായിത്തീർന്നിരിക്കുന്നു. അവർ ദുശ്ശീലങ്ങൾക്ക് അടിമകളായിത്തീർന്നിരിക്കുന്നു. അവരുടെ ജീവിതം അശുദ്ധിയിലേക്ക് വഴുതി വഴുതി ഒഴുകിപ്പോകുന്നു.

എന്റെ കർത്താവേ, എന്റെ മക്കൾ പഠിക്കുന്നില്ലല്ലോ.

അവർ സുബോധമില്ലാത്തവരെപ്പോലെ പെരുമാറുന്നല്ലോ. യൗവ്വനപ്രായം അവർ കളഞ്ഞുപോകുന്നല്ലോ. സുന്ദരമായ യൗവ്വനകാലത്തിന്റെ അനുഗ്രഹങ്ങൾ, അനുഭവങ്ങൾ, വിശിഷ്ടമായ വിഭവശേഷികൾ അവർ നഷ്ടപ്പെടുത്തിക്കളയുന്നല്ലോ! മക്കളെക്കുറിച്ചുള്ള ആവലാതി.

നിങ്ങളൊന്നു ചിന്തിച്ചു നോക്കൂ. എവിടെയാണ് ഒരു തൃപ്തി? സമ്പൂർണ്ണമായ ഒരു തൃപ്തിയുണ്ടോ നിങ്ങൾക്ക്? ഇല്ല പ്രിയരേ, സന്തോഷമില്ല. സംതൃപ്തിയില്ല. എവിടെയോ ചില വിടവുകളുണ്ട്. എവിടെയോ ചില ശൂന്യതകളുണ്ട്.

ആ ശൂന്യത നികത്താൻ നിങ്ങൾക്ക് യേശുവിനെ വിളിക്കാം. യേശുവേ, എന്റെ ഹൃദയത്തിന്റെ ശൂന്യത നികത്താൻ നാഥാ, നീ എഴുന്നള്ളി വരണമേ.

ഞാൻ ഈ ശൂന്യതയും അസംതൃപ്തിയും ഏറെ അനുഭവിച്ചിട്ടുണ്ട്. മനസ്സു വാടിപ്പോയിട്ടുണ്ട്. അപകർഷതാബോധം കൊണ്ട് വലഞ്ഞുപോയിട്ടുണ്ട്. എന്നാൽ യേശുക്രിസ്തു സൗജന്യസ്നേഹത്താൽ എന്റെ ഹൃദയത്തിലേക്കു കടന്നുവന്നു. ഞാൻ ഒരുങ്ങിയില്ല. അതിനായി ഞാൻ പ്രാർത്ഥിച്ചില്ല. എന്റെ ഉള്ളിൽ യേശു ഉണ്ടെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഞാൻ ഇന്നു മരിച്ചാൽ ദൈവരാജ്യത്തിൽ ചെല്ലുമെന്നായിരുന്നു എന്റെ വിശ്വാസം. പിന്നെന്തിന് പ്രാർത്ഥിക്കണം?

ഞാൻ ഒരു ഭക്തനാണ്, വലിയ വിശ്വാസിയാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. അതൊരു മൂഢവിശ്വാസമായിരുന്നു. അബദ്ധമായിരുന്നു. അകമെയുള്ള തിന്മകളെ ഞാൻ കണ്ടില്ല. അകത്തുള്ള അഹങ്കാരവും സ്വാർത്ഥതയും ഞാൻ കണ്ടില്ല. ഹൃദയത്തിൽ അശുദ്ധിയുണ്ടെന്നു ഞാൻ മനസ്സിലാക്കിയില്ല.

അത് അത്ര ഗൗരവമായി ഞാൻ എടുത്തില്ല. ചില ബലഹീനതകൾ! Weakness! അതൊക്കെ ഏതു മനുഷ്യനാണ് ഇല്ലാത്തത്? അതൊക്കെ ദൈവം ക്ഷമിച്ചുകൊള്ളും. അത്രയേ ഉണ്ടായിരുന്നുള്ളൂ. അതിനപ്പുറമുള്ള ആത്മീയം എനിക്കുണ്ടാ

യിരുന്നില്ല.

കുരിശു വരയ്ക്കും. രാവിലെയും വൈകുന്നേരവും നമസ്ക്കാരമുണ്ട്. കൃത്യമായിട്ട് പള്ളിയിൽ പോകും. ജീവിതത്തിൽ മനസ്സറിഞ്ഞ് ഒരു വേണ്ടാതീനത്തിനും പോയിട്ടുമില്ല. അതുകൊണ്ട് ഞാൻ തികഞ്ഞവനാണെന്നുള്ള ധാരണയിലാണ് മുമ്പോട്ടു പോയത്. എന്നാൽ, എന്റെ അകം ചീഞ്ഞിരുന്നെന്ന് ഞാൻ അറിഞ്ഞില്ല.

നിങ്ങൾ അനേകർ അതുപോലെയാണ്. അകം ചീഞ്ഞിരിക്കുന്നു. അകത്ത് ദുർഗന്ധം വമിക്കുന്നു. ചിലപ്പോൾ കോപം പതഞ്ഞുപൊന്തുന്നുണ്ട്. ചിലപ്പോൾ വൈരാഗ്യം. ചിലപ്പോൾ അശുദ്ധി. ചിലപ്പോൾ ദ്രവ്യാഗ്രഹം. ചിലപ്പോൾ ഒരു അസ്വസ്ഥത. എന്താണ് കാരണം?

നിങ്ങളുടെ ഹൃദയത്തിൽ ഒരു വിടവുണ്ട്. അസംതൃപ്തിയുണ്ട്. അതു മാറ്റാൻ യേശു ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ഹൃദയം നിങ്ങൾക്ക് തുറക്കാം. കർത്താവേ, ഈ അകം മുഴുവൻ അഴുക്കാണ്, തിന്മയാണ്. ഇന്ന് എന്റെ ഹൃദയത്തിൽ ദുഷ്ടപ്പിശാചുക്കൾ വാഴുകയാണ്.

അവിടെ അരുതാത്ത ചിന്തകൾ വരുന്നു. അരുതാത്ത വികാരങ്ങൾ വരുന്നു. ഒരിക്കലും വേണ്ട എന്നു ഞാൻ വിചാരിച്ചിട്ടും ചില ചിന്തകൾ തിക്കിത്തിരക്കി വരുന്നു. എന്റെ കർത്താവേ, എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. എന്റെ ചിന്തകളെ, ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ എനിക്കു പറ്റുന്നില്ല.

എന്റെ വികാരങ്ങളെ അടക്കാൻ സാധിക്കുന്നില്ല. ഇന്ദ്രിയജയം എന്ന മഹത്തായ ഭാഗ്യം എനിക്ക് ഇതുവരെയില്ല. എന്റെ അവയവങ്ങളുടെമേൽ എനിക്ക് നിയന്ത്രണമില്ല.

കർത്താവേ, എന്റെ പഴയ മനുഷ്യനെ അതിന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളയാൻ എനിക്കാഗ്രഹമുണ്ട്. അതിനല്ലേ നീ കുരിശിൽ മരിച്ചത്. ഇപ്പോൾ നീ കരുണതോന്നി

എന്റെ അരികത്തേക്കു വന്ന് എന്നെ മനസ്സലിഞ്ഞൊന്നു നോക്കണം. എന്റെ ഹൃദയത്തിലേക്ക് നോക്കി ഈ ഉള്ളിന്റെ നീചാവസ്ഥ നീ ഒന്നു കാണണം.

കർത്താവേ, എന്നെ വിശുദ്ധീകരിപ്പാനാണല്ലോ നീ കുരിശിൽ മരിച്ചത്. എന്നെ കഴുകിയെടുക്കാൻ, പഴയ മനുഷ്യനെ മാറ്റി പുതിയ മനുഷ്യനാക്കി തീർക്കാനാണ് നീ കുരിശിൽ മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ പുതിയ മനുഷ്യനെ ധരിച്ചാൽ പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് അവകാശമാക്കാം. എപ്പോൾ കടന്നു പോയാലും ആ സ്വർഗ്ഗീയ നഗരത്തിൽ പ്രവേശിക്കാം.

അങ്ങനെ കടന്നുപോകുമ്പോൾ എന്റെ ഭാര്യ കൂടെ പ്പോരുമോ? ഒരുനാൾ നിത്യതയിലേക്ക് കടന്നുവരുമ്പോൾ അവളും കർത്താവായ യേശുവിന്റെ അരികത്ത് എത്തുമോ? എന്റെ മക്കൾ കൂടെ എത്തുമോ? ഇവിടെ വെച്ച് അവരും ഒരു ങ്ങണ്ടേ?

എന്റെ പ്രിയപ്പെട്ടവരും കൂട്ടായ്മയിൽ വരുന്ന സഹോദ രീസഹോദരന്മാരും അവിടെ കാണുമോ? എന്റെ സഹോദര ങ്ങളും അവിടെ കാണണമല്ലോ. ആ ഒരു ദാഹം എനിക്കു വന്ന തുകൊണ്ടാണ് ഞാൻ കർത്താവിന്റെ വേല ചെയ്യുന്നത്. നിങ്ങൾ എല്ലാവരും കർത്താവിന്റെ രണ്ടാമത്തെ വരവിൽ പറ ന്നുയരുന്ന വിശുദ്ധന്മാരുടെ നിരയിൽ കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

എനിക്ക് കർത്താവിന്റെ വേല ചെയ്യണം. കർത്താവിന്റെ വചനം പറയണം. കർത്താവിന്റെ വചനം ധ്യാനിക്കണം. അനു ഗൃഹീതമായ പുസ്തകങ്ങൾ വായിക്കണം. എഴുതണം. എനിക്ക് കർത്താവ് തരുന്ന ജ്ഞാനം സമ്പാദിക്കണം. ഈ വാർദ്ധക്യത്തിലും വായിച്ചു വായിച്ചു പഠിക്കണം.

ഒരു നാൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം വിശുദ്ധരായി പറന്നു ചെല്ലണം. പറന്നുപോകാനുള്ള ചിറക്

ഇവിടെ വച്ച് ലഭിക്കും. ആത്മാവിൽ പറക്കാനുള്ള സ്വർഗ്ഗീയ ചിറകാണ് സ്തുതിയും ആരാധനയും.

സ്തുതി നാം ഇവിടെ വച്ച് പ്രാപിക്കണം. ലജ്ജിക്കേണ്ട കാര്യമല്ല. സ്തുതിക്കുക! നിരന്തരം സ്തുതിച്ചുകൊണ്ടിരിക്കണം. സ്തുതിയാണ് ജീവിതം. സ്തുതിയാണ് ജയം.

ഇന്നു പലരും കെട്ടപ്പെട്ടു കിടക്കുകയാണ്. ഇന്നു പാപ ത്തിന്റെ ബന്ധനമുണ്ട്. കണ്ണിൽ പാപത്തിന്റെ കെട്ട്. അരുതാ ത്തതു കാണാനുള്ള ആഗ്രഹം. 'The second look is sinful!' രണ്ടാമത്തെ നോട്ടം പാപമാണ്. അറിയാതെ കണ്ടുപോയി, പേടിക്കേണ്ട. പക്ഷേ, രണ്ടാമത് കാണാൻ വേണ്ടി നോക്കി യാൽ പാപമാണ്.

അശുദ്ധവാക്കുകൾ നിങ്ങളുടെ നാവിൽ വന്നപ്പോൾ നാവിനു ബന്ധനമായിപ്പോയി. പുറമെ നോക്കിയാൽ ബന്ധ നമൊന്നും കാണുകയില്ല. പ്രാകുന്ന വാക്കുകൾ! ശപിക്കുന്ന വാക്കുകൾ! കോപിക്കുന്ന വാക്കുകൾ! മറ്റുള്ളവരെ നിസ്സാരമാ ക്കുന്ന വാക്കുകൾ! മറ്റുള്ളവരെ വിലകെടുത്തുന്ന വാക്കുകൾ! മറ്റുള്ളവരെ അപവാദം പറയുന്ന വാക്കുകൾ! ആഭാസവാക്കു കൾ! അശ്ലീലവാക്കുകൾ! എല്ലാം നാവിനു ബന്ധനമാണ്.

തന്നത്താൻ ശപിക്കുന്നവരില്ലേ? ഞാൻ എന്തിനു ജനിച്ചു? ഞാൻ നശിച്ചുപോകട്ടെ എന്നു തന്നത്താൻ ശപിച്ചവരില്ലേ? നെഞ്ചത്തടിച്ചു കരയാറില്ലേ? പ്രിയപ്പെട്ടവരേ, ഇതെല്ലാം പാപ മാണ്.

എന്തു ദുരിതം വന്നാലും നിങ്ങൾ നിങ്ങളെത്തന്നെ നശി പ്പിക്കരുത്, കുരിശിലേക്ക് നോക്കണം. "നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ." എബ്രായർ 12 : 3.

കുരിശിലേക്കു നോക്കി ആ യാതന കാണണം. നിന്നെ ത്തന്നെ നശിപ്പിക്കരുത്. നിനക്കു ദോഷം വരുത്തരുത്. എന്തു

വന്നാലും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകപോലും അരുത്. ആത്മഹത്യയ്ക്കുവേണ്ടി ആഗ്രഹിച്ചു; എന്നാൽ ജീവന്റെ വചനം കേട്ടു ഭാഗ്യവശാൽ മരണത്തിൽനിന്ന് രക്ഷപ്പെട്ട അനേകരുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ അവകാശം തരാൻ കർത്താവ് കണ്ടതുകൊണ്ട് രക്ഷപ്പെട്ടവർ!

"എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേ ഉള്ളൂ." 2 പത്രോസ് 3 : 9, 10. എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു. ഒരു പുതിയ മനുഷ്യൻ ആയിത്തീരാൻ എല്ലാവരെക്കുറിച്ചും കർത്താവ് ആഗ്രഹിച്ചു. അതുകൊണ്ട് നിങ്ങൾക്കു മാനസാന്തരപ്പെടുവാൻ കർത്താവ് അവസരം ഒരുക്കിത്തന്നിരിക്കുന്നു. നിങ്ങൾ മനംതിരിയുന്ന ആ ദിവസം ഇന്നുതന്നെയാകട്ടെ.

ഈ കൈകൊണ്ട് എന്തെല്ലാമാണ് പിടിച്ചത്? എന്തെല്ലാമാണ് എഴുതിയത്? ആരെക്കുറിച്ചെല്ലാമാണ് ദോഷമായി എഴുതിയത്? ഈ കൈകൊണ്ട് click ചെയ്ത് ഇന്റർനെറ്റിൽ ഏതെല്ലാം വെബ്സൈറ്റിലേക്കാണ് പോയത്? ഈ കൈ ബന്ധനമുള്ള കൈയാണ്. ആരെയെങ്കിലും ഉപദ്രവിച്ചോ? അടിച്ചോ? അങ്ങനെ ഓരോ അവയവത്തിലും ബന്ധനം! ഒന്നു ചിന്തിച്ചുനോക്കൂ.

ഈ ശരീരത്തിന്റെ ബന്ധനം മാറ്റി നിങ്ങൾക്ക് മോചനം വേണോ? എല്ലാ ബന്ധനവും കർത്താവ് മാറ്റിത്തരും. എത്രയോ പേർ ഈ ബന്ധനത്തിൽ പെട്ട് പിടയുന്നു.

ഏതെല്ലാം ബന്ധനം നിനക്കു വന്നിട്ടുണ്ടോ അതെല്ലാം അഴിക്കാൻ യേശു ശക്തനാണ്. അവനെ തോൽപ്പിക്കാൻ ആർക്കും കഴിയുകയില്ല. അവൻ പിശാചുക്കളുടെമേൽ ജയം കൊണ്ടവനാണ്. ഭൂതങ്ങളെയും പിശാചുക്കളെയും തകർത്തവനാണ്. പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ അധികാരമുള്ളവനാണ്.

മോളേ, നിന്നെ വിടുവിക്കാനാണ് യേശു വന്നിരിക്കുന്നത്.

മോനേ, നിന്നെ മോചിപ്പിക്കാനാണ് യേശു വന്നിരിക്കുന്നത്. എല്ലാ ബന്ധനവും അകറ്റി നിന്റെ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് ഒരു പുതിയ മനുഷ്യനാക്കിത്തീർക്കാനാണ് യേശു വന്നിരിക്കുന്നത്.

നിങ്ങൾക്കിപ്പോൾ യേശുവിനെ വിളിക്കാമോ? കർത്താവേ, ഓടിവരണമേ. ശത്രു എന്നെ വിഴുങ്ങുന്നതിനുമുമ്പ്, ശത്രു എന്നെ പറിച്ചുകീറുന്നതിനുമുമ്പ് നാഥാ, നീ ഓടി വന്ന് എന്നെ രക്ഷിക്കണമേ.

നിങ്ങൾ ഇപ്പോൾ യേശുവിനെ വിളിക്കുവിൻ. ദുശ്ശീലങ്ങളോട് യാത്രപറയുവിൻ. ദുഷ്ടസ്വഭാവത്തോടു യാത്രപറയുവിൻ. ദുഷിച്ചശീലങ്ങളോട് യാത്രപറയുവിൻ. ദുഷിച്ച പ്രകൃതങ്ങളോട് യാത്രപറയുവിൻ. യേശുക്രിസ്തുവിന്റെ അടിമകളാക്കി നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. സംഹാരകനിൽനിന്ന് രക്ഷപ്പെടുവിൻ.

ക്രൂരവും രക്തച്ചൊരിച്ചിൽ ഉളവാക്കിയതുമായ ഒരു യുദ്ധം നടക്കുകയായിരുന്നു. പട്ടാളകമാൻഡർ ഒരു ശപഥം ചെയ്തു, ആ പട്ടണത്തിലെ സകല ആളുകളെയും കൊന്നൊടുക്കുമെന്ന്. രക്തദാഹികളായ പട്ടാളക്കാരെ അതിനായി അദ്ദേഹം നിയോഗിച്ചു. പ്രതിരോധിക്കാൻ കെല്പില്ലാത്ത ജനമായിരുന്നു ആ പട്ടണത്തിലുണ്ടായിരുന്നത്.

പട്ടാളക്കാർ രണ്ടുപറ്റമായി പിരിഞ്ഞു. ഓരോ ഭവനത്തിലും കയറി അകത്തുള്ളവരെയെല്ലാം കൊന്നൊടുക്കി. ആ വീട്ടിലുള്ളവരെയെല്ലാം സംഹരിച്ചു എന്നതിന്റെ തെളിവായി അവർ ചിന്തിയ രക്തം വാതിലിൽ പുരട്ടി. അടുത്ത ഗ്രൂപ്പ് വരുമ്പോൾ ആ വീട്ടിൽ കയറേണ്ട ആവശ്യമില്ലെന്നറിയാനാണ് രക്തം പുരട്ടിയത്.

ഒരു കുട്ടി ഇത് കണ്ടുനില്ക്കുകയായിരുന്നു. അവൻ വേഗം ഓടി സാധുക്കളായ കുറെപേർ ഒളിച്ചിരുന്ന വീട്ടിലെത്തി അവരോടു വിവരം പറഞ്ഞു.

ഉടനെ അവിടെയുണ്ടായിരുന്ന ഒരാട്ടിൻ കുട്ടിയെകൊന്ന് അതിന്റെ ചോര വാതിലിൽ പുരട്ടിയിട്ട് അവർ അകത്ത് ഒളിച്ചിരുന്നു.

ഒരു ഗ്രൂപ്പ് പട്ടാളക്കാർ വന്നപ്പോൾ വാതിലിൽ രക്തം കണ്ടപ്പോൾ വിചാരിച്ചു അവിടെ സംഹാരം നടന്നു എന്ന്. അതുകൊണ്ട് അവർ അകത്ത് കടന്നില്ല.

രണ്ടാമത്തെ ഗ്രൂപ്പ് വന്നപ്പോൾ അവരും വാതിലിൽ രക്തം കണ്ടു. ആദ്യത്തെ ഗ്രൂപ്പ് വന്ന് സംഹാരം നടത്തി എന്ന് ധരിച്ച് അകത്ത് കടക്കാതെ മാറിപ്പോയി. യേശുക്രിസ്തുവാകുന്ന ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം ഹൃദയഭിത്തിയിൽ തളിച്ചാൽ സംഹാരകനിൽനിന്ന് രക്ഷപ്പെടാം.

നിങ്ങൾക്കിപ്പോൾ വാക്കുപറയാം. കർത്താവേ, ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. യേശുവേ, നീ എന്നോട് മനസ്സലിയണമേ. കർത്താവേ, എന്റെ ഹൃദയത്തിലെ ആഗ്രഹം ഞാനിതാ സമർപ്പിക്കുന്നു. എന്റെ അശുദ്ധി പറ്റിയ അവയവങ്ങളെ നീ വിശുദ്ധമാക്കിത്തീർക്കണമേ. അഴുക്കുപറ്റിയ ജീവിതത്തിൽ നീ വിശുദ്ധി പകരണമേ.

എനിക്കു ശാന്തശീലം തരണമേ. സൗമ്യത തരണമേ. വിശുദ്ധസ്നേഹം, പരിശുദ്ധസ്നേഹം, നിർമ്മലസ്നേഹം, നിഷ്കളങ്കസ്നേഹം, വേറെ ലക്ഷ്യമില്ലാത്തസ്നേഹം തരണമേ. സ്നേഹത്താൽ എന്നെ നിറയ്ക്കണമേ. ഗോഗുൽത്തായിലെ കുരിശിൽ ചിന്തിയ രുധിരം എന്റെ ശരീരത്തിൽക്കൂടി, എന്റെ സിരകളിൽക്കൂടി ഒഴുകണമേ.

ഒരു വീട്. പാതിരയായിക്കാണും. മുറിയിൽ കട്ടിലിൽ കിടക്കുന്ന മകൻ ഞെട്ടി ഉണർന്ന് അപ്പനെ വിളിച്ചു. “അപ്പാ, ഞാൻ ഈ വീട്ടിലെ കടിഞ്ഞൂലല്ലേ? വാതിൽപ്പടിമേലും കുറുമ്പടിമേലും കുഞ്ഞാടിന്റെ രക്തം പുരട്ടാത്ത ഭവനങ്ങളിലെ കടിഞ്ഞൂലിനെയെല്ലാം സംഹാരദൂതൻ വന്ന് കൊല്ലുമെന്നല്ലേ പ്രവാചകൻ പറഞ്ഞത്. അപ്പാ, ഒന്നു നോക്കൂ. നമ്മുടെ മുറി

യുടെ കതകിൽ രക്തം പുരട്ടിയിട്ടുണ്ടോ എന്ന്." അപ്പൻ പറഞ്ഞു: "മോനേ, നീ പേടിയ്ക്കണ്ട. ഞാനിന്ന് രാവിലെ നമ്മുടെ വേലക്കാരനോടു പറഞ്ഞിട്ടുണ്ട്. അവൻ ആടിനെ കൊന്ന് രക്തം പുരട്ടിയിട്ടുണ്ടാകും."

"അവൻ അത് ചെയ്തോ എന്ന് ഒന്ന് നോക്കൂ അപ്പാ." "നീ പേടിക്കേണ്ട. അവൻ അതു ചെയ്തുകാണും. നീ ശാന്തമായി ഉറങ്ങിക്കോ."

മകനെഴുന്നേറ്റ് വാതിൽക്കലേക്ക് പോകുമ്പോൾ അപ്പനും എഴുന്നേറ്റു. വാതിൽക്കൽ നോക്കിയപ്പോൾ, രക്തം പുരട്ടിയിട്ടില്ല. "അയ്യോ, മോനേ, രക്തം പുരട്ടിയിട്ടില്ലല്ലോ." അപ്പൻ ഉടനെ ഓടി തൊഴുത്തിൽനിന്ന് ഒരാട്ടിൻകുട്ടിയെ പിടിച്ച് കൊന്ന് അതിന്റെ രക്തം വാതിൽപ്പടിമേൽ പുരട്ടി.

അപ്പോഴേക്കും സംഹാരദൂതൻ അടുത്ത വീട്ടിൽ സംഹാരം നടത്തിക്കഴിഞ്ഞു. കൂട്ടക്കരച്ചിൽ കേൾക്കാം. ഒരു നിമിഷംകൂടി കഴിഞ്ഞിരുന്നെങ്കിൽ ഈ മകനെയും സംഹാരദൂതൻ കൊന്നേനെ. ഭാഗ്യം! രക്തം തളിച്ചതുകൊണ്ട് രക്ഷപ്പെട്ടു.

നമുക്കു പ്രാർത്ഥിക്കാം: കരുണയുള്ള കർത്താവേ, നീ എന്റെ ബന്ധനങ്ങളെ അഴിച്ചതിനാൽ നിനക്കു സ്തുതി. നിന്റെ സ്നേഹത്തിലേക്ക് നീ എന്നെ ചേർത്തതിനായി നിനക്കു സ്തുതി. കുരിശിലെ സ്നേഹത്താൽ നീ എന്നെ വീണ്ടെടുത്തതിനാൽ, എന്റെ ജീവിതത്തിൽ ഭാഗ്യനക്ഷത്രം ഉദിച്ചതിനാൽ നിനക്കു സ്തുതി. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായ് ജീവിക്കും. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. മിശിഹായെ ഞാൻ സ്വീകരിക്കുന്നു. സ്തോത്രം.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആര്?
47. എന്നെ ആര് വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. Caleb - A brave hero of faith
107. രക്ഷപ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**എല്ലാ ദിവസവും, രാത്രി 8 : 30**
**പവർവിഷൻ TV**

**വെള്ളി രാത്രി 9 : 30**
**ആത്മീയയാത്ര TV**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**ഞായർ രാവിലെ 6 : 30**
**ജീവൻ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ ഉച്ചയ്ക്ക് 2 : 00**
**ആത്മീയയാത്ര TV**

**ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും**
**www.crfgospel.org**


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.00pm - 9.00pm |